

ചാവറയച്ചന്റെ ജീവിതത്തിലൂടെ
ഒരു നോവലിസ്റ്റിന്റെ തീർത്ഥാടനം

# ആകാശദീപങ്ങൾ സാക്ഷി

ജോൺ ആന്റണി

ഒരു ബേസ്റൗമ പ്രസിദ്ധീകരണം

# ആകാശദീപങ്ങൾ സാക്ഷി

(നോവൽ)

ജോൺ ആന്റണി

ഒരു ബേസ്റൗമ പ്രസിദ്ധീകരണം

Malayalam
**AAKASA DEEPANGAL SAAKSHI**
(Novel)
By
**John Antony**

With a foreword by
Perumbadavom Sreedharan

Cover Design
Shanel Lopez

Portrait Sketch
K.G. Babu

Pre Press and Layout
Anoop Antony

First Published
February 2012
Second Edition March 2012

Third Edition November2014

Printed at
Anaswara Printers, Kochi

© Reserved

Published By
**Beth Rauma**
an initiative of
Chavara Central Secretariat
representing
C.M.I. and C.M.C. Congregations.

Distributed by
Pastoral Department
Chavara Central Secretariat, P.B. No. 3105
Chavara Hills, Kakkanadu, Cochin 682 030
Ph: 0484 4070002, Fax: 0484 4070015
E-mail: bethrauma@gmail.com
chavara.secretariat@cmi.in

Price: ₹. 100

## ഉള്ളടക്കം


രണ്ടാം പതിപ്പിനൊരു മുന്നുര
*നിയോഗം, അനുഗ്രഹം* 07
ഫാ. റോബി കണ്ണഞ്ചിറ C.M.I.

പ്രസാധകക്കുറിപ്പ്
*ബേസ്റൗമ പ്രകാശനധാരയിൽനിന്നും സ്നേഹപൂർവ്വം...* 09

*അനുഭവസാത്മ്യം പകരുന്ന രചന* 13
ജോൺ പോൾ

അവതാരിക
*വിശുദ്ധജീവിതത്തിന്റെ ആന്തരശ്രുതി* 15
പെരുമ്പടവം ശ്രീധരൻ

നോവൽ
*ആകാശദീപങ്ങൾ സാക്ഷി!* 19
ജോൺ ആന്റണി

അനുബന്ധം ഒന്ന്
*ചാവറ കുര്യാക്കോസ് ഏലിയാസ് –*
*ജീവിതരേഖയും രചനകളും* 139

അനുബന്ധം രണ്ട്
*ജോൺ ആന്റണി – ജീവിതരേഖ* 143

അനുബന്ധം മൂന്ന്
*ബേസ്റൗമ* 144

രണ്ടാം പതിപ്പിനൊരു മുന്നുര

# നിയോഗം, അനുഗ്രഹം

ഫാ. റോബി കണ്ണഞ്ചിറ C.M.I.

**ബേ**സ്റൗമ പ്രകാശനധാരയുടെ പരമ്പരയിലെ ആദ്യഗ്രന്ഥമായിരുന്നു ജോൺ ആന്റണിയുടെ *ആകാശദീപങ്ങൾ സാക്ഷി.* 2010 ഫെബ്രുവരി ആദ്യമാണ് ഈ പുസ്തകം പ്രകാശനം ചെയ്തത്. ഒന്നര മാസത്തിനുള്ളിൽ രണ്ടാം പതിപ്പു പ്രസിദ്ധപ്പെടുത്തുവാൻ വിശുദ്ധ ചാവറ പിതാവിന്റെ ആത്മാവിലെ സ്വർഗ്ഗീയ ചോദനയുടെ പ്രസരണം ഇടവരുത്തിയിരിക്കുന്നു. വിപണനത്തിനായി പ്രത്യേക കേന്ദ്രങ്ങളോ വിളംബരങ്ങളോ ബേസ്റൗമയ്ക്കില്ല. എന്നിട്ടും ഇതു സാദ്ധ്യമായത് സുമനസ്സുകളായ സി.എം.ഐ., സി.എം.സി. സഭാംഗങ്ങളുടെ സമർപ്പിതമായ ഉത്സാഹപരിശ്രമങ്ങൾ കൊണ്ടാണ്. ഏറെ ആഹ്ലാദകരവും ചാരിതാർത്ഥ്യജനകവുമായിരിക്കുന്നു ഈ പിൻബലം. പ്രസാധകക്കുറിപ്പിൽ ജേഷ്ഠ പുരോഹിതനായ തോമസ് പന്തപ്ലാക്കലച്ചൻ പറഞ്ഞിട്ടുള്ളതുപോലെ *വാഴ്ത്തപ്പെട്ടവന്റെ ഓർമ്മയുടെയും അതുണർത്തുന്ന ഈ പിൻബലത്തിൽ തെളിവാർന്നെത്തുന്ന ചൈതന്യ പ്രസരണപ്രഭയുടെയും ആർജ്ജവത്തിൽ നമുക്കൊന്നും അസാദ്ധ്യമല്ല തന്നെ!*

നോവലിസ്റ്റായ ജോൺ ആന്റണിയുടെ എഴുത്തുവിദ്യയുടെ ലളിതാത്മകതയും അതു പകർന്നു തരുന്ന സുഖകരമായ വായനാനുഭവവും ഈ പുസ്തകത്തിന്റെ വിജയത്തിനു ഏറെ സഹായിച്ചിരിക്കുന്നു. *ദീപിക* 2005ൽ പ്രസിദ്ധപ്പെടുത്തിയ *ചാവറയച്ചൻ* പതിപ്പിനുവേണ്ടി ആദരണീയനായ പ്രയോർ ജനറാൾ ഫാ. ജോസ് പന്തപ്ലാംതൊട്ടിയിലച്ചന്റെ പ്രേരണയാലാണ് ജോൺ ആന്റണി ഈ നോവലെഴുതുന്നത്. ഏഴു വർഷങ്ങൾക്കുശേഷം ഇപ്പോൾ മാത്രം നോവലിനു പുസ്തകരൂപം ഉണ്ടാകുന്നതും അതീവിധം പ്രചാരം നേടുന്നതും ദൈവനിയോഗം, സ്മര്യാത്മാവിന്റെ അനുഗ്രഹം എന്നു തന്നെ പൂർണ്ണഹൃദയത്തോടെ *ബേസ്റൗമ* ഏറ്റു പറയുന്നു. ചാവറ പിതാവിന്റെ

ജീവിതത്തിലൂടെ ഒരു നോവലിസ്റ്റിന്റെ തീർത്ഥാടനം ഇത്രമേൽ ഹൃദ്യമാകാമെങ്കിൽ ഓരോ പുനർഃവായനയിലും പുതിയ പുതിയ പൊരുളുകൾ തെളിച്ചു തരുന്ന ആ ജീവിതവും അതിൽ നിറവാർന്ന ദർശന ചൈതന്യവും കേന്ദ്രധാരയാക്കിക്കൊണ്ട് ഇതര മാദ്ധ്യമങ്ങളിലും സമാനങ്ങളായ ശ്രമങ്ങൾ നടത്താവുന്നതല്ലേ എന്ന നിർദ്ദേശവും ആഗ്രഹവും വായനക്കാരിൽ പലരും ഉന്നയിക്കുകയുണ്ടായി. തീർച്ചയായും *ബേസ്റൗമ* സഗൗരവം ആ നിർദ്ദേശം പരിഗണിക്കുന്നു. നാടകരൂപത്തിലൊരാവിഷ്ക്കാരത്തിനുള്ള സാദ്ധ്യതകൾ ആരാഞ്ഞു വരുന്നു. കാവ്യരൂപത്തിലൊരു ആവിഷ്ക്കാരവും സങ്കൽപത്തിലുണ്ട്.

ഈ നോവലിന്റെ പ്രസിദ്ധീകരണാവകാശം *ബേസ്റൗമ*യ്ക്കനുവദിച്ചു നൽകിയ *ജോൺ ആന്റണി*, നല്ലൊരവതാരികകൊണ്ട് ഈ ഗ്രന്ഥത്തെ അലങ്കരിച്ച *പെരുമ്പടവം ശ്രീധരൻ*, സംശോധനാനന്തരം പ്രസാധനാംഗീകാരം നൽകിയ *ചാവറ സെൻട്രൽ സെക്രട്ടറിയേറ്റ്*, എല്ലാ തലത്തിലും പ്രോത്സാഹനപിൻബലം നൽകിവരുന്ന സി.എം.ഐ. സഭയുടെ പ്രിയോർ ജനറൽ *ഫാ.ജോസ് പന്തപ്ലാംതൊട്ടിയിൽ*, വികാരി ജനറാൾ *റവ.ഡോ.ജോർജ്ജ് താഞ്ചൻ,* സി.എം.സി. സഭയുടെ സുപ്പീരിയർ ജനറൽ റവ. *സിസ്റ്റർ. സാങ്റ്റ*, ജനറൽ കൗൺസിലർ *സി. ലെയോനില*, പ്രസാധന ചുമതല നിവർത്തിക്കുന്ന ചാവറ സെൻട്രൽ സെക്രട്ടറിയേറ്റ് ഡയറക്ടർ ഫാ. *തോമസ് പന്തപ്ലാക്കൽ*, എഡിറ്റിംഗ് നിർവ്വഹിച്ച *ജോൺ പോൾ,* പ്രീപ്രസ്സ് ലേ-ഔട്ട് നിർവ്വഹിച്ച *അനൂപ് ആന്റണി*, മനോഹരമായ മുഖചിത്രം വിഭാവനം ചെയ്തു തന്ന *ഗായത്രി അശോക്*, മുദ്രണം ഭംഗിയായി നിർവ്വഹിച്ച *അനശ്വര പ്രിന്റേഴ്സ്* തുടങ്ങിയവരെ നന്ദിയോടെ നമിക്കുന്നു.

■

പ്രസാധകക്കുറിപ്പ്

# ബേസ്റൗമ പ്രകാശനധാരയിൽനിന്നു സ്നേഹപൂർവ്വം...

## ഫാ. തോമസ് പന്തപ്ലാക്കൽ C.M.I.

**പ**ത്തൊൻപതാം നൂറ്റാണ്ടിൽ കേരളത്തിന്റെ സാമൂഹിക സാംസ്കാരിക വിദ്യാഭ്യാസ ആദ്ധ്യാത്മിക മണ്ഡലങ്ങളിൽ പുതിയ കാൽവയ്പുകൾ നടത്തിയ പുണ്യാത്മാവായിരുന്നു വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. തനിയ്ക്കുശേഷമുള്ള സമൂഹത്തിന്റെ ചരിത്രവും സംസ്ക്കാരവും തന്റെ സർഗ്ഗചേതന കൊണ്ടും ദർശനങ്ങൾ കൊണ്ടും പൂരിപ്പിക്കപ്പെടുകയും പൂർത്തീകരിക്കപ്പെടുകയും വേണമെന്നത് ഏതൊരു മഹാത്മാവിന്റെയും യോഗസുകൃതമാണ്. ചരിത്രത്തിന്റെ തുടർച്ചയെ സ്വാധീനിക്കുവാൻ തക്കവിധം അപരർക്കുവേണ്ടി ഉഴിഞ്ഞു മാറ്റിവയ്ക്കപ്പെട്ട ചാവറയച്ചന്റെ ജീവിതം ഇന്നു കൂടുതലായി ചർച്ച ചെയ്യപ്പെടുകയും അദ്ദേഹത്തിന്റെ ദർശനങ്ങൾ ആധുനിക സമൂഹ മനഃസാക്ഷിയുടെ രൂപീകരണത്തിൽ ഗണ്യമായ പങ്കുവഹിക്കുകയും ചെയ്യുന്നു. നാം മറ്റുള്ളവർക്കു വേണ്ടി മാറ്റി വയ്ക്കുന്ന സമയം, കാലം, തനിയ്ക്കായി അതിന്റെ താളിൽ സൂക്ഷിച്ചുവയ്ക്കുമെന്ന് ഈ വിശുദ്ധജീവിതം സാക്ഷ്യപ്പെടുത്തുന്നു.

ചാവറ പിതാവ് കേരളത്തിലെ സാധാരണ ജനങ്ങൾക്ക്, കേരളീയ സമൂഹത്തിന്റെ നവോത്ഥാനത്തിനു, നൽകിയ സംഭാവനകൾ വേണ്ടത്ര വിലയിരുത്തപ്പെടുകയോ അംഗീകരിക്കപ്പെടുകയോ ചെയ്തിട്ടില്ല എന്നുള്ളത് ദൗർഭാഗ്യകരമായ കാര്യമാണ്. ചാവറ പിതാവിന്റെ ദർശനങ്ങൾ സാക്ഷാത്കരിക്കുന്നതിനും സമൂഹമദ്ധ്യത്തിൽ അവതരിപ്പിക്കുന്നതിനുമായി രൂപീകരിക്കപ്പെട്ട *സി.എം.ഐ., സി.എം.സി.* സഭകളുടെ ഏകോപിത ധാരയായ *ചാവറ സെൻട്രൽ സെക്രട്ടറിയേറ്റ്,* എറണാകുളത്തെ *ചാവറ സാംസ്ക്കാരിക കേന്ദ്രവുമായി* സഹകരിച്ചുകൊണ്ട് ഒരു *ചാവറ അനുസ്മരണ പ്രഭാഷണ പരമ്പരയ്ക്ക്* 2011 ജനുവരിയിൽ തുടക്കം കുറിക്കുകയുണ്ടായി. ആ വേദിയിൽ *ഡോ. കെ.എസ്സ്. രാധാകൃഷ്ണനും അബ്ദുൾ സമദ് സമദാനി*യും നടത്തിയ

പ്രൗഢമായ പ്രഭാഷണങ്ങൾ *പൊതുവിദ്യാഭ്യാസം: പ്രസക്തിയും പ്രശ്നങ്ങളും* എന്ന പേരിൽ പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തി ക്കൊണ്ട് ഈ ലക്ഷ്യപ്രാപ്തിയ്ക്കായി ഒരു പ്രകാശനപ്രസാധന ധാരയ്ക്കു തുടക്കം കുറിച്ചിരുന്നു.

ചാവറ പിതാവിന്റെ ജീവിതദർശനങ്ങളെ ഉപലംബമാക്കി ലക്ഷണ മൊത്ത ഒരു ജീവചരിത്ര രചനയ്ക്കുവേണ്ടിയുള്ള ഗവേഷണ പഠന ങ്ങൾ ഏതാണ്ട് പൂർത്തിയായിക്കഴിഞ്ഞു. ഈ പരിവൃത്തത്തിൽ തന്നെ അന്തർദ്ദേശീയ നിലവാരത്തിലുള്ള ഒരു ഡോക്യുഫീച്ചർ ചിത്രം നിർമ്മി ക്കുവാനുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുന്നു. അതിനോടൊപ്പം ആദ്യ പാദമായി വർഷത്തിൽ പത്തു പുസ്തകങ്ങളെങ്കിലും ഈ വിഷയ സംബന്ധമായി മലയാളത്തിലും ഇംഗ്ലീഷിലും പ്രസിദ്ധപ്പെടുത്തുക കൂടി *ബേസ്റൗമ* ലക്ഷ്യമാക്കുന്നുണ്ട്. ചാവറ പിതാവിനെ വിശുദ്ധനായി നാമകരണം ചെയ്യുന്ന സുദിനത്തിനായി വിശ്വാസിവൃന്ദം പ്രാർത്ഥനാ പൂർവ്വം, പ്രതീക്ഷാനിർഭരം, കാത്തിരിക്കുന്ന പശ്ചാത്തലത്തിൽ ഈ പ്രവർത്തനങ്ങൾക്കു പ്രത്യേക പ്രസക്തിയും പ്രാധാന്യവുമുണ്ടല്ലോ.

*പൊതുവിദ്യാഭ്യാസം: പ്രസക്തിയും പ്രശ്നങ്ങളും* എന്ന ഗ്രന്ഥ ത്തിന്റെ ആമുഖത്തിൽ പറഞ്ഞതുതന്നെയാണ് ഈ മുന്നുരയിലും ആവർത്തിക്കുവാനുള്ളത്:

ദൈവീകചൈതന്യം തെളിച്ചുതന്ന ദർശനങ്ങളെ കൈയ്യെത്തും പാടത്ത് നാളെ പത്തല്ല നൂറുമേനി വിളവു കൊയ്യുന്ന വലിയ വലിയ സാക്ഷാത്കാരങ്ങളിലേയ്ക്കു പടർന്നു പന്തലിച്ചു വ്യാപിപ്പിക്കുവാൻ ഇടവരുത്തിയ ചാവറപിതാവിന്റെ ആത്മാവിലെ സ്വർഗ്ഗീയ ചോദന യുടെ പ്രസരണം തുടർപ്രവർത്തന വിഭാവനങ്ങളെ യാഥാർത്ഥ്യമാക്കു മെന്നു *ബേസ്റൗമ* ഉറച്ചു വിശ്വസിക്കുന്നു. ...നടന്നു താണ്ടിയെത്തു മ്പോൾ ഒരുപാടു ദൂരം മുൻപിലുണ്ട്. പക്ഷേ, ചെന്നെത്തിയാൽ പ്രാപ്തമാക്കാനാവുന്ന കൈവല്യസുകൃതങ്ങളെ ഒന്നര നൂറ്റാണ്ടു മുൻപേതന്നെ പ്രവാചകസ്വരത്തിൽ ചാവറ പിതാവ് വ്യംഗ്യപ്പെടുത്തി യിരിക്കുന്നു. ആ ഓർമ്മയുടെയും അതുണർത്തുന്ന പിൻബലത്തിൽ തെളിവാർന്നെത്തുന്ന ചൈതന്യപ്രസരണശോഭയുടെയും ആർജ്ജ വത്തിൽ നമുക്കൊന്നും അസാദ്ധ്യമല്ല തന്നെ! പൂർണ്ണമനസ്സോടെ നാം ആ ദിവ്യചൈതന്യത്തിനു നമ്മെത്തന്നെ സമർപ്പിക്കുക മാത്രമേ വേണ്ടതുള്ളൂ. ആ സമർപ്പണം ദൗത്യമായും നിയോഗമായും *ബേസ്റൗമ* ശിരസ്സാ ഏറ്റെടുക്കുന്നു...

ആമ്മേൻ, ആമ്മേൻ... അങ്ങിനെ വിശ്വസിച്ച് ഞങ്ങൾ ഏറ്റുപറയുന്നു:

*ആകാശദീപങ്ങൾ സാക്ഷി!*

■

എഡിറ്ററുടെ കുറിപ്പുകൾ

# അനുഭവസാത്മ്യം പകരുന്ന രചന

## ജോൺ പോൾ

ഒരു എഡിറ്റർ എന്ന നിലയിൽ ഏറ്റവും കുറച്ച് ഇടപെടലുകൾ മാത്രം വേണ്ടി വന്ന ഒരു പ്രസാധനമാണ് ഈ പുസ്തകത്തിന്റേത്. അതിനു കാരണം ഗ്രന്ഥകർത്താവിന്റെ വ്യക്തിപശ്ചാത്തലമാണ്. എഴുത്തുകാരനും എഡിറ്ററും എന്ന നിലയിൽ മാധ്യമരംഗത്തു പതിറ്റാണ്ടുകളുടെ അനുഭവപരിചയമുള്ള *ജോൺ ആന്റണി*യുടെ രചന *ബേസ്റൗമ* പ്രസാധന പരമ്പരയിലെ ആദ്യ പുസ്തകമായി തിരഞ്ഞെടുക്കുക മാത്രമാണ് എഡിറ്റർക്കു പ്രധാനമായും ചെയ്യുവാനുണ്ടായിരുന്നത്. മറ്റെല്ലാം കൃതഹസ്തനായ അദ്ദേഹം രചനാവേളയിൽത്തന്നെ നിർവ്വഹിച്ചു കഴിഞ്ഞിരുന്നു. ഭാഷാപരമോ ഘടനാപരമോ ആയ ഒരു സംശോധനയ്ക്കു പിന്നെ പ്രസക്തിയുണ്ടായിരുന്നില്ല.

ആകെ വേണ്ടിയിരുന്നത് നോവലിന്റെ പേരിനൊരു മാറ്റം മാത്രമാണ്. *ദീപിക*യുടെ *ചാവറയച്ചൻ* വിശേഷാൽ പ്രതിയിൽ ഇതാദ്യം പ്രസിദ്ധപ്പെടുത്തിയത് *ദിവ്യമുദ്ര* എന്ന പേരിലാണ്. ആ പേരൊന്നു മാറ്റണമെന്നു നിർദ്ദേശിച്ചത് നോവലിസ്റ്റ് തന്നെയാണ്. പുതിയ പേരു കണ്ടെത്തുവാനുള്ള ദൗത്യം പ്രസാധക ചുമതലയുള്ള ഫാദർ *റോബി കണ്ണഞ്ചിറ* എന്നെ ഏൽപ്പിക്കുമ്പോൾ സുഹൃത്തും സഹൃദയനുമായ *പി.എസ്സ്. ഹനീഫ* കൂട്ടത്തിലുണ്ടായിരുന്നു. തികഞ്ഞ സംഗീതപ്രിയനായ ഹനീഫ യാദൃച്ഛികമായി മൂളിയ ഒരു പ്രശസ്തഗാനത്തിന്റെ വരികളിൽ നിന്നും പെട്ടെന്ന് ആ പേര് മനസ്സിൽ പതിഞ്ഞു: *ആകാശ ദീപങ്ങൾ സാക്ഷി!* റോബിയച്ചനും അതിഷ്ടപ്പെട്ടു. നോവലിസ്റ്റിനും സ്വീകാര്യമായി.

ജോൺ ആന്റണിയുടെ നോവൽ പ്രസാധനത്തിനായി നിർദ്ദേശിക്കുവാൻ പ്രധാന പ്രേരകമായത് ആ രചനയിലെ ആഹ്ലാദകരമായ

വായനാപരതയാണ്. ആലങ്കാരിക ഘോഷങ്ങളില്ലാതെ ലളിതമായി, എന്നാൽ കാവ്യാത്മകമായും ഒരു കഥ പറയുന്ന ഒഴുക്കോടെ തന്നെ ഒരു ജീവചരിത്രനോവൽ എഴുതി തികയ്ക്കുക അവതാരികാകാര നായ *പെരുമ്പടവം ശ്രീധരൻ* പറയുംപോലെ ഒരു ചെറിയ കാര്യമല്ല.

ജീവചരിത്രങ്ങൾ എഴുതുമ്പോഴും ജീവചരിത്രാധിഷ്ഠിത നോവ ലുകൾ എഴുതുമ്പോഴും പരക്കെ പ്രകടമായിക്കണ്ടിട്ടുള്ള ഒരു പിഴവ് അവ അതിശയോക്തികൾകൊണ്ട് പരാമർശവിധേയമാകുന്ന വ്യക്തിയെ അത്ഭുതസൃഷ്ടിയായി ചിത്രീകരിച്ചു മൊത്തം ആഖ്യാനത്തെ അവി ശ്വസനീയമെന്നു സന്ദേഹിക്കുംവിധം അസത്യത്തോടു ചേർത്തു നിറു ത്തുന്നു എന്നുള്ളതാണ്.

ഇവ്വിധമല്ലാതെ കഥാപുരുഷനിൽനിന്നും വൈകാരികമായി ബോധ പൂർവ്വം അകന്നു നിന്നു നിർമ്മമത ശഠിച്ച് എഴുതിയിട്ടുള്ള രചനകളും കണ്ടിട്ടുണ്ട്. അവയുടെ പ്രധാന ന്യൂനത എഴുത്തുകാരൻ ബോധ പൂർവ്വം ദീക്ഷിക്കുന്ന അകൽച്ച വൈകാരിക സാത്മ്യത്തെ ഇല്ലാതാക്കി വായനാസമൂഹത്തിനും അതിലുമേറെ അകലങ്ങൾ തീർക്കുന്നു എന്നുള്ളതാണ്.

രചന രണ്ടു വിധത്തിലായാലും അതു സൃഷ്ടിക്കുന്ന ഫലം പരാ മർശിത വ്യക്തി, വിഷയം വായനക്കാരന് അന്യമായി ഭവിക്കുന്നു എന്ന തത്രെ!

ജോൺ ആന്റണിയുടെ രചന ഈ രണ്ടു പിഴവുകളിൽനിന്നും അതിവിദഗ്ദ്ധമായും എന്നാൽ തികഞ്ഞ സ്വാഭാവികതയുടെ അനാ യാസതയോടെയും ഒഴിഞ്ഞുനിൽക്കുന്നു.

നമുക്കു കൂടി പരിചിതമായ ഒരു ജീവിതപാർശ്വത്തെയാണ് ഗ്രന്ഥ കാരൻ വാക്കുകൾകൊണ്ടു വരച്ചു തീർക്കുന്നത്. കഥാപുരുഷൻ ഇവിടെ നമുക്കന്യനല്ല; നമുക്കിടയിൽത്തന്നെ, നമുക്കുകൂടി പരിചിത ങ്ങളായ വഴിയിടങ്ങളിലൂടെ ചരിക്കുകയും നമുക്കതീതമായ ചൈതന്യ ദീപ്തി പ്രസരിക്കുന്ന ജീവിതചര്യകളിലൂടെ നമുക്കിടയിൽ ആരാധ്യ നായി മാറുകയും ചെയ്യുന്ന ജൈവ പാത്രമായനുഭവപ്പെടുന്നു.

അങ്ങിനെയൊരു ഇഴയടുപ്പം സൃഷ്ടിക്കുവാൻ ജോൺ ആന്റ ണിക്കു കഴിഞ്ഞിട്ടുണ്ട്. വായനയിൽ നിങ്ങൾക്കുമത് ബോദ്ധ്യപ്പെടും.

ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചനോടുള്ള ആരാധന കലർന്ന ആദരവോടെ തന്നെയാണ് ആ ജീവിതകഥയിലെ ഓരോ നിമിഷവും സന്ധിയും നോവലിസ്റ്റ് എഴുതിപ്പോന്നിട്ടുള്ളത്. അതു പക്ഷെ, ഒരിയ്ക്കലും അന്ധമായ അതിശയവൽക്കരണമായി തരം

താണിട്ടില്ല; നിർമ്മമതയുടെ നാട്യംകൊണ്ട് അകലം തീർക്കുന്നുമില്ല. കഥാകാരന്റെ മനസ്സിനോടൊപ്പം വിശ്വാസത്തിൽ വായനക്കാരനെക്കൂടി ഉൾച്ചേർത്തുകൊണ്ടാണ് എഴുത്തുവഴി. അതുകൊണ്ടുതന്നെ ആ വഴി യോരക്കാഴ്ചകളും അവയോട് അങ്കുരിക്കുന്ന വിസ്മയാദരവുകളും വായനക്കാരനു തന്റേതുകൂടിയായനുഭവപ്പെടുന്നു.

സി.എം.ഐ. സഭയുടെ പ്രയോർ ജനറലായ *റവ. ഡോ. ജോസ് പന്തപ്ലാംതൊട്ടി*യാണ് ഈ നോവൽ വായിക്കുവാൻ എന്നെ പ്രേരിപ്പി ച്ചത്. നോവലടങ്ങുന്ന വിശേഷാൽപ്രതി (അതു പ്രസിദ്ധപ്പെടുത്തു മ്പോൾ അദ്ദേഹം *ദീപിക*യുടെ പത്രാധിപരായിരുന്നു) നൽകിക്കൊണ്ട് അദ്ദേഹം പറഞ്ഞു:

*നോവൽ എന്ന നിലയിലും ജീവചരിത്രം എന്ന നിലയിലും നല്ല രചനയാണ്. വായിക്കൂ... ഇഷ്ടപ്പെടും!*

ആ വാക്കുകൾ സത്യമെന്നു വായന ബോദ്ധ്യപ്പെടുത്തി.

അദ്ദേഹത്തിന്റെ വാക്കുകൾ തന്നെ വായനക്കാരോടും ഞാനാ വർത്തിക്കട്ടെ.

ഈ സാക്ഷ്യം സത്യമെന്നു വായന നിങ്ങളെയും ബോദ്ധ്യപ്പെ ടുത്തും.

■

അവതാരിക

# വിശുദ്ധജീവിതത്തിന്റെ ആന്തരശ്രുതി

## പെരുമ്പടവം ശ്രീധരൻ

**ആ**ത്മാവിൽ മഹത്വത്തിന്റെ സ്വർണ്ണമുദ്രയുള്ള ഒരാൾ കാലത്തിൽ പ്രവേശിക്കുമ്പോൾ ചരിത്രത്തിന് വ്യതിയാനമുണ്ടാകുന്നു. പഴകി ജീർണ്ണിച്ച കാലത്തിന്റെയും ആ കാലത്തിന്റെ നീതിരഹിതമായ നടപടി ക്രമങ്ങളുടെയും മേൽ കൈവച്ചുകൊണ്ട് കാലത്തെ നവീകരിക്കുകയും ശുദ്ധീകരിക്കുകയും ചെയ്യുകയെന്ന നിയോഗം അയാൾ തിരിച്ചറിയുന്നു. സമൂഹത്തിന്റെ നന്മയ്ക്കും പുരോഗതിക്കും വേണ്ടി സ്വയം സമർപ്പിച്ചു കൊണ്ട് തന്റെ ജീവിതത്തെ ആ പുണ്യാത്മാവ് ഒരു കർമ്മയോഗമാക്കി തീർക്കുന്നു. പുണ്യശ്ലോകനായ *ചാവറ കുര്യാക്കോസ് ഏലിയാസ്* അച്ചന്റെ ജീവിതം അങ്ങനെ ഒന്നായിരുന്നു. സാമൂഹികമായ അസ മത്വമാണ് ഏറ്റവും വലിയ ദൈവനിന്ദയെന്ന് ചാവറയച്ചൻ തന്റെ വൈദി കജീവിതത്തിന്റെ ആദ്യ നാളുകളിൽ തന്നെ തിരിച്ചറിഞ്ഞിരുന്നുവെന്ന് ചരിത്രത്തിന്റെ സാക്ഷ്യമുണ്ട്. ദാരിദ്ര്യവും നിരക്ഷരതയും ജാതിയുടെ പേരിലുള്ള നിന്ദനങ്ങളും സാമൂഹികജീവിതത്തിന്മേൽ നീരാളിയെ പ്പോലെ അള്ളിപ്പിടിച്ചിരുന്ന ആ കാലം ഓർത്തു നോക്കുമ്പോൾ ഒരി രുണ്ട കാലമായിരുന്നു. ആ കാലത്തിലേയ്ക്കാണ് പ്രവാചകതുല്യമായ മനസ്സോടെ ചാവറയച്ചൻ പ്രവേശിച്ചത്. പള്ളിയോടു ചേർന്ന് പള്ളി ക്കൂടങ്ങൾ തുടങ്ങിയും ആ പള്ളിക്കൂടങ്ങളിൽ പാവപ്പെട്ട കുട്ടികളെ സൗജന്യമായി പഠിപ്പിച്ചും ജാതിശ്രേണിയുടെ താഴേത്തട്ടുകളിൽ അസ്പൃശ്യരായി കഴിഞ്ഞിരുന്നവരുടെ കുഞ്ഞുങ്ങൾക്ക് അന്നവസ്ത്രാ ദികൾ നൽകിയും ചാവറയച്ചൻ അന്ന് നിലനിന്നിരുന്ന മനുഷ്യവിരുദ്ധ മായ സാമൂഹിക ക്രമങ്ങൾക്കെതിരെ നിശ്ശബ്ദമായ ഒരു കലാപം സൃഷ്ടിച്ചു. പിന്നീട് സാമൂഹിക വിപ്ലവത്തിന്റെ കൊടുങ്കാറ്റഴിച്ചുവിട്ട ശ്രീനാരായണഗുരുവിന് അന്ന് ഇളംപ്രായം.

പുണ്യശ്ലോകനായ ചാവറയച്ചന്റെ ജീവിതത്തെ ആധാരമാക്കിയുള്ള ജോൺ ആന്റണിയുടെ *'ആകാശദീപങ്ങൾ സാക്ഷി'* വായിച്ചപ്പോൾ അറിയാതെ അതിനു മുമ്പുള്ള കാലം ഞാൻ ഓർത്തു പോയി.

ചരിത്രത്തിൽ സൂര്യശോഭ പ്രസരിപ്പിച്ചു നിൽക്കുന്ന ഒരു വ്യക്തിയെ കഥാപാത്രമാക്കുമ്പോൾ നോവലിസ്റ്റ് ഒരു പർവ്വതത്തിന്റെയത്ര വരുന്ന ഭാരം എടുത്ത് ഹൃദയത്തിനു മേൽ വയ്ക്കുകയാണ്. എല്ലാവരും അറിയുന്ന ഒരാളെ കഥാപാത്രമാക്കി തീർക്കുക അത്ര എളുപ്പമല്ല. പാളിപ്പോയാൽ കഥാപാത്രം ചരിത്രപുരുഷന്റെ വികലമായ നിഴൽരൂപം മാത്രമായി തീരും. ചരിത്രപുരുഷനെ കഥാപാത്രമാക്കി തീർക്കുകയാണ് എഴുത്തുകാരൻ നേരിടുന്ന അഗ്നിപരീക്ഷ. ദസ്തയേവ്സ്കിയുടെ ജീവിതം വച്ച് *ഒരു സങ്കീർത്തനം പോലെ* എഴുതുമ്പോൾ ഞാൻ അനുഭവിച്ചതാണ് അതിന്റെ വ്യഥ. ദൂരെ നിന്നു നോക്കുന്നവർക്കു തോന്നും ഓ, ഇത് ആ ചരിത്രപുരുഷനല്ലേ, ഇത് അദ്ദേഹത്തിന്റെ ജീവിതംതന്നെയല്ലേ എന്ന്. വായനക്കാരന്റെ ഉള്ളിൽ അങ്ങനെ ഒരു പ്രതികരണം മാത്രമേ അതുളവാക്കുന്നുള്ളൂവെങ്കിൽ എഴുത്തുകാരന്റെ പ്രയത്നം വെറുതെയായിപ്പോകും. ചരിത്രത്തിന്റെ പകർത്തിയെഴുത്ത് കലയല്ല. ചരിത്രപുരുഷനെ കഥാപാത്രമാക്കി തീർക്കുകയോ, കഥാപാത്രത്തെ തേജോമയമായ ഒരാശയമാക്കി തീർക്കുകയോ ചെയ്യുമ്പോഴാണ് അത് കലാസൃഷ്ടിയായി തീരുന്നത്.

വ്യക്തിയുടെ ജീവിതകഥ അതുപോലെ നേർമ്മയായി എഴുതിവച്ചാൽ നോവലാകുമോ?

സംശയമാണ്.

ഒരു കഥ വേണം നോവലിന്.

എന്നാൽ കഥയാണോ നോവലിനെ കലാസൃഷ്ടിയാക്കി തീർക്കുന്നത്?

കഥയുടെ ആഴങ്ങളിൽ അല്ലെങ്കിൽ അതിന്റെ അദൃശ്യതലങ്ങളിൽ മറഞ്ഞുകിടക്കുന്ന ധർമ്മസങ്കടങ്ങളുടെ ആഴക്കയങ്ങൾ, വിധിശാപങ്ങളുടെ കുരിശുമരണങ്ങൾ, ലക്ഷ്യത്തിലേക്കുള്ള യാത്രയ്ക്കിടയിൽ ഏർപ്പെടുന്ന പ്രതിസന്ധികൾ, പ്രശ്നങ്ങൾ, തോൽവികൾ, ദാർശനികമായ ഉൾക്കാഴ്ച, ആദ്ധ്യാത്മികതയുടെ നിറവ്, ആഖ്യാനകലയുടെ ചാരുത... അങ്ങനെ ചിലതാണ് നോവലിനെ കലാസൃഷ്ടിയാക്കി തീർക്കുന്നത്.

ചാവറയച്ചന്റെ ജീവിതം വച്ച് നോവലെഴുതുമ്പോൾ ജോൺ ആന്റണി അങ്ങനെ ഒരഗ്നിപരീക്ഷയെ നേരിടുകയായിരുന്നുവെന്നാണ്

എനിക്ക് അതു വായിച്ചപ്പോൾ തോന്നിയത്. വ്യക്തിയെന്ന നിലയിൽ ചാവറയച്ചന്റെ ജീവിതം നേരിട്ട ആത്മസംഘർഷങ്ങളിലൂടെയും പ്രയാസങ്ങളിലൂടെയും കടന്നുപോകുമ്പോൾ എഴുത്തുകാരൻ അനുഭവിച്ച വൈകാരികമായ പിരിമുറുക്കം അതേ അളവിൽ വായനക്കാരനും അനുഭവപ്പെടണം. ചരിത്രത്തിൽ കണ്ട ആളല്ലല്ലോ ഇതെന്നു തോന്നിപ്പിക്കുന്ന ഒരു മാജിക് ഉണ്ടാവണം അതിനകത്ത്. ഒരു വൈദികന്റെ പ്രാർത്ഥനാനിർഭരമായ ജീവിതം, സാമൂഹികപ്രശ്നങ്ങളുമായി ഇടപെടുമ്പോൾ ഉണ്ടാവുന്ന സംഘർഷം, എഴുത്തുകാരന്റെ മനസ്സിനെ അതു വല്ലാതെ ഉലയ്ക്കും; അലൗകികമായ തലങ്ങളിൽ വച്ചുവേണം ആ അനുഭവത്തെ പൊലിപ്പിച്ചെടുക്കാൻ.

ആ പരീക്ഷണത്തിൽ ജോൺ ആന്റണി എത്രമാത്രം വിജയിച്ചു എന്ന് നോവൽ വായിക്കുന്ന സഹൃദയന് സ്വയം നിർണ്ണയിക്കാൻ കഴിയുന്നതേയുള്ളൂ. എന്നെ സംബന്ധിച്ചിടത്തോളം അത് ആഹ്ലാദകരമായ ഒരനുഭവമായിരുന്നു. ആദ്ധ്യാത്മിക തേജസ്സുള്ള ഒരു സന്യാസജീവിതത്തിന്റെ അകംപുറങ്ങൾ ഈ നോവലിൽ ചാരുതയോടെ ജോൺ ആന്റണി ആവിഷ്കരിച്ചിട്ടുണ്ട്. തന്റെ കൈയ്ക്കിണങ്ങിയ ശില്പത്തിൽ ആ ജീവിതത്തെ ലളിതമായ ആഖ്യാനംകൊണ്ടു പരിചരിച്ച് മനോഹരമായ ഒരു കലാസൃഷ്ടിയാക്കിത്തീർക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ടെന്ന് ഞാൻ സന്തോഷത്തോടെ പറയട്ടെ. ധ്യാനത്തിന്റെയോ പ്രാർത്ഥനയുടെയോ ഒരാന്തരശ്രുതിയുണ്ട് ജോൺ ആന്റണിയുടെ ലളിതമായ ആഖ്യാനത്തിന്.

■

# 1

**എ**ന്നാണു മരണം തണുത്തുറഞ്ഞ ഒരു നീർപ്പോള പോലെ ആ കടവിൽ വന്നടിഞ്ഞതെന്ന് ആരും അറിഞ്ഞില്ല. കുതിർന്ന മണ്ണിലൂടെ സർപ്പത്തിന്റെ നിശ്ശബ്ദതയോടെ അതു നീങ്ങി. മനുഷ്യരുടെ നാവിൽ വിഷൂചികകൊണ്ടു തൊട്ടു തീണ്ടി. ഫലമോ. ജലംവറ്റിയ ശരീരങ്ങൾ മരണത്തിന്റെ വെറുങ്ങലിച്ച കൈകളിലേക്കു വീണു. രാവെന്നും പകലെന്നുമില്ലാതെ വീടുകളിൽനിന്ന് ഉയർന്ന നിലവിളികൾ നനഞ്ഞ കരയിലൂടെയും കലങ്ങിയ ജലപ്പരപ്പിലൂടെയും അലഞ്ഞുനടന്നു.

മരിക്കാതെ ബാക്കിയായവർ മരിക്കുന്നവരുടെ നാവുകളിൽ ഇറ്റിച്ച ജലം നിഷ്ഫലതീർത്ഥങ്ങളായി കടവായ്കളിലൂടെ ഒലിച്ചു വഴുതിയൊഴുകിക്കൊണ്ടിരുന്നു.

മരണത്തിന്റെ വിജയസ്തൂപങ്ങൾപോലെ ശ്മശാനങ്ങളിൽ മൺകൂനകൾ ഉയരുകയായിരുന്നു. അംഗങ്ങൾ മുഴുവനും മരണത്തിനു കീഴടങ്ങി അനാഥമായ വീടുകൾ നോക്കുകുത്തികളായി മൃതിയുടെ തേർവാഴ്ച കണ്ടുനിന്നു.

കിഴക്കേ ചാവറവീട്ടിൽ കുര്യാക്കോസിന്റെയും മകൻ ജോസഫ് കുഞ്ഞിന്റെയും മരണം അടുത്തടുത്ത ദിവസങ്ങളിലായിരുന്നു. മരിക്കുന്നതിനുമുമ്പ് ഇരുവരുടെയും വരണ്ട ചുണ്ടുകളിൽനിന്ന് ഇടറിവീണത് ഒരേ വാക്കായിരുന്നു; ഒരേ പേരായിരുന്നു..

*കൊച്ചു...കുര്യാക്കോസ്...*

അവനെക്കണ്ടിട്ട് ഒത്തിരിക്കാലമായതുപോലെ; ഒന്നുകൂടി കണ്ടാൽമാത്രം മതി! മരണമുഖത്തിനു മുൻപിലും മനസ്സു മോഹിച്ചു.

കണ്ടാൽ മതി; ഒന്നും മിണ്ടണമെന്നില്ല. മിണ്ടാൻവയ്യല്ലോ!

മെഴുതിരിവെളിച്ചം പോലെയുള്ള ആ മുഖം ഒരുനോക്കു കണ്ടിരുന്നെങ്കിൽ, കണ്ണുകൊണ്ടെങ്കിലും അവനോടു യാത്രപറയാൻ കഴിഞ്ഞിരുന്നെങ്കിൽ... പര

ലോകയാത്രയിൽ ആ സാന്ത്വനം തുണയായൊപ്പമുണ്ടായിരുന്നുവെങ്കിൽ... മനസ്സു വെറുതെ മോഹിച്ചു.

പക്ഷേ, മരണം ഒന്നും അനുവദിച്ചില്ല. മരണം തിരക്കിലായിരുന്നു. നിശ്ശബ്ദമായ വ്യഗ്രതയോടെ ഇരകളെ കണ്ടെത്തിക്കൊണ്ടിരിക്കുന്നതിന്റെ ബദ്ധപ്പാടിൽ ശ്രദ്ധിക്കുവാനും അനുവദിക്കുവാനുമുണ്ടോ സമയം!

ആ വീട്ടിൽ പിന്നെ ശേഷിച്ചത് മറിയാമ്മ മാത്രമായി. മരണം തന്റെ നേർക്കുനോക്കുന്നതു അവൾ കണ്ടു. അവൾ ഭയന്നില്ല. ഭർത്താവിന്റെയും മകന്റെയും അന്ത്യശ്വാസം അപ്പോഴും തങ്ങിനിൽക്കുന്ന വീട്ടിൽ മരണത്തിന്റെ നിറുത്താതെയുള്ള ചിറകടിസ്വനം മുഴങ്ങിക്കേൾക്കുന്ന നാട്ടിൽ ആ സ്ത്രീയ്ക്കു മരണത്തെക്കുറിച്ചു ഭയം തോന്നിയില്ല. തോന്നിയിട്ടുമെന്തിന്?! ഈ രോഗം ബാധിച്ചവരാരെങ്കിലും രക്ഷപ്പെടുന്നതായി കേൾക്കുന്നില്ല. ഇതോടെ ഈ കൊച്ചുലോകം അവസാനിക്കുകയാവാം. കല്പനകൾ അനുസരിക്കുക. എതിർചോദ്യങ്ങൾക്കിവിടെ ഊഴമില്ല. നിഴലുകൾ വളർന്നു തിങ്ങി രാത്രിയാകുന്നു. വാനമേഘങ്ങളിൽ കർത്താവു വരാൻ സമയമായിരിക്കുകയാവാം.

മണ്ണിൽനിന്നു പോകുംമുൻപേ ഒരാഗ്രഹമേയുള്ളു.

*എനിക്ക്.... എന്റെ മോനെ... ഒന്നു കാണണം.*

നിഴൽപോലെ അരികിൽ കണ്ട ബന്ധുവിനോടു നിശ്വാസംപോലെ മറിയാമ്മ പറഞ്ഞു. ആ വാക്കുകൾ ഗ്രഹിച്ചെടുക്കാൻ ബന്ധു ബദ്ധപ്പെട്ടു.

എന്തേ ആർക്കും ഒന്നും മനസ്സിലാകാത്തത്?

*കൊച്ചുകുര്യാക്കോസിനെ...*

ബന്ധുവിനു മനസ്സിലായി:

*എങ്ങനെ വിളിച്ചുകൊണ്ടുവരാൻ? ഈ കരയിൽ നിന്നാരും പുറത്തേക്ക് പോകരുതെന്നാണ് സർക്കാരു കല്പന. ആരെയും ഇങ്ങോട്ടു കൊണ്ടുവരാനും പാടില്ല. അത്തരമാണീ ദീനം.*

മറിയാമ്മയുടെ കുഴിഞ്ഞ കണ്ണുകളിൽനിന്നും സാവധാനം രണ്ടു നീർച്ചാലുകളിറങ്ങി – ഒട്ടിയ കവിളുകളെതേടി. മരിച്ചുപോയ മൂന്നു പെൺകുട്ടികൾക്കു ശേഷം വളർന്നുകിട്ടിയ മകനാണ്. കണ്ടു കൊതി തീരുംമുമ്പേ ദൈവത്തിനു സമർപ്പിച്ച മകൻ. ഏറ്റവും പ്രിയമുള്ളതിനെ ദൈവത്തിനു വേണ്ടി കൊടുക്കുകയായിരുന്നു. എന്നിട്ടും ഇടയൊഴിവുകളിൽ അവൻ വരുന്ന ദിവസങ്ങൾക്കുവേണ്ടി കൊതിയോടെ, പ്രാർത്ഥനയോടെ കാത്തിരിക്കുമായിരുന്നു. ഓരോ തവണ എത്തുമ്പോഴും അവൻ കൂടുതൽ കിളരം വച്ചിരുന്നു, കൂടുതൽ മെല്ലിച്ചിരുന്നു. കണ്ണുകൾക്കു തിളക്കം ഏറിയിരുന്നു. ആ കണ്ണുകളിൽനിന്ന് അവൻ നിൽക്കുന്ന മുറിയിലും ചുറ്റുമെമ്പാടും ദിവ്യമായൊരു വെളിച്ചം വന്നു നിറയുന്നതുപോലെ തോന്നിയിരുന്നു....

ഇപ്പോൾ അവൻ എത്ര വളർന്നിട്ടുണ്ടാവും?

ആ കണ്ണുകളിലെ തിളക്കം എത്ര ഏറിയിട്ടുണ്ടാവും?

*ഒന്നു കണ്ടാൽ മാത്രം മതിയായിരുന്നു.*

*ഒരു നിവൃത്തിയുമില്ലാഞ്ഞിട്ടല്ലേ ആൾ വിടാത്തത്.*

ബന്ധുവിന്റെ നിസ്സഹായത വിശദീകരണമായി.

കാണാനാവില്ല... കാണാനാവില്ല... കാണുകയെന്നതു കഴിഞ്ഞകഥയായിരിക്കുന്നു.

*അല്ലെങ്കിൽ വേണ്ട... ഞങ്ങൾ പിന്നെ... കണ്ടോളാം...* എപ്പോഴെങ്കിലും... എന്നെങ്കിലും... ദൈവം കുറിക്കുന്ന നാഴികയിൽ കണ്ടോളാം...

മറിയാമ്മയുടെ സ്വരം ഒരു ഗദ്ഗദത്തിലേക്ക് അലിഞ്ഞു.

ഗദ്ഗദം നേർത്തു നേർത്ത് പിന്നെ ഇല്ലാതായി; നിത്യമൗനമായി... കുഴിഞ്ഞ കണ്ണുകൾ നിശ്ചലങ്ങളായി. കൺതടങ്ങളിലെ നീർച്ചാലുകൾ ഉണങ്ങി. ശരീരത്തിൽനിന്നൊരു തണുപ്പ് മുറിയിൽ ചുറ്റും പടർന്നു.

മരണം തിടുക്കത്തിൽ പടിയിറങ്ങി.

സെമിത്തേരിയിലെ വിജയക്കൊടികൾക്കിടയിൽ പുതിയൊരെണ്ണം കൂടി.

ലോകത്തോടു യാത്രപറഞ്ഞവർ പള്ളിമണികളുടെ തുടർച്ചയായ തേങ്ങലും കാലവർഷത്തിന്റെ കറുത്ത നൃത്തവും കേട്ട് മൺകൂനകൾക്കു കീഴിൽ ഉറങ്ങി; സ്വർഗ്ഗവാതിൽ തുറക്കുന്ന യാമം ധ്യാനപൂർവ്വം കാത്തു ക്ഷമയോടെ മൗനത്തിന്റെ പുതപ്പുശീലയ്ക്കടിയിൽ അടിഞ്ഞു.

കാലവർഷത്തിൽ പെരുകിയ നദി കരയെ വിഴുങ്ങുമ്പോൾ ദയവില്ലാത്ത ഒരു ദിഗ്വിജയിയെപ്പോലെ മരണം അശ്വമേധം തുടരുകയായിരുന്നു. അതിനൊത്ത് മൺകൂനകൾ ഏറിക്കൊണ്ടുമിരുന്നു.

അവസാനം, ആഹ്ലാദം പ്രകടിപ്പിക്കാത്ത ഒരു വിജയിയുടെ ഗർവ്വംപൂണ്ട നിശ്ശബ്ദതയോടെ മരണം എവിടേക്കോ പോയി.

കൈനകരിയിൽ അവശേഷിച്ച വിരലിലെണ്ണാവുന്നവർക്കു പുറത്തേക്ക് ഇറങ്ങാമെന്നായി.

ചാവറ വീട്ടിലെ കുര്യാക്കോസിന്റെ രണ്ടനുജന്മാർ പള്ളിപ്പുറത്തേക്കു പുറപ്പെട്ടതു കൊച്ചുകുര്യാക്കോസിനെ വിവരമറിയിക്കാനാണ്. എങ്ങനെ പറയും? ആ ഞെട്ടൽ താങ്ങുവാൻ ആ പയ്യനു കെല്പുണ്ടാകുമോ? ഏറ്റവും പ്രിയപ്പെട്ടവരുടെ വിയോഗവാർത്തയുടെ വിവരം വെട്ടിത്തുറന്നു പറയുന്നതു മറ്റൊരു ദുരന്തത്തിനു കാരണമാകുമോ? പക്ഷെ പറയാതെയെങ്ങനെ? പറഞ്ഞല്ലേ മതിയാകൂ...

അനിവാര്യമായ അറിവിന്റെ തീക്കനൽ അവനിലേക്കു കോരിയിടുവാൻതന്നെ ചിറ്റപ്പന്മാർ തീരുമാനിച്ചു.

പള്ളിപ്പുറം സെമിനാരിയിൽ മല്പാൻ പാലയ്ക്കലച്ചനെക്കണ്ടാണ് അവർ ആദ്യം വിവരം പറഞ്ഞത്. സ്തബ്ധനായിത്തീർന്ന അദ്ദേഹം നിമിഷങ്ങൾക്കു ശേഷം അവരോടു പറഞ്ഞു:

*പറയാതെ വയ്യല്ലോ... പറഞ്ഞോളൂ... പേടിക്കണ്ട. അവൻ വളർന്നത് ഈ സെമിനാരിയിലാണല്ലോ. ഞാൻ പഠിപ്പിച്ചിട്ടുള്ളതെല്ലാം അവൻ പഠിച്ചിട്ടുണ്ട്. അവൻ മനസ്സുകൊണ്ടു പ്രായത്തിലേറെ വളർന്നു. പിടിച്ചുനിൽക്കാൻ കുര്യാക്കോസിനു കഴിയും. അവനതിനെ നേരിടും...*

ആശങ്ക വിങ്ങിയ മൂന്നു മുഖങ്ങൾ കുര്യാക്കോസിനെ സമീപിച്ചു:

*കുര്യാക്കോസേ, നമ്മളെ താങ്ങുവാൻ കർത്താവുണ്ട്....* അവന്റെ തോളിൽ കൈവച്ചുകൊണ്ടു മല്പാൻ പറഞ്ഞു.

അസാന്ദർഭികമായ ആ ഉപദേശം കൊച്ചുകുര്യാക്കോസിനെ ഉത്കണ്ഠാകുലനാക്കി. മൂന്നു മുഖങ്ങളിൽ നോക്കി അവൻ ചോദിച്ചു:

*എന്താണു സംഭവിച്ചത്?... എന്റെ വീട്ടിൽ എന്താണു സംഭവിച്ചത്?*

*കർത്താവ് അറിയാതെ ഒന്നും സംഭവിക്കുന്നില്ല, മോനേ. കർത്താവു നിനക്കു ബലം തരും...*

കുര്യാക്കോസ് കണ്ണടച്ചു പ്രാർത്ഥിക്കുമ്പോൾ ചിറ്റപ്പൻ പറയാൻ തുടങ്ങി:

*കുട്ടനാട്ടിൽ പല കരയിലും കഴിഞ്ഞമാസം ദീനമായിരുന്നു. നമ്മുടെ കരയിലും ഒത്തിരിപ്പേർക്കു ദീനം പിടിച്ചു. നിന്റെ വീട്ടിലും...*

*ആർക്ക്?*

*അപ്പന്.*

*അപ്പന് എന്തു പിണഞ്ഞു?*

മല്പാനച്ചൻ വീണ്ടും കൊച്ചുകുര്യാക്കോസിന്റെ ചുമലിൽ കൈവച്ചു.

*എല്ലാം ദൈവനിശ്ചയമാണു, കുഞ്ഞേ. ദൈവം തിരിച്ചുവിളിച്ചു, മോനേ.*

*എന്റെ അപ്പൻ....* കൊച്ചുകുര്യാക്കോസ് മല്പാന്റെ നെഞ്ചിലേക്കു ചാഞ്ഞു. മല്പാന്റെ കുപ്പായം കണ്ണീരിൽ കുതിർന്നു.

കരച്ചിലടക്കാനായപ്പോൾ കുര്യാക്കോസ് ചോദിച്ചു:

*എന്ന്... എന്നായിരുന്നു?*

*മൂന്നാഴ്ചയായി. കരവിട്ട് ആരും പുറത്തുപോകരുതെന്നു കല്പനയുണ്ടായിരുന്നു. അതുകൊണ്ടാണ് ഇതുവരെ അറിയിക്കാതിരുന്നത്* – ചിറ്റപ്പൻ പറഞ്ഞു.

കുര്യാക്കോസിനു ശബ്ദം നഷ്ടപ്പെട്ടു. നെഞ്ചുമുതൽ ശീർഷംവരെ നിറഞ്ഞ ഗദ്ഗദം ഒരു കരച്ചിലായി അടങ്ങുമ്പോൾ അവൻ ചോദിച്ചു:

*അപ്പോൾ.... എനിക്കിനി അപ്പനെ കാണാൻ പറ്റില്ല. അല്ലേ ചിറ്റപ്പാ?*

മല്പാനച്ചൻ അവനെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു:

*കുര്യാക്കോസേ, നീയെന്താ അവിശ്വാസിയെപ്പോലെ നിരാശനാവുന്നത്? മരണം മനുഷ്യന്റെ അവസാനമല്ലെന്നു നിറക്കറിഞ്ഞുകൂടേ?*

പെട്ടെന്നു കുര്യാക്കോസ് ശാന്തത വീണ്ടെടുത്തു. കുറെ നിമിഷത്തെ നിശബ്ദതയ്ക്കുശേഷം അവൻ പറഞ്ഞു:

*ഞങ്ങൾ സ്വർഗത്തിൽവച്ചു കണ്ടോളാം.*

*അതേ, കുഞ്ഞേ. എല്ലാവരും നിനുക്കുവേണ്ടി സ്വർഗത്തിൽ കാത്തിരിക്കുകയാണ്.* മല്പാൻ പറഞ്ഞു.

*പക്ഷെ, അമ്മ എങ്ങനെയിതു താങ്ങും? എന്റെ അമ്മ ഇപ്പോഴും കരയുകയാണോ?* കുര്യാക്കോസ് ചിറ്റപ്പന്മാരോടു ചോദിച്ചു.

*കുര്യാക്കോസെ, നീ ചഞ്ചലനാവരുത്. നീയൊരു സാധാരണ ചെറുപ്പക്കാരനെപ്പോലെയാവരുത്. എന്തിനെയും നേരിടാനുള്ള കരുത്ത് നിനക്കു തരാൻ കർത്താവിനു കഴിയും.* മല്പാൻ പറഞ്ഞു.

കുര്യാക്കോസ് ചിറ്റപ്പന്മാരുടെ മുഖത്തേക്ക് ഉത്കണ്ഠയോടെ നോക്കി. മനസ്സിലൊരു പ്രാർത്ഥനയാൽ ശക്തിയാർജ്ജിച്ചിട്ടെന്നവണ്ണം പിന്നെ പറഞ്ഞു:

*പറഞ്ഞോളൂ. എന്റെ അമ്മയ്ക്കെന്തു പറ്റി?*

*അമ്മയക്കും ദീനമായിരുന്നു. അമ്മയും പോയി, കുഞ്ഞേ.* ചിറ്റപ്പൻ പറഞ്ഞു.

കരയാനാവാതെ കുര്യാക്കോസ് നിലത്ത് ഇരുന്നു. ചിറ്റപ്പന്മാർ അവനെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു. അവർ അവനെ പിടിച്ചെഴുന്നേൽപ്പിക്കുമ്പോൾ അവന്റെ ശരീരം ഒരു പഴന്തുണിപോലെ ദുർബലമായിരുന്നു.

തന്റെ കണ്ണുകൾ നിറയുന്നതായി മല്പാനു മനസ്സിലായി. കണ്ണുകൾ തുളുമ്പുമെന്നു ഭയപ്പെട്ട് അദ്ദേഹം മറ്റുള്ളവരിൽനിന്നു മുഖംതിരിച്ചു കൺപീലികൾകൊണ്ടു കണ്ണീരുണക്കാൻ ശ്രമിച്ചു. സ്വയം നിയന്ത്രിക്കാനും മറ്റുള്ളവരെ നിയന്ത്രിക്കാനും കെല്പുണ്ടെന്ന് അഭിമാനിക്കുന്ന താൻ വികാരാധീനനായിത്തീർന്നതിൽ അദ്ദേഹത്തിന് ലജ്ജ തോന്നി.

*മല്പാനച്ചാ, ഞങ്ങൾ കുര്യാക്കോസിനെ കൊണ്ടുപോവുകയാണ്.*

*എല്ലാം തമ്പുരാന്റെ പദ്ധതിയിലുള്ളതാണു കുഞ്ഞേ.*

കുര്യാക്കോസിനോടുള്ള ആ വാക്കുകളിലൂടെ സ്വന്തം കണ്ണീരിനെ തടഞ്ഞുനിർത്താൻ മല്പാനു കഴിഞ്ഞു.

ചിറ്റപ്പൻ കുര്യാക്കോസിന്റേതായി സെമിനാരിയിലുള്ള വസ്തുക്കളെല്ലാം പൊതിഞ്ഞു കെട്ടിയപ്പോൾ എല്ലാംകൂടി എന്തിനു കൊണ്ടുപോകുന്നു എന്നു മല്പാൻ ചോദിച്ചു.

*മല്പാനച്ചാ, കുടുംബത്തിൽ ബാക്കിയുള്ള ഒരേയൊരു ആൺതരി ഇവനാണ്. കുടുംബം അന്യംനിൽക്കരുതല്ലോ.* ചിറ്റപ്പന്മാർ പറഞ്ഞു.

മല്പാൻ ഒന്നും പറഞ്ഞില്ല.

കുര്യാക്കോസ് ഒന്നും കേൾക്കുകയോ കാണുകയോ ചെയ്യുന്നുണ്ടായിരുന്നില്ല. ഇറങ്ങാൻ പറഞ്ഞപ്പോൾ അവൻ ഇറങ്ങി. വഞ്ചിയിൽ കയറാൻ പറഞ്ഞപ്പോൾ കയറി.

ജ്യേഷ്ഠൻ ഈ ലോകത്തിൽ ഇനിയില്ലെന്നുള്ള നടുക്കം കൈനകരിയിലേക്കുള്ള യാത്രയിലാണു കുര്യാക്കോസിനു ചിറ്റപ്പൻ നൽകിയത്. പൊടുന്നനവേ വേരുകളെല്ലാം മുറിഞ്ഞുപോയ ഒരു വൃക്ഷമാണു താനെന്ന് അവനു തോന്നി; വെറുതെ മണലിൽ ആടിയുലഞ്ഞു നിൽക്കുന്ന വേരില്ലാ വൃക്ഷം.

ചിറ്റപ്പന്മാർ സംസാരിക്കുന്നതൊന്നും പിന്നീടവനു മനസ്സിലായില്ല. അവരുടെ വാക്കുകളെ അവൻ ഭയപ്പെട്ടു. അവരുടെ വായിൽ നിറയെ ഞെട്ടിക്കുന്ന വാർത്തകളാണെന്ന് അവനു തോന്നി.

ചേന്നങ്കരിയിൽ എത്തിയതെങ്ങനെയെന്ന് അവനറിഞ്ഞില്ല. ഇരുൾ പരന്നിരുന്നു. നേരം വൈകിയതിനാലോ തന്റെ മനസ്സിൽ വന്നു നിറഞ്ഞ ഇരുളിനാലോ. അതോ, ഈ ദേശത്തിന്റെ നിറം തന്നെ ഇവ്വിധമായതോ!

തെങ്ങോലകൾ വിറങ്ങലിപ്പിൽ ജീർണ്ണിച്ച മണൽത്തിട്ടയിൽ കാൽകുത്തുമ്പോൾ പരിചിതത്വത്തിന്റെ അനേകം മൃദുനാവുകൾ പാദങ്ങളിൽ ഉരുമ്മുന്നതായി കുര്യാക്കോസിന് തോന്നി. ഓർമ്മകളാണു മണൽത്തരികളായി ചിതറിക്കിടക്കുന്നത്. അവ തന്നെ സാന്ത്വനിപ്പിക്കുകയാണ്. തങ്ങളുണ്ട് അവനു കൂട്ട്. അവൻ ഓടിനടന്ന മണൽത്തരികൾ... അവന്റെയുള്ളിൽ കൂടുകൂട്ടിയ കുഞ്ഞുകുഞ്ഞോർമ്മകൾ.

ചേന്നങ്കരിപ്പള്ളിയുടെ പിന്നിലെ സെമിത്തേരിയിലേക്കു ചിറ്റപ്പന്മാർ കുര്യാക്കോസിനെ കൊണ്ടുപോയി. നിറം മങ്ങി വിളറിയ ആകാശത്തെ നോക്കി അനേകം പുതിയ മൺകൂനകൾ അവിടെ മയങ്ങിക്കിടക്കുന്നുണ്ടായിരുന്നു.

അടുത്തടുത്തുള്ള മൂന്നു മൺകൂനകൾ ചിറ്റപ്പന്മാർ അവനു കാട്ടിക്കൊടുത്തു.

അവയ്ക്കുമുന്നിൽ മുട്ടുകുത്തി, നെറ്റിയിലും അധരത്തിലും നെഞ്ചിലും കുരിശു വരയ്ക്കുമ്പോൾ താൻ തന്റെ വീടിന്റെ കോലായയിൽ സന്ധ്യാനമസ്കാരത്തിനു മുട്ടുകുത്തിയിരിക്കുകയാണെന്ന് അവൻ മനക്കണ്ണാൽ കണ്ടു.

അപ്പൻ ചൊല്ലുകയാണ്:

*കർത്താവിന്റെ മാലാഖ മർത്തമറിയത്തോടു വചിച്ചു...*

അമ്മയോടും ഇച്ചായനോടുമൊപ്പം അവൻ ഏറ്റുചൊല്ലി:

*ശുദ്ധമാന മറിയമേ, തമ്പുരാന്റെ അമ്മേ...*

പ്രാർത്ഥന ഇരുട്ടിലേക്ക് ഒരു തേങ്ങലായി നീണ്ടുപോയി.

*വന്നേ....*

ആരാണു വിളിക്കുന്നത്? ഓ, ചിറ്റപ്പൻ. ചിറ്റപ്പൻ പിടിച്ചെഴുന്നേൽപ്പിച്ചു. മുമ്പിൽ ചൂട്ടുകറ്റ വീശി ഒരു ചിറ്റപ്പൻ നടന്നു. പിന്നാലെ നടക്കുമ്പോൾ അവൻ ചോദിച്ചു:

*എങ്ങോട്ടാണ്?*

*വീട്ടിലേക്ക്. അല്ലാതെങ്ങോട്ട്?*

ഉറ്റവരില്ലാത്ത വീട്ടിലേക്ക്; അതിനാൽ, അപ്രസക്തമായ വീട്ടിലേക്ക്...!

# 2

**ഇ**പ്പോൾ സെമിത്തേരിയിൽ പോകുന്നത് കുടുംബത്തിൽ പോകുന്നതു പോലെയാണ്. കുടുംബത്തിൽ പോകുന്നതു സെമിത്തേരിയിൽ പോകുന്നതു പോലെയും. വീട് ഒഴിഞ്ഞ മൺകുടംപോലെയായിരിക്കുന്നു. അതു തന്റെ പഴയ വീടാണെന്നു കരുതാൻ വിഷമം. ഏകാന്തത മാറ്റാനും ആശ്വസിപ്പിക്കുവാനും എത്തുന്നവർ സത്യത്തിൽ അതു വർധിപ്പിക്കുകയാണു ചെയ്യുന്നത്.

ജ്യേഷ്ഠന്റെ ഭാര്യയും കുഞ്ഞും ഒഴികെ എല്ലാവരും പെട്ടെന്നൊരു നിമിഷത്തിൽ ഇല്ലാതായിരിക്കുന്നു.

കൂടെ നടന്നിരുന്നവരെല്ലാം പെട്ടെന്നേതോ വഴിത്തിരിവിൽ മറഞ്ഞുകളഞ്ഞതുപോലെ... വഴിയറിയാത്ത താൻ ഏകാന്ത യാത്രയ്ക്കു വിധിക്കപ്പെട്ടിരിക്കുന്നു. എങ്ങോട്ടാണിനി നടക്കേണ്ടത്?

ദൈവമേ, എനിക്കു വഴി കാട്ടിത്തരേണമേ.

നിനക്ക് നിന്റെ വഴി അറിഞ്ഞുകൂടേ?

*കുടുംബം അറ്റുപൊയ്ക്കോട്ടെയെന്നു സുബോധമുള്ളോരാരെങ്കിലും വിചാരിക്കുമോ? ഇതൊക്കെ നോക്കിനടത്താൻ ഇവൻ ഒരാളെങ്കിലും ബാക്കിയുണ്ടായല്ലോ. ദൈവാനുഗ്രഹം.*

ചിറ്റപ്പൻ പറയുന്നു.

*കൊച്ചുകുര്യാച്ചാ, നീ മാത്രമേയുള്ളൂ ഇനിയീ കുടുംബത്തിന്* – പെങ്ങൾ.

ദൈവമേ, വഴികാണിച്ചുതരണമേ.

നിനക്ക് നിന്റെ വഴി അറിയാവുന്നതാണല്ലോ.

ദൈവമേ...

*നീ ഈ വീട്ടിൽ ഒറ്റയ്ക്കാവുമെന്നൊന്നും പേടിക്കണ്ട. ഞങ്ങളൊക്കെയുണ്ടിപ്പോൾ സഹായിക്കാൻ. പതുക്കെ നല്ലൊരു പെങ്കൊച്ചിനെ ഞങ്ങളു കണ്ടുപിടിക്കാം, നിനക്കു കൂട്ടിന്* – ചിറ്റപ്പൻ.

ദൈവമേ... എന്റെ വഴിയും വെളിച്ചവും ശരണവുമായ ദൈവമേ...

കൊച്ചുകുര്യാക്കോസ് എഴുന്നേറ്റു.

*മോനേ, നീയാണിനി ഈ വീടിനു ജീവൻ കൊടുക്കേണ്ടത്* – പെങ്ങൾ ഓർമ്മിപ്പിച്ചു.

കുര്യാക്കോസിന് ഒന്നും പറയാനില്ലായിരുന്നു.

അവന്റെ മൗനം അവരെ നിസ്സഹായരാക്കി.

അവൻ അനുനിമിഷം വളരുന്നത് കൂടുതൽ മൗനത്തിലേക്കാണെന്ന് അവർക്കു തോന്നിയിട്ടുണ്ട്. കൊച്ചുന്നാളിൽ വാചാലനായിരുന്ന അവൻ സെമിനാരിയിൽ പോയതിനുശേഷം സംസാരം വളരെ കുറച്ചു. ശബ്ദങ്ങളും ചലനങ്ങളും അവനിൽനിന്നു കൊഴിഞ്ഞുപൊയ്ക്കൊണ്ടിരുന്നതുപോലെ...

ചലിക്കുന്ന മൗനമായി അവൻ പുറത്തേക്കു നടന്നു.

എവിടേക്കു പോകുന്നുവെന്ന് ആരും ചോദിച്ചില്ല. കുര്യാക്കോസ് ഇപ്പോൾ ഒരിടത്തേക്കേ പോകാറുള്ളു... പള്ളിയിലേക്ക്; സെമിത്തേരിയിലേക്ക്.

അവന്റെ പാദങ്ങൾക്കു കീഴിൽ മണൽത്തരികൾ സംസാരിച്ചു:

*നീ ഇവിടെ ഇരിക്കൂ. നീ ഇവിടെ ഇരിക്കൂ, ഇതാണു നിന്റെ മണ്ണ്. ഇവിടെയാണു നിന്റെ ജീവിതം.*

പ്രിയപ്പെട്ട മണ്ണേ, നിന്നിൽനിന്നു ഞാൻ എന്നേ പൊയ്ക്കഴിഞ്ഞു. എനിക്കിവിടെ ഇനി ഒരതിഥിയാകാൻ മാത്രമേ കഴിയൂ. അമ്മ കുഞ്ഞിനെയെന്നവണ്ണം ജലം കരയെ ഒക്കത്തെടുത്ത ഈ ഭൂമിയിൽനിന്നു വേറൊരു വയലിനായി പറിച്ചുമാറ്റപ്പെട്ട ഞാറാണു ഞാൻ.

വഴിയിൽക്കണ്ട പലരും സഹതാപം പ്രകടിപ്പിച്ചു:

*കുഞ്ഞിന് ആരുമില്ലാതായല്ലോ; അടക്കുന്നതിനുമുമ്പ് കുഞ്ഞിന് ഒന്നു കാണാൻപോലും കഴിഞ്ഞില്ലല്ലോ. എല്ലാം വിധി! ഇനി കുഞ്ഞുവേണം എല്ലാം നോക്കിനടത്താൻ.*

പള്ളിയിൽക്കയറി ഏറെനേരം പ്രാർത്ഥിച്ചു.

എന്റെ ദൈവമേ, എന്റേതെന്നു ഞാൻ കരുതിയിരുന്ന വഴി ഇപ്പോൾ അങ്ങനെയല്ലെന്നു വന്നിരിക്കുന്നുവോ? അവിടുത്തേക്ക് എന്നെക്കൊണ്ട്

ഉള്ളതിനേക്കാൾ ആവശ്യം കുടുംബത്തിന് എന്നെക്കൊണ്ട് ഉണ്ടായിരിക്കുന്നു വല്ലോ.

കുര്യാക്കോസേ, നിന്നെ എനിക്കു വേണം.

കുര്യാക്കോസ് സെമിത്തേരിയിലേക്കു നടന്നു.

പാതകളുടെ അവസാനം.

അപ്പനും അമ്മയും ജ്യേഷ്ഠനും അവിടെ വിശ്രമത്തിന്റെ മൺകൂന കൾക്കു കീഴിൽ കാത്തിരിപ്പുണ്ടായിരുന്നു.

അവർ ചോദിച്ചു:

*കൊച്ചുകുര്യാക്കോസേ, മോനേ എന്താണു നിന്റെ ദുഃഖം? എന്താണു നിന്റെ സംശയം?*

എന്റെ വഴി, എന്റേതെന്നു ഞാൻ കരുതിയിരുന്ന വഴി, ഞാൻ ഉപേക്ഷി ക്കണോ, കുടുംബം നിലനിർത്താൻ വേണ്ടി?

*നിന്റേതെന്നു നിനക്കു നിശ്ചയമുള്ള വഴിയേ നീ പോകുക. കുടുംബം നിലനിർത്താൻ ബദ്ധപ്പെടേണ്ട. എല്ലാം നിശ്ചയിക്കുന്നവൻ അതു നിശ്ച യിച്ചുകൊള്ളും. അവൻ നിനക്കു നിശ്ചയിച്ചിട്ടുള്ള വഴി കണ്ടെത്തുക മാത്രമേ നീ വേണ്ടൂ.*

അതു ഞാൻ എന്നെ കണ്ടെത്തിക്കഴിഞ്ഞു.

*ശരി, നീ സമാധാനത്തോടെ മടങ്ങുക.*

ദിവസങ്ങൾക്കുശേഷം ആദ്യമായി ഭാരമില്ലാത്ത ഹൃദയത്തോടെ കുര്യാ ക്കോസ് വീട്ടിലേക്കു നടന്നു. ഒരു തീരുമാനമെടുത്തതിന്റെ ആശ്വാസം.

പെങ്ങളോടു പറഞ്ഞു:

*പെങ്ങളേ, ഞാൻ തീരുമാനിച്ചു. ദൈവം വിളിക്കുന്ന വഴിയേ പോകാൻ. അപ്പനും അമ്മയും ഇച്ചായനും അതുതന്നെ പറഞ്ഞു. ഞാൻ സെമിനാരിയി ലേക്കു മടങ്ങുകയാണ്.*

*മോനേ, നമ്മുടെ കുടുംബം! അതു നീ എന്താ ഓർക്കാത്തത്? ചുമ തലകൾ ഇല്ലാത്തവരെ ദൈവം വിളിക്കട്ടെ. ഇവിടെ നിനക്കു പകരം ആരു മില്ല.*

*കർത്താവിന് എന്നെത്തന്നെ വേണം. ആ വിളി എനിക്കു കേൾക്കാം. അതു കേൾക്കാനാണ് അപ്പനും അമ്മയും ഇച്ചായനും പറയുന്നത്.*

*അപ്പോൾ.... നീ തീരുമാനിച്ചോ?*

*എന്നേ തീരുമാനിച്ചതാണ്. ആ തീരുമാനം മാറ്റുന്നില്ല എന്നു മാത്രം.*

ഇനി അവനെ നിർബന്ധിച്ചിട്ടു കാര്യമില്ലെന്നു പെങ്ങൾക്കു തോന്നി. അവന്റെ തീരുമാനം മുഖത്തു കാണാം.

*പെങ്ങൾ ഇന്നുതന്നെ എടത്വായ്ക്കു പൊയ്ക്കോളൂ. സ്വത്തുക്കൾ ഞാൻ പെങ്ങളുടെയും അളിയന്റെയും പേരിൽ എഴുതാൻ പോകുകയാണ്. അക്കാര്യം അളിയനോടു പറയണം...*

*വേണ്ട. ഞങ്ങൾക്കീ സ്വത്തുക്കൾ വേണ്ട.*

*തത്കാലത്തേക്കു മാത്രമാണ്. ഇച്ചായന്റെ മോൾ മറിയക്കുഞ്ഞു പ്രായ പൂർത്തിയാകുമ്പോൾ അവൾക്കു വിട്ടുകൊടുക്കണം. അപ്പനും അമ്മയും പ്രത്യേകം പറഞ്ഞതാണ്.*

ചെറുചിരിയോടെ കുര്യാക്കോസ് പറഞ്ഞു:

*അവർ കുറച്ചുദിവസമായി പറയുന്നതാണ്. ഇന്നാണെനിക്കു തിരിഞ്ഞത്.*

*കൊച്ചുകുര്യാക്കോസേ, അതു വേണ്ട...*

*കൈനകരിക്കരയിൽ ചാവറ വീട്ടിൽ വല്യകുര്യാക്കോസിന്റെ തീരുമാനം മറുതലിക്കാൻ ഈ കുര്യാക്കോസ് ആളായില്ല. മറിയക്കുഞ്ഞിലൂടെ ചാവറ ക്കുടുംബം നിലനിൽക്കും.*

അവന്റെ തീരുമാനങ്ങൾ അവന്റെ ശബ്ദത്തിൽ ധ്വനിച്ചു കണ്ടു; പെങ്ങൾ അന്നുതന്നെ മടങ്ങി.

അടുത്തുള്ള വീടുകളിൽ കുര്യാക്കോസ് പോയി. തന്റെ അപ്പനമ്മമാ രെയും ജ്യേഷ്ഠനെയും അവസാനനാളുകളിൽ സഹായിച്ചവരാണ്. അവ രോടു നന്ദി പറഞ്ഞു. മനുഷ്യൻ ചെയ്യുന്ന സഹായങ്ങളിൽ ഏറ്റവും വലുത് മരണനേരത്തു ചെയ്യുന്ന സഹായമാണ്.

സന്ധ്യയ്ക്കു വീട്ടിൽ ഒറ്റയ്ക്കിരുന്നപ്പോൾ മനസ്സ് ശാന്തമായിരുന്നു. അതി വേഗം വളരുന്ന വാമനനെപ്പോലെ ഇരുൾ ചുവടുകൾ വച്ച് നദിയും കരയും ആകാശവും അളന്നെടുത്തു.

കൈത്തോട്ടിൽ മുങ്ങിക്കുളിച്ചു തണുത്ത ശരീരത്തെ നേർത്തൊരു കാറ്റു വന്നു തുടയ്ക്കുന്നു.

ഇളംകാറ്റു പോലെ എവിടെയൊക്കെയോ സാന്ധ്യപ്രാർത്ഥനകളും നാമ ജപങ്ങളും ഉണരുന്നുണ്ട്.

തോടിനക്കരെ ഇടയ്ക്കിടെ ചൂട്ടുകറ്റകൾ ചുവന്ന വരകൾ വരച്ച് അകലു ന്നതുകാണാം. ചീവീടുകളുടെ ശബ്ദം. മനസ്സിന്നാഴങ്ങളിൽ സ്വന്തം പ്രാർത്ഥനയുടെ നിശബ്ദധ്വനികൾ.

ചൂട്ടുകറ്റകളിലൊന്ന് അടുത്തടുത്തു വന്നു. ആ മുറ്റത്തേക്കു കയറി. ചിറ്റ പ്പൻ.

പെങ്ങളെ അന്വേഷിച്ചു.

*ഞാൻ പറഞ്ഞുവിട്ടു.*

*നീ വെളുപ്പിന് എന്റെ കൂടെ പാടത്തേക്കു വരണം. കൃഷിയൊക്കെ പഠിക്കണമല്ലോ.*

*ചിറ്റപ്പാ, ഞാൻ സെമിനാരിയിലേക്കു പോകുകയാണ്.*

*നീയിതുവരെ മനസ്സുമാറ്റിയില്ലേ? നീ പയ്യനാണ്. പക്വത ആകാത്തതുകൊണ്ടുള്ള തോന്നലുകളാണിതൊക്കെ. കുഞ്ഞേ, നമ്മളാരും പുണ്യാളന്മാരാകാൻ പോകുന്നില്ലല്ലോ. ഇനിയുള്ള കാലം ജീവിക്കാൻ നോക്ക്. കുടുംബത്തിനെങ്കിലും ജീവിതംകൊണ്ടു പ്രയോജനമുണ്ടാകട്ടെ.*

*ഞാൻ തീരുമാനമെടുത്തുകഴിഞ്ഞു, ചിറ്റപ്പാ.*

*തീരുമാനമോ! തീരുമാനമൊക്കെയെടുക്കാൻ നീയാരാ? കാരണവന്മാരു തീരുമാനിക്കും. പിള്ളേര് അനുസരിക്കും.*

*ചിറ്റപ്പാ...*

*നീയിനി സെമിനാരിയിൽ പോകുന്നില്ല. മനസ്സിലായോ.*

ചിറ്റപ്പൻ അവനെ ഒരു മുറിയിലേക്കു പിടിച്ചുതള്ളി മുറി പൂട്ടി...

# 3

നന്ദി, ദൈവമേ, എല്ലാറ്റിനും നന്ദി. എന്നേക്കുമായി അടഞ്ഞുവെന്നു കരുതിയ വഴി ഒരു ചെറുവിരൽകൊണ്ടെന്നവണ്ണം നീ തുറന്നുതന്നുവല്ലോ...!

വീട്ടിനുള്ളിൽ ചിറ്റപ്പൻ പൂട്ടിയിട്ടതോടെ എല്ലാം തീർന്നുവെന്നു കരുതിയതാണ്. പത്താംവയസ്സിൽ കണ്ടെത്തിയ പാതയാണു പെട്ടെന്ന് അടഞ്ഞുപോയത്. ചേന്നങ്കരിപ്പള്ളിയിൽ വൈദികാർത്ഥിയായി മനസ്സർപ്പിച്ചു ഉൾച്ചേർന്നതിന്റെ. അടുത്തവർഷം സെമിനാരിയിൽ എത്തിയതിൽപ്പിന്നെ ഒരിക്കലും വൈദികന്റേതല്ലാത്ത ജീവിതത്തെപ്പറ്റി ചിന്തിച്ചിട്ടില്ല. *മാതാവിന്റെ ഉദരത്തിൽ വച്ചുതന്നെ നിന്നെ ഞാൻ തെരഞ്ഞെടുത്തു* എന്ന ബൈബിൾ വാക്യം തന്നെക്കുറിച്ചാണെന്നു വിശ്വസിച്ചു; ഓരോ ശ്വാസത്തിലും ആ വിശ്വാസജപം ഉരുവിട്ടുറപ്പിച്ചു.

എന്നിട്ടിപ്പോൾ...

പൂട്ടിയിട്ട മുറിയിൽ ആരോ എപ്പോഴോ കൊണ്ടുവച്ച ഭക്ഷണം തണുത്തു വിറങ്ങലിച്ചിരിക്കുന്നു. തൊടാൻ തോന്നുന്നില്ല. ഇപ്പോൾ മനസ്സിനെയും ശരീരത്തെയും തളർത്താതെ പിടിച്ചുനിർത്തുന്നതു പ്രാർത്ഥനയാണ്.

പ്രാർത്ഥന വാതിൽ തുറക്കുമെന്നുതന്നെ വിശ്വസിച്ചു.

വാതിൽ തുറന്നു.

തോപ്പിലമ്മാവൻ കടന്നുവന്നു. ചിറ്റപ്പന്മാരും ഒപ്പമുണ്ടായിരുന്നു.

*കാര്യങ്ങൾ വിവേചിച്ചറിയാനുള്ള ബുദ്ധിശക്തി കുര്യാക്കോസിനുണ്ട്. മുതിർന്നവരേക്കാൾ കൂടുതലുണ്ടെന്നെനിക്കു തോന്നുന്നു. പത്തുവയസ്സുള്ളപ്പോൾ ഇവിടുന്നു പോയ കൊച്ചുകുര്യാക്കോസല്ലിത്. കത്തനാരാകാനാണു ദൈവവിളിയെന്ന് അവനു തോന്നുന്നെങ്കിൽ അതിന് എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കുയാണു വേണ്ടത്. അതിനെ തടയുന്നതാണു തെറ്റ്* - അമ്മാവൻ പറഞ്ഞു.

തോപ്പിലമ്മാവൻ പറഞ്ഞാൽ ചാവറക്കുടുംബത്തിലാരും എതിരു പറയുകയില്ല.

അദ്ദേഹം എവിടെനിന്നോ സമയത്തുതന്നെ എത്തിച്ചേർന്നു. അല്ല, ദൈവം അദ്ദേഹത്തെ എത്തിച്ചു. പണ്ട്, കടവിൽ തോണിയടുപ്പിച്ച് ഇറങ്ങി വന്ന ഒരു വൈദികൻ തന്റെ ജീവിതത്തിനു വഴിത്തിരിവ് കുറിച്ചു. ഇപ്പോൾ മറ്റൊരു തോണിയിൽ വന്ന ഈ മനുഷ്യൻ തനിക്കു ജീവിതത്തിലെ ഏറ്റവും നിർണ്ണായകമായ സഹായം ചെയ്തിരിക്കുന്നു.

കരഞ്ഞുപോയി.

പുറത്തുതട്ടിക്കൊണ്ട് അദ്ദേഹം പറഞ്ഞു:

*കുര്യാക്കോസേ, നീ ദൈവത്തിന്റെ വിളി കേൾക്കൂ.*

പിന്നെ എല്ലാം വേഗം തീർത്തു; മറിയക്കുഞ്ഞു പ്രായപൂർത്തിയാകുമ്പോൾ അവൾക്കു ലഭിക്കത്തക്കവിധത്തിൽ സ്വത്തുക്കൾ പെങ്ങളുടെയും ഭർത്താവിന്റെയും പേർക്ക് എഴുതിക്കൊടുക്കുന്നതുൾപ്പെടെ.

എല്ലാം കഴിഞ്ഞപ്പോൾ തോണിയെടുത്ത് ആറ്റിലേക്കു തുഴഞ്ഞു. ആറ്റിലൂടെ കായലിലേക്ക്. കായലിനുമേൽ പോക്കുവെയിൽ ഭാരമില്ലാത്തൊരു അരൂപിയെപ്പോലെ ആകാശം മുട്ടിനിൽക്കുന്നു. അടുത്തെങ്ങും ഒരു തോണിയോ മനുഷ്യനോ ഇല്ല. മേഘങ്ങളിൽനിന്നിറങ്ങി വന്നതുപോലെ ഏതോ പറവകൾ ആകാശവിദൂരതയിലൂടെ നീങ്ങുന്നു...

ദൈവമേ, നീ എന്നെ മാത്രമായി കാണുകയും എന്നെ മാത്രമായി കേൾക്കുകയും ചെയ്യുന്നുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. ഞാൻ കുട്ടിയായിരിക്കുമ്പോൾ ഒരു പകർച്ചവ്യാധി നാട്ടിലൂടെ ചുറ്റി. അനേകർ മരിച്ചപ്പോൾ നീയെന്നെ രക്ഷിച്ചു. വേറൊരു പകർച്ചവ്യാധി എന്റെ കുടുംബത്തെ ഇല്ലാതാക്കിയപ്പോൾ നീയെന്നെ ഒഴിവാക്കി. നിന്റെ വിളി കേൾക്കാൻ എനിക്കുണ്ടായ തടസ്സങ്ങളെല്ലാം നീ അകറ്റിത്തന്നു. ഇനി ഇതാ ഞാൻ നിന്റേതു മാത്രമായി നിൽക്കുന്നു... എന്റെ ദൈവമേ, നീ എനിക്കായി നിശ്ചയിച്ചിട്ടുള്ള വഴിയിലൂടെ എന്നെ കൊണ്ടുപോകൂ...

കൊച്ചുന്നാളിൽ തന്നെ അമ്മ വെച്ചൂർ പള്ളിയിൽ കൊണ്ടുപോയി പരിശുദ്ധ ദൈവമാതാവിന്റെ പാദത്തിൽ അടിമയായി സമർപ്പിച്ചത് കുര്യാക്കോസ് ഓർത്തു.

*മകളേ, ഇനിമേൽ ഇവൻ നിന്റെ മകനല്ല; മാതാവിന്റെ പ്രിയപുത്രനാണ്.*

ആ പള്ളിയിലെ അച്ചൻ പറഞ്ഞു.

താൻ അമ്മയെ കണ്ടെത്തിയിരിക്കുന്നതായി കുര്യാക്കോസിനു തോന്നി. ഒരിക്കലും മരിക്കാത്ത അമ്മ. എവിടെയും തന്നോടൊപ്പം വരുന്ന അമ്മ.

കുര്യാക്കോസിനു ധൈര്യമായി. തനിക്കു തെറ്റുപറ്റാതെ നോക്കാൻ അമ്മയുണ്ട്.

കുര്യാക്കോസ് ഒരിക്കൽക്കൂടി തന്നെ ദൈവമാതാവിനു സമർപ്പിച്ചു.

കാരുണ്യമാർന്ന ഒരു കരംപോലെ സന്ധ്യയിലെ കാറ്റ് അവനെ തലോടി.

തിരിച്ചു വീട്ടിലേക്കു തോണി തുഴയുമ്പോൾ മനസ്സിന് എന്തെന്നില്ലാത്ത ലാഘവമായിരുന്നു. യാത്രക്കാരിറങ്ങിയ ഒരു തോണിയുടെ ഘനമില്ലായ്മ.

ഘനമില്ലായ്മയാണ് ദൈവത്തിന്റെ വലിയ അനുഗ്രഹം. മാലാഖമാരുടെ ഘനമില്ലായ്മ. ആത്മാക്കളുടെ ഘനമില്ലായ്മ.

സ്വസ്ഥമായ ഉറക്കത്തിനുശേഷം അതിപുലർച്ചയ്ക്ക് ഉണരുമ്പോൾ ജനാലയിലൂടെ പിൻനിലാവ് മുറിയിൽ കയറിക്കൂടിയിരുന്നു. വേഗം എഴുന്നേറ്റ് ഒരുങ്ങി. സെമിനാരിയിൽനിന്നു വരുമ്പോൾ കൊണ്ടുപോയിരുന്ന സാധനങ്ങൾ മുൻപേ കെട്ടിവച്ചിരുന്നു.

പെങ്ങളോടു യാത്രപറഞ്ഞിറങ്ങി.

എപ്പോഴോ പെയ്ത രാത്രി മഴയിൽ നനഞ്ഞ പിൻനിലാവിലൂടെ, ഇളം തണുപ്പിൽ മയങ്ങുന്ന പാടങ്ങളുടെ വരമ്പുകളിലൂടെ വേഗം നടന്നു.

ക്ഷീണിച്ചുറങ്ങുന്ന ഗ്രാമമേ, ഒരിക്കൽക്കൂടി ഞാൻ പോകുന്നു. ഞാൻ എന്റെ വിളിയെ പിൻചെല്ലട്ടെ.

പള്ളിപ്പുറം സെമിനാരിയിലെത്തിയത് പാലയ്ക്കൽ മല്പാന്റെയും ശെമ്മാശ്ശന്മാരുടെയും സന്തോഷത്തിലേക്കാണ്.

*നീ തിരിച്ചുവരുമെന്ന് എനിക്കറിയാമായിരുന്നു.*

മല്പാനച്ചൻ പറഞ്ഞു.

*എനിക്കു സന്തോഷമായി.*

ഒരു ശെമ്മാശ്ശൻ പറഞ്ഞു.

*അതെന്തേ?*

*ഹൃദയനൈർമല്യമുള്ളവരെ കാണുന്നതു തന്നെ സന്തോഷമാണ്.*

*നന്നായി. എനിക്കു സഹായത്തിനൊരാളുവന്നല്ലോ.*

ഫിലിപ്പോസ് ശെമ്മാശ്ശൻ പറഞ്ഞു.

ശെമ്മാശ്ശനെങ്കിലും ഫിലിപ്പോസ് മദ്ധ്യവയസ്കനാണ്. പഠിപ്പിക്കുന്നതൊന്നും തലയിൽ കയറാത്ത ഫിലിപ്പോസിനെ സുറിയാനി പഠിക്കാൻ സഹായിച്ചിരുന്നതു കുര്യാക്കോസാണ്. വിഫലമായ ഒരു യത്നമായിരുന്നു അത്. ആലയ്ക്കലച്ചൻ പലവർഷങ്ങളും കുര്യാക്കോസ് പല ആഴ്ചകളും കഠിനാദ്ധ്വാനം ചെയ്തിട്ടും കുറുവിലങ്ങാട്ടുകാരൻ ഫിലിപ്പോസിന്റെ ചെവിയിൽത്തട്ടി സുറിയാനി വാക്കുകൾ തിരികെപ്പോരുകയാണ് ചെയ്തത്.

സെമിനാരിയിൽ മടങ്ങിയെത്തിയതിനുശേഷം കുര്യാക്കോസിനു തന്റെ പഠനങ്ങൾക്കിടയിൽ ഫിലിപ്പോസിനെ വീണ്ടും പഠിപ്പിക്കേണ്ടതായി വന്നു. ശെമ്മാശ്ശന്മാരിൽ ഏറ്റവും സമർത്ഥൻ കുര്യാക്കോസായിരുന്നതുകൊണ്ടും ഫിലിപ്പോസിനെ പഠിപ്പിക്കാനുള്ള ക്ഷമാശക്തിയും ശാന്തതയും കുര്യാക്കോസിന് ഉണ്ടായിരുന്നതുകൊണ്ടുമാണ് മല്പാൻ അവനെ അതിനു നിയോഗിച്ചത്.

കുര്യാക്കോസ് ശെമ്മാശ്ശന്റെ അധ്യാപനം വൃഥാ വ്യായാമമാകുകയായിരുന്നു. കാനോനാ നമസ്കാരങ്ങൾ അരൂപമായ നിഴലുകൾപോലെ പീലിപ്പോസിന്റെ ബോധത്തിനു പുറത്തു തന്നെ നിന്നു.

*മറിയാ ആലാഹാ* എന്ന രണ്ടു വാക്കുകൾ മാത്രമാണ് അയാൾക്ക് പഠിക്കാൻ കഴിഞ്ഞത്. അതിന്റെ അർത്ഥം *കർത്താവേ, ദൈവമേ* എന്നാണെന്നുപോലും അയാൾ മനസ്സിലാക്കിയിരുന്നുവോ എന്തോ? പൊരുളറിയാത്ത വാക്കുകൾ നിറഞ്ഞ നമസ്കാരപുസ്തകം നെഞ്ചത്തമർത്തിപ്പിടിച്ച് *മറിയാ ആലാഹാ* എന്ന് ഉരുവിട്ടുകൊണ്ട് അയാൾ വെറുതെ നടന്നു. ഒടുവിൽ ഒരു പ്രയത്നവും ഫലം ചെയ്യില്ലെന്നു ബോധ്യപ്പെട്ടപ്പോൾ അയാൾക്കു പട്ടം കൊടുക്കാൻ സാധിക്കില്ലെന്നു മല്പാനച്ചൻ വ്യക്തമാക്കി.

ഫിലിപ്പോസ് പൊട്ടിത്തെറിച്ചു. മല്പാനച്ചൻ തന്റെ ജീവിതം പാഴാക്കുകയായിരുന്നെന്ന് അയാൾ ആക്രോശിച്ചു. പട്ടക്കാരനായിട്ടേ താൻ പോകുഎന്നയാൾ പ്രഖ്യാപിച്ചു. അയാളുടെ സെമിനാരിച്ചെലവുകൾ വഹിച്ചിരുന്നയാൾ സഹായം പിൻവലിച്ചതോടെ ഫിലിപ്പോസിനു നിൽക്കക്കള്ളിയില്ലാതായി. താൻ പട്ടക്കാരൻ തന്നെ എന്ന് അവകാശപ്പെട്ട്, *മറിയാ ആലാഹാ* എന്ന് ഉരുവിട്ടുകൊണ്ട് നെഞ്ചത്തടുക്കിപ്പിടിച്ചു സുറിയാനിപ്പുസ്തകങ്ങളുമായി അയാൾ നടയിറങ്ങിപ്പോയി.

പട്ടക്കാരന്റെ വേഷത്തിൽ അലക്ഷ്യമായി ചുറ്റിത്തിരിയുന്ന ഫിലിപ്പോസിനെപ്പറ്റി എവിടൊക്കെയോ നിന്ന് പിന്നീട് കേട്ടു...!

# 4

**പ**രസ്പരം കണ്ടുകൂടാത്ത കുടുംബങ്ങളെപ്പോലെ അന്യോന്യം അസൂയപ്പെടുകയും ഭയപ്പെടുകയും ചെയ്ത നാട്ടുരാജ്യങ്ങളുടെ കൂട്ടമായിരുന്നു പതിനെട്ടാം നൂറ്റാണ്ടിലെ കേരളം. വടക്കൻ കേരളത്തിൽ കോട്ടയം, കോലത്തുനാട്, കടത്തനാട്, കോഴിക്കോട്, പാലക്കാട് എന്നീ രാജ്യങ്ങൾ. അവയിൽ ഏറ്റവും ശക്തം സാമൂതിരിയുടെ കോഴിക്കോട് ആയിരുന്നു. സാമൂതിരിയോട് അസൂയ വച്ച് പുലർത്തിയിരുന്ന മറ്റുള്ളവരാകട്ടെ പരസ്പരം കലഹിക്കുകയായിരുന്നു.

മലയ്ക്കും അലയാഴിയ്ക്കും ഇടയിലുള്ള നാടിന്റെ അധിപൻ എന്ന അർത്ഥത്തിൽ *കുന്നലക്കോനാതിരി* എന്ന പുകൾ സമ്പാദിച്ച സാമൂതിരിയുടെ വളർച്ചയ്ക്കു തടയിട്ടതു പോർച്ചുഗീസുകാരുടെ പിന്തുണയുണ്ടായിരുന്ന കൊച്ചി രാജവംശവും തിരുവിതാംകൂറിലെ മാർത്താണ്ഡവർമ, പിൻഗാമിയായ കാർത്തികതിരുനാൾ എന്നീ രാജാക്കന്മാരുമാണ്.

സാമൂതിരിയുടെ വളർച്ച തടയപ്പെട്ടപ്പോൾ ചെറുകിട രാജാക്കന്മാർ വളർന്നു. വളരുന്തോറും മറ്റുള്ളവർക്കു പാരവയ്ക്കുക എന്നതായി നാട്ടുരാജാക്കന്മാരുടെ സുഖം. വിദേശശക്തികൾ ഇതിനെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു.

ഈ ദുരവസ്ഥയാണ് കേരളത്തിൽ മൈസൂറിലെ ഹൈദരാലിയുടെ ആക്രമണത്തിന് സൗകര്യമൊരുക്കിയത്.

1766 ഫെബ്രുവരിയിൽ ഹൈദർ മലബാർ അതിർത്തി കടന്നു. കാലാളും കുതിരപ്പടയാളികളുമായി അരലക്ഷം പേർ, നാലു പീരങ്കികൾ, കപ്പലുകൾ, പത്തേമാരികൾ... ഒക്കെയുമായി ശക്തിയുടെ ആ വലിയ തിര വടക്കൻ കേരളത്തിലേക്ക് അടിച്ചുകയറിയപ്പോൾ ആദ്യം കീഴടങ്ങിയതു ചിറയ്ക്കൽ എന്ന കോലത്തുനാടാണ്; പിന്നെ കോട്ടയം. തിരയെ ചെറുക്കുവാൻ ശ്രമിച്ച കടത്തനാട് വളരെ കടുത്ത ഫലങ്ങൾ അനുഭവിക്കേണ്ടിവന്നു; കടത്തനാടിന്റെ മണ്ണ് ചോരയിൽ കുതിർന്നു.

പിന്നീട് ഹൈദർ തിരിഞ്ഞതു സാമൂതിരിയുടെ കോഴിക്കോട്ടേക്കാണ്. ഹൈദരുടെ ഒരു വ്യൂഹം കോഴിക്കോട്ടു കോട്ട പിടിച്ചെടുത്തു. പഴയൊരു സന്ധിയനുസരിച്ചു സാമൂതിരി ഹൈദർക്കു കൊടുക്കാനുണ്ടായിരുന്നതും സാമൂതിരി മുടക്കം വരുത്തിയതുമായ കപ്പം വാങ്ങിയെടുക്കാൻ ഹൈദർ സാമൂതിരിയെയും മന്ത്രിമാരെയും തടവിലാക്കി. കുടുംബാംഗങ്ങളെ രഹസ്യമായി തിരുവിതാംകൂറിലേയ്ക്കയച്ചശേഷം സാമൂതിരി തന്റെ കോട്ടയ്ക്കും കൊട്ടാരത്തിനും ആയുധപ്പുരയ്ക്കും തീകൊളുത്തി, ആ തീയിൽ സ്വയം ഒടുങ്ങി.

കോഴിക്കോടിന്റെ വീഴ്ചയെത്തുടർന്ന് കൊച്ചിയും തിരുവിതാംകൂറും പിടിക്കാനായി ഹൈദരുടെ നീക്കം. കൊച്ചി, തിരുവിതാംകൂർ രാജാക്കന്മാർക്കെതിരേ പടയ്ക്കുപോകരുതെന്ന് അവരുമായി വ്യാപാരബന്ധമുണ്ടായിരുന്ന ഡച്ചു കമ്പനി ഹൈദരോട് അപേക്ഷിച്ചു. ഈ രാജാക്കന്മാർ തന്റെ കോയ്മ അംഗീകരിച്ചു കപ്പം തന്നാൽ യുദ്ധം ഒഴിവാക്കാമെന്നായിരുന്നു ഹൈദരുടെ മറുപടി. ഹൈദർ ആവശ്യപ്പെട്ട നാലു ലക്ഷം രൂപയും എട്ട് ആനകളും കപ്പമായി കൊടുത്ത് കൊച്ചിരാജാവ് യുദ്ധം ഒഴിവാക്കി. അതിന്റെ നാലിരട്ടി തുകയാണ് തിരുവിതാംകൂർ രാജാവിനോട് ഹൈദർ ആവശ്യപ്പെട്ടത്. ഇംഗ്ലീഷ് കമ്പനിയുടെ സംരക്ഷണമുണ്ടായിരുന്ന തിരുവിതാംകൂറിലെ കാർത്തികതിരുനാൾ മഹാരാജാവ് കപ്പം കൊടുക്കാൻ കൂട്ടാക്കിയില്ല. മൈസൂർപ്പടയെ തടയാൻ രാജ്യത്തിന്റെ വടക്കേ അതിർത്തിയിൽ അദ്ദേഹം കോട്ടകൾ നിർമിച്ചു.

കേരളത്തിൽ കാലവർഷം തുടങ്ങിയതിനാൽ ആക്രമണങ്ങൾ നിർത്തിവച്ച് ഹൈദരാലി കോയമ്പത്തൂരിലേക്ക് പോയി. കൊച്ചിരാജ്യത്തായിരുന്ന രണ്ടാം സാമൂതിരി ഉടനെ നാട്ടിൽ തിരിച്ചെത്തി. ഹൈദരുടെ കാവൽപ്പട്ടാളക്കാരെ ആക്രമിച്ചു. കടത്തനാട്, കോട്ടയം എന്നിവിടങ്ങളിലെ രാജാക്കന്മാരും കലഹം തുടങ്ങി.

തിരിച്ചെത്തിയ ഹൈദർ സാമൂതിരിയുടെ നാട്ടിൽ ഭയങ്കരമായ പ്രതികാരം തുടങ്ങി. മൈസൂർ പട്ടാളക്കാർ കൊള്ളയും കൊള്ളിവയ്പ്പുമായി അഴിഞ്ഞാടി. പാലക്കാട്ട് ഹൈദർ ഒരു കോട്ട നിർമ്മിക്കുകയും ചെയ്തു.

ഈ സമയം മൈസൂറിൽ മഹാരാഷ്ട്രസൈന്യത്തിന്റെ ആക്രമണമുണ്ടായതിനാൽ ഹൈദർക്കു മടങ്ങേണ്ടിവന്നു. കോട്ടയം, കടത്തനാട് രാജാക്കന്മാർ ആ അവസരം മുതലാക്കി അധികാരം തിരിച്ചുപിടിച്ചതിനാൽ ഹൈദരുടെ കൈവശം കോഴിക്കാട് മാത്രമാണവശേഷിച്ചത്.

മഹാരാഷ്ട്രയ്ക്കു പുറമേ അവിടവിടെ ഇംഗ്ലീഷ് സൈന്യത്തിന്റെ ആക്രമണംകൂടി നേരിടേണ്ടി വന്നതോടെ ഹൈദർക്കു കോഴിക്കോട്ടുള്ള തന്റെ സൈന്യത്തെ പിൻവലിക്കേണ്ടത് ആവശ്യമായി. കേരളത്തിലെ യുദ്ധങ്ങൾക്കു തനിക്കു ചെലവായ തുക മലബാറിലെ രാജാക്കന്മാരിൽനിന്ന് വസൂലാക്കിക്കൊണ്ടും പാലക്കാട്ടു കോട്ടയുടെ അവകാശം നിലനിർത്തിക്കൊണ്ടും ഹൈദർ പിൻവാങ്ങി.

മഹാരാഷ്ട്രരുടെ ശല്യം ഒടുങ്ങിയപ്പോൾ ഹൈദർ വീണ്ടും കേരളത്തിലേക്കു പട്ടാളത്തെ അയച്ചു. സാമൂതിരിയ്ക്കു വീണ്ടും നാടുവിട്ടുപോകേണ്ടിവന്നു. കൊച്ചി കീഴടക്കാതിരിക്കാനായി അവിടത്തെ രാജാവായ ശക്തൻതമ്പുരാനിൽ നിന്നു ഹൈദർ കപ്പം വാങ്ങുകയും ചെയ്തുപോന്നു.

മലബാറിൽ മൈസൂർ ആക്രമണങ്ങൾ നടക്കുമ്പോൾ അവിടെനിന്ന് ഒളിച്ചോടിയ ധാരാളം നാടുവാഴികളും നമ്പൂതിരിമാരും മറ്റുള്ളവരും തിരുവിതാം

കൂറിലാണ് അഭയം തേടിയത്. ആ അഭയാർത്ഥികളെ സ്വാഗതം ചെയ്ത തിരുവിതാംകൂർ *ധർമ്മരാജ്യ*മെന്നും അവിടത്തെ കാർത്തികതിരുനാൾ രാജാവു *ധർമ്മരാജാവെ*ന്നും അറിയപ്പെട്ടു.

അന്നത്തെ പ്രതിരോധാവാശ്യങ്ങളും അഭയാർത്ഥിപ്രവാഹവും നേരിടുവാൻ ധർമ്മരാജാവിനു ഭീമമായ തുക ആവശ്യമായി വന്നു. അപ്പോൾ 14 ലക്ഷം രൂപ നൽകി രാജാവിനെ സഹായിച്ചതു തച്ചിൽ മാത്തുത്തരകനാണ്. ഇതിനു നന്ദിയായി രാജാവ് മാത്തുത്തരകനു പല സ്ഥാനമാനങ്ങളും നൽകി.

മാത്തുത്തരകന്റെ സഹോദരനായ തച്ചിൽ അബ്രഹാം കത്തനാർ മലബാറിലെ കുത്തിയത്തോട്ടിൽ സെമിനാരി സ്ഥാപിച്ച് അതിന്റെ റെക്ടറായിരിക്കുമ്പോഴാണ് അവിടെ ഹൈദരാലിയുടെ പുത്രൻ ടിപ്പുസുൽത്താന്റെ ആക്രമണം ഉണ്ടായത്. അബ്രഹാം മല്പാനും ശിഷ്യരും അടക്കം ധാരാളം ക്രൈസ്തവർ തെക്കോട്ടു പലായനം ചെയ്തു. മല്പാനും ശിഷ്യരും എത്തിയതു തെക്കൻ പള്ളിപ്പുറത്താണ്. അദ്ദേഹമാണ് പള്ളിപ്പുറം സെമിനാരി സ്ഥാപിച്ചത്.

അബ്രഹാം കത്തനാർ പ്രായാധിക്യംകൊണ്ടു വിരമിച്ചപ്പോഴാണ് അവിടെ പഠനം നടത്തി വൈദികപട്ടം സ്വീകരിച്ച പാലയ്ക്കൽ തോമാക്കത്തനാർ സെമിനാരിയുടെ റെക്ടറായത്. വരാപ്പുഴ മെത്രാന്റെ സെക്രട്ടറിയായി ജോലി ചെയ്തു വരുമ്പോഴാണ് പാലയ്ക്കലച്ചനു റെക്ടറുടെ ജോലി ഏറ്റെടുക്കേണ്ടി വന്നത്.

ജ്ഞാനസമ്പാദനത്തിൽ അത്യധികം ഉത്സുകനായിരുന്ന പാലയ്ക്കൽ മല്പാൻ ഏതാണ്ടു മുഴുവൻ സമയവും പഠനത്തിലും ശെമ്മാശ്ശന്മാരെ പഠിപ്പിക്കുന്നതിലും മുഴുകി. സുറിയാനി, തമിഴ് ഭാഷകളിൽ പണ്ഡിതനായിരുന്ന അദ്ദേഹം ആ ഭാഷകളിലെ പല ആദ്ധ്യാത്മിക ഗ്രന്ഥങ്ങളും ശെമ്മാശ്ശന്മാരുടെ ആവശ്യത്തിനായി പകർത്തിച്ചു.

സുറിയാനിയേക്കാൾ വളരെയധികം ആദ്ധ്യാത്മിക ഗ്രന്ഥങ്ങളുള്ള ഭാഷയാണ് ലത്തീൻ. കുറെ ശെമ്മാശ്ശന്മാരെയെങ്കിലും ആ ഭാഷ പഠിപ്പിച്ചാൽ നന്നായിരുന്നുവെന്നു പാലയ്ക്കൽ മല്പാനു തോന്നി. ഏറ്റവും സമർത്ഥരായ മൂന്നു പേരെ അദ്ദേഹം അതിനു തെരഞ്ഞെടുത്തു. ഒരാൾ കുര്യാക്കോസ് ആയിരുന്നു. വരാപ്പുഴ സെമിനാരിയിൽ വിട്ടു ശെമ്മാശ്ശന്മാരെ ലത്തിൻ പഠിപ്പിക്കാമെന്നു പ്രതീക്ഷിച്ചെങ്കിലും അത് നടന്നില്ല.

ലത്തീൻ പഠനം എന്ന സ്വപ്നം പൊലിഞ്ഞതായി കുര്യാക്കോസിന് തോന്നി.

പക്ഷേ, കുര്യാക്കോസിനെയെങ്കിലും ലത്തീൻ പഠിപ്പിക്കണമെന്നു പാലയ്ക്കലച്ചൻ ദൃഢനിശ്ചയം ചെയ്തു. അതിനുള്ള വഴി അദ്ദേഹം അന്വേഷിച്ചു

കൊണ്ടിരുന്നു. തങ്കിപ്പള്ളിയിൽ വികാരിയായ മെയിൻ പാതിരിക്കു ലത്തീൻ അറിയാം. അദ്ദേഹം കുര്യാക്കോസിനെ പഠിപ്പിക്കാമെന്നേറ്റു.

ബുദ്ധിശാലിയായ കുര്യാക്കോസ്, മെയിൻ പാതിരിയോടൊപ്പം താമസിച്ച് ലത്തീൻ മാത്രമല്ല, പോർച്ചുഗീസ് ഭാഷയും പഠിച്ചു. എട്ടാംമാസം കുര്യാക്കോസിന് രോഗം ബാധിച്ചതിനാൽ പഠനം നിർത്തി മടങ്ങേണ്ടിവന്നു.

പള്ളിപ്പുറത്തു മടങ്ങിയെത്തിയ ശേഷം കുര്യാക്കോസ് ശെമ്മാശ്ശൻ സുറിയാനിപഠനം തുടർന്നു. സുറിയാനി വിജ്ഞാനത്തിൽ മറ്റു ശെമ്മാശ്ശന്മാരേക്കാൾ അനേകകാതം മുന്നിലെത്തി കുര്യാക്കോസ്.

*എന്തിനിങ്ങനെ ചത്തുകിടന്നു പഠിക്കുന്നു?*

ഒരിക്കൽ മറ്റൊരു ശെമ്മാശ്ശൻ ചോദിച്ചു.

*പഠിത്തമില്ലാത്ത പട്ടക്കാരൻ ആർക്കും ഉപകാരമില്ലാത്തവനാണ് എന്നാണെന്റെ വിശ്വാസം. ഉപകാരമില്ലാത്തവനെന്നുമാത്രമല്ലാ, ആ പട്ടക്കാരൻ മറ്റുള്ളവരെ വഴിതെറ്റിച്ചുവെന്നും വരും. അതുകൊണ്ട് എത്രയധികം പഠിക്കുന്നുവോ അത്രയും നല്ലത്.*

കുര്യാക്കോസ് പറഞ്ഞു.

ഒരിക്കൽ മല്പാനച്ചൻ കുര്യാക്കോസിനോടു പറഞ്ഞു:

*കത്തനാരന്മാർ ചൊല്ലേണ്ട കാനോന നമസ്കാരങ്ങൾ പല പുസ്തകങ്ങളിലായാണ് കിടപ്പ്. അതുകൊണ്ട് ഈ നമസ്കാരങ്ങൾ വേണ്ടവിധത്തിൽ ചൊല്ലുവാൻ പ്രയാസമാണ്.*

ഹുദര, കെശ്കോൽ തുടങ്ങിയ സുറിയാനി ഗ്രന്ഥങ്ങളിൽ ചിതറിക്കിടക്കുന്ന നമസ്കാരങ്ങൾ ക്രോഡീകരിക്കുന്ന ജോലി കുര്യാക്കോസ് ഏറ്റെടുത്തു. ഓരോ ദിവസത്തേക്കുള്ള നമസ്കാരങ്ങൾ ക്രമമായി ചിട്ടപ്പെടുത്താൻ കുര്യാക്കോസിനു കഴിഞ്ഞു. മല്പാനച്ചനെ അത്ഭുതപ്പെടുത്തുന്ന വേഗത്തിലാണ് ആ ജോലി തീർത്തുകൊടുത്തത്.

കുര്യാക്കോസ് ശെമ്മാശ്ശൻ തയ്യാറാക്കിയ ആ പുസ്തകം പിന്നീടു സുറിയാനി കത്തോലിക്കാ വൈദികരെല്ലാം ഉപയോഗിക്കാൻ തുടങ്ങി.

നമസ്കാരങ്ങൾ പൂർണ്ണമായും മലയാളത്തിലേക്കു മാറ്റപ്പെടുന്നതുവരെയുള്ള അനേകം ദശകങ്ങൾ ആ പുസ്തകമാണ് ഇവിടെ ഉപയോഗിച്ചുവന്നത്.

ആസ്തപ്പാടു പട്ടവും അഞ്ചാം പട്ടവും കിട്ടിയ കുര്യാക്കോസ് ശെമ്മാശ്ശനു ഡീക്കൻ പട്ടം ലഭിച്ചത് 22-ാം വയസ്സിലാണ്. 1827-ൽ വരാപ്പുഴ ബിഷപ്പ് മിലേസ്യാ പ്രൻസ്ഗസ്കറാണ് ആ പട്ടം നൽകിയത്.

പക്ഷേ, കുര്യാക്കോസ് ഡീക്കനു പുരോഹിതപ്പട്ടം കൊടുക്കേണ്ട കാലമായപ്പോൾ പെട്ടെന്നു പ്രശ്നങ്ങൾ ഉരുത്തിരിഞ്ഞു; ഒട്ടും പ്രതീക്ഷിക്കാതിരുന്ന പ്രശ്നങ്ങൾ...

# 5

എല്ലാം കലങ്ങിത്തെളിയുകയാണെന്നു കുര്യാക്കോസിനു തോന്നി.

അർത്തുങ്കൽപ്പള്ളിയിൽനിന്നു ശെമ്മാശ്ശൻ കടൽപ്പുറത്തേക്കു നടന്നു. കടലിന്റെ തീരത്തു നിൽക്കുമ്പോൾ ദൈവത്തെ കാണാമെന്നു തോന്നാറുണ്ട്. കടലിന്റെ അനന്തത ദൈവത്തിന്റെ അനന്തതയുടെ ചിഹ്നമാണ്; ആകാശത്തിന്റെ വിശാലത ദൈവകൃപയുടെ മുദ്രയാണ്.

ഗംഭീരവിസ്മയമായ സമുദ്രത്തിന്റെ തീരത്തു നിൽക്കുമ്പോൾ ആർക്കാണ് സ്വന്തം നിസ്സാരത സ്വയം വെളിപ്പെടാത്തത്? കടൽത്തീരത്തെ ഒരു മണൽത്തരിയുടെ അല്പത്വത്തിലേക്കു സ്വയം ചുരുങ്ങുന്ന നിമിഷങ്ങൾ... മഹാസാഗരങ്ങളെ കൈക്കുടന്നയിലെ ജലമാക്കുന്ന സർവശക്തൻ, ഒരു മണൽത്തരിയുടെ പ്രാധാന്യമുള്ള തന്നെ കരുണയോടെ പരിഗണിക്കുന്നു!

തടിച്ച സുറിയാനി തക്സ താങ്ങിപ്പിടിച്ചു പുരോഹിതനോടൊപ്പം അൾത്താരയിലെത്തി ശുശ്രൂഷാസഹായി ആയിരുന്ന കൊച്ചുന്നാൾ മുതൽ ഉണ്ടായിരുന്ന അഭിലാഷമാണ് പുരോഹിതനായി ദിവ്യബലി അർപ്പിക്കുകയെന്നത്. അർത്ഥമറിയാത്ത സുറിയാനി നമസ്കാരങ്ങൾ അലിഞ്ഞുചേർന്ന ആ പുലർവേളകളിൽ മുളച്ച ആഗ്രഹത്തിന്റെ സാഫല്യത്തിനുള്ള വഴികൾ ഒരുക്കിത്തന്നത് ആരാണ്? വഴിയിലുണ്ടായ എത്രയോ വലിയ തടസ്സങ്ങൾ നീക്കിത്തന്നത് ആരാണ്?

ദൈവമേ, എല്ലാം നീ.

ഏറ്റവും അവസാനം പ്രതിസന്ധിയുണ്ടായത് പട്ടം കിട്ടുന്ന കാര്യം വന്നപ്പോഴായിരുന്നു.

പട്ടത്തിന്റെ കാര്യം പറയാൻ പാലയ്ക്കലച്ചൻ തന്നെയും കൂട്ടി വരാപ്പുഴ അരമനയിൽ എത്തുന്നതുവരെ അങ്ങനെയൊരു തടസ്സം ചിന്തയിലെങ്ങുമില്ലായിരുന്നു. പട്ടം കൊടുക്കൽ മെത്രാനച്ചൻ നിർത്തിവച്ചിരിക്കുകയാണെന്ന വിവരം ഇടിവാൾ പോലെയാണ് വന്നുവീണത്.

ലത്തീൻസഭയിലെ രണ്ടു വിഭാഗങ്ങൾ തമ്മിലുള്ള കലഹമായിരുന്നു കാരണം. അവരിലൊരു കൂട്ടർ മെത്രാനെ ധിക്കരിക്കുന്ന അവസ്ഥവരെ എത്തി കാര്യങ്ങൾ. അയർലൻഡുകാരനായ ബിഷപ്പ് മൗറേലിയൂസ് സ്തബലീനി ഈ സാഹചര്യത്തിൽ വരാപ്പുഴയിലെ ചുമതലകൾ നിർത്തിവച്ച് സ്വന്തം നാട്ടിലേക്കു മടങ്ങാനുള്ള തീരുമാനത്തിലായിരുന്നു.

മാർപാപ്പ ഇടപെട്ടു. അല്ല, ദൈവം ഇടപെട്ടു എന്നു പറയണം. ബിഷപ്പ് സ്തബലീനി തത്കാലം വരാപ്പുഴ മെത്രാപ്പോലീത്തയായി തുടരാൻ

മാർപാപ്പ ആവശ്യപ്പെട്ടു. അദ്ദേഹം അനുസരിച്ചു. എന്നാൽ വരാപ്പുഴ അരമനയിൽനിന്നു മാറി നിൽക്കുവാനായിരുന്നു അദ്ദേഹത്തിന്റെ തീരുമാനം.

അർത്തുങ്കൽ വിശുദ്ധ അന്ത്രയോസിന്റെ പള്ളിയിലേക്ക് മെത്രാനച്ചൻ താമസം മാറ്റി. അവിടെ എത്തിയപ്പോൾ അദ്ദേഹം കുര്യാക്കോസിന്റെ കാര്യം പരിഗണിച്ചു. പട്ടം തരാൻ തീരുമാനമായി.

അങ്ങനെ ആ ദിവസം എത്തുന്നു.

1829 നവംബർ 29 നാളെയാണ്.

എനിക്കായി ദൈവം തിരഞ്ഞെടുത്ത ദിവസം; ഒരുപക്ഷേ, ദൈവമേ, നിന്റെ മഹാഗ്രന്ഥത്തിൽ നീ എനിക്കായി എന്നേ കുറിച്ചിട്ട ദിവസം. നിന്റെ തീയതികളിലൂടെ നീങ്ങാനേ സൃഷ്ടികൾക്കു സാധിക്കൂ. നീ വരച്ചിട്ട രേഖകളിലൂടെ സഞ്ചരിക്കാനേ പ്രപഞ്ചഗോളങ്ങൾക്കു സാധിക്കൂ.

നിന്റെ പരിശുദ്ധിയാൽ മനുഷ്യരുടെ ചില തീയതികളെ നീ ധന്യമാക്കുന്നു.

തന്റെ ജീവിതത്തിലെ ഏറ്റവും ധന്യമായ ദിവസമാണ് നാളെയെന്ന് കുര്യാക്കോസ് കണ്ടു.

ഈ ദിവസം കാണുവാൻ ഈ ലോകത്ത് ഏറ്റവും കൂടുതൽ ആഗ്രഹിച്ച മൂന്നുപേർ ഇന്ന് ലോകത്തിലില്ല.

മാലാഖമാരും വിശുദ്ധരും പരിശുദ്ധനെ പാടിസ്തുതിക്കുന്ന ലോകത്ത്, പരിശുദ്ധന്റെ സാന്നിദ്ധ്യം നിർവൃതിയായി അനുഭവിച്ചുകൊണ്ടിരിക്കുന്ന ആ മൂന്നുപേരോട് ഏതു മാലാഖയാണ് പറയുക:

നിങ്ങളുടെ പ്രിയമുള്ളവന്റേതായി നിങ്ങൾ ഏറ്റവും ആഗ്രഹിച്ച ദിവസം ഇതാ ഭൂമിയിൽ ഉദിക്കുന്നു. നന്മയുടെ വഴിയിൽനിന്ന് ഒരിക്കൽപോലും തെറ്റിപ്പോകാതെ, ലോകത്തിന്റെ യാതൊരു പ്രലോഭനത്തിലും വീഴാതെ, മാമ്മോദീസായാൽ കിട്ടിയ വരപ്രസാദം ഒട്ടുമേ കളഞ്ഞുപോകാതെ അവൻ ഇത്രത്തോളമെത്തിയിരിക്കുന്നു; നിങ്ങൾ അവനുവേണ്ടി പ്രാർത്ഥിക്കുവിൻ; അവനു പോകേണ്ട ദുർഘടമായ പാതകളിൽ ആ വരപ്രസാദം ഇനിയും കാത്തുസൂക്ഷിക്കാൻ അവനു ശക്തിനൽകുന്നതിനുവേണ്ടി ഏറ്റവും പരിശുദ്ധനും ഏറ്റവും ശക്തനുമായവനോട് പ്രാർത്ഥിക്കുവിൻ...

സ്വർഗ്ഗത്തിന്റെ കിളിവാതിൽ തുറന്ന് അവർ ആ ദിവസത്തെ നോക്കുന്നുണ്ടാവും. വിശുദ്ധ സെബസ്ത്യാനോസിന്റെ അപദാനങ്ങളാൽ നിറഞ്ഞ അർത്തുങ്കൽ... അണിഞ്ഞൊരുങ്ങിയ ദേവാലയം... അവിടെ അൾത്താര ദീപങ്ങൾ തെളിഞ്ഞു പ്രകാശം വിതറവേ, സ്ഥാനവസ്ത്രങ്ങളിഞ്ഞ മെത്രാപ്പോലീത്തയുടെ മുന്നിൽ കൊച്ചുകുര്യാക്കോസ്... എല്ലാം അവർ അവിടെയിരുന്നു കാണില്ലേ..?

# 6

സ്വർഗ്ഗത്തിന്റെ സ്വർണ്ണജാലകത്തിലൂടെ മൂന്ന് ആത്മാക്കൾ ഭൂമിയിലേക്കു നോക്കി. ആകാശത്തിൽ, മാലാഖമാരുടെ വൃന്ദങ്ങളെപ്പോലെ വെൺമേഘങ്ങൾ. താഴെ വെട്ടിത്തിളങ്ങുന്ന ആറുകളുടെയും തോടുകളുടെയും വെള്ളിനാടകൾക്കിടയിലെ വില്ലീസ് വയലുകളിൽ ആകാശത്തിലെ പറവകൾ ഇന്നലെയുടെയും നാളെകളുടെയും ഭാരമില്ലാതെ പറന്നുനടന്നു തീറ്റ നേടുന്നു.

പമ്പയാറ്റിലൂടെ ഒട്ടേറെ വള്ളങ്ങൾ നീങ്ങുന്നതു കാണാം. അവ നിറയെ ആളുകളാണ്; സുപരിചിതർ... കൈനകരിയിലെയും ചേന്നംകരിയിലെയും ആളുകൾ. അവരുടെ വസ്ത്രങ്ങളുടെ കോടിമണം ഇങ്ങു സ്വർഗ്ഗത്തിലെത്തുന്നു. അവരുടെ വാക്കുകളും ചിന്തകളും സ്വർഗ്ഗത്തിലെത്തുന്നു. അവർ പറയുന്നതും ചിന്തിക്കുന്നതും കുര്യാക്കോസിനെക്കുറിച്ചാണ്. വലിയ സുറിയാനി കുർബ്ബാനപ്പുസ്തകം താങ്ങിപ്പിടിച്ച് അൾത്താരയിൽ എത്തിയിരുന്ന കൊച്ചുകൂട്ടി; ഒരു കരയാകെ സന്തോഷം പ്രസരിപ്പിച്ചുകൊണ്ട് അവർക്കിടയിൽ നൈർമ്മല്യത്തിന്റെ കതിരുപോലെ പ്രത്യക്ഷപ്പെടുന്നുണ്ടായിരുന്ന ബാലൻ; അനാഥത്വത്തിന്റെ തീവ്രതയെ പ്രാർത്ഥനയിലൂടെ മറികടന്നവൻ; നദിയിൽ വീണാൽ തുള്ളിത്തെറിക്കുന്ന വെയിൽപോലെ നന്മ നിറവിന്റെ പ്രസരിപ്പായി ഗ്രാമത്തിൽ സൗഹൃദസന്ദർശനങ്ങൾക്ക് എത്തിയിരുന്നവൻ... അവൻ വൈദികനാവുന്നു... അവൻ ഈ ഗ്രാമത്തിന്റെ പുണ്യമാണ്!

അർത്തുങ്കൽപള്ളിയിലേക്കാണവരുടെ വഞ്ചികൾ നീങ്ങുന്നത്. പള്ളി അണിഞ്ഞൊരുങ്ങിയിരിക്കുന്നു. സെബസ്ത്യാനോസ് പുണ്യവാളന്റെ അപദാനങ്ങൾ പാടുന്ന കാറ്റിൽ പള്ളിമണിയുടെ വിശേഷാൽ മുഴക്കം. പള്ളിയിൽനിന്നുയരുന്ന സ്തോത്രങ്ങൾക്ക് ആകാശങ്ങളിലിരിക്കുന്ന ബാവ കാതോർക്കുന്നു.

പള്ളിയുടെ പുരാതനമായ അൾത്താരയിൽ കിരീടവും സ്ഥാനവടിയും വഹിക്കുന്ന മൗറേലിയൂസ് സ്തബലീനി മെത്രാപ്പോലീത്തയിൽനിന്നു ചാവറ കുര്യാക്കോസ് പട്ടമേൽക്കുന്നു. ആ നിമിഷം സ്വർഗ്ഗത്തിൽ മാലാഖമാർ ദൈവത്തെ സ്തുതിക്കുന്നു. സ്വർഗ്ഗത്തിലെ സ്വർണ്ണപ്രഭയിൽ ഒരു കതിർകൂടി ചേരുന്നു.

ചാവറ കുര്യാക്കോസച്ചന്റെ പുത്തൻ കുർബാന. ആർദ്രമായ കണ്ണുകളോടും വിറയ്ക്കുന്ന കരങ്ങളോടുംകൂടി അർപ്പിക്കപ്പെടുന്ന റാസയിലെ പദങ്ങളും വികാരങ്ങളും ആകാശത്തേക്കുയരുന്നു... അബ്രാഹമിന്റെയും ഇസഹാക്കിന്റെയും ഇസ്രയേലിന്റെയും ദൈവത്തിന്റെ പക്കലേക്ക്!

കൊച്ചുകുര്യാക്കോസ് പുരോഹിതനായിരിക്കുന്നു. കൊച്ചുകുര്യാക്കോസ് കുർബ്ബാന അർപ്പിക്കുന്നു. ഞങ്ങളുടെ കൊച്ചു കുര്യാക്കോസ് കർത്താവിനാൽ തെരഞ്ഞെടുക്കപ്പെട്ടവനായിരിക്കുന്നു. അവൻ കെട്ടുന്നതു സ്വർഗ്ഗത്തിലും കെട്ടപ്പെടും; അവൻ അഴിക്കുന്നതു സ്വർഗ്ഗത്തിലും അഴിക്കപ്പെടും.

അവനെ തെരഞ്ഞെടുക്കുകയും ഒരുക്കുകയും ചെയ്ത ദൈവമേ, സ്തോത്രം... അവനെ പോറ്റിയ ലോകമേ, നന്ദി.

അവനെ സ്നേഹിച്ച അയൽക്കാരേ, അവനു വഴികാട്ടിയ ഗുരുക്കന്മാരേ, നിങ്ങളുടെ ഹൃദയങ്ങൾ അവയിൽ വഴിഞ്ഞൊഴുകുന്ന സ്നേഹവുമായി സ്വർഗ്ഗത്തിനുനേരെ തുറന്ന് ഇരിക്കുകയാണ്. നിങ്ങളെ ദൈവം അനുഗ്രഹിക്കട്ടെ. മറ്റൊരാളെ സ്നേഹിക്കുന്നവനു തന്റെ സ്നേഹം സമ്മാനമായി നൽകുന്നവനാണ് ദൈവം. നിങ്ങളുടെ വീടുകളിൽ ദൈവസ്നേഹം പുലരട്ടെ. നിങ്ങളുടെ വഞ്ചികളിൽ ദൈവസ്നേഹം യാത്ര ചെയ്യട്ടെ.

സ്വർഗ്ഗസ്ഥരായ മൂന്ന് ആത്മാക്കളുടെ കണ്ണുകളിൽനിന്നു സന്തോഷത്തുള്ളികൾ ഭൂമിയിലേക്ക്, പമ്പയാറ്റിലേക്കു വീണു.

അവ പമ്പയാറിന്റെയും ഭൂമിയുടെയും പുണ്യമായി...

# 7

**അ**ർത്തുങ്കൽ പള്ളിയിലെ കുർബാന കഴിഞ്ഞപ്പോൾ ചേന്നംകരി ഇടവകക്കാർ പുത്തനച്ചന്റെ ചുറ്റും കൂടി. അച്ചന്റെ ഔദ്യോഗികമായ ഒന്നാമത്തെ ദിവ്യബലി ചേന്നംകരി പള്ളിയിൽ അർപ്പിക്കണമെന്നായിരുന്നു അവരുടെ ആവശ്യം. കുര്യോക്കോസച്ചൻ സമ്മതിച്ചു.

1829 നവംബർ 30-ന്, സുവാറായുടെ ഒന്നാം ഞായറാഴ്ച കുര്യാക്കോസച്ചൻ ചേന്നംകരി പള്ളിയിൽ അർപ്പിച്ച പുത്തൻ കുർബാന കാണാൻ എത്തിയവരെക്കൊണ്ട് പള്ളി മാത്രമല്ല, പള്ളിമുറ്റവും നിറഞ്ഞു. താൻ അൾത്താര ബാലനായും പിന്നീട് പൗരോഹിത്യാർത്ഥിയായും എത്തിയ ദേവാലയത്തിന്റെ അൾത്താരയിൽ നവപൂജ അർപ്പിക്കുമ്പോൾ കുര്യോക്കോസച്ചന്റെ ഹൃദയം വികാരസാന്ദ്രമായി. തന്നെ സ്നേഹിക്കുന്നവരുടെ നടുവിലാണ് താൻ. താൻ തീർക്കപ്പെട്ട മണ്ണിലാണ് താൻ. തന്റെ മനസ്സിലെ ആദിചിത്രങ്ങൾക്കു മുന്നിൽ... ദൈവമേ, ഈ മണ്ണിനെയും മനുഷ്യരെയും അനുഗ്രഹിക്കണമേ.

ദിവസങ്ങൾക്കുശേഷം പള്ളിപ്പുറത്തെത്തി കുര്യാക്കോസച്ചൻ മല്പാനച്ചനെ കണ്ടു. കൊച്ചച്ചന്റെ വർത്തമാനങ്ങൾ ശെമ്മാശ്ശന്മാർക്കൊക്കെ

ആഹ്ലാദകരമായിരുന്നു. കുര്യാക്കോസച്ചനെപ്പോലെയാകാൻ അവരിൽ പലരും രഹസ്യമായി ആഗ്രഹിക്കുകയും ചെയ്തിരിക്കണം.

കുറച്ചുദിവസങ്ങൾക്കുശേഷം കുര്യാക്കോസച്ചൻ ചേന്നംകരിയിൽ മടങ്ങിയെത്തി. ഇടവകയിലെ വീടുകൾ തോറും സന്ദർശനം. വീട്ടിലേക്ക് ഒരു ഭാഗ്യം കടന്നുവരുന്നതുപോലെയാണ് കൊച്ചച്ചന്റെ സന്ദർശനത്തെ ഓരോ കുടുംബവും സ്വീകരിച്ചത്. സന്തോഷകരമായൊരു കുടുംബകാര്യം ചർച്ച ചെയ്യുന്നതുപോലെ അദ്ദേഹം ഓരോ വീട്ടിലും ചെന്ന് ആദ്ധ്യാത്മിക കാര്യങ്ങൾ സംസാരിച്ചിരുന്നു. ആദ്ധ്യാത്മിക കാര്യങ്ങൾ ഇത്രയേറെ മധുരമായ ഒരു സംസാരവിഷയമാക്കാമെന്ന് അപ്പോഴാണ് പലർക്കും മനസ്സിലായത്.

പല ആൺകുട്ടികളുടെയും ഉള്ളിൽ ഒരു രഹസ്യം ജനിച്ചു; കുര്യാക്കോസച്ചനെപ്പോലെ ഒരച്ചൻ ആകണം.

അദ്ദേഹം സംസാരിച്ചിരിക്കുമ്പോൾ സമയം പോകുന്നത് ആതിഥേയർ അറിയില്ല.

സമയം പോകുന്നതു കുര്യാക്കോസച്ചനും അറിഞ്ഞില്ല. ഒരു മാസം പെട്ടെന്നങ്ങു കടന്നുപോയി. തുലാവർഷത്തിലെ വെള്ളപ്പൊക്കം അടങ്ങുന്നതു പോലെ; വെള്ളം ഉടനെയൊന്നും വറ്റുകില്ലെന്ന് ആദ്യം തോന്നും; പെട്ടെന്നൊരു ദിവസം കര വരണ്ടുണങ്ങിക്കിടക്കും.

പുളിങ്കുന്നിൽ കുറെ പരിചയക്കാരുണ്ട്. കുര്യാക്കോസച്ചൻ അതുവഴിയും ഒന്നു ചുറ്റിയടിച്ചു.

കുട്ടനാട്ടിലെത്തിയാൽ തിരിച്ചുപോകാൻ തോന്നില്ല. ദൈവകാരുണ്യം പോലെ ഒഴുകുന്ന തെളിനീർത്തോടുകളും മാലാഖമാരുടെ ചിറകടികൾക്കൊപ്പമെന്നോണം ഓളംവെട്ടുന്ന നെൽച്ചെടിപ്പാടങ്ങളും വെള്ളക്കൊറ്റികൾ ധ്യാനിച്ചിരിക്കുന്ന വരമ്പുകളും... പൂർണ്ണഗർഭിണികളെപ്പോലെ ആയാസപ്പെട്ടു നീങ്ങുന്ന വലിയ കെട്ടുവള്ളങ്ങൾ ആലപ്പുഴയ്ക്കാവും. മാത്തുത്തരകന്റെ കാലം മുതലാണത്രെ ആലപ്പുഴയിലേക്കും അവിടെനിന്നു തിരിച്ചും യാത്ര ചെയ്യുന്ന കെട്ടുവള്ളങ്ങളുടെ എണ്ണം ഇത്ര വർദ്ധിച്ചത്. ആലപ്പുഴയെ വൻ തുറമുഖമാക്കുന്നതിനു സഹായിക്കുകയും രാജാവിനെ ആപത്ഘട്ടത്തിൽ ഭീമമായ തുക നൽകി പിൻതുണയ്ക്കുകയും ചെയ്ത തരകനെ വേലുത്തമ്പി ദളവ നീചമായി പീഡിപ്പിച്ചു. തരകന്റെ മുറിച്ചെടുത്ത ചെവി, ദളവ തന്റെ കാര്യശേഷിയുടെ ചിഹ്നമായി പ്രദർശിപ്പിച്ചു. ചരിത്രത്തിലെ അനീതിക്ക് ഇരയായ മാത്തുത്തരകന്റെ ഓർമ്മയ്ക്ക് ആലപ്പുഴയുടെ ഈ പ്രതാപവും അവിടേക്കൊഴുകുന്ന കെട്ടുവള്ളങ്ങളും മാത്രമേ ഇന്നു ബാക്കിയുള്ളൂ.

വള്ളത്തിൽ തൂക്കിയിട്ട റാന്തലുകൾ ഉറക്കത്തിലായോ! അവയ്ക്കു കീഴിൽ കച്ചവടക്കാർ കായൽക്കാറ്റേറ്റു സുഖനിദ്രയിൽ... വള്ളക്കാർ പഴംതാളിൽനിന്ന് എന്തൊക്കെയോ പാട്ടുകൾ പാടുന്നു.

ജന്മനാട് എന്ന ബന്ധമാണോ കുട്ടനാടിനെ ഇത്രയധികം സ്നേഹിക്കാൻ തന്നെ പ്രേരിപ്പിക്കുന്നത്? അതോ കുട്ടനാടിന്റെ കാവ്യാത്മകതയോ?

വലിയനോമ്പു തുടങ്ങിയപ്പോൾ പുളിങ്കുന്നിലായിരുന്നു. അപ്പോഴാണ് പുതിയൊരാശയം തോന്നിയത്; നോമ്പ് സാർത്ഥകമാക്കാൻ ആളുകളെ പ്രേരിപ്പിക്കുന്നതിന് ഒരു ധ്യാനം നടത്തിയാലോ?

പുളിങ്കുന്ന് തെക്കേ അങ്ങാടിയറ്റത്തുള്ള കുരിശുപള്ളിയിൽ ധ്യാനത്തിനു സൗകര്യം കിട്ടി. ആദ്യദിവസം ആളുകൾ കുറവായിരുന്നു. പിറ്റേ ദിവസം മുതൽ സ്ഥിതി മാറി. കുര്യാക്കോസച്ചന്റെ ധ്യാനപ്രസംഗം മണിക്കൂറുകളോളം കേട്ടിട്ടും ആളുകൾക്ക് മടുപ്പില്ല. ഇതിങ്ങനെ കുറെയങ്ങു നീണ്ടുകൊള്ളട്ടെ എന്നായി ആളുകൾ.

സംഭാരം വിൽക്കുന്ന മാടക്കടയിലും പലചരക്കുകടയിലും വഴിയിലും വരമ്പത്തും കണ്ടുമുട്ടുന്നവരുടെ കുശലം അതിനെക്കുറിച്ചായി:

*താൻ ചാവറേലച്ചന്റെ പ്രസംഗം കേൾക്കുന്നുണ്ടോ?*

*എടോ, പ്രസംഗമല്ല; ധ്യാനം.*

*എന്തായാലും സംഗതി കൊള്ളാം. ഈ നോമ്പിൽ ഏതായാലും കള്ളിന്റെ കച്ചോടം തീരെ കുറയും.*

*ഞങ്ങളുടെ വീട്ടിൽ ഉപവാസം ഇപ്പോൾ പതിവാക്കിയിരിക്കയാണ്. എന്നാലോ ആരെയും കണ്ടാൽ അങ്ങനെ ക്ഷീണം തോന്നുകയേയില്ല.*

ധ്യാനം അവസാനിച്ചപ്പോഴേക്കും അതിന്റെ പ്രസിദ്ധി കുട്ടനാട്ടിലെങ്ങും പരന്നിരുന്നു. വേറെ ഒന്നോ രണ്ടോ സ്ഥലത്തുകൂടി ധ്യാനപ്രസംഗം നടത്തിയാലോയെന്ന് കുര്യാക്കോസച്ചൻ ആലോചിക്കുമ്പോഴാണ് പള്ളിപ്പുറം സെമിനാരിയിൽ നിന്നൊരാൾ അന്വേഷിച്ചെത്തിയത്. ചേന്നംകരി പള്ളിയിൽ ചെന്ന് അന്വേഷണം നടത്തിയിട്ടാണ് വരവ്.

*മല്പാനച്ചൻ അരിശപ്പെട്ടിരിക്കുകയാണ്.*

ദൂതൻ പറഞ്ഞു.

*എന്തു പറ്റി?*

*എത്ര നാളായി കൊച്ചച്ചൻ പള്ളിപ്പുറത്തുനിന്നു പോന്നിട്ട്? ഇങ്ങനെ കറക്കവും പ്രസംഗവുമൊക്കെയായി നടന്നാൽ സെമിനാരിയിലെ കാര്യങ്ങൾ ആരു നോക്കും? മല്പാനച്ചന് അങ്ങോട്ടോ ഇങ്ങോട്ടോ തിരിയണമെങ്കിൽ അവിടെ ആരുണ്ട്?*

അക്കാര്യം അത്ര ഗൗരവപൂർവ്വം ചിന്തിച്ചിരുന്നില്ല എന്നതാണ് വാസ്തവം. മല്പാനച്ചന്റെ അഭാവത്തിൽ സെമിനാരിയിൽ അദ്ദേഹത്തിന്റെ ജോലികൾ ഏതാണ്ടെല്ലാം തന്നെ നിർവ്വഹിച്ചിരുന്നത് താനാണ്. ഇടവക സന്ദർശനങ്ങളും

പ്രസംഗങ്ങളും ധ്യാനവുമൊക്കെ ഒത്തിരിയാളുകൾക്ക് ഗുണം ചെയ്യുന്നതാണെന്നു കണ്ടപ്പോൾ ആ അനുഭൂതിയിൽ മറ്റെല്ലാം മറന്നു.

താമസിച്ചില്ല, പള്ളിപ്പുറത്തേക്കു മടങ്ങി.

സെമിനാരിയിലെത്തിയപ്പോൾ കുര്യാക്കോസ് പ്രതീക്ഷിച്ചതുപോലെ കോപിഷ്ഠനായിരുന്നില്ല പാലയ്ക്കലച്ചൻ.

*പുളിങ്കുന്നിലെ ധ്യാനപ്രസംഗത്തെക്കുറിച്ചൊക്കെ കേട്ടു. കാര്യം നല്ലതു തന്നെ. പക്ഷെ, ഇവിടത്തെ കാര്യങ്ങൾ നടക്കണ്ടേ? എനിക്ക് പഴയതുപോലൊന്നും വയ്യ. കൊച്ചച്ചൻ കഴിഞ്ഞിട്ടേയുള്ളു എനിക്ക് ബാക്കിയെന്തും. കൊച്ചച്ചൻ ഇവിടെ ഉണ്ടായിരിക്കണം. ധ്യാനപ്രസംഗങ്ങൾ ഈ പ്രദേശത്തൊക്കെ സംഘടിപ്പിക്കാം. ഇവിടത്തെ പള്ളികൾവരെ എത്തിയിട്ടുണ്ട് ചാവറക്കൊച്ചച്ചന്റെ പ്രസംഗത്തിന്റെ പെരുമ.*

പള്ളിപ്പുറം പരിസരങ്ങളിൽ ധ്യാനപ്രസംഗത്തിനു സാധ്യതയുണ്ടെന്നു കേട്ടപ്പോൾ കുര്യാക്കോസച്ചനു സന്തോഷമായി. സെമിനാരി കാര്യങ്ങളോടൊപ്പം ധ്യാനങ്ങളും നടത്താമല്ലോ.

താമസിയാതെ അടുത്തുള്ള ഇടവകകളിൽ കുര്യാക്കോസച്ചന്റെ ധ്യാനപ്രസംഗങ്ങൾ നടന്നു. അനേകം പേർക്കു പുതിയൊരനുഭവമായിരുന്നു ധ്യാനം. ഒരിടവകയിൽ നടത്തുന്ന ധ്യാനത്തിലേക്ക് അടുത്ത ഇടവകകളിൽനിന്നും ആളുകൾ എത്തുക പതിവായി. പിന്നെപ്പിന്നെ ദൂരസ്ഥലങ്ങളിലേക്കും കുര്യാക്കോസച്ചനെ ധ്യാനപ്രസംഗത്തിനു ക്ഷണിക്കുവാൻ തുടങ്ങി. ചാവറ കുര്യാക്കോസച്ചൻ എന്നത് ആൾക്കൂട്ടങ്ങളെ ആകർഷിക്കുന്ന നാമമായി മാറി. ചെറുതും വലുതുമായ പള്ളികളിൽ വലിയ ആൾക്കൂട്ടങ്ങൾ അദ്ദേഹത്തിന്റെ വാക്കുകൾക്കു മുന്നിൽ, സ്വർഗ്ഗത്തിലേക്കു ഹൃദയത്തിന്റെ വാതിൽ തുറന്നുവച്ച് ധ്യാനനിമഗ്നരായി ഇരുന്നു. സ്വർഗ്ഗത്തിന്റെ രശ്മികൾ അനേകം ഹൃദയങ്ങളിലേക്കു കടന്നു.

കേരള ക്രൈസ്തവരിൽ ആദ്ധ്യാത്മികമായ പുതിയൊരു ഉണർവ്വ് പ്രസരിച്ചിറങ്ങുകയായിരുന്നു. വിശ്വാസവഴിയിൽ അതൊരു പുതിയ ഉദയമാവുകയായിരുന്നു...

# 8

**ച**മ്പക്കുളം കല്ലൂർക്കാടുകാരൻ കണിയാന്തറ യാക്കോബിനു വിവാഹം തീരുമാനമായി. കാണാൻ മോശമല്ലാത്ത, മനസിനിഷ്ടപ്പെട്ട പെൺകുട്ടി.

കുടുംബവും നന്ന്. നിശ്ചയം തുടങ്ങിയുള്ള ചടങ്ങുകളുടെ തീയതികൾ ആലോചിക്കുകയായിരുന്നു ബന്ധുക്കൾ.

ആ ഞായറാഴ്ച കല്ലൂർക്കാടു പള്ളിയിൽ കുർബാന കാണാൻപോയ യാക്കോബിന് ആ ദിവസം തന്റെ ജീവിതത്തിലെ വഴിത്തിരിവാകുമെന്ന് ഒരു പ്രതീക്ഷയും ഉണ്ടായിരുന്നില്ല. ആദ്ധ്യാത്മിക കാര്യങ്ങളിൽ ഒട്ടൊക്കെ താത്പര്യമുണ്ടെങ്കിലും പതിവായി കുർബ്ബാന കാണണമെന്ന നിർബ്ബന്ധമൊന്നും യാക്കാബിന് ഉണ്ടായിരുന്നില്ല. പള്ളിയിലേക്കു പോകുംവഴി കൂട്ടുകാരെ കണ്ടുമുട്ടിയാൽ കമ്പനിയടിക്കുന്നതിലായിരുന്നു യാക്കോബിന് താത്പര്യം.

ഏതായാലും അന്നു യാക്കോബ് കുർബ്ബാനയിൽ പങ്കുകൊണ്ടു. കുർബാനയ്ക്കിടയിൽ പ്രസംഗം നടത്തിയത് കാഞ്ഞിരപ്പള്ളിയിൽനിന്നുള്ള കുഞ്ചാക്കോ കത്തനാരായിരുന്നു. പ്രസംഗകൻ പുതിയ ഒരാളായതുകൊണ്ട് യാക്കോബ് പതിവിൽക്കവിഞ്ഞ് പ്രസംഗം ശ്രദ്ധിച്ചു. ശ്രദ്ധിച്ചപ്പോഴാണ് അതുവരെ താൻ പ്രസംഗങ്ങൾ കേട്ടിരുന്നില്ലെന്നു യാക്കോബിന് മനസ്സിലായത്. പ്രസംഗങ്ങൾ കേട്ടിരുന്നില്ലെന്നു തന്നെയല്ല, ജീവിതത്തെക്കുറിച്ച് താൻ കാര്യമായൊന്നും ചിന്തിച്ചിരുന്നില്ലെന്നും വ്യക്തമായി. നേർവഴിയിൽ ചരിക്കുന്ന ഒരുവൻ എന്നു താൻ സ്വയം അഭിമാനിച്ചിരുന്നു. എന്നാൽ ആദ്ധ്യാത്മികമായി തന്റെ മൂല്യം വളരെക്കുറവാണെന്ന് ഈ പ്രസംഗം കേട്ടപ്പോൾ ബോധ്യമാകുന്നു.

പോരൂക്കര തോമ്മാക്കത്തനാരുമായി ഒരിക്കൽ താൻ സംഭാഷണം നടത്തിയതു യാക്കോബ് ഓർത്തു. സമപ്രായക്കാരനായ ആ പഴയ അയൽവാസി നാട്ടിൽ വരുമ്പോഴെല്ലാം താൻ അദ്ദേഹവുമായി ആത്മീയകാര്യങ്ങൾ ഒട്ടേറെ സംസാരിച്ചിട്ടുണ്ട്. അച്ചനുമായി അത്തരം വിഷയങ്ങൾ സംസാരിക്കുന്നതു വളരെ ഉണർവ്വുണ്ടാക്കുന്ന കാര്യമാണ്. പിന്നെ കുറച്ചുദിവസത്തേക്ക് താൻ വളരെ ആദ്ധ്യാത്മികനിഷ്ഠയുള്ള ആളായിരിക്കും; കുറച്ചുദിവസത്തേക്കു മാത്രമെങ്കിലും.

പോരുക്കരയച്ചൻ ഡീക്കൻ പട്ടം ഏറ്റശേഷം നാട്ടിൽ വന്നപ്പോൾ തന്നോടു പറഞ്ഞ ഒരു കാര്യം യാക്കോബിന് ഓർമ്മവന്നു. ലോകം, ശരീരം, പിശാച് എന്നിവ ആത്മാവിന്റെ രക്ഷയ്ക്കു തടസ്സമാകുന്നതിനെക്കുറിച്ചായിരുന്നു സംസാരം. ഒടുവിൽ അദ്ദേഹം പറഞ്ഞു:

*ഞാൻ കുർബാനപ്പട്ടം ഏറ്റുവന്നാൽ നമുക്കു രണ്ടുപേർക്കുംകൂടി വല്ല വനവാസത്തിനും പൊയ്ക്കളയാം. ലോകത്തിനു നടുവിൽ ജീവിച്ചാൽ ആത്മീയരക്ഷ നേടുന്നകാര്യം പ്രയാസമാണ്.*

വനവാസത്തെക്കുറിച്ചു യാക്കോബ് അതിനുമുമ്പു ചിന്തിച്ചിരുന്നില്ല, അന്നു പോരുക്കരയച്ചൻ സംസാരിക്കുമ്പോഴാണ് അതൊരു ചിന്താവിഷയമായത്.

തന്റേതായ ഒരു കുടുംബം എന്ന സ്വപ്നം ഉള്ളിലെ കൊച്ചുനിധിയായിരുന്നു. അച്ചൻ പറയുന്നതൊക്കെ ശരിയാണെങ്കിലും യൗവനത്തിലേക്കു കടന്നപ്പോൾ മുതൽ ഉള്ളിൽ സൂക്ഷിക്കുന്ന രഹസ്യനിധി ഉപേക്ഷിക്കാൻ മനസ്സത്ര തയ്യാറായില്ല. എന്നാൽ അച്ചന്റെ മുഖത്തുനോക്കി മറുത്തുപറയുവാനും കഴിഞ്ഞില്ല. അതിനാൽ വനവാസമെന്ന ആശയത്തിനു യാക്കോബ് സമ്മതംമൂളി.

മെല്ലെ ആ ആശയം മാഞ്ഞുപോയി. വിവാഹാലോചനകൾ വന്നപ്പോൾ സഹകരിച്ചു. നല്ലൊരു ആലോചന വന്നപ്പോൾ സമ്മതം പറയുകയും ചെയ്തു.

എന്നാലിപ്പോൾ ആകെ ചിന്താക്കുഴപ്പമായിരിക്കുന്നു. *ലോകം മുഴുവൻ നേടിയാലും ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ എന്തു ഫലം?* കർത്താവിന്റെ ആ ചോദ്യം, സർവ്വകലാശാലാ വിദ്യാർത്ഥിയായ ഫ്രാൻസിസ് സേവ്യറുടെ ഹൃദയത്തിലേക്ക് ഇഗ്നേഷ്യസ് ലയോള തൊടുത്തുവിട്ടുകൊണ്ടിരുന്ന അതേ ചോദ്യമാണ് കുഞ്ചാക്കോ കത്തനാരുടെ പ്രസംഗം യാക്കോബിന് സമ്മാനിച്ചത്. ആ ചോദ്യം പല ഉൾപ്പിരിവുകളോടെയും യാക്കോബിനെ ആകെ മഥിച്ചു.

വൈദികനാകാൻ സാധിച്ചില്ലെന്നതുകൊണ്ട് ആത്മാവിനെ സമ്പന്നമാക്കാനുള്ള വഴികളൊന്നും തനിക്കില്ലെന്നു വരുമോ?

യാക്കോബ് ചിന്തയുടെ ചൂളയിലായിരുന്നു. ചിന്തിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ട് അന്ന് പകൽ മുഴുവൻ യക്കോബ് പള്ളിയിൽത്തന്നെ കഴിഞ്ഞു. അവസാനം വിവാഹം വേണ്ടെന്ന തീരുമാനത്തിൽ എത്തി. എന്നാൽ പകരമൊരു മാർഗ്ഗം കണ്ടെത്താൻ കഴിഞ്ഞില്ല. വൈകുന്നേരമായിട്ടും യാക്കോബിന് ഒരു വഴിയും തെളിഞ്ഞുകിട്ടിയില്ല.

അശാന്തിയുടേതായിരുന്നു യാക്കോബിന് ആ സന്ധ്യയും രാത്രിയും.

പുലർച്ചക്കെഴുന്നേറ്റ് വീണ്ടും പള്ളിയിൽ പോയി. ഒരു വഴി കാണിച്ചുതരണമേ എന്നു മുട്ടിന്മേൽ നിന്ന് ദൈവമാതാവിനോട് അപേക്ഷിച്ചു.

പോരൂക്കരയച്ചൻ അവതരിപ്പിച്ച വനവാസമെന്ന ആശയം സ്വീകാര്യമാണെന്നു തോന്നി. പക്ഷേ, താനൊരാളായി എങ്ങിനെ വനവാസം നടത്താനാണ്? പോരുക്കരയച്ചനെ കണ്ടിട്ടു കാലം കുറെയായി. അദ്ദേഹമിപ്പോൾ എവിടെയാണെന്നുപോലും അറിയില്ല. വനവാസം എന്ന ആശയം അദ്ദേഹത്തിന്റെ മനസ്സിൽ ഇപ്പോഴുമുണ്ടോ എന്നും തീർച്ചയില്ല.

ദൈവമാതാവേ, വഴി കാട്ടേണമേ; പോരൂക്കരയച്ചനെ കാണാനുള്ള ഒരു വഴിയെങ്കിലും ഉണ്ടാക്കിത്തരണമേ.

യാക്കോബ് പിന്നെയും ഏറെനേരം പ്രാർത്ഥിച്ചു.

ഉച്ചയ്ക്കുമുമ്പ് പള്ളിയിൽ നിന്നിറങ്ങി. അപ്പോൾ അവിടെയാരോ പറയുന്നതു കേട്ടു:

*പോരൂക്കരയച്ചൻ കടവിൽ എത്തിയിട്ടുണ്ട്.*

നേരോ!

യക്കോബ് കടവിലേക്കോടി. പോരൂക്കരയച്ചൻ വഞ്ചിയിൽനിന്നിറങ്ങി വരുകയായിരുന്നു.

*യാക്കോബേ, ഞാൻ നിന്നെ അന്വേഷിച്ചു വരികയായിരുന്നു.*

അച്ചൻ പറഞ്ഞു

*എന്താണു കാര്യം?*

*നിന്റെ കല്യാണം നിശ്ചയിച്ചുവെന്നു കേട്ടു.*

*നിശ്ചയംവരെ എത്തിയതാണ്. ഞാനതു വേണ്ടെന്നുവച്ചു.*

*വേറെ ആലോചന വന്നുകാണും?*

*അല്ല വിവാഹംതന്നെ വേണ്ടെന്നുവച്ചു. അച്ചൻ പണ്ടുപറഞ്ഞ കാര്യത്തെക്കുറിച്ചാണ് ആലോചിക്കുന്നത്.*

*വനവാസം?*

*അതെ.*

അവർ പള്ളിമേടയിൽ എത്തി സംസാരിച്ചിരുന്നു. യാക്കോബിന്റെ തീരുമാനം ആത്മാർത്ഥമാണെന്നു മനസ്സിലായപ്പോൾ വരാപ്പുഴ അരമനയിൽ എത്താൻ യാക്കോബിനോട് ആവശ്യപ്പെട്ട് പോരൂക്കരയച്ചൻ മടങ്ങി.

വരാപ്പുഴ മെത്രാന്റെ സെക്രട്ടറിയായി ജോലി ചെയ്യുകയായിരുന്നു പോരൂക്കരയച്ചൻ. നേരത്തേ സെക്രട്ടറിയായിരുന്ന പാലയ്ക്കലച്ചൻ പള്ളിപ്പുറം സെമിനാരിയുടെ ചുമതലയേറ്റതിനുശേഷം നല്ലൊരു സെക്രട്ടറിയുടെ അഭാവം മൂലം മെത്രാൻ വിഷമിക്കുകയായിരുന്നു. പോരൂക്കരയച്ചൻ കൊല്ലത്ത് തങ്കശ്ശേരിപ്പള്ളിയിൽ വികാരിയായിരിക്കുമ്പോഴാണ് ആത്മമിത്രമായ പാലയ്ക്കലച്ചൻ മെത്രാനച്ചന്റെ സെക്രട്ടറിസ്ഥാനം ഏൽക്കാമോ എന്നു ചോദിച്ചത്. തങ്കശ്ശേരിപ്പള്ളിയിൽ പല പരിപാടികളും തുടങ്ങിവച്ചിരുന്നു; കുറഞ്ഞൊരു കാലത്തിനുള്ളിൽ ഇടവകയിലെ ജനങ്ങളുമായി ഗാഢമായൊരു ബന്ധം സ്ഥാപിക്കുകയും ചെയ്തിരുന്നു. എങ്കിലും പാലയ്ക്കലച്ചൻ ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം അതു സന്തോഷപൂർവ്വം സ്വീകരിച്ചു.

വരാപ്പുഴ അരമനയിലെ ജോലി പോരൂക്കരയച്ചനു പുതിയ സാദ്ധ്യതകൾ തുറന്നുകൊടുത്തു. വിദേശമിഷനറിമാർ ധാരാളം എത്തിയിരുന്ന അരമനയിൽ അവരുമായി ആശയവിനിമയത്തിനുള്ള സാധ്യതയായിരുന്നു ഏറ്റവും മുഖ്യം. കൂടാതെ വിദേശക്രൈസ്തവ പ്രസിദ്ധീകരണങ്ങൾ അരമനയിൽ ധാരാളമായി ഉണ്ടായിരുന്നു. അവ വായിക്കുന്നതും പോരൂക്കരയച്ചന് ഏറെ പ്രിയങ്കരമായിരുന്നു.

വിദേശപ്രസിദ്ധീകരണങ്ങളുമായും മിഷനറിമാരുമായുള്ള ബന്ധമാണ് പോരൂക്കരയച്ചനിൽ സന്യാസത്തോടുള്ള ആഭിമുഖ്യത്തിന് വിത്തിട്ടത്. നാൾതോറും ആ ആഭിമുഖ്യം വളർന്നുവന്നു. പാലയ്ക്കലച്ചനുമായി അദ്ദേ ഹമതു ചർച്ചചെയ്തു.

തികഞ്ഞ ആദ്ധ്യാത്മിക പുരുഷനായ പാലയ്ക്കൽ മല്പാനച്ചന് ഏറ്റവും താത്പര്യമുള്ള വിഷയമായിരുന്നു സന്യാസം.

അന്നു കുര്യാക്കോസ് പൗരോഹിത്യം സ്വീകരിച്ചിട്ടില്ല. സന്യാസം തുട ങ്ങുന്നതിനെക്കുറിച്ചുള്ള ചർച്ച പുരോഗമിച്ചപ്പോൾ പാലയ്ക്കലച്ചൻ പറഞ്ഞു:

*നമുക്കു ശെമ്മാശ്ശനെക്കൂടി വിളിക്കാം.*

*ചാവറ?*

*അതേ. ശെമ്മാശ്ശനും ഈ വിഷയത്തിൽ താത്പര്യമുണ്ടാവും.*

കുര്യാക്കോസിന് തന്നേക്കാൾ അഞ്ചുവയസ്സുമാത്രം പ്രായക്കൂടുതലുള്ള പോരൂക്കരയച്ചനോട് പ്രത്യേക ബഹുമാനമുണ്ടായിരുന്നു.

കുര്യാക്കോസിനെ കണ്ടപ്പോൾ പോരുക്കരയച്ചൻ പറഞ്ഞു:

*പ്രസംഗത്തിനുള്ള ശെമ്മാശ്ശന്റെ കഴിവിനെപ്പറ്റി ഞാൻ ഒത്തിരി കേട്ടി ട്ടുണ്ട്. ശെമ്മാശ്ശൻ പട്ടം സ്വീകരിക്കുന്നതു കാത്തിരിക്കയാണ് ഞാൻ. ശെമ്മാ ശ്ശൻ പേരെടുക്കുമെന്നതിനു സംശയമില്ല.*

*എന്തായാലും പോരൂക്കര തോമാച്ചന്റെയത്ര സൽപേര് എനിക്കു കിട്ടില്ല. തങ്കശ്ശേരിയിലെ ആളുകൾക്കു പോരൂക്കരയച്ചന്റെ പരിഷ്ക്കാരങ്ങളൊന്നും മറക്കാൻ കഴിയുന്നില്ല. കല്യാണത്തിനുമുമ്പുള്ള അന്തംചാർത്ത് നിർത്ത ലാക്കിയതിൽ ആളുകൾക്ക് വളരെ സന്തോഷമുണ്ട്. സുറിയാനിപ്പള്ളികളിൽ സംഗീതം ആകാമെന്നു കാട്ടിക്കൊടുത്തതും പോരുക്കരയച്ചനാണല്ലോ. പല സുറിയാനിപ്പള്ളികളിലും ഇപ്പോൾ റബേക്കുകൊട്ടു പഠിച്ചവരെ ഏർപ്പെടുത്തി ത്തുടങ്ങിയിട്ടുണ്ട്. പോരൂക്കരയച്ചൻ വികാരിയായിരുന്ന കാലത്താണ് തിരു ക്കർമ്മങ്ങളും പെരുന്നാളുകളും ഏറ്റവും ഭംഗിയിലായതെന്നാണ് തങ്കശ്ശേരി പ്പള്ളിക്കാർ പറയുന്നത്. അവിടെ യൗസേപ്പു പിതാവിന്റെ ഭക്തരുടെ സംഘ ടനയും പോരുക്കരയച്ചന്റെ സംഭാവനയാണല്ലോ.*

കുര്യാക്കോസ് പറഞ്ഞു.

*യൗസേപ്പ് പിതാവിന്റെ മനോഹരമായ ഒരു തിരുസ്വരൂപം ഉണ്ടാക്കണ മെന്ന് എനിക്കാഗ്രഹമുണ്ട്. മിടുക്കനായൊരു മേസ്തിരിയെ എനിക്കറിയാം. പക്ഷേ, നല്ല പണച്ചെലവുവരും. കണ്ടുമുട്ടുന്ന പരിചയക്കാരിൽനിന്നൊക്കെ ഓരോ ചക്രം വീതം പിരിച്ചുകൊണ്ടിരിക്കയാണ് ഞാൻ.*

കുര്യാക്കോസ് പറഞ്ഞു:

*എന്റെ കൈയിൽ ചക്രമില്ല. തിരുസ്വരൂപം മനോഹരമാകാൻ പ്രാർത്ഥിക്കാം.*

*യൗസേപ്പ് പിതാവ് സഹായിക്കട്ടെ.*

പോരൂക്കരയച്ചൻ പറഞ്ഞു.

പിന്നെ പോരൂക്കരയച്ചൻ വിഷയത്തിലേക്കു കടന്നു...

# 9

ഒരു തപോഭവനം നിർമ്മിക്കുക എന്ന ആശയത്തിൽ പോരൂക്കരയച്ചനും പാലയ്ക്കലച്ചനും ചാവറയച്ചനും കണിയാന്തറ യാക്കോബും ഒരുമിച്ചു ചേർന്നെങ്കിലും അതെങ്ങനെയെന്ന കാര്യത്തെക്കുറിച്ച് അവർക്കാർക്കും ഒരു തിട്ടവുമുണ്ടായിരുന്നില്ല. മലയാളക്കരയിലെന്നല്ല, ഇന്ത്യയിലെങ്ങും ക്രൈസ്തവർക്ക് അങ്ങനെയൊരെണ്ണമുള്ളതായി കേട്ടിട്ടുമില്ല.

*വൈദികൻ നല്ലൊരു വൈദികനായി ജീവിക്കാൻ ശ്രമിച്ചാൽ പോരേ? പടഞ്ഞാറൻ നാടുകളിലെവിടെയൊക്കെയോ ഉണ്ടെന്നു പറയുന്ന സന്യാസ ജീവിതത്തിന് ഇവിടെയുള്ളവർ ഇറങ്ങിപ്പുറപ്പെടേണ്ട കാര്യമുണ്ടോ?*

ചിലരൊക്കെ ചോദിച്ചു.

വൈദികർ തങ്ങളോടുതന്നെയും ആ ചോദ്യം ചോദിച്ചു.

സമൂഹത്തിൽ ആദരണീയമായ ഒരു സ്ഥാനം നേടിക്കഴിഞ്ഞയാളാണ് പാലയ്ക്കൽ മല്പാനച്ചൻ. പോരൂക്കരയച്ചനാകട്ടെ, തങ്കശ്ശേരിയിൽ വികാരിയായിട്ടിരുന്ന കാലംകൊണ്ടു കൊല്ലം പ്രദേശത്താകെ ജനസമ്മതി പിടിച്ചുപറ്റിയ വൈദികൻ. വിവിധ മതസ്ഥരായ ജനങ്ങൾക്കു മാത്രമല്ല, യൂറോപ്യന്മാരും സ്വദേശികളുമായ ഗവൺമെന്റ് ഉദ്യോഗസ്ഥന്മാർക്കു വരെ അദ്ദേഹം പ്രിയങ്കരനായിരുന്നു. ചുരുങ്ങിയ കാലത്തിനുള്ളിൽ കൊല്ലം പ്രദേശത്ത് ആദ്ധ്യാത്മികമായൊരു ഉണർവ്വുണ്ടാക്കാൻ അദ്ദേഹത്തിനു സാധിച്ചിരുന്നു. ചാവറശെമ്മാശ്ശനാകട്ടെ എല്ലാറ്റിനും സമർത്ഥനായി സെമിനാരിക്കു പുറത്തുപോലും അറിയപ്പെട്ടിരുന്നു.

അങ്ങനെ മൂവരും ജനശ്രദ്ധയുടെ വെള്ളിവെളിച്ചത്തിൽ നിൽക്കുമ്പോഴാണ് അവർ സന്യാസത്തെക്കുറിച്ച് ആലോചിച്ചത്. ദീർഘമായി ആലോചിച്ചു.

ലോകത്തിൽനിന്നു വിട്ടുനിൽക്കാതെ ലോകർക്ക് ഉപകാരപ്രദമായ ഒരു സന്യാസ ജീവിതം എന്ന ആശയത്തിലാണ് അവസാനം അവർ ചെന്നെത്തിയത്.

പോരൂക്കരയച്ചനും പാലയ്ക്കൽ മല്പാനും ഇക്കാര്യം സ്തബലീനി മെത്രാനോട് സംസാരിക്കാൻ അർത്തുങ്കൽ പള്ളിയിലെത്തി. അവർ മെത്രാനച്ചനോട് കാര്യങ്ങൾ വിശദമായി സംസാരിച്ചു. മെത്രാനച്ചന്റെ സെക്രട്ടറിയായ പോരൂക്കരയച്ചൻ ആ ജോലിയിൽനിന്നു തന്നെ ഒഴിവാക്കണമെന്ന് അപേക്ഷിക്കുകയും ചെയ്തു.

മെത്രാനച്ചൻ പറഞ്ഞു:

*കൊവേന്ത. അതാണു നിങ്ങളുടെ ആശയം, അല്ലേ?*

*അതേ* - പാലയ്ക്കലച്ചൻ പറഞ്ഞു.

*പക്ഷേ, അതെങ്ങനെ സാധിക്കും? വല്ല രാജാക്കന്മാരോ പ്രഭുക്കന്മാരോ സഹായിക്കാൻ ഉണ്ടായിരുന്നെങ്കിൽ സാധിച്ചേനേ... ക്രിസ്ത്യാനികളായ രാജാക്കന്മാർ ഇല്ലല്ലോ.*

*മനസ്സുണ്ടെങ്കിൽ മാർഗ്ഗവുമുണ്ട്. ക്രിസ്ത്യൻ രാജാക്കന്മാർ ഇല്ലെങ്കിലും ഇവിടെ ധാരാളം ക്രിസ്ത്യാനികൾ ഉണ്ടല്ലോ. അവരോട് ധർമ്മം വാങ്ങിച്ചാൽ കാര്യം നടക്കും* - മെത്രാനച്ചൻ പറഞ്ഞു.

അതു ശരിയാണെന്നു രണ്ടു വൈദികർക്കും തോന്നി. വളരെ സന്തോഷത്തോടെയാണ് അവർ മടങ്ങിയത്.

കൊവേന്ത തുടങ്ങണമെങ്കിൽ വലിയ ചെലവു വരും. അത്രയും തുക ആളുകളിൽനിന്നു പിരിച്ചെടുക്കണമെങ്കിൽ മെത്രാന്റെ ധർമ്മക്കടലാസ് ആവശ്യമാണ്. അതിനായി ഏതാനും ദിവസത്തിനുശേഷം അവർ വീണ്ടും സ്തബലീനി മെത്രാനെ സമീപിച്ചു.

കൊവേന്ത തുടങ്ങുന്നത് സാഹസമാവില്ലേ എന്ന സന്ദേഹത്തിലായിരുന്നു അപ്പോൾ മെത്രാനച്ചൻ. പക്ഷേ, മല്പാനച്ചന്റെയും സെക്രട്ടറിയച്ചന്റെയും ഉത്സാഹം കണ്ടപ്പോൾ, ധർമ്മക്കടലാസു കൊടുക്കാൻ അദ്ദേഹം തയാറായി. അദ്ദേഹം പോരൂക്കരയച്ചനോട് പറഞ്ഞു:

*സെക്രട്ടറി തന്നെ ഒരു ധർമ്മക്കടലാസ് എഴുതിയുണ്ടാക്കൂ.*

രണ്ടച്ചന്മാരും ചേർന്ന് ധർമ്മക്കടലാസിന്റെ കരടു തയ്യാറാക്കി. മലയാളം വശമായിരുന്ന മെത്രാനച്ചൻ പല പേജുകൾ വരുന്ന ആ രേഖ വായിച്ചു മനസ്സിലാക്കിയശേഷം സ്വന്തം കൈപ്പടയിൽ പകർത്തിയെഴുതി ഒപ്പുവച്ചു. ഇരുനൂറു രൂപ സ്വന്തം സംഭാവനയായി അപ്പോൾത്തന്നെ അച്ചന്മാരുടെ കൈയിൽ കൊടുക്കുകയും ചെയ്തു.

സ്തബലീനി മെത്രാന്റെ കൈനീട്ടം നന്നായിരുന്നു. കൊവേന്തയുടെ സ്ഥാപനത്തിനു പലരും സംഭാവനകൾ നൽകി.

പിരിവു മുന്നോട്ടുകൊണ്ടുപോകുന്നതിനു മുമ്പ് കൊവേന്തയ്ക്കു യോജിച്ച സ്ഥലം കണ്ടെത്തണം. സന്യാസത്തിനു വേണ്ടിയുള്ള ആശ്രമമായതു

കൊണ്ട് ജനവാസം കുറഞ്ഞ സ്ഥലമായിരിക്കണം. ശുദ്ധജലം അത്യാവശ്യം. കാറ്റും വെളിച്ചവും ധാരാളം ലഭ്യമായ ഒരു മലയാണെങ്കിൽ നന്നായി. വഞ്ചിയിലും വണ്ടിയിലും എത്താവുന്ന സ്ഥലവുമായിരിക്കണം.

മല്പാനച്ചൻ, പോരുക്കരയച്ചൻ, ചാവറയച്ചൻ, കണിയാന്തറ യാക്കോബ് എന്നിവരും കല്ലുങ്കൽ ഇട്ടി ഐപ്, അദ്ദേഹത്തിന്റെ പണിക്കാരൻ ഇട്ടൻ എന്ന ഈഴവൻ എന്നിവരും ചേർന്നാണ് സ്ഥലം കണ്ടുപിടിക്കാൻ പുറപ്പെട്ടത്.

വെട്ടിക്കാട്ട്മുക്ക്, മുളക്കുളം എന്നിവിടങ്ങളിലാണ് ആദ്യം അന്വേഷണം നടത്തിയത്. മുളക്കുളത്ത് പെരിയപ്പുറം മാത്തൻ വൈദ്യർ സൗജന്യമായി സ്ഥലം നൽകാൻ സന്നദ്ധനായി മുന്നോട്ടുവന്നു. മുളക്കുളത്തു കത്തോലിക്കർക്കു സ്വന്തമായി ഒരു പള്ളിയുണ്ടാക്കുക എന്നതു മാത്തൻ വൈദ്യരുടെ ആഗ്രഹമായിരുന്നു.

എന്നാൽ വൈദ്യരുടെ പുരയിടത്തിനു വീതി കുറവായിരുന്നു. മാത്രവുമല്ല, അങ്ങോട്ടേക്കു വഴി നിർമ്മിക്കേണ്ടിടത്ത് ഒരു വലിയ പാറ തടസ്സം പറയുന്നു. അന്വേഷണസംഘത്തിനു ആ സ്ഥലത്തെക്കുറിച്ച് തൃപ്തി തോന്നിയില്ല.

വെട്ടിക്കാട്ടുമുക്കിനു സമീപമുള്ള ചെമ്മാഞ്ചിക്കുന്നിനെക്കുറിച്ചു കേട്ട് സംഘം അവിടെയെത്തി. കുന്നിന്റെ മുകളിൽ സാധനങ്ങൾ എത്തിക്കുന്നതു വിഷമകരമാണെന്നു കണ്ടതിനാൽ ആ സ്ഥലവും ഉപേക്ഷിച്ചു.

പിറവം, വടകര എന്നീ സ്ഥലങ്ങളിൽ നടത്തിയ അന്വേഷണവും ഫലം ചെയ്തില്ല. തുടർന്ന് തെക്കുഭാഗത്തേക്ക് അന്വേഷണം മാറി. അതിരമ്പുഴയ്ക്കടുത്തുള്ള വേദഗിരിക്കുന്ന് യോജിച്ച സ്ഥലമാണെന്ന് അതിരമ്പുഴപ്പള്ളി വികാരി അറിയിച്ചു. കോട്ടയത്തിനടുത്തുള്ള ഒരു സ്ഥലവം പരിഗണനയ്ക്കെത്തി.

എന്നാൽ സ്ഥലങ്ങൾ സന്ദർശിച്ച അന്വേഷണസംഘത്തിന് ഓരോരോ കാരണങ്ങളാൽ ആ സ്ഥലങ്ങൾ ഇഷ്ടപ്പെട്ടില്ല.

കോട്ടയത്തുനിന്ന് മടങ്ങുമ്പോൾ കുടമാളൂരിനടുത്തു പുല്ലരിക്കുന്ന് എന്ന മനോഹരമായ സ്ഥലം കണ്ടെത്തി. ഇറങ്ങി പരിശോധിച്ചപ്പോൾ എല്ലാ സൗകര്യങ്ങളും അവിടെ ഒത്തിണങ്ങുന്നതായി കണ്ടു. സ്ഥലത്തിന്റെ ഉടമ അതു വില്ക്കാനും തയാർ.

രണ്ടുവർഷം നീണ്ട അന്വേഷണം ഒരു നല്ല കണ്ടെത്തലിൽ അവസാനിച്ചതിലുള്ള സന്തോഷത്തോടെ മടങ്ങിയ സംഘം അനന്തര നടപടികളിലേക്ക് ഉത്സാഹത്തോടെ പ്രവേശിച്ചു. സ്ഥലം വാങ്ങി പള്ളി സ്ഥാപിക്കുന്നതിനു മെത്രാന്റെ അനുവാദം വേണം. അത് ഉടനെതന്നെ സമ്പാദിച്ചു. അടുത്തതായി, സർക്കാരിന്റെ അനുവാദത്തിനു മെത്രാൻ അപേക്ഷിക്കണം. മെത്രാൻ

അപേക്ഷകൾ എഴുതിക്കൊടുത്തു. കൊല്ലത്തുള്ള ആക്ടിംഗ് എക്സിക്യൂട്ടീവിനുവേണം അപേക്ഷ സമർപ്പിക്കാൻ. കൊല്ലത്തു ജനങ്ങൾക്കിടയിലും സർക്കാർ തലത്തിലും സ്വാധീനമുള്ള പോരുക്കരയച്ചനെത്തന്നെ അവിടേക്കയച്ചു.

കൊല്ലത്തു താൻ നേരത്തേ വികാരിയായിരുന്ന തങ്കശ്ശേരിപ്പള്ളിയിലേക്കാണു പോരുക്കരയച്ചൻ നേരേ പോയത്.

പള്ളിയിലാരൊക്കെയോ സുറിയാനിപ്പാട്ടുകൾ പഠിക്കുകയാണ്. പോരുക്കരയച്ചനു ചാരിതാർത്ഥ്യം തോന്നി. താൻ തുടങ്ങിവച്ച ഗാനാലാപനം ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു. മറ്റുപല പള്ളികളിലേക്കും അതു പകർന്നിട്ടുമുണ്ട്. തപ്പുകളാലും കിന്നരങ്ങളാലും ഈ മലയാളക്കര സർവ്വശക്തനെ സ്തുതിക്കട്ടെ. തുമ്പികളും പറവകളും കാറ്റും മേഘങ്ങളും ആ കീർത്തനങ്ങൾ ഏറ്റുവാങ്ങാൻ കാത്തിരിക്കുന്നു.

ദൈവമേ, പ്രപഞ്ചത്തിലെ അനേകകോടി നക്ഷത്രങ്ങളും ഗ്രഹങ്ങളും നിനക്കുമുമ്പിൽ എരിയുന്ന തിരിനാളങ്ങളെങ്കിൽ ഭൂമി നിനക്കുവേണ്ടി പാടുന്ന തംബുരുവല്ലോ... നീയീ ഭൂമിയിൽ വായുവിനെയും ജീവജാലങ്ങളെയും അരുവികളെയും സൃഷ്ടിച്ചത് നിനക്കുവേണ്ടി പാടുവാനാണ്. നീയീ ഭൂമിയിൽ മനുഷ്യരെ സൃഷ്ടിച്ചത് നിന്റെ മഹത്ത്വം അറിഞ്ഞു പാടുവാനാണ്.

ചെറിയൊരാൾക്കൂട്ടത്തിന്റെ നടുവിലാണ് താൻ എന്നു പോരുക്കരയച്ചൻ പെട്ടെന്നു കണ്ടു.

*അച്ചാ, ഞങ്ങൾ അച്ചനെ കാണാൻ ആശിച്ചിരിക്കുകയായിരുന്നു.*

ആളുകൾ ആവേശഭരിതരായി.

*ഞാനൊരു സർക്കാരു കാര്യത്തിനു വന്നതാണു, മക്കളേ. നിങ്ങളെന്തിനാണ് എന്നെക്കാണാൻ ആഗ്രഹിച്ചത്?*

*പോരൂക്കരയച്ചനെക്കാണാൻ തങ്കശ്ശേരിപ്പള്ളിക്കാർ ആഗ്രഹിക്കുന്നതെന്തിനാണെന്നോ? ഞങ്ങൾക്ക് അച്ചനെ മറക്കാൻ കഴിയുമോ? ഈ ഇടവകയെ വളർത്തിയത് അച്ചനല്ലേ. ഏതായാലും അച്ചൻ ഇപ്പോൾ എത്തിയതു നന്നായി. ഞങ്ങളുടെ വികാരിയച്ചൻ അവധിയെടുത്തു പോയിരിക്കുകയാണ്. ഇവിടെയിപ്പോൾ അച്ചന്മാരാരുമില്ല. അച്ചനെ ഞങ്ങൾ വിടില്ല.*

*പക്ഷേ, ഞാൻ അടിയന്തരമായി കുറേ സർക്കാരുകാര്യങ്ങളുമായി വന്നതാണ്. അതുടനേ തീർത്തു മടങ്ങണം.*

*ദൈവമേ, സർക്കാരുകാര്യങ്ങൾ പതുക്കെ നടന്നാൽ മതിയേ... വികാരിയച്ചൻ മടങ്ങിവരുന്നതുവരെയെങ്കിലും പോരുക്കരയച്ചനെ ഇവിടെനിന്നു തിരിച്ചയയ്ക്കരുതേ.*

*സർക്കാരിനു പെറ്റീഷൻ കൊടുക്കാൻ വന്ന എന്നെക്കുറിച്ചു നിങ്ങൾ ദൈവത്തിനു പെറ്റീഷൻ കൊടുക്കുന്നോ?*

*ദൈവമേ, ഞങ്ങൾ അനാഥരാണേ...*

അവരുടെ നിർബന്ധത്തിനു പോരൂക്കരയച്ചൻ വഴങ്ങി. വികാരിയച്ചൻ മടങ്ങിവരുന്നതുവരെ വികാരിയുടെ ജോലികൾ ചെയ്യാമെന്ന് അദ്ദേഹം സമ്മതിച്ചത് തങ്കശ്ശേരിപ്പള്ളി ഇടവകക്കാരെ മുഴുവൻ സന്തോഷിപ്പിച്ചു.

ഇടവകയിലെ ജോലികൾ നിർവ്വഹിക്കുന്നതിനിടയിൽത്തന്നെ പോരൂക്കരയച്ചൻ പുല്ലരിക്കുന്നിൽ പള്ളിയും കൊവേന്തയും പണിയുന്നതിനു സർക്കാരനുമതിക്കുള്ള നടപടികൾ നടത്തിക്കൊണ്ടിരിക്കുകയും ചെയ്തു. വിദേശികൾ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥന്മാർക്കിടയിൽ അച്ചനു സ്വാധീനമുണ്ടായിരുന്നതിനാൽ കാര്യങ്ങൾ വേഗം നീങ്ങി. ദിവാൻജിയുടെ അനുമതി കിട്ടണമെങ്കിൽ ഇനി ഏറ്റുമാനൂർ തഹസീൽദാരുടെ സമ്മതിപത്രം വേണം. അതിനു കൊടുക്കേണ്ട ഉത്തരവ് കൊല്ലത്തെ ഉദ്യോഗസ്ഥന്മാരിൽനിന്നു വാങ്ങി. അതിരമ്പുഴയിലേക്കു മടങ്ങുമ്പോൾ പോരൂക്കരയച്ചൻ സന്തോഷവാനായിരുന്നു.

അതിരമ്പുഴയിൽനിന്ന് ഏറ്റുമാനൂരെത്തി തഹസീൽദാർക്ക് ഉത്തരവ് കൈമാറി.

അടുത്തൊരു ദിവസം ചാവറയച്ചനോടും കണിയാന്തറ യാക്കോബിനോടുമോപ്പം പോരൂക്കരയച്ചൻ അതിരമ്പുഴയ്ക്കു വഞ്ചിയിൽ വരുമ്പോഴാണ് വേറൊരു കുന്നു കണ്ടത്.

നീലാകാശത്തേക്ക് ഒരു കൂപ്പുകൈ പോലെ നിൽക്കുന്ന കുന്ന്.

# 10

**ഏ**കാന്തമായ ഒരു തപസ്സിന്റെ മൗനത്തിലാണ്ട കുന്ന്. വളക്കൂറിന്റെ മുഖലക്ഷണമുള്ള പച്ചക്കാടിന്റെ വല്മീകത്തിലാണു താപസൻ.

പോരുക്കരയച്ചനും ചാവറയച്ചനും യാക്കോബും പരസ്പരം നോക്കി.

*വെള്ളവും വളക്കൂറുമുള്ള മണ്ണ്. കണ്ടില്ലേ കാടിന്റെ കടും പച്ചനിറം അങ്ങു മുകളറ്റംവരെ* – യാക്കോബ് പറഞ്ഞു.

വഞ്ചി നിന്നു.

*മാന്നാനം കുന്ന്* – വഞ്ചിക്കാരൻ പറഞ്ഞു.

*നമുക്കൊന്നു കുന്നുകയറി നോക്കിയാലോ?* – യാക്കോബ് അഭിപ്രായപ്പെട്ടു.

*യാക്കോബേ, കല്യാണനിശ്ചയം കഴിഞ്ഞു പിന്നെയും പെണ്ണുകാണാൻ പോകുന്നതു മാന്യതയല്ല.*

*കല്യാണനിശ്ചയം കഴിഞ്ഞ ഒരാൾ സന്യാസത്തിന് ഇറങ്ങിത്തിരിച്ചതു കൊണ്ട് ഒരു പെൺകുട്ടി രക്ഷപ്പെട്ടതായി കേട്ടിട്ടുണ്ട്* – യാക്കോബ് പറഞ്ഞു.

*എന്നു പറഞ്ഞ്, സന്യാസി രക്ഷപ്പെടുന്നു. അതുപോട്ടെ. മാന്നാനം കുന്നിനെ മറന്നേക്കൂ. പുല്ലരിക്കുന്നിന്റെ കാര്യം ഇത്രയുമൊക്കെയായ സ്ഥിതിക്ക് ഇനി നമ്മൾ സമയം കളയണ്ട* – പോരൂക്കരയച്ചൻ പറഞ്ഞു.

പുല്ലരിക്കുന്നിൽ ക്രൈസ്തവ ദേവാലയവും ആശ്രമവും പണിയുന്നതിന് ആർക്കെങ്കിലും എതിർപ്പുണ്ടോയെന്നു തഹസീൽദാർ വിജ്ഞാപനത്തിലൂടെ അന്വേഷിച്ചപ്പോഴാണ് പ്രശ്നമുയർന്നത്. കുമാരനല്ലൂർ ഭഗവതിയുടെ സങ്കേത മാണ് പുല്ലരിക്കുന്നെന്നും അതിനാൽ തങ്ങൾക്ക് എതിർപ്പുണ്ടെന്നും ക്ഷേത്രം ഊരാണ്മക്കാർ അറിയിച്ചു.

അപ്രതീക്ഷിതമായുണ്ടായ ആ എതിർപ്പ് കൊവേന്ത നിർമ്മാണത്തിന് ഇറങ്ങിത്തിരിച്ചവരെ തളർത്തിക്കളഞ്ഞു. രണ്ടുവർഷം നീണ്ട അന്വേഷണ ത്തിനുശേഷം കണ്ടുപിടിച്ച ഇഷ്ടസ്ഥലമായിരുന്നു പുല്ലരിക്കുന്ന്. അതു വാങ്ങാനുള്ള നടപടികൾ ഏറെ പുരോഗമിക്കുകയും ചെയ്തതാണ്. എന്നാ ലിപ്പോൾ വഞ്ചി വീണ്ടും തിരുനക്കരെത്തന്നെ.

തടസ്സവാദം ഉന്നയിക്കുന്ന ഊരാണ്മക്കാരെ എതിർത്തു തോല്പിക്കണ മെന്ന ആവേശവുമായി പലരും മുന്നോട്ടുവന്നു. ഏറ്റുമാനൂരിൽനിന്ന് ഒജനാർ മേത്തർ എന്ന വ്യാപാരിപ്രമുഖൻ ഇക്കാര്യത്തിൽ അച്ചന്മാർക്ക് എന്തു പിന്തു ണയും നൽകാൻ തയ്യാറായി എത്തി.

എന്നാൽ, വഴക്കുവേണ്ട എന്ന നിലപാടിലായിരുന്നു അച്ചന്മാർ.

കൂട്ടത്തിൽ ഏറ്റവും ചെറുപ്പമായ ചാവറയച്ചനെ ചൂടാക്കാൻ കഴിഞ്ഞേക്കു മെന്നു ചിലർ പ്രതീക്ഷിച്ചു. പക്ഷേ, അവരുടെ ശ്രമം ഫലിച്ചില്ല.

*നമുക്കങ്ങു തോറ്റുകൊടുക്കാം. ജയിക്കണമെന്ന സഹജമായ ആഗ്ര ഹത്തെ അങ്ങനെ നമുക്കു തോല്പിക്കാം. ദൈവത്തിനുമുന്നിൽ അതായി രിക്കും ജയം.*

ചാവറയച്ചന്റെ പ്രതികരണം അങ്ങനെയായിരുന്നു.

*തോൽക്കുന്നെങ്കിൽത്തന്നെ അത് അന്തസ്സോടെ ആകരുതോ? മാന്യമായ ഒരു ഒത്തുതീർപ്പ് ആയിക്കൂടേ? പിടിവാശിക്കുംവേണം ഒരതിര്. ക്ഷമയ്ക്കും വേണം അതിര്.*

*ക്ഷമയ്ക്ക് അതിരു കല്പിക്കരുത്. എന്നും എവിടെയും എല്ലാവരോടും എന്നാണ് ക്ഷമയുടെ പ്രമാണം* – ചാവറയച്ചൻ പറഞ്ഞു.

സദാ ആടിനെപ്പോലെ ശാന്തനായ ചാവറയച്ചനെ വഴക്കിനു പ്രേരിപ്പിക്കാൻ ശ്രമിച്ചതിൽ അവർക്ക് സ്വയം പുച്ഛം തോന്നി.

പോരൂക്കരയച്ചനും യാക്കോബും മാന്നാനം കുന്നിനെക്കുറിച്ചോർമ്മിച്ചു. അന്വേഷണസംഘവും കുടമാളൂർക്കാരായ ചില സഹായികളും ഉടൻ അങ്ങോട്ടു തിരിച്ചു.

കുന്നിന്റെ അടിവാരത്തു താമസിക്കുന്ന കുടുംബത്തിന്റെ സഹായത്തോടെ അവർ കുന്നുകയറി. ഇടതൂർന്ന കുറ്റിക്കാടുകൾ കുന്നിന്റെ പടച്ചട്ടപോലെ ആരോഹകരെ ചെറുത്തു. കാടുകൾ ഒടിച്ചും വെട്ടിയും നീങ്ങിയ സംഘത്തെ അവരുടെ തളരാത്ത ആവേശം മുകളിലേക്കു കൊണ്ടു പോയി.

പകുതിവഴിയായപ്പോഴേക്കും ആവേശം ഇരട്ടിച്ചു. കാരണം, പ്രകൃതിയുടെ സൗന്ദര്യവിസ്തൃതി അവരുടെ മുന്നിൽ തുറക്കപ്പെടുകയായിരുന്നു. പടിഞ്ഞാറുനിന്നു കടന്നുവന്ന കാറ്റിലുരുമ്മി പ്രകൃതി അവരോട് അനുനയം തുടങ്ങുകയായിരുന്നിരിക്കണം.

രണ്ടുവർഷമായി തങ്ങൾ അന്വേഷിച്ചിരുന്നത് ഈ മലയാണെന്ന് അവർ മനസ്സിലാക്കുകയായിരുന്നു. കാടിന്റെ വല്മീകത്തിനുള്ളിൽ താൻ തപസ്സിരുന്നത് ഈ പാദസ്പർശനത്തിനുവേണ്ടിയായിരുന്നുവെന്ന് മലയും മനസ്സിലാക്കുകയായിരുന്നു.

മലയുടെ കന്യാമണ്ണിലൂടെ അവർ മുകളിലേക്ക്, മുകളിലേക്കു നടന്നു.

മുകളറ്റം.

പെട്ടെന്ന് അവരുട കണ്ണുകൾ അനേകം കാതങ്ങൽ അകലേക്കു പറന്നു... തോടുകളും മലകളും പാടങ്ങളും കടന്ന് വേമ്പനാട്ടുകായലോളം; സൂര്യൻ ഒരു ചുവന്ന മുറിവായിത്തീരുന്ന വിശാല ചക്രവാളത്തോളം...

ദൈവമേ, ഇത്രയുംകാലം ഞങ്ങളറിയാതെ നീ ഞങ്ങളെ നടത്തിക്കൊണ്ടിരുന്നത് ആകാശത്തിനടുത്തു നീ സൂക്ഷിച്ച ഈ മനോഹര സ്ഥലിയിലേക്കായിരുന്നു അല്ലേ? നിന്റെ വഴികൾ കൊടുംകാട്ടിലൂടെയും പാറക്കെട്ടിലൂടെയും മരുഭൂമിയിലൂടെയും ആയാലും അവയെല്ലാം നിന്റെ ഉദ്യാനത്തിലേക്കാണെന്ന് ഒരിക്കൽകൂടി എനിക്കു ബോധ്യപ്പെടുന്നു... ചാവറയച്ചൻ മനസ്സിൽ പറഞ്ഞു.

ആ മലയുടെ മുകളിൽ, സന്ധ്യയ്ക്കു കീഴിലിരുന്ന് അവർ ദൈവത്തെ നമസ്ക്കരിച്ചു.

അച്ചന്മാർക്കു സ്ഥലം ബോധിച്ചുവെന്ന് മനസ്സിലായപ്പോൾ സ്ഥലമുടമയ്ക്കു സന്തോഷമായി. പള്ളിക്കും ആശ്രമത്തിനുമായി തന്റെ സ്ഥലം തെരഞ്ഞെടുക്കപ്പെട്ടല്ലോ എന്നായിരുന്നു അയാളുടെ ചാരിതാർത്ഥ്യം.

പുതിയ സ്ഥലത്തെക്കുറിച്ചുള്ള വിവരങ്ങളുമായി പിറ്റേന്നുതന്നെ സ്തബ ലീനി മെത്രാന്റെ പക്കലേക്ക് പോരൂക്കരയച്ചൻ പുറപ്പെട്ടു. ഔദ്യോഗിക നട പടികൾ ഒരിക്കൽകൂടി ആവർത്തിക്കേണ്ടിയിരിക്കുന്നു.

അപേക്ഷയുമായി ഇത്തവണയും കൊല്ലത്തേക്കു പോയതു പോരുക്കര യച്ചൻ തന്നെ. കാര്യങ്ങൾ വേഗത്തിൽ നീങ്ങി. തഹസീർദാർക്ക് അപേ ക്ഷയും നൽകി.

താത്കാലിക ഉത്തരവിന്റെ അടിസ്ഥാനത്തിൽ കാടുവെട്ടിത്തെളിക്കാൻ തുടങ്ങി. അച്ചന്മാർക്ക് പിന്നെയങ്ങോട്ട് വിശ്രമമില്ലാത്ത ജോലിയായിരുന്നു. പണിക്കാർ, അവർക്കുവേണ്ട ഭക്ഷണസാധനങ്ങൾ, പണിയായുധങ്ങൾ... ഒക്കെയും സംഘടിപ്പിച്ച് പണിസ്ഥലത്ത് എത്തിക്കണം. സമീപവാസികളുടെ സഹകരണം നല്ലവണ്ണം ലഭിച്ചതിനാൽ വലിയ പ്രയാസംകൂടാതെ എല്ലാം നടന്നുകൊണ്ടിരുന്നു.

പള്ളി പണിയുന്ന കുന്നിന് അച്ചന്മാർ സുറിയാനിയിൽ പുതിയൊരു പേരിട്ടു:

*ബേസ് റൗമ.*

സ്വർഗ്ഗീയ ഭവനം അഥവാ ഉയരങ്ങളിലെ ഭവനം.

കാടുതെളിക്കൽ വിഷമകരമായ ജോലിയായിരുന്നു. പണിക്കാർക്ക് ആവശ്യമായ കുടിവെള്ളം *ബേസ് റൗമ*യിൽ എത്തിക്കുക എന്നതുതന്നെ വിഷമകരം. കുന്നിൽ ഒരു കിണറുണ്ടായിരുന്നെങ്കിൽ എന്ന് എല്ലാവരും ആഗ്രഹിച്ചു. ദൈവം അനുഗ്രഹിച്ചാൽ ആ പ്രശ്നത്തിനും പരിഹാരമുണ്ടാ വുമെന്നു ചാവറയച്ചൻ പണിക്കാരെ സമാധാനിപ്പിച്ചു. രണ്ടു ദിവസത്തിനു ശേഷം കാടുമൂടിക്കിടന്നൊരു കിണർ കുന്നിന്റെ മുകൾ ഭാഗത്തായി കണ്ടെത്തി. തൊഴിലാളികൾ ഉത്സാഹത്തോടെ കാടുവെട്ടിത്തെളിച്ചു. കിണർ തേവി ശുദ്ധമാക്കിയെടുത്തു. ദാഹജലത്തിന്റെ പ്രശ്നത്തിന് അതോടെ പരി ഹാരമായി.

ദിവസവും അതിരമ്പുഴയിൽ ദിവ്യബലി അർപ്പിച്ചതിനുശേഷമായിരുന്നു അച്ചന്മാർ ബേസ് റൗമയിൽ എത്തിയിരുന്നത്. പള്ളിപ്പുറം സെമിനാരിയിലെ കാര്യങ്ങളും നടക്കേണ്ടിയിരുന്നതിനാൽ പാലയ്ക്കൽ മല്പാന് അവിടെ പ്പോകാൻ കഴിയാതിരുന്ന ദിവസങ്ങളിൽ ചാവറയച്ചൻ സെമിനാരിക്കാര്യ ങ്ങൾ നോക്കിപ്പോന്നു.

ആയിടയ്ക്കാണ് സ്തബലീനി മെത്രാന് ആരോഗ്യപരമായ കാരണ ത്താൽ അർത്തുങ്കൽപ്പള്ളിയിൽനിന്നു കുടമാളൂർ പള്ളിയിലേക്കു താമസം മാറ്റേണ്ടിവന്നത്. മാന്നാനത്തെ പള്ളിപണിയുടെ വിവരങ്ങൾ അപ്പപ്പോൾ അറി ഞ്ഞുകൊണ്ടിരിക്കാൻ അത് അദ്ദേഹത്തെ സഹായിച്ചു.

ദിവസവും അതിരമ്പുഴയിൽ പോയി കുർബ്ബാന ചൊല്ലി മാന്നാനത്തു വന്ന് പണികൾ നടത്തുന്നതു വൈദികർക്ക് ബുദ്ധിമുട്ടായാതിനാൽ *ബേസ് റൗമ*യിൽ താത്കാലികമായി ഓലകൊണ്ട് ഒരു കുരിശുപുര കെട്ടി കുർബാന ചൊല്ലുവാൻ അവർ മെത്രാനച്ചന്റെ അനുവാദം തേടി. ഓലകൊണ്ടു കെട്ടാതെ കല്ലുകൊണ്ടു ചെറിയൊരു കുരിശുപുര നിർമ്മിച്ചു കുർബാന ചൊല്ലുവാൻ മെത്രാൻ അനുമതി നൽകി.

മലയാളം വായിക്കുന്നതിലും എഴുതുന്നതിലും തത്പരനായിരുന്നു ഐറിഷുകാരനായ മെത്രാനച്ചൻ. അച്ചന്മാർ മുതൽപ്പടിക്കാരനു കൊടുക്കാൻ വേണ്ടി തയ്യാറാക്കിക്കൊണ്ടിരുന്നു ഒരു കത്ത് കണിയാന്തറ യാക്കോബിന്റെ കൈവശം കണ്ട മെത്രാനച്ചൻ ആ കത്ത് സ്വന്തം കൈയക്ഷരത്തിൽ എഴുതി പൂർത്തിയാക്കി കൊടുത്തയയ്ക്കുകയും ചെയ്തു.

കാര്യങ്ങൾ നടത്തുന്നതിൽ വളരെ സമർത്ഥനായിരുന്നു കണിയാന്തറ യാക്കാബ്. തഹസീൽദാർ ഓഫീസിൽനിന്നും മറ്റും സാധിക്കേണ്ട കാര്യ ങ്ങൾ പണച്ചെലവില്ലാതെത്തന്നെ അദ്ദേഹം സാധിച്ചെടുത്തു. അദ്ദേഹവും ചാവറയച്ചനുംകൂടി കുന്നിലെ പണികൾക്കു മേൽനോട്ടം വഹിച്ചു.

ഏറെയാത്രകൾ നടത്താനുള്ള ആരോഗ്യം ചാവറയച്ചന് ഇല്ലാതിരുന്ന തിനാൽ ഇടവകകൾതോറും പിരിവുനടത്തി പണവും നെല്ലും മറ്റും കൊണ്ടു വരുന്ന ജോലി പോരൂക്കരയച്ചൻ ഏറ്റെടുത്തു.

പള്ളി പണിയാൻ ഔദ്യോഗികമായി അന്തിമ അനുമതി ലഭിച്ചതോടെ കാര്യങ്ങൾ കൂടുതൽ വേഗത്തിൽ പുരോഗമിക്കയായി. എത്രയും വേഗം കുരിശു സ്ഥാപിച്ചുകൊള്ളാൻ മെത്രാനച്ചൻ നിർദ്ദേശിച്ചു.

കുന്നിന്റെ അടിവാരത്ത് ചിറ്റേഴത്ത് ഈച്ചിരൻ എന്നയാൾ വിട്ടുകൊടുത്ത കളപ്പുരയിലായിരുന്നു മിക്കവരുടെയും താമസവും ഭക്ഷണവും. തയ്യിൽ തര കൻ കൊടുത്ത മരംകൊണ്ട് ഒരു കുരിശു നിർമ്മിച്ച് കളപ്പുരയിൽ വച്ചു പോരൂ ക്കരയച്ചൻ വെഞ്ചരിച്ചു.

മരങ്ങളും പുല്ലുകളും പൂത്തുനിന്ന മേടമാസത്തിലെ ഒരു ദിവസമായി രുന്നു അത്.

ധാരാളം ആളുകൾ എത്തി. സന്ധ്യയായപ്പോൾ എല്ലാവരും ചേർന്ന് കൊട്ടും ഘോഷവുമായി പൂമണത്തിന്റെയും പടിഞ്ഞാറൻ കാറ്റിന്റെയും അകമ്പടിയോടെ കുന്നിൻമുകളിലേക്കു കയറി. കുരിശു സ്ഥാപിച്ചപ്പോൾ മൂന്നു വൈദികരുടെയും അനേകം സ്ഥലവാസികളുടെയും ഹൃദയങ്ങൾ ദൈവത്തിൽ ഒന്നുചേർന്നു. സകല പുണ്യവാന്മാരുടെയും ലുത്തിനിയയിൽ കലർന്നു. രാത്രി *ബേസ് റൗമ*യുടെ മുകളിൽ നിന്ന് താഴേക്ക് ഇറങ്ങി.

പെട്ടെന്ന് ആൾക്കൂട്ടത്തിൽനിന്ന് ഒരാളുടെ നിലവിളി ഉയർന്നു. അയാളെ പമ്പുകടിച്ചിരിക്കുന്നു. എല്ലാവർക്കും പരിഭ്രമമായി. അയാളെ എത്രയുംവേഗം താഴേക്കു കൊണ്ടുപോകാനുള്ള ശ്രമമായി. എന്നാൽ അല്പം നടന്നതോടെ അയാൾ തീരെ അവശനായിത്തീർന്നു. ഒരുവിധത്തിൽ താഴെയെത്തിച്ചു. പക്ഷേ, അടുത്തെങ്ങും വിഷഹാരി ഉണ്ടായിരുന്നില്ല. പോരൂക്കരയച്ചൻ രോഗിയുടെ മേൽ വിശുദ്ധജലം തളിച്ചുകൊണ്ട് പറഞ്ഞു:

*എങ്ങും കൊണ്ടുപോകേണ്ട. എല്ലാവരും പ്രാർത്ഥിച്ചാൽ മതി.*

ആളുകൾ പ്രാർത്ഥിച്ചു. രോഗിയെ വിഷഹാരിയുടെ പക്കൽ കൊണ്ടുപോയതുമില്ല.

നേരം പുലർന്നപ്പോഴേക്കും രോഗി പൂർണ്ണസൗഖ്യം പ്രാപിച്ചു...!

# 11

**ബേ**സ് റൗമയിൽ കുരിശ് ഉയർന്നതു മുതൽ ആളുകൾ അവിടേക്കു ധാരാളമായി എത്തിക്കൊണ്ടിരുന്നു. പുതിയൊരു പുണ്യസങ്കേതം കണ്ടെത്തിയ മട്ടിലായിരുന്നു ആളുകൾ.

കുരിശിനു സമീപം ജോലിക്കാർക്കായി ഒരു പന്തൽ കെട്ടി. അവിടത്തെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി പകൽ മുഴുവൻ അവർ മല തെളിക്കും. സന്ധ്യയ്ക്ക് സകല പുണ്യവാന്മാരുടെയും ലുത്തിനിയ.

പുണ്യത്തിന്റെ പർവ്വതങ്ങൾ താണ്ടി സ്വർഗ്ഗത്തിന്റെ നിത്യതയിലേക്കു കയറിപ്പോയ മുഖ്യപിതാക്കളും ദീർഘദർശികളുമായ വിശുദ്ധർ, കർത്താവിന്റെ ശിഷ്യരായ വിശുദ്ധർ, വേദസാക്ഷികളായ വിശുദ്ധർ, വേദശാസ്ത്രികളായ വിശുദ്ധർ, ഗുരുക്കന്മാരും ആചാര്യരും സന്യാസികളും തപോധനന്മാരുമായ വിശുദ്ധർ, കന്യകകളും വിധവകളുമായ പുണ്യവതികൾ... അവരുടെ രാപ്പകലുകളില്ലാത്ത ലോകത്തേക്ക്, അവസാനമില്ലാത്ത ചിദാനന്ദത്തിലേക്ക്, *ബേസ് റൗമ*യിലെ വിയർപ്പിന്റെ ഗന്ധമുള്ള സന്ധ്യകൾ കൈകൂപ്പി കേണു:

*ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ...*

*ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ...*

*ബേസ് റൗമ*യിൽ കപ്പേള പണിയാൻ മെത്രാനച്ചൻ അനുവദിച്ചതനുസരിച്ച് ഉടൻ തന്നെ കപ്പേള നിർമാണം തുടങ്ങി. ശിലാസ്ഥാപനം നിശ്ചയിച്ചു.

1831 മേയ് 11നു സ്തബലീനി മെത്രാൻ ശിലാസ്ഥാപനം നിർവ്വഹിക്കാനായിരുന്നു തീരുമാനം.

ആ ദിവസം അടുത്തപ്പോഴേക്കും മെത്രാനച്ചന്റെ അസുഖം വർദ്ധിച്ചു. എന്നാൽ ഇടവകകളിലേക്കെല്ലാം ക്ഷണക്കത്ത് അയച്ചുപോയിരുന്നതിനാൽ തീയതി മാറ്റുക അപ്രായോഗികമായിരുന്നു. അതുകൊണ്ട് താൻ എങ്ങിനെയും എത്താമെന്നു മെത്രാനച്ചൻ സമ്മതിച്ചു. തലേദിവസം വൈകുന്നേരത്തോടെ അദ്ദേഹത്തെ മലമുകളിലേക്കു ചുമന്നു കയറ്റുകയായിരുന്നു. അദ്ദേഹത്തിനു കിടക്കുവാനായി ഒരു ഓലപ്പുര അവിടെ നിർമ്മിച്ചിരുന്നു. അദ്ദേഹം ഓലപ്പുരയിലും മറ്റുള്ളവർ പന്തലിലുമായികിടന്നു.

നേരം പുലർന്നപ്പോൾ മെത്രാനച്ചന്റെ അസുഖം കലശലായിക്കഴിഞ്ഞിരുന്നു. അദ്ദേഹത്തിന് എഴുന്നേറ്റു നിൽക്കുവാൻപോലും വയ്യാത്ത സ്ഥിതി.

ഈ സാഹചര്യത്തിൽ ശിലാസ്ഥാപനം പാലയ്ക്കലച്ചൻ നിർവ്വഹിക്കട്ടെയെന്ന് മെത്രാൻ പറഞ്ഞു. എങ്കിൽ പോരുക്കരയച്ചനാകട്ടെ എന്നായിരുന്നു പാലയ്ക്കലച്ചന്റെ മറുപടി. പോരൂക്കരയച്ചനും പാലയ്ക്കലച്ചനും തമ്മിൽ കുറെ തർക്കിച്ചശേഷം പോരൂക്കരയച്ചൻ തന്നെ എന്നു തീരുമാനമായി.

ആശ്രമം ആരുടെ നാമധേയത്തിലായിരിക്കണമെന്ന് അതുവരെ തീരുമാനിച്ചിട്ടില്ലായിരുന്നു. സ്നാപകയോഹന്നാന്റെ പേരാണ് മെത്രാൻ നിർദ്ദേശിച്ചത്. എന്നാൽ വിശുദ്ധ ദൊമിനിങ്കോസിന്റെ സഭക്കാരുടെ സന്യാസജീവിതത്തിൽ ആകൃഷ്ടനായിരുന്ന പാലയ്ക്കൽ മല്പാൻ ആ വിശുദ്ധന്റെ പേരിലാവാം ആശ്രമം എന്നു പറഞ്ഞു. വിശുദ്ധ യൗസേപ്പിന്റെ ഉറച്ച ഭക്തനായ പോരൂക്കരയച്ചനാവട്ടെ യൗസേപ്പുപിതാവിന്റെ പേരു മുന്നോട്ടു വച്ചു. ഉടനെ മെത്രാനച്ചനും പാലയ്ക്കൽ മല്പാനും ഇതു സമ്മതിക്കുകയും ചെയ്തു. അങ്ങനെ മൗറേലിയൂസ് സ്തബലീനി മെത്രാപ്പോലീത്തയുടെ സാന്നിദ്ധ്യത്തിൽ 1831 മേയ് 11-ന് മാന്നാനം *ബേസ് റൗമ*യിൽ വിശുദ്ധ യൗസേപ്പു പിതാവിന്റെ നാമത്തിൽ ആശ്രമത്തിന് പോരൂക്കര തോമാ അച്ചൻ അടിസ്ഥാന ശിലയിട്ടു. പാലയ്ക്കൽ തോമോ മല്പാനും ചാവറ കുര്യാക്കോസ് അച്ചനും ആത്മാവിൽ പുളകത്തോടെ സഹകാർമ്മികരായ ആ ദിവ്യമുഹൂർത്തത്തിന് അനേകം വൈദികരും അല്മായരും സാക്ഷ്യം വഹിച്ചു.

അസുഖം വഷളായിക്കഴിഞ്ഞിരുന്നതിനാൽ മെത്രാനച്ചൻ അപ്പോൾത്തന്നെ കുടമാളൂരിലേക്കുപോയി. രണ്ടാഴ്ചക്കുശേഷമാണ് കപ്പേളയുടെ പണി പൂർത്തിയായത്. പെന്തക്കുസ്താ ദിനത്തിൽ കപ്പേള വെഞ്ചരിച്ചു ദിവ്യബലി അർപ്പിച്ചു. ചടങ്ങിൽ എത്തിയിരുന്ന എല്ലാ വൈദികരും ഓരോ

രൂപ നേർച്ചയിട്ടതുവഴി അമ്പതിധികം രൂപ ലഭിച്ചു. പിറ്റേന്നുതന്നെ ആശ്രമത്തിന്റെ പണി തുടങ്ങി. കണിയാന്തറ യാക്കോബ് പണികൾക്ക് വിദഗ്ധമായ മേൽനോട്ടം നൽകി.

ആശ്രമ നിർമ്മാണം കാര്യമായ മുടക്കമില്ലാതെ നടക്കുമ്പോഴാണ് സ്തബലീനി മെത്രോപോലീത്തയ്ക്കു യൂറോപ്പിലേക്കു സ്ഥലംമാറ്റമുണ്ടായത്. മെത്രാനച്ചനെ അർത്തുങ്കൽ പള്ളിയിലേക്ക് താമസം മാറാൻ പ്രേരിപ്പിച്ചതു പാലയ്ക്കൽ മല്പാനും പോരൂക്കരയച്ചനും ചാവറയച്ചനും ചേർന്നാണെന്ന തെറ്റിദ്ധാരണയാൽ ഇതിനിടയിൽ പത്തു ലത്തീൻ പള്ളികൾ ഈ വൈദികരെ ബഹിഷ്ക്കരിക്കാൻ തീരുമാനിച്ചിരുന്നു. ഒരു വിഭാഗം ആൾക്കാർ ഇപ്പോഴും തന്നോടു വിരോധംവച്ചു പുലർത്തുന്നുവെന്നതിലും അതിന്റെ പേരിൽ മൂന്നു വൈദികർക്കെതിരേ ബഹിഷ്ക്കരണം പ്രഖ്യാപിച്ചുവെന്നതിലും മനംനൊന്ത മെത്രാനച്ചൻ സ്വയം സ്ഥലംമാറ്റത്തിന് അപേക്ഷിക്കയായിരുന്നു.

സ്തബലീനി മെത്രാപോലീത്തയുടെ സ്ഥലം മാറ്റം മൂന്നു വൈദികരെയും വല്ലാതെ വേദനിപ്പിച്ചു. ആശ്രമം സ്ഥാപിക്കുന്നതിന് അനുവാദം മാത്രമല്ല സഹായവും പ്രോത്സാഹനവും അദ്ദേഹം നൽകിയിരുന്നു. അദ്ദേഹത്തിനു തങ്ങളെക്കുറിച്ചുണ്ടായിരുന്ന മതിപ്പും പിതൃതുല്യമായ വാത്സല്യവും അവർക്ക് ഒരിക്കലും മറക്കാനാവതായിരുന്നില്ല.

മെത്രാനച്ചനെ യാത്രയാക്കാൻ പാലയ്ക്കലച്ചനോടൊത്തു പള്ളിപ്പുറത്തുനിന്നു ചാവറയച്ചനും മാന്നാനത്തുനിന്നു പോരൂക്കരയച്ചനോടൊപ്പം യാക്കോബും അർത്തുങ്കൽ പള്ളിയിൽ എത്തി. അനേകം പള്ളികളിൽ നിന്നും വൈദികരും അല്മായ പ്രതിനിധികളും എത്തിയിരുന്നു.

മെത്രാനച്ചനോടു യാത്ര പറയാൻ കടന്നുചെന്നപ്പോഴേക്കും ചാവറയച്ചന്റെ ശരണമെല്ലാം കെട്ടിരുന്നു. മറ്റു രണ്ട് അച്ചന്മാരും അതേ അവസ്ഥയിൽത്തന്നെയായിരുന്നു. മൂന്ന് അച്ചന്മാരും കരഞ്ഞുപോയി. വയോവൃദ്ധിയുടെ അനുഗ്രഹങ്ങളും വാത്സല്യവും തളംകെട്ടിയ കുഴിഞ്ഞ വെള്ളാരങ്കണ്ണുകളിലും നീർ പടർന്നു. ചുളിഞ്ഞു വിളറിയ തോലിനുമീതേ നീലധമനികൾ എഴുന്നു നിൽക്കുന്ന മെല്ലിച്ച കൈകളുയർത്തി അദ്ദേഹം അവരെ ആശീർവ്വദിച്ചു. *ബേസ് റൗമ*യുടെ മുകളിൽ ഉയർന്നുവരുന്ന കൊവേന്തയുടെ രൂപം അദ്ദേഹത്തിന്റെ മനസ്സിൽ തെളിഞ്ഞിരിക്കണം.

*ദൈവത്തിന്റെ പദ്ധതികൾ വളരെ വളരെ വലുതാണ്. നമുക്ക് ഊഹിക്കാൻ പോലും വയ്യാത്തത്ര വലുത്. അവയിൽ ഭാഗഭാക്കാകാനേ നമുക്കാവൂ. നമുക്കും വളരെ അപ്പുറമായിരിക്കും അവ പൂർത്തിയാവുന്നത്. നമ്മൾ കാത്തു നിൽക്കേണ്ടതില്ല.*

മെത്രാനച്ചൻ പറഞ്ഞു.

മെത്രാനച്ചനെ വഹിച്ചുകൊണ്ടു വില്ലുവണ്ടി കടപ്പുറത്തേക്ക് നീങ്ങി. അച്ചന്മാർ പിന്നാലെ നടന്നു ചെന്ന് അദ്ദേഹത്തോടൊപ്പം വഞ്ചിയിൽക്കയറി. കേരളക്കരയെ അദ്ദേഹം സ്നേഹത്തോടെ ഒരിക്കൽകൂടി തിരിഞ്ഞു നോക്കി. സ്നേഹം ആ കണ്ണുകളിൽ നീർത്തുള്ളികളായി.

സ്നേഹം എന്നുമതെ. അവസാനം ഒരു കണ്ണീർതുള്ളിയാണ്.

വഞ്ചി കപ്പലോളം എത്തി. അദ്ദേഹം കപ്പലിലേക്കു കയറി. സന്നദ്ധനായ ഒരു നാവികനെപ്പോലെ കാറ്റു തിരക്കുകൂട്ടി.

കപ്പലിന്റെ പായ വിരിഞ്ഞു. നങ്കുരം ഉയർന്നു. അരികുകളിൽ ഓളങ്ങൾ വെമ്പൽപൂണ്ടു.

സ്തബലീനി മെത്രാപ്പോലീത്തയുമായി പായ്ക്കപ്പൽ പടിഞ്ഞാറേക്കു നീങ്ങി...

# 12

സ്തബലീനി മെത്രാപ്പോലീത്തയുടെ പിൻഗാമിയായി എത്തിയതു ഫ്രാൻസിസ് സേവ്യർ മെത്രാപ്പോലീത്തയാണ്. പണ്ടു മിഷനറിയായി വരാപ്പുഴയിൽ സേവനം ചെയ്തിട്ടുള്ള പുതിയ മെത്രാപ്പോലീത്തയെ പാലയ്ക്കൽ മല്പാൻ വരാപ്പുഴ അരമനയിൽ സന്ദർശിച്ചു. പഴയ മെത്രാനച്ചന്റെ സെക്രട്ടറിയായിരുന്ന മല്പാനച്ചനെ കണ്ടപ്പോൾ തനിക്കൊരു സെക്രട്ടറിയെ സംഘടിപ്പിച്ചു തരണമെന്ന് മെത്രാപ്പോലീത്ത ആവശ്യപ്പെട്ടു. മംഗലത്തു ചാണ്ടിയച്ചനെ മല്പാനച്ചൻ ഏർപ്പെടുത്തിക്കൊടുക്കുകയും ചെയ്തു.

ചാവറയച്ചനും പോരൂക്കരയച്ചനും ഇടയ്ക്കിടെ പുതിയ മെത്രാനച്ചനെ സന്ദർശിച്ചുപോന്നു.

എന്നാൽ ആ ബന്ധത്തിൽ വിള്ളൽ വീഴാൻ താമസമുണ്ടായില്ല. പാലയ്ക്കൽ-പോരൂക്കര-ചാവറ വൈദികത്രയത്തോട് വിരോധമുണ്ടായിരുന്നവർ മെത്രാന്റെ ചെവി കടിക്കുകയായിരുന്നു. കൊവേന്ത നിർമ്മാണത്തിന്റെ പേരിൽ ഈ അച്ചന്മാർ പണം പിരിച്ചു സ്വന്തം കുടുംബങ്ങളിലേക്കു കൊണ്ടുപോകുന്നുവെന്നുവരെ അവർ ആരോപിച്ചു.

മാന്നാനത്തായിരുന്ന ചാവറ-പോരൂക്കരയച്ചന്മാരെയും പള്ളിപ്പുറത്തു നിന്നു മല്പാനച്ചനെയും മെത്രാൻ അരമനയിലേക്കു വിളിച്ചുവരുത്തി; കൊവേന്ത നിർമ്മാണത്തെക്കുറിച്ച് ചോദ്യം ചെയ്തു. മറുപടികളിൽ കുറ്റമൊന്നും മണക്കാൻ കഴിയാതെ വന്നപ്പോൾ മെത്രാൻ ചോദിച്ചു:

*ആരുടെ അനുവാദത്തോടെയാണ് നിങ്ങൾ കൊവേന്ത ആരംഭിച്ചത്?*

*സ്തബലീനി മെത്രപ്പോലീത്തയുടെ.*

*രേഖാമൂലമായ അനുവാദമാണ് എനിക്കു കാണേണ്ടത്. രേഖാമൂലം.*

പിറ്റേന്നുതന്നെ പോരുക്കരയച്ചൻ, സ്തബലീനി മെത്രാൻ എഴുതി നൽകിയിരുന്ന അനുമതിപത്രവുമായി ഫ്രാൻസിസ് സേവ്യർ മെത്രാനെ കണ്ടു.

മെത്രാൻ അതു വായിച്ചുനോക്കിയശേഷം മടക്കിനൽകുകമാത്രം ചെയ്തു. ഒന്നും മിണ്ടിയില്ല.

ഒരാഴ്ചക്കുശേഷം മാന്നാനത്തു ചാവറയച്ചന് മെത്രാനച്ചന്റെ ഒരു കത്തു കിട്ടി. ചാവറയച്ചനെ തെക്കൻ പള്ളിപ്പുറം പള്ളിയിൽ വികാരിയായി സ്ഥലം മാറ്റിക്കൊണ്ടുള്ളതായിരുന്നു കത്ത്. അച്ചൻ ഞെട്ടിപ്പോയി.

സ്ഥലം മാറിയാൽ മാന്നാനത്തെ പണികളെല്ലാം മുടങ്ങും. മല്പാനച്ചൻ പള്ളിപ്പുറം സെമിനാരിയിൽ സുഖമില്ലാതെ കഴിയുകയാണ്. പോരൂക്കരയച്ചനാവട്ടെ പിരിവിനുവേണ്ടി സദാ യാത്രയിലുമാണ്. കണിയാന്തറയ്ക്കുമാത്രമായി വഹിക്കാവുന്ന ജോലിയല്ല മാന്നാനത്തുള്ളത്.

മെത്രാനെ കണ്ടു കാര്യങ്ങൾ ബോധിപ്പിക്കാൻ പോരൂക്കരയച്ചനുമായി ആലോചിച്ചു ചാവറയച്ചൻ തീരുമാനിച്ചു.

പിറ്റേന്നുതന്നെ ചാവറയച്ചൻ വരാപ്പുഴ അരമനയിലെത്തി. മെത്രാന്റെ കരം ചുംബിച്ചശേഷം പറഞ്ഞു:

*എന്നെ പള്ളിപ്പുറം വികാരിയായി നിയമിച്ചുകൊണ്ടുള്ള പിതാവിന്റെ കത്തു കിട്ടി. ദയവുചെയ്ത് അതു റദ്ദാക്കണം.*

മെത്രാൻ കടുപ്പിച്ചൊന്നു നോക്കി.

*ഞാൻ മാറിയാൽ ആശ്രമംപണി മുടങ്ങും. മല്പാനച്ചനു സെമിനാരിയിൽ നിന്നു മാറിനില്ക്കാൻ സമയമില്ല. പോരൂക്കരയച്ചനാവട്ടെ പള്ളികളിലും വീടുകളിലും പിരിവിനായി എപ്പോഴും യാത്രയിലുമാണ്. ദയവുചെയ്ത് വികാരിത്തത്തിൽ നിന്ന് എന്നെ ഒഴിവാക്കണം.*

മെത്രാനച്ചന്റെ ശരീരത്തിലെ രക്തം മുഴുവൻ അദ്ദേഹത്തിന്റെ മുഖത്തേയ്ക്കിരച്ചെത്തിയെന്നു തോന്നി.

*കല്പന കല്പനയാണ്.*

ചുമന്ന മുഖം ചലിച്ചു.

*പിതാവേ, ഞാൻ പറയുന്നത്...*

*ഞാനങ്ങോട്ടാണു പറയുന്നത്. അത് അനുസരിച്ചാൽ മതി.*

*കാര്യത്തിന്റെ ഗൗരവം മെത്രാനച്ചനു മനസ്സിലായിട്ടില്ലെന്നുണ്ടോ?*

ചാവറയച്ചൻ വിക്കിവിക്കിപ്പറഞ്ഞു:

*മാന്നാനത്തെ പണികൾ മുടങ്ങും. അതുകൊണ്ടാണ്...*

*അനുസരണം എന്തെന്ന് അറിയില്ല, അല്ലേ! തന്നിഷ്ടം നടക്കണം അല്ലേ!*

മെത്രാൻ വിറയ്ക്കുകയായിരുന്നു.

*പിതാവേ, ക്ഷമിക്കണം.*

അച്ചൻ കരച്ചിലിന്റെ വക്കത്ത് എത്തിയിരുന്നു.

*പോകൂ ഇവിടന്ന്!*

മെത്രാൻ ഗർജിച്ചു.

ചാവറയച്ചൻ മടങ്ങി. പിറ്റേദിവസം തെക്കൻ പള്ളിപ്പുറം പള്ളിയുടെ ചുമതല ഏറ്റെടുത്തു.

ആശ്രമനിർമ്മാണം ഏതുവിധേനേയും നടത്തണമല്ലോ. സംഭാവനപ്പിരിവിനുവേണ്ടിയുള്ള യാത്രകൾ ചുരുക്കി പോരൂക്കരയച്ചൻ കൊവേന്തയുടെ നിർമ്മാണ മേൽനോട്ടം വഹിക്കാൻ തുടങ്ങി. വിശ്രമം തീരെക്കുറവ്. അദ്ദേഹം അധ്വാനിച്ചുകൊണ്ടേയിരുന്നു.

അപ്പോഴാണു രണ്ടാമത്തെ പ്രഹരമുണ്ടായത്: പോരൂക്കരയച്ചനെ കൊല്ലം പ്രദേശത്തെ പള്ളികളുടെ ചുമതലയേൽപ്പിച്ചുകൊണ്ടു മെത്രാനച്ചന്റെ ഉത്തരവു വന്നു.

മാന്നാനത്തെ നടുക്കം പള്ളിപ്പുറം സെമിനാരിയിലും തെക്കൻ പള്ളിപ്പുറം പള്ളിയിലും അതേ ശക്തിയോടെ ഉണ്ടായി. കൊവേന്ത നിർമ്മാണം അവസാനിക്കുകയാണെന്നു വൈദികത്രയത്തിനു തോന്നി.

മെത്രാന്റെ മനസ്സു മാറ്റാൻ പോരൂക്കരയച്ചൻ ഒരു ശ്രമം നടത്തണോ? വേണ്ട. ചാവറയച്ചനുണ്ടായ അനുഭവം ആ ആലോചനയിൽ നിന്നു പിന്തിരിപ്പിച്ചു.

*പത്തേന്തി സ്വീകരിച്ചു പൊയ്ക്കൊള്ളു. മേല്പട്ടക്കാരനെ മറുതലിക്കേണ്ട. ദൈവതിരുമനമെന്നു കരുതിയാൽ മതി.*

പാലയ്ക്കലച്ചനും ഉപദേശിച്ചു.

പോരൂക്കരയച്ചൻ കൊല്ലത്തേക്കു യാത്രയായി.

*ബേസ് റൗമ* നിശബ്ദമായി...

# 13

**കൊ**വേന്തനിർമ്മാണം എങ്ങനെയും തുടരണമെന്നു മൂന്നു വൈദികരും ആഗ്രഹിച്ചു. കണിയാന്തറ യാക്കോബ് സമർത്ഥനാണെങ്കിലും അദ്ദേഹത്തിനു മാത്രമായി എന്തു ചെയ്യാൻ കഴിയും?

പാലയ്ക്കൽ മല്പാനച്ചന്റെ അനന്തരവനായ ഒരു നവവൈദികൻ പള്ളി ജോലിയൊന്നും ലഭിക്കാതെ പള്ളിപ്പുറത്തുണ്ടായിരുന്നു. ആ വർക്കിയച്ചനെ

മാന്നാനത്ത് അയച്ചു യാക്കോബിനെ സഹായിക്കാമെന്നു മല്പാൻ തീരുമാനിച്ചു. എല്ലാവർക്കും അതു സന്തോഷമായി. കഴിയുമ്പോഴൊക്കെ ചാവറയച്ചനും മാന്നാനത്തു വന്നുപൊയ്ക്കൊണ്ടിരുന്നു.

ഒരു തവണ ചാവറയച്ചനു മാന്നാനത്തു രണ്ടു മൂന്നാഴ്ച തുടർച്ചയായി താമസിക്കേണ്ടിവന്നു. തെക്കൻ പള്ളിപ്പുറം പള്ളിയിലെ കാര്യങ്ങൾ നോക്കാൻ അദ്ദേഹം വർക്കിയച്ചനെ മാന്നാനത്തുനിന്ന് അവിടേക്കയച്ചു.

മൂന്നു നോയമ്പിന്റെ കാലത്താണു വർക്കിയച്ചൻ തെക്കൻ പള്ളിപ്പുറത്ത് എത്തുന്നത്. നോയമ്പിന്റെ നേർച്ച വിളമ്പുന്ന സമയത്ത് വലിയ ജനത്തിരക്കുണ്ടായിരുന്നു. ഉന്തും തള്ളും നടന്നു. വർക്കിയച്ചൻ ഒരു ചൂരൽവടിയുമായി നടന്ന് ആളുകളെ നിയന്ത്രിക്കാൻ ശ്രമിച്ചു. പ്രശ്നങ്ങളുണ്ടാക്കിയ ചിലരെ അച്ചൻ ചൂരൽവടികൊണ്ട് അടിക്കുകയും ചെയ്തു.

അടിയേറ്റവരിലൊരാൾ സ്ഥലത്തെ വലിയൊരു കുടുംബക്കാരനായിരുന്നു. അയാളും കുടുംബത്തിലെ പ്രമാണിമാരും പരാതിയുമായി മെത്രാനെ സമീപിച്ചു. തങ്ങളുടെ വികാരിയായ ചാവറയച്ചൻ അവിടെ നിൽക്കാതെ മാന്നാനത്തു പോയി താമസിക്കുകയാണെന്നും പകരത്തിനു സ്വന്തമിഷ്ടപ്രകാരം ഈ വർക്കിയച്ചനെ അയച്ച സാഹചര്യത്തിലാണ് പരാതിക്കാരന് ആളുകളുടെ മുൻപിൽ വച്ചു വെറുമൊരു കൊച്ചച്ചന്റെ തല്ലു കൊള്ളേണ്ടി വന്നതെന്നും പരാതിയിൽ പൊടിപ്പും തൊങ്ങലും വച്ചെഴുതിയിരുന്നു.

മെത്രാൻ ഉടൻതന്നെ വർക്കിയച്ചനെയും പാലയ്ക്കൽ മല്പാനെയും മാന്നാനത്തുനിന്ന് ചാവറയച്ചനെയും വിളിപ്പിച്ചു. ചാവറയച്ചൻ യാതൊരു കാരണവശാലും ഇടവകയിൽനിന്ന് എട്ടു ദിവസത്തിൽക്കൂടുതൽ മാറിനിൽക്കാൻ പാടില്ലെന്ന് അദ്ദേഹത്തിനുള്ള പ്രത്യേക കത്തിൽ പറഞ്ഞിരുന്നു.

ചാവറയച്ചൻ വരാപ്പുഴയിൽ എത്തുമ്പോഴേക്കും *വലിയ കുടുംബക്കാരൻ* രണ്ടാം ചിന്തയിൽ പരാതി പിൻവലിച്ചിരുന്നു. അതിനാൽ ആ ആശ്വാസത്തോടെയാണ് അച്ചൻ മെത്രാനെ കാണാൻ ചെന്നത്.

മെത്രാന്റെ കൈമുത്തി ചാവറയച്ചൻ കാത്തുനിന്നു. മെത്രാനച്ചൻ ചോദ്യഭാവത്തിൽ നോക്കി.

*പിതാവിന്റെ കല്പന കിട്ടിയിരുന്നു. മാന്നാനത്ത് അത്യാവശ്യമായി പണികൾ നടക്കുന്നതുകൊണ്ടാണ് പള്ളിയിൽനിന്നു മാറിനിൽക്കേണ്ടിവന്നത്. പണികൾ തുടരാതിരിക്കുവാനും വയ്യ. അതുകൊണ്ട്...*

*അതുകൊണ്ട്?*

*എന്നെ വികാരിസ്ഥാനത്തുനിന്ന് ഒഴിവാക്കി മാന്നാനത്തേക്ക് അയയ്ക്കണം. വികാരിയായി വർക്കിയച്ചനെ വച്ചാൽ നന്നാവും. കൊച്ചച്ചനാണെങ്കിലും നല്ല പ്രാപ്തിയുള്ള ആളാണ്.*

ചാവറയച്ചൻ പറഞ്ഞു.

*വിലയിരുത്തലുകളും തീരുമാനങ്ങളും ഞാൻ നടത്തിക്കൊള്ളാം.*

*ആശ്രമംപണി മുടങ്ങരുതെന്നു വിചാരിച്ചാണ്...*

*ധിക്കാരത്തിന് അവസാനമില്ല, അല്ലേ! മേല്പട്ടക്കാരനോടാണ് സംസാരിക്കുന്നതെന്ന് അറിഞ്ഞുകൂടാ! പട്ടം മുടക്കാൻ വേറൊരു കാരണം വേണ്ട!*

മെത്രാന്റെ ശബ്ദത്തിൽ മുറി കുലുങ്ങി.

ചാവറയച്ചൻ വിറച്ചുപോയി. വിറയലോടെ മെത്രാന്റെ കൈമുത്തി അദ്ദേഹം അരമന വിട്ടു.

# 14

**ഫ്രാ**ൻസിസ് സേവ്യർ മെത്രാപ്പോലീത്ത അങ്ങനെയൊരു നിലപാടെടുത്തത് എന്തിനാണെന്നറിയില്ല. ഒരുപക്ഷേ, സന്യാസജീവിതത്തിന് ഒരുങ്ങുന്ന ആ വൈദികരെ അദ്ദേഹം പരീക്ഷിക്കുകയായിരുന്നിരിക്കാം. അല്ലെങ്കിൽ അദ്ദേഹത്തിലൂടെ ദൈവം അവരെ പരീക്ഷിച്ചതാവാം.

ആ കുരുക്ക് ദൈവം തന്നെ അഴിച്ചു.

ഏതാനും ആഴ്ചകൾക്കു ശേഷം വർക്കിയച്ചനെ തെക്കൻ പള്ളിപ്പുറം പള്ളിയിലെ വികാരിയായി നിയമിച്ചുകൊണ്ടു മെത്രാനച്ചൻ കല്പന പുറപ്പെടുവിച്ചു. ചാവറയച്ചനു മുഴുവൻ സമയവും ആശ്രമനിർമ്മാണത്തിനുവേണ്ടി ചിലവഴിക്കാമെന്നായി.

മുടങ്ങിപ്പോയ ജോലികൾ പൂർത്തിയാക്കുവാനായി ചാവറയച്ചൻ വിശ്രമമറിയാതെ അധ്വാനിച്ചു. *ബേസ് റൗമ*യുടെ സന്ധ്യകൾ വീണ്ടും സകലപുണ്യവാന്മാരുടെയും ലുത്തിനിയയിൽ അലിഞ്ഞു.

*ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കേണമേ.. അപേക്ഷിക്കേണമേ... അപേക്ഷിക്കേണമേ...*

പ്രാർത്ഥനകളും അദ്ധ്വാനവും ചേർന്ന് ആശ്രമത്തിന്റെ കല്ലുകൾ അടുക്കിക്കൊണ്ടിരുന്നു.

ആശ്രമനിർമ്മാണത്തിൽ താത്പര്യം തോന്നി പാലയ്ക്കൽ മല്പാന്റെ ശിഷ്യനായ ഒരച്ചൻ മാന്നാനത്തെത്തി. ചാവറയച്ചനേയും യാക്കോബിനേയും സഹായിക്കാൻ തുടങ്ങി. യാക്കോബിന്റെ നാട്ടുകാരൻ കൂടിയായിരുന്നു കല്ലൂത്തറ ഗീവർഗീസ് അച്ചൻ.

കല്ലൂപണിയിലും മരപ്പണിയിലും വിദഗ്ധനായ ഒരാളെ പോരൂക്കരയച്ചൻ കൊല്ലത്തുനിന്ന് മാന്നാനത്തേക്ക് അയച്ചു. പണികൾ കൂടുതൽ ഊർജ്ജിതമായി.

താമസിയാതെ പോരൂക്കരയച്ചനെയും വികാരിസ്ഥാനത്തുനിന്ന് മെത്രാൻ ഒഴിവാക്കി. അദ്ദേഹത്തിനും മാന്നാനത്ത് എത്തി കൊവേന്തക്കുവേണ്ടി മുഴുവൻ സമയവും ചിലവഴിക്കാമെന്നായി. ഒരു വർഷത്തോളം നീണ്ട ആശങ്ക അതോടെ വഴിമാറി.

1834–ൽ ദേവാലയനിർമാണം തുടങ്ങി.

ആശ്രമത്തിന്റെ പണി പൂർത്തിയാകുന്നതിനു മുമ്പുതന്നെ അച്ചന്മാർ ആശ്രമത്തിന്റേതായ ജീവിതക്രമങ്ങൾ ഒട്ടൊക്കെയും ആരംഭിച്ചിരുന്നു. *ബേസ് റൗമ*യിൽ നിന്ന് ജപങ്ങൾ ഏതാണ്ടു നിരന്തരമായി ഉയർന്നുകൊണ്ടിരുന്നു. മലയുടെ താഴെനിന്നു മുകൾവരെയായി പതിനാലു കുരിശുകൾ സ്ഥാപിച്ചു *സ്ലീവാപ്പാത* തുടങ്ങി. ഇതിനേക്കുറിച്ചു കേട്ടറിഞ്ഞ് അടുത്തുള്ള ഇടവകക ളിൽനിന്ന് ധാരാളമായി ആളുകൾ എത്തുവാനും തുടങ്ങി.

വെള്ളിയാഴ്ച വൈകുന്നേരങ്ങളിൽ ആളുകൾ മലയടിവാരത്തിൽനിന്നു സ്ലീവാപ്പാത തുടങ്ങും. കല്ലുകളിലും പാറകളിലും ഉരസി നീങ്ങുന്ന മര ക്കുരിശിനു പിന്നാലെ സ്വന്തം കുരിശുകളുമായി മലകയറുന്ന മനുഷ്യരും ചുവന്ന ചിറകുകൾ വീശിയെത്തുന്ന സന്ധ്യയും *ബേസ് റൗമ*യുടെ നെറുക യിൽ സന്ധിക്കും. ആകാശത്തിന്റെ ചുവന്ന മുറിവുണങ്ങുമ്പോഴേക്കും ആളുകൾ മലയിറങ്ങുകയായി.

പാലയ്ക്കൽ മല്പാൻ മാന്നാനത്ത് എത്തുന്ന ദിവസങ്ങളിൽ അദ്ദേഹ ത്തിന്റെ രണ്ടു ശിഷ്യന്മാർ അതിരമ്പുഴയിൽ നിന്ന് അദ്ദേഹത്തെ കാണാൻ എത്തുമായിരുന്നു. അദ്ദേഹം അവർക്കു കഴിയുന്നത്ര ഉപദേശങ്ങളും പാഠങ്ങളും കൊടുക്കുകയും ചെയ്തുപോന്നു. അതു പതിവായതോടെ മാന്നാനത്ത് ആശ്ര മത്തോടനുബന്ധിച്ച് ഒരു സെമിനാരി കൂടി തുടങ്ങിയാലോ എന്ന് മല്പാന ച്ചൻ ചിന്തിച്ചുതുടങ്ങി. അതു നല്ല കാര്യമാണെന്നു ചാവറയച്ചനു തോന്നി.

എന്നാൽ പോരൂക്കരയച്ചന്റെ അഭിപ്രായം മറിച്ചായിരുന്നു.

*സെമിനാരി നടത്തുക എന്നത് എത്ര വിഷമംപിടിച്ച കാര്യമാണെന്ന് മല്പാനച്ചന് അറിയാമല്ലോ. എന്തിന്, നാട്ടിൽ ധാരാളം സെമിനാരികൾ ഉണ്ടാ യിരുന്നതിൽ ഇപ്പോൾ എത്രയെണ്ണം ബാക്കിയുണ്ട്? നല്ല നിലയിൽ നടന്നി രുന്ന സെമിനാരികൾപോലും ഇല്ലാതായി. അങ്ങനെയുള്ളപ്പോൾ നമ്മളൊ രെണ്ണം തുടങ്ങണോ? ആശ്രമമായിരുന്നു നമ്മുടെ ലക്ഷ്യം. കൊവേന്ത ഏറ്റവും നന്നായി നടത്തിക്കൊണ്ടു പോകാനല്ലേ ശ്രമിക്കേണ്ടത്? സെമിനാരി ഒരു ഭാരമാകാനാണിട.*

*ആശ്രമത്തിനു സെമിനാരി സഹായകമാകുമെന്നാണെനിക്കു തോന്നു ന്നത്. സെമിനാരിയിൽ പഠിക്കുന്നവരിൽ കുറെപ്പേരെയെങ്കിലും ആശ്രമത്തി നുവേണ്ടി പട്ടമേല്പിക്കാമല്ലോ. ശെമ്മാശ്ശന്മാർ, പ്രാർത്ഥനയ്ക്കും പള്ളിശുശ്രൂ ഷയ്ക്കും കൂട്ടാവുകയും ചെയ്യും.*

ദൈവശുശ്രൂഷയ്ക്കു വേണ്ടി കുറെപ്പേരെ ഒരുക്കുവാൻ സാധിക്കുമെങ്കിൽ അത് ഏറ്റവും വലിയ കാര്യമായിരിക്കുമെന്നായിരുന്നു ചാവറയച്ചന്റെ അഭിപ്രായം. അതിനുവേണ്ടി കുറെ വിഷമങ്ങൾ സഹിക്കണമെങ്കിൽ സഹിക്കണം.

അവസാനം, സെമിനാരി തുടങ്ങാൻ തന്നെ തീരുമാനമായി. അതിരമ്പുഴ നിന്നുള്ള രണ്ടു വിദ്യാർത്ഥികളുമായാണ് 1833-ൽ സെമിനാരി തുടങ്ങിയത്.

വളരെവേഗം സെമിനാരിയിൽ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചു. പോരൂക്കരയച്ചനാണു മല്പാനായി സേവനമനുഷ്ഠിച്ചത്. പാലയ്ക്കൽ മല്പാൻ പള്ളിപ്പുറം സെമിനാരിയിൽത്തന്നെ സേവനം തുടർന്നു. അനാരോഗ്യം അദ്ദേഹത്തെ മാന്നാനത്തു താമസിക്കുന്നതിൽനിന്നും തടയുകയായിരുന്നു.

മാന്നാനത്തെ സെമിനാരി വിദ്യാർത്ഥികളിൽ കൊവേന്തജീവിതം ആഗ്രഹിക്കുന്ന കുറെപ്പേരുണ്ടായിരുന്നു. *ചാവറയച്ചൻ തോപ്പിലച്ചൻ, യാക്കോബ്* എന്നിവരോടൊപ്പം ധ്യാനാരൂപിയിലുള്ള ജീവിതത്തിൽ അവർക്കു പരിശീലനം കൊടുത്തു പോന്നു.

സെമിനാരിയിൽ തിരക്കു വർദ്ധിച്ചതോടെ അതിന്റെ ചുമതലകൾ പലതും പോരൂക്കര മല്പാൻ ചാവറയച്ചനുമായി പങ്കുവച്ചു. അപ്പോഴാണു പാലയ്ക്കലച്ചന്റെ രോഗം കലശലായിത്തീർന്നത്. അതോടെ പള്ളിപ്പുറം സെമിനാരിയിലെ കാര്യങ്ങളും ചാവറയച്ചൻ നോക്കേണ്ടിവന്നു. മാന്നാനത്തിനും പള്ളിപ്പുറത്തിനുമായി ചാവറയച്ചൻ തന്റെ ദിനങ്ങൾ വിഭജിച്ചു. പോരൂക്കരയച്ചൻ പിരിവിനായി മിക്കപ്പോഴും യാത്രയിലുമായിരുന്നു.

പാലയ്ക്കൽ മല്പാനച്ചന്റെ രോഗം നാൾക്കുനാൾ വർദ്ധിച്ചുവന്നു. പത്താം വയസ്സുമുതൽ തന്റെ ജീവിതത്തോട്, ശരീരത്തോട് ഒരു അവയവം എന്നതു പോലെ ചേർന്നുനിന്ന ആ വലിയ മനുഷ്യന്റെ വേദനകൾ ചാവറയച്ചൻ സ്വന്തം ഹൃദയത്തിൽ ഏറ്റുവാങ്ങി. മഹാക്ഷമയോടെ കഠിനവേദനകൾ സഹിച്ച ഇയ്യോബിന്റെ ചിത്രമാണ് രോഗശയ്യയിലെ മല്പാനച്ചൻ ചാവറയച്ചന്റെ മനസ്സിൽ വരച്ചത്.

1841 ജനുവരി 16 വെള്ളിയാഴ്ച അന്ത്യകൂദാശകൾ സുബോധത്തോടെ സ്വീകരിച്ച് മല്പാനച്ചൻ ഉറങ്ങി; നിത്യതയിലേക്ക് ഉണരുവാനുള്ള ഉറക്കം...!

# 15

**മാ**ന്നാനം ആശ്രമത്തിന്റെ നിർമ്മാണത്തിന് ആദ്യമൊക്കെ തടസ്സങ്ങളിട്ട ഫ്രാൻസിസ് സേവ്യർ മെത്രാപ്പോലിത്തയ്ക്ക് പിന്നീട് മാന്നാനം സെമിനാരിയെക്കുറിച്ച് വലിയ മതിപ്പായി. 1844-ൽ അദ്ദേഹം പോരൂക്കരയച്ചനെയും

ചാവറയച്ചനെയും പൊതുമല്പന്മാരായി നിയമിച്ചുകൊണ്ടു പത്തേന്തിയിറക്കി. ആ വർഷം അവസാനം മെത്രാനച്ചൻ ദിവംഗതനാവുകയും ചെയ്തു.

പാലയ്ക്കൽ മല്പാന്റെ നിര്യാണത്തിനുശേഷം പള്ളിപ്പുറം സെമിനാരിയുടെ കാര്യങ്ങൾ ചാവറയച്ചൻ തിരക്കുകൾക്കിടയിലും കുറെയൊക്കെ ചെന്നു നടത്തിപ്പോന്നുവെങ്കിലും താമസിയാതെ അതിന്റെ പ്രവർത്തനം നിലച്ചു. ആ തിരി കെടുന്നതു മുൻകൂട്ടി കണ്ടുകൊണ്ടാവാം മല്പാനച്ചൻ മാന്നാനത്ത് മറ്റൊരു തിരി കൊളുത്തുന്നതിന് ഉത്സാഹിച്ചത്.

മാന്നാനത്തെ തിരിയാകട്ടെ കൂടുതൽ കൂടുതൽ ശോഭയോടെ പ്രകാശിച്ചുകൊണ്ടിരുന്നു.

പള്ളിപ്പുറം സെമിനാരിയിൽ വിദ്യാർത്ഥിയായിരുന്ന കാലത്ത് സുറിയാനിയിൽനിന്നും തമിഴിൽനിന്നും പുസ്തകങ്ങൾ പകർത്തിയെഴുതിക്കൊണ്ടിരുന്ന ചാവറയച്ചനു പുസ്തകങ്ങളുടെ മൂല്യം നന്നായി അറിയാമായിരുന്നു. നമ്മുടെ പൂർവ്വികർ നല്ല കാര്യങ്ങൾ എത്രയോ പറഞ്ഞിട്ടുണ്ടാവാം. ഒരു പക്ഷേ ജീവിതത്തെയും ലോകത്തെയും സംബന്ധിച്ച് അതിപ്രധാനമായ കാര്യങ്ങൾ തന്നെ. പക്ഷേ, അവ ശേഖരിച്ചുവയ്ക്കാൻ കാലത്തിനു കഴിഞ്ഞിട്ടുണ്ടാവില്ല. വാക്കുകളെ വായുവിൽ ഒഴുകിപ്പോകാതെ പുസ്തകം തടയുന്നു. അച്ചടിച്ച പുസ്തകമാകട്ടെ, അനേകമനേകം പേരിലേക്കു വാക്കുകളെ കൊണ്ടുപോയെത്തിക്കുകയും ചെയ്യുന്നു.

ഒരു അച്ചടിയന്ത്രം ഉണ്ടായിരുന്നെങ്കിൽ എന്നു ചാവറയച്ചൻ വളരെ ആഗ്രഹിച്ചു. മലയാളത്തിൽ ഒരു പ്രാർത്ഥനാപുസത്കവും അച്ചടിക്കപ്പെട്ടിരുന്നില്ല. തിരുവിതാംകൂറിൽ രണ്ട് അച്ചടിയന്ത്രങ്ങളേ ആകെ ഉണ്ടായിരുന്നുള്ളൂ. ഒന്ന് പ്രൊട്ടസ്റ്റന്റുകാർ കോട്ടയത്തു സ്ഥാപിച്ചിരുന്ന സി.എം.എസ്. പ്രസ്സ്. രണ്ട് തിരുവനന്തപുരത്തെ സർക്കാർ അച്ചുകൂടം.

അച്ചടിയന്ത്രമെന്നും മലയാളപുസ്തകമെന്നുമൊക്കെ ചാവറയച്ചൻ പറയുമ്പോൾ പലരും ചിരിക്കും.

*ഈ അച്ചൻ ഇതെന്തോന്നാണു പറയുന്നത്? അച്ചടിയന്ത്രം! അങ്ങനെയൊരു സാധനം അച്ചൻ കണ്ടിട്ടുണ്ടോ? പോകട്ടെ, അതു കണ്ടിട്ടുള്ള ആരെയെങ്കിലും കണ്ടിട്ടുണ്ടോ? ലോകത്തെവിടെയെങ്കിലുമൊക്കെ അച്ചടിയന്ത്രമുള്ളതുകൊണ്ട് നമുക്ക് മലയാളം പുസ്തകം അച്ചടിക്കാൻ പറ്റുമോ? കൊവേന്തയുണ്ടാക്കുന്നതുപോലെയും പള്ളി പണിയുന്നതുപോലെയുമല്ല അച്ചടി.*

അച്ചൻ പിന്തിരിഞ്ഞില്ല.

ആദ്യം ഒരു പ്രസ്സ് പോയി കാണുക തന്നെ.

അദ്ദേഹം കോട്ടയത്ത് സി.എം.എസ്. പ്രസ്സിൽ എത്തി. അച്ചടിയുടെ അദ്ഭുതം കാണാൻ എത്തിയ ആളെ പ്രസ്സിന്റെ മേൽനോട്ടക്കാർ ചോദ്യം

ചെയ്തു. അച്ചടി കണ്ടു മനസ്സിലാക്കുകയാണുദ്ദേശ്യമെന്നറിഞ്ഞപ്പോൾ അവർ പറഞ്ഞു:

*അച്ചൻ തിരിച്ചുപോയാട്ടെ.*

അച്ചൻ ചോദ്യഭാവത്തിൽ നോക്കി.

*അച്ചടിയെന്നു പറയുന്നത് ഒരു മാന്ത്രികവിദ്യയാണെന്നു കരുതിയാൽ മതി. അത് എല്ലാവർക്കും പറഞ്ഞിട്ടുള്ളതല്ല.*

പ്രസ്സിന്റെ മേൽനോട്ടക്കാരൻ പറഞ്ഞു.

*ഞാനൊന്നു കാണുന്നതുകൊണ്ട്....*

*.... ഒരു പ്രയോജനവുമില്ല. അച്ചൻ പോയാട്ടെ.*

അച്ചൻ പോയത് തിരുവനന്തപുരത്തേക്കാണ്. തിരക്കിട്ട ജോലികൾക്കിടയിലെ ദീർഘയാത്ര. എന്തെങ്കിലും പ്രയോജനമുണ്ടാക്കിയേ തിരികെ വരാവൂ എന്നു നിശ്ചയിച്ചു.

ലക്ഷ്യം വെളിപ്പെടുത്തിയാൽ സർക്കാർ പ്രസ്സിലും സന്ദർശനം നിഷേധിക്കപ്പെട്ടേക്കാം.

ചാവറയച്ചൻ സർക്കാർ പ്രസ്സിന്റെ വാതിൽക്കൽ, ജോലി കഴിഞ്ഞു വരുന്ന ജീവനക്കാരെ കാത്തുനിന്നു.

അവരിൽ ഒരാൾ അച്ചനെക്കണ്ടു കൈകൂപ്പി:

*ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ.*

അച്ചൻ മിശിഹായെ സ്തുതിച്ചുപോയി.

അച്ചൻ അയാളുടെ പിന്നാലെ കൂടി. പ്രസ്സിന്റെ പ്രവർത്തനം കാണാൻ കോട്ടയത്തിനടുത്തുള്ള മാന്നാനത്തുനിന്ന് എത്തിയതാണെന്നും സഹായിക്കണമെന്നും പറഞ്ഞു. പിറ്റേ ദിവസം സൗകര്യമുണ്ടാക്കാമെന്നു കത്തോലിക്കനായ ആ ജോലിക്കാരൻ ഏറ്റു.

പിറ്റേന്ന് അയാളോടൊപ്പം മുദ്രാലയത്തിൽ കടന്നു. പ്രസ്സിന്റെ പ്രവർത്തനം മനസ്സിലാക്കിക്കൊടുക്കാൻ പലരും സഹായിച്ചു. കാണുന്നതും കേൾക്കുന്നതുമെല്ലാം അച്ചൻ മനസ്സിൽ കുറിച്ചുവച്ചു. പ്രസ്സിന്റെ ചിത്രം മനസ്സിൽ വരച്ചു വച്ചു ചേർത്തു.

തിരിച്ചു മാന്നാനത്ത് വന്നിറങ്ങിയയുടനേ അച്ചൻ ചെയ്തത് കുറെ വാഴപ്പിണ്ടികൾ വെട്ടിയെടുക്കുകയാണ്. ആ പിണ്ടികൾകൊണ്ട് അദ്ദേഹം പ്രസ്സിന്റെ മാതൃക മനസ്സിലെ രൂപത്തിന്റെ ഓർമ്മയിൽ നിർമ്മിച്ചു. പിറ്റേന്നു തന്നെ ഒരു ആശാരിയെ വരുത്തി ആ മാതൃകയിൽ പ്രസ്സ് പണിയാൻ ഏർപ്പാടാക്കി. അങ്ങിനെ പ്രസ്സ് ഉണ്ടായി. ഇനി അക്ഷരങ്ങൾ വേണം. ഈയത്തിന്റെ അക്ഷരങ്ങൾ നിർമ്മിച്ചു പരിചയമുള്ള ഒരാളെ കിട്ടുമോയെന്ന് അന്വേഷിച്ചു.

സി.എം.എസ്സ്.പ്രസ്സിൽ ജോലി ചെയ്തിരുന്ന ഒരു പാണ്ടിത്തട്ടാനെ കണ്ടു പിടിച്ചു.

അയാൾ മലയാള അക്ഷരങ്ങൾ ചതുരവടിവിലാണ് നിർമ്മിച്ചുകൊടു ത്തത്. അതു മുഴുമിപ്പിക്കും മുൻപേ തട്ടാനെ തിരികെക്കൊണ്ടുപോകാൻ പ്രസ്സുകാർ ശ്രമിക്കുന്നതറിഞ്ഞ് ചാവറയച്ചൻ പുളിങ്കുന്നിലുള്ള ഒരു സ്നേഹി തന്റെ വീട്ടിലേക്കു അയാളെ മാറ്റി. ആ വീട്ടിലിരുന്ന് അയാൾ അക്ഷരങ്ങ ളെല്ലാം ഈയത്തിൽ സൃഷ്ടിച്ചു.

സർക്കാർ അനുമതിയായിരുന്നു അടുത്തതായി വേണ്ടിയിരുന്നത്. വരാ പ്പുഴ മെത്രാൻ ലുദവിക്കോസുവഴി ബ്രിട്ടീഷ് റസിഡന്റിന്റെ ശുപാർശ സമ്പാ ദിച്ച് 1846 ജൂലൈയിൽ രാജാവിന്റെ അനുമതിപത്രം വാങ്ങിയെടുത്തു.

അച്ചടിമഷി, കടലാസ്, ഈയം ഇവയ്ക്കുവേണ്ടിയായി അടുത്ത നെട്ടോട്ടം. മദ്രാസ്, പുതുശ്ശേരി എന്നിവിടങ്ങളിൽനിന്നു വാങ്ങുവാനുള്ള ശ്രമം വിജയിച്ചില്ല. യൂറോപ്പിൽനിന്നു വരുത്തണം. കൊച്ചിയിലെ വ്യാപാരി വഴി നൂറുരൂപയുടെ സാധനങ്ങൾക്ക് ഓർഡർ കൊടുത്തു. പക്ഷേ, നാനൂറു രൂപ യുടെ സാധനങ്ങളാണ് എത്തിയത്. ചില്ലറയായി സാധനങ്ങൾ കിട്ടില്ലെന്നും ചരക്കു മൊത്തം എടുക്കണമെന്നുമായി വ്യാപാരി. ചാവറയച്ചൻ കുഴഞ്ഞു. ചെന്നക്കാട്ടു തൊമ്മൻ എന്നയാൾ ഇടപെട്ടാണ് ഒരുവിധത്തിൽ പ്രശ്നം പരി ഹരിച്ചത്.

തിരുവനന്തപുരം അച്ചടികൂടത്തിൽ ജോലി പഠിച്ച ഒരാളെ ചാവറയച്ചൻ മാന്നാനത്തു വരുത്തി. അങ്ങനെ മാന്നാനത്തെ പ്രസ്സ് പ്രവർത്തിച്ചു തുടങ്ങി.

ചാവറയച്ചൻ എഴുതിയ ഒരു ഉപദേശപത്രമാണ് ആദ്യമായി അച്ചടിച്ചത്. മാന്നാനത്ത് ഒരു അദ്ഭുതം സംഭവിച്ചതുപോലെയായിരുന്നു അത്! മലയാള വാക്കുകൾ പതിഞ്ഞ ആ കടലാസുകൾ ആളുകൾ കണ്ണിൽനിന്നു പല ദൂര ത്തിൽ പിടിച്ചു നോക്കുകയും മണത്തുനോക്കുകയും ഒക്കെ ചെയ്തു.

താമസിയാതെ അടുത്തുള്ള വീടുകളിലും പള്ളികളിലും ആ കടലാസു കൾ വിതരണം ചെയ്യപ്പെട്ടു. ആളുകൾ താത്പര്യപൂർവ്വം അതു വായിക്കു കയും സൂക്ഷിച്ചുവയ്ക്കുകയും ചെയ്തു.

പുസ്തകം അടിച്ചിറക്കണമെങ്കിൽ പുസ്തകംകെട്ടു പരിചയമുള്ള ആളെ വേണം. കൊച്ചിയിലുള്ള ഒരു യഹൂദൻ ബോംബെയിൽനിന്നു ബൈൻഡിംഗ് പഠിച്ചുവന്നിട്ടുണ്ടെന്നറിഞ്ഞു. ചാവറയച്ചൻ അയാളെ തേടിപ്പിടിച്ചു മാന്നാനം പ്രസ്സിൽ നിയമിച്ചു.

മാന്നാനത്തുനിന്ന് ആദ്യമിറങ്ങിയ പുസ്തകം *ജ്ഞാനപീയൂഷം* ആണ്. ഒരു പ്രാർത്ഥനാപുസ്തകമായിരുന്നു ഇത്.

മാന്നാനം പ്രസ്സിൽ തിരക്കു വർദ്ധിച്ചു. ധാരാളം പേർ അവിടെ അച്ച ടിയും ബൈൻഡിംഗും പഠിച്ച് അവിടെത്തന്നെ ജോലി ചെയ്തു.

എഴുത്തുകടലാസ് രണ്ടെണ്ണം വീതം കൂട്ടിയൊട്ടിച്ചാണ് ആദ്യം അച്ചടി നടത്തിയിരുന്നത്. പിന്നീട് വരാപ്പുഴ മെത്രാന്റെ സഹായത്താൽ വിദേശത്തു നിന്ന് അച്ചടിക്കടലാസ് വരുത്താൻ തുടങ്ങി.

*ആളുകൾ വായിക്കട്ടെ.*

ചാവറയച്ചൻ പറഞ്ഞു.

*വായന ഇഷ്ടമായാൽ ഏകാന്തതയിൽ സന്തോഷമുണ്ടാകും.*

ധാരാളം പേർക്കു വായന ശീലമായിക്കൊണ്ടിരുന്നു; സന്തോഷമായിക്കൊണ്ടിരുന്നു!

ചാവറയച്ചന്റെ മറ്റൊരാഗ്രഹം കൂടി ആ വർഷം ഫലമണിഞ്ഞു; ഒരു സംസ്കൃത വിദ്യാലയം ആരംഭിക്കുക എന്ന ആഗ്രഹം.

*ബേസ്റൗമ*യിൽ പണിത സംസ്കൃത പാഠശാലയിൽ പഠിപ്പിക്കാൻ തൃശ്ശൂരിൽനിന്നൊരു വാര്യരെ വരുത്തി. ആശ്രമത്തിലെ വൈദികരും ശെമ്മാശ്ശന്മാരും ഇടവകകളിൽ നിന്നു തെരെഞ്ഞെടുക്കപ്പെട്ടവരും അവിടെ പഠനം തുടങ്ങി.

# 16

**പോ**രൂക്കരയച്ചൻ യാത്രകൾ കുറച്ചു. വയ്യ. പ്രമേഹരോഗം കലശലായിരിക്കുന്നു.

കൊവേന്തയിലെ വള്ളം അദ്ദേഹം പുതുക്കിപ്പണിയിച്ചിരുന്നു. വലുപ്പമേറിയ ആ വള്ളത്തിൽ പക്ഷേ ഏറെ യാത്രകൾ നടത്താൻ അദ്ദേഹത്തിനു കഴിഞ്ഞില്ല.

അച്ചനു വയ്യാതായതോടെ, ധർമ്മപ്പിരിവിനുവേണ്ടിയുള്ള യാത്രകൾ ചാവറയച്ചൻ ഏറ്റെടുത്തു.

1846 ജനുവരി. രോഗം അല്പം മയപ്പെട്ടുവെന്നു തോന്നിയപ്പോൾ പോരൂക്കരയച്ചൻ ചമ്പക്കുളത്തുള്ള വീട്ടിലേക്കു ചാവറയച്ചനോടൊപ്പം യാത്ര പുറപ്പെട്ടു.

പോരൂക്കരയച്ചൻ എന്നും യാത്രകളിലായിരുന്നുവല്ലോ... അനേകമനേകം യാത്രകൾ. മൂന്നു ജ്ഞാനികളെ ബേദ്‌ലഹേമിലേക്ക് നയിച്ച ദിവ്യനക്ഷത്രത്തെപ്പോലെ ഒരു ലക്ഷ്യബോധം എന്നും ആ യാത്രകളെ നയിച്ചു. ഗലീലിയക്കടലിൽ വലിയ മീൻകോരിനു സ്ഥാനം കാട്ടിക്കൊടുത്തവൻ ധർമ്മം കിട്ടാവുന്ന ഇടങ്ങൾ എന്നും കാണിച്ചുകൊടുത്തുകൊണ്ടുമിരുന്നു. അതിനാൽ യാത്രകൾ എന്നും ഉന്മേഷത്തിലായിരുന്നു.

എന്നാൽ ഈ യാത്ര മാത്രം അങ്ങനെയായിരുന്നില്ല; തീരെ വയ്യ.

വീട്ടിൽ അമ്മയും ബന്ധുക്കളും കാത്തിരിപ്പുണ്ടായിരുന്നു.

എല്ലാവരെയും അച്ചൻ സ്നേഹത്തോടെ തഴുകി; എല്ലാറ്റിനെയും സ്നേഹത്തോടെ നോക്കി:

*ഞാൻ ഒത്തിരി ജീവിച്ചുവെന്നു തോന്നുന്നു.*

അച്ചൻ അമ്മയോടു പറഞ്ഞു.

*എന്റെ മോനു 45 വയസ്സല്ലേ ആയുള്ളു. ഇനിയും ഒത്തിരിയുണ്ട് ജീവിതം.*

*അതേ. ഇനിയാണു ജീവിതം.*

പിറ്റേ ദിവസം രാവിലെ അദ്ദേഹം മടക്കയാത്രയ്ക്കു തയ്യാറായി. രോഗത്തിന്റെ വിഷമങ്ങളൊന്നും ആരെയും കാട്ടാതെ ശ്രദ്ധിച്ചു. വീട്ടിൽനിന്നു മടങ്ങുമ്പോഴെല്ലാം അമ്മയുടെ കൈമുത്താറുള്ളതാണ്. ഇത്തവണ കുറെ നേരം ആ വിരലുകളിൽ തഴുകിയശേഷമാണു മുത്തിയത്.

ഇല്ല, താൻ ഒട്ടും കരഞ്ഞില്ലെന്ന് അച്ചൻ ധൈര്യപ്പെട്ടു; സ്നേഹമയിയായ ആ അമ്മയുടെ വിരലിൽ കണ്ണീർ പുരണ്ടില്ല.

വള്ളം സന്നദ്ധമായി. നദി ഓളങ്ങളായി ചിതറി.

മാന്നാനത്ത് എത്തുമ്പോൾ അദ്ദേഹത്തിന് ആശ്വാസമുണ്ടായിരുന്നു. *ബേസ് റൗമ*യുടെ മുകളിലെത്തി അദ്ദേഹം എല്ലാം നോക്കിക്കണ്ടു.

ആശ്രമം, സെമിനാരി, അച്ചുകൂടം, സംസ്കൃത വിദ്യാലയം....

എല്ലാം നന്നായിരിക്കുന്നു.

അബ്രാഹാമിന്റെ മടിത്തട്ടുപോലെ വിശാലമായ ആകാശം.

അതിനു കീഴിൽനിന്ന് അച്ചൻ ദൈവത്തെ സ്തുതിച്ചു.

പിന്നീടുള്ള ദിവസങ്ങൾ അദ്ദേഹം വേദനയിലും പ്രാർത്ഥനയിലും കർത്താവിന്റെ വരവിനുവേണ്ടിയുള്ള കാത്തിരിപ്പിലുമായിരുന്നു.

*മരണമെന്ന കടൽയാത്രയിൽ യൗസേപ്പ് പിതാവാണു നമ്മുടെ കപ്പിത്താൻ.*

അച്ചൻ പറയുമായിരുന്നു.

അച്ചൻ കപ്പിത്താനെ കാത്തിരുന്നു...

# 17

**1846** മകരം എട്ടിനായിരുന്നു പോരൂക്കരയച്ചന്റെ മരണം. ചെറിയൊരു ജീവിതകാലം കൊണ്ടു വളരെയേറെ കാര്യങ്ങൾ ചെയ്തു തീർത്ത മഹാത്മാവ്. ഇന്ത്യയിലെ ആദ്യത്തെ ഏതദ്ദേശ സന്യാസിസഭയുടെ ജന്മത്തിനു

കാരണക്കാരിൽ ഒരാളായ അദ്ദേഹത്തിന് ആ സഭയ്ക്ക് ഔദ്യോഗിക അംഗീകാരം ലഭിക്കുന്നത് ഈ ലോകത്തിൽവച്ചു കാണാനായില്ല.

ആദ്യം പാലയ്ക്കലച്ചന്റെ മരണം; അഞ്ചുവർഷം കഴിഞ്ഞപ്പോൾ പോരൂക്കരയച്ചന്റെ മരണം; രണ്ടു ചിറകുകളും ഒടിഞ്ഞ പക്ഷിയെപ്പോലെയായി ചാവറയച്ചൻ.

പക്ഷേ, നിഷ്ക്രിയനാകാൻ വയ്യ. കൂടുതൽ ക്രിയാനിരതനാവുകയാണു വേണ്ടത്. *മടി സർവ്വ ദുർഗുണങ്ങളുടെയും മാതാവാകുന്നു* എന്ന് പഠിപ്പിച്ച തനിക്ക് ദുഃഖത്തിൽ മുഴുകിക്കഴിയാൻ അവകാശമില്ല. തനിക്കായി ദൈവം എണ്ണിവച്ചിരിക്കുന്ന ദിവസങ്ങൾ എത്രയെന്ന് അറിയില്ല. ആവുന്നത്ര ചെയ്യുക.

ചാവറയച്ചൻ വരാപ്പുഴയിലെത്തി ബെർണർദീനോസ് മെത്രാപ്പോലിത്തയെ സന്ദർശിച്ചു. സന്യാസിസഭ തുടങ്ങുവാൻ അനുവാദവും വിലപ്പെട്ട സഹായങ്ങളും നല്കിയതു സ്തബലീനി മെത്രാപ്പോലീത്തയാണ്. അദ്ദേഹത്തിനുശേഷം വന്ന ഫ്രാൻസിസ് സേവ്യർ; ലുദവിക്കോസ് മെത്രാപ്പോലീത്താമാർ കൊവേന്തയുടെ കാര്യത്തിൽ ഏതാണ്ടൊരു നിസ്സംഗത മനോഭാവമാണു പുലർത്തിയത്. അതുകൊണ്ട്, കൊവേന്ത തുടങ്ങി ഒന്നര ദശാബ്ദം കഴിഞ്ഞിട്ടും അതിനു തിരുസ്സഭയുടെ ഔദ്യോഗികാംഗീകാരം ലഭിച്ചിരുന്നില്ല.

ധ്യാനയോഗവും കർമ്മയോഗവും സമന്വയിപ്പിച്ചുകൊണ്ടുള്ള ജീവിതക്രമമായിരുന്നു മാന്നാനത്തെ സന്യാസിമാരുടേത്. പ്രാർത്ഥനാപൂർണ്ണമായ ജീവിതം നയിച്ചിരുന്ന അവർ വൈദികവിദ്യാർത്ഥികളെ പരിശീലിപ്പിക്കുക, കുമ്പസാരിപ്പിക്കുക, പള്ളികളിൽ പ്രസംഗിക്കുകയും വേദപാഠക്ലാസുകൾ നടത്തുകയും ചെയ്യുക, ധ്യാനങ്ങൾ സംഘടിപ്പിക്കുക, അച്ചടിച്ച പുസ്തകങ്ങളും പത്രികകളും വഴി ജനങ്ങളെ നന്മയിലേക്കു തിരിക്കുക തുടങ്ങിയ കാര്യങ്ങൾ ചെയ്തുപോന്നു. ചാവറയച്ചന്റെ ധ്യാനപ്രസംഗങ്ങൾ നാടെങ്ങും പ്രസിദ്ധമായിരുന്നുവല്ലോ. ധ്യാനപ്രസംഗത്തിനുവേണ്ടിയുള്ള യാത്രകൾക്കിടയിൽ അദ്ദേഹം കൊവേന്തയ്ക്കു വേണ്ടിയുള്ള പിരിവും നടത്തിപ്പോന്നു.

മാന്നാനത്തെ ധ്യാനങ്ങളിൽ സംബന്ധിക്കാൻ നാടിന്റെ നാനാഭാഗങ്ങളിൽനിന്ന് ആളുകൾ എത്തിയിരുന്നു. പള്ളി മുടക്കു കല്പിച്ചിട്ടുള്ളവരെ മെത്രാൻ മാന്നാനത്തേക്കാണു പറഞ്ഞുവിട്ടിരുന്നത്. അവിടെ ധ്യാനവും കുമ്പസാരവും കഴിച്ചു സാക്ഷ്യപത്രം നേടിയാൽ മുടക്കു പിൻവലിക്കുന്ന കാര്യം മെത്രാൻ പരിഗണിക്കും.

പോരൂക്കരയച്ചന്റെ നിര്യാണത്തിനുശേഷം മാന്നാനത്ത് അമലോദ്ഭവ മാതാവിന്റെ ദാസസംഘത്തിൽ അംഗങ്ങളായി ചാവറയച്ചനു പുറമേ പുളിങ്കുന്ന് തോപ്പിൽ ഗീവർഗീസ് അച്ചൻ, കാഞ്ഞിരപ്പള്ളി പുത്തൻപുരയ്ക്കൽ കുഞ്ഞാക്കോ അച്ചൻ, കളപ്പുരയ്ക്കൽ മത്തായി അച്ചൻ, കണിയാന്തറ യാക്കോബ് എന്നിവരാണ് ഉണ്ടായിരുന്നത്. ഈ സഭയ്ക്ക് സന്യാസ സഭയായുള്ള ഔദ്യോഗിക അംഗീകാരം നല്കണമെന്ന അപേക്ഷ

ആവർത്തിക്കാനാണ് ചാവറയച്ചൻ ബെർണർദീനോസ് മെത്രാപ്പോലീത്തയെ സമീപിച്ചത്.

അനുകൂലഭാവത്തിലായിരുന്നു മെത്രാപ്പോലീത്തയുടെ മറുപടി. ആശ്രമ വാസികളുടെ ജീവിതക്രമത്തിന്റെ വിശദവിവരങ്ങൾ എഴുതി നല്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ചാവറയച്ചൻ എഴുതിക്കൊടുത്തു. മെത്രാനച്ചൻ അത് തന്റെ സഭയായ കർമ്മലീത്താസഭയുടെ യൂറോപ്പിലുള്ള സുപ്പീരിയർ ജനറലിന് അയച്ചുകൊടുത്തു.

മറുപടിയായി കർമ്മലീത്താസഭയുടെ നിയമാവലി യൂറോപ്പിൽനിന്ന് അയച്ചുതന്നു.

*ഈ നിയമങ്ങൾ സ്വീകരിച്ചു പ്രവർത്തിക്കാൻ തയ്യാറാണോയെന്ന് നോക്കു.*

മെത്രാപ്പോലീത്ത ചാവറയച്ചനോടു പറഞ്ഞു.

മാന്നാനത്തു വന്ന് ദാസസംഘത്തിലെ മറ്റ് അംഗങ്ങളോടൊപ്പം ചാവറ യച്ചൻ നിയമാവലി പരിശോധിച്ചു. യൂറോപ്യന്മാർക്കുവേണ്ടി ഉണ്ടാക്കപ്പെട്ട ആ നിയമങ്ങൾ പലതും ഇന്ത്യയിലെ സാഹചര്യത്തിൽ അപ്രായോഗികമാ ണെന്ന് അവർ കണ്ടു. നോമ്പും മറ്റും വളരെ കഠിനം.

ചാവറയച്ചൻ കുറെ ഭേദഗതികൾ നിർദ്ദേശിച്ചു.

ഭേദഗതിനിർദ്ദേശങ്ങൾ പലതും മെത്രാൻ അംഗീകരിച്ചില്ല. കൂടുതൽ പരി ശോധനകൾക്കുശേഷം നിയമാവലിയുടെ അന്തിമരൂപം ഉണ്ടാക്കി അദ്ദേഹം ചാവറയച്ചനു നൽകി. ഈ നിയമാവലി പൂർണ്ണമനസ്സോടെ സ്വീകരിക്കാൻ കഴിയുന്നവരെ മാത്രം സഭയിൽ ചേർത്താൽ മതിയെന്നു മെത്രാൻ നിർദ്ദേ ശിക്കുകയും ചെയ്തു.

കാര്യമായ മാറ്റങ്ങളൊന്നും നിയമാവലിയിൽ വരുത്തിയിട്ടില്ലെന്നതു ചാവ റയച്ചനെ വ്യസനിപ്പിച്ചു. ഇരുപത്തിയഞ്ചു നോയമ്പിന്റെയും അമ്പതു നോയ മ്പിന്റെയും എല്ലാ ദിവസങ്ങളിലും ഉപവാസം വേണമെന്ന നിയമം മാറ്റിയി ട്ടില്ല. ഏകാന്തത, മൗനം എന്നിവയെക്കുറിച്ചുള്ള നിയമങ്ങളും കഠിനമാണ്.

സുറിയാനി റീത്തുകാർക്ക് ഉപവാസം ആണ്ടിൽ ഒൻപതു ദിവസമായി റോമിൽനിന്ന് ഇളവു ചെയ്തിട്ടുണ്ടെന്ന വിവരം ചാവറയച്ചൻ മെത്രാനെ അറി യിച്ചു. അതിനു രേഖാമൂലം തെളിവു വേണമെന്നായി മെത്രാൻ. അച്ചൻ വളരെ പണിപ്പെട്ട് അതിന്റെ രേഖകൾ സംഘടിപ്പിച്ചു മെത്രാനു സമർപ്പിച്ചു. അതു പഠിച്ചു വ്യാഖ്യാനിക്കുവാനായി മെത്രാൻ റോമിലേക്ക് അയച്ചുകൊടുത്തു.

കാലം മുന്നോട്ടു പോകുകയായിരുന്നു. 1855 ആയി. 1831-ൽ ആരംഭിച്ച സന്യാസസഭയ്ക്ക് ഇതുവരെ അംഗീകാരം ആയിട്ടില്ലെന്നതു ചാവറയച്ചനെ ദുഃഖിപ്പിച്ചു. സഭ അംഗീകരിക്കപ്പെടുന്നതു കാണാതെ പാലയ്ക്കൽ മല്പാനും പോരൂക്കര മല്പാനും കടന്നുപോയി. തന്റെ ജീവിതകാലത്തും അംഗീകാരം ഉണ്ടാവില്ലെന്നു വരുമോ?

ചാവറയച്ചൻ മുട്ടിപ്പോയി പ്രാർത്ഥിച്ചു.

ഒടുവിൽ ഒൻപത് ദിവസം ഉപവാസം മതി എന്നതു ശരിവച്ചുകൊണ്ടു റോമിൽനിന്ന് അറിയിപ്പുവന്നു. അതോടെ, അമലോദ്ഭവദാസസംഘത്തെ ഔദ്യോഗികമായി സന്യാസസഭയാക്കുന്നതിന് ബെർണർദീനോസ് മെത്രാൻ ഉത്സാഹിച്ചു. അമലലോദ്ഭവ മാതാവിന്റെ തിരുനാളാണ് അതിനുള്ള ദിവസമായി അദ്ദേഹം നിശ്ചയിച്ചത്.

അതിനു മുമ്പായി സന്യാസാർഥികൾക്കു ധ്യാനം നൽകുവാൻ മെത്രാൻ മർസലിനോസ് മിഷനറിയെ മാന്നാനത്തേക്ക് അയച്ചു.

അവർ സ്വീകരിക്കുവാൻ പോകുന്ന സന്യാസജീവതത്തിന്റെ നിയമങ്ങളെയും ഗൗരവത്തെയും ശ്രേഷ്ഠതയെയും കുറിച്ചു വിവരിച്ചുകൊണ്ടായിരുന്നു ധ്യാനം. ആശ്രമത്തിന്റെ ആവൃതിനിർണ്ണയം, മൗനവ്രതം തുടങ്ങിയവയെക്കുറിച്ചു ധ്യാനപ്രസംഗകൻ ഊന്നിപ്പറഞ്ഞു. പൂർണ്ണമനസ്സും നല്ല ഉറപ്പുമുള്ളവർ മാത്രം സന്യാസം സ്വീകരിച്ചാൽ മതിയെന്നും അദ്ദേഹം പറഞ്ഞു.

ധ്യാനത്തോടെ പലരുടെയും മനസ്സിന് ഇളക്കമുണ്ടായി. ഇത്രയും കഠിനമായ ജീവിതരീതിയാവും തങ്ങൾ പിന്തുടരേണ്ടിവരുകയെന്ന് അവർ പ്രതീക്ഷിച്ചിരുന്നില്ല. സന്യാസസഭയിൽ ചേരുന്നതിൽനിന്ന് രണ്ടു വൈദികരും എട്ടു ശെമ്മാശ്ശന്മാരും ഒരു യോഗാർത്ഥിയും പിന്മാറി. ചാവറയച്ചനും പത്തു വൈദികരും മാത്രം ശേഷിച്ചു.

സഭയിൽ ചേരാൻ ഒരുങ്ങിയിരുന്നവരിൽ പകുതിപ്പേർ പിന്മാറിയത് ചാവറയച്ചനെ ദുഃഖിപ്പിച്ചു. എന്നാൽ, മെത്രാനച്ചൻ അദ്ദേഹത്തെ ആശ്വസിപ്പിച്ചു. ചഞ്ചലരായ കൂടുതൽപേർ ഉണ്ടായിരിക്കുന്നതിനേക്കാൾ ദാർഢ്യമുള്ള കുറച്ചുപേർ ഉണ്ടായിരിക്കുന്നതാണ് നല്ലതെന്നും ആ ദാർഢ്യം നിലനിൽക്കാൻ താൻ പ്രാർത്ഥിക്കാമെന്നും മെത്രാൻ പറഞ്ഞു.

സന്യാസികളുടെ വേഷം ചാവറയച്ചനാണ് തീരുമാനിച്ചത്. ഇടവക വൈദികരുടെ വസ്ത്രത്തിൽനിന്നു വലിയ വ്യത്യാസം ആവശ്യമില്ല. അവരുടെ ളോഹയ്ക്കു പുറമേ തോൽകൊണ്ടുള്ള അരക്കെട്ടും ളോഹയ്ക്കകത്തു രോമം കൊണ്ടുള്ള കർമ്മലീത്താ വെന്തിങ്ങയുമാണ് നിശ്ചയിച്ച വേഷം. ശെമ്മാശ്ശന്മാർക്ക് ളോഹയ്ക്കു പുറത്ത് അരക്കെട്ടു വേണ്ട.

1855–ലെ അമലോദ്ഭവ മാതാവിന്റെ തിരുനാൾ ദിനമായ ഡിസംബർ എട്ട്.

ഇന്ത്യയിൽ ആദ്യമായി ഒരു ക്രൈസ്തവ സന്യാസസഭയിലെ അംഗങ്ങൾ ഔദ്യോഗികമായി വ്രതവാഗ്ദാനം നടത്തുന്ന ചടങ്ങിനു സാക്ഷ്യം വഹിക്കാൻ അനേകം ഇടവകളിൽനിന്ന് ആളുകൾ മാന്നാനത്തേക്ക് ഒഴുകുമ്പോൾ ചാവറയച്ചന്റെ മനസ്സ് അഗാധമായ ധ്യാനത്തിലായിരുന്നു. ആകാശംപോലെ അപാരമായ ദൈവകൃപയെയോർത്തു അദ്ദേഹം കണ്ണീരായിത്തീരുകയായിരുന്നു. ആദിയും അന്ത്യവുമില്ലാത്തവൻ, പ്രപഞ്ചഗോളങ്ങളെ ഒരു ജപമാലയുടെ മണികൾപോലെ കൈയിലൊതുക്കിയും കാലത്തെ സ്വന്തം മെതി

യടികളാക്കിയുമിരിക്കുന്നവൻ, ഭൂമിയെ തന്റെ സ്നേഹത്തിന്റെ സ്വർണ്ണത്താലമാക്കിയവൻ, ഈ നീർക്കുമിളയ്ക്കു നൽകുന്ന കൃപ എത്രയധികമാണ്! ഒരു നീർക്കുമിളയെ തലോടാൻ മാത്രം സൂക്ഷ്മവും മൃദുവുമായല്ലോ, മഹാശക്താ, അങ്ങയുടെ വിരലുകൾ!

പാലയ്ക്കൽ മല്പാനെയും പോരൂക്കര മല്പാനെയും ചാവറയച്ചൻ ഓർത്തു. ഈയൊരു ദിവസത്തിനുവേണ്ടി അവർ എത്ര ശ്രമിച്ചു! എന്നാൽ പ്രപഞ്ചത്തിൽനിന്ന് അവരെ വിളിച്ച് എല്ലാം സ്വർഗ്ഗത്തിലിരുന്നു കാണാൻ അവർക്ക് ഇരിപ്പിടമൊരുക്കുകയാണ് പ്രപഞ്ചത്തിന്റെയും സ്വർഗ്ഗത്തിന്റെയും നാഥൻ ചെയ്തത്.

*ബേസ് റൗമ*യുടെ നെറുകയിൽ മണിമുഴങ്ങി. അതിനു മുകളിൽ ദൈവദൂതന്മാരെപ്പോലെ മേഘങ്ങൾ അണിനിരന്നു.

ചാവറയച്ചനും മറ്റു പത്തു വൈദികരും വ്രതവാഗ്ദാനത്തിന് ഒരുങ്ങി സെമിനാരി കവാടത്തിൽ എത്തി. വരാപ്പുഴ മെത്രാപ്പോലീത്തയുടെ പ്രതിനിധി മാർസലിനോസ് മിഷനറി കാർമ്മികനായി എത്തിയിരുന്നു.

മറ്റ് അനേകം വൈദികരും ശെമ്മാശ്ശന്മാരും ആയിരക്കണക്കിന് ജനങ്ങളും ആ മുഹൂർത്തത്തെ അറിയുവാൻ കാത്തുനിൽക്കുമ്പോൾ റബേക്കുകളും തമ്പേറുകളും ഗായകകണ്ഠങ്ങളും സ്തോത്രങ്ങളായി ഉണർന്നു. നിശബ്ദ സ്തോത്രങ്ങളായി ധൂമകലശങ്ങളിൽനിന്നു കുന്തിരിക്കത്തിന്റെ ഗന്ധം പടർന്നു.

ഒറ്റ ളോഹ ധരിച്ച് കൈകളിൽ കർമ്മല ഉത്തരീയവും തുകൽബെൽറ്റും വ്രതവാഗ്ദാനക്കുറിപ്പുമായി ചാവറയച്ചൻ നമ്രശിരസ്കനായി ദൈവാലയത്തിലേക്കു നീങ്ങി.

മദ്ബഹയ്ക്ക് അരികിലുള്ള എട്ടുവട്ടത്തിനു കീഴിലെ കസേരയിൽ തിരുക്കർമവസ്ത്രങ്ങൾക്കുള്ളിലിരിക്കുന്ന തലസ്ഥാനിയായ മർസലിനോസ് പാതിരിയുടെ സമീപത്തു ചാവറയച്ചൻ മുട്ടുകുത്തി. ആചാരപ്രകാരമുള്ള ചോദ്യങ്ങൾ, ഉത്തരങ്ങൾ, സന്യാസജീവിതത്തിന്റെ അടിസ്ഥാന വ്രതങ്ങളെക്കുറിച്ചു മർസലിനോസ് മിഷനറിയുടെ പ്രസംഗം. മൗനം, ഏകാന്തത, പ്രാർത്ഥന, എളിമ എന്നിവയുടെ പ്രാധാന്യത്തെക്കുറിച്ചും അദ്ദേഹം വിവരിച്ചു.

അടുത്തതായി വ്രതവാഗ്ദാനം. മുട്ടിന്മേൽനിന്ന്, കൈയ്യിൽ കുരിശുരൂപം പിടിച്ച്, ദൈവത്തേയും സകല വിശുദ്ധരെയും സാക്ഷിയാക്കി ചാവറയച്ചൻ *അനുസരണം, ബ്രഹ്മചര്യം, ദാരിദ്ര്യം* എന്നീ വ്രതത്രയം അനുഷ്ഠിച്ചുകൊള്ളാമെന്നു വാഗ്ദാനം ചെയ്തു. കുരിശുരൂപവും തലസ്ഥാനിയുടെ കരവും ചുംബിച്ചു. തലസ്ഥാനി ചാവറയച്ചനെ ചുമലുകളിൽ പിടിച്ച് എഴുന്നേല്പിച്ച് ഉത്തരീയം അണിയിക്കുകയും തോൽവാറ് ധരിപ്പിക്കുകയും ചെയ്തു. ചാവറയച്ചൻ നിലത്തു സാഷ്ടാംഗം വീണുകിടന്നപ്പോൾ പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന ഉയർന്നു.

സന്യാസസഭയിൽ പ്രവേശിക്കുമ്പോൾ പുതിയൊരു പേരുകൂടി സ്വീകരിക്കണം എന്ന നിയമമനുസരിച്ച് ചാവറയച്ചൻ *തിരുക്കുടുംബത്തിന്റെ കുറിയാക്കോസ് ഏലിയ* എന്ന നാമം സ്വീകരിച്ചു.

ദൈവത്തിനു നന്ദി പറഞ്ഞുകൊണ്ടും ചാവറയച്ചനെ അഭിനന്ദിച്ചുകൊണ്ടും ചെറുതായി പ്രസംഗിച്ച മിഷനറി ചാവറയച്ചനെ സന്യാസമൂഹത്തിന്റെ *പ്രിയോർ* എന്ന അധികാരിയായി പ്രഖ്യാപിക്കുകയും ചെയ്തു.

ചാവറയച്ചന്റെ പ്രിയോർസ്ഥാനം അംഗീകരിക്കുന്നതിന്റെ അടയാളമായി മറ്റു സന്യാസികൾ മുട്ടുകുത്തി അദ്ദേഹത്തിന്റെ കൈ ചുംബിച്ചു.

പിന്നീട് സ്തപസു കുർബ്ബാനയ്ക്കുശേഷം പത്തു വൈദികരുടെ വ്രതവാഗ്ദാനം നടന്നു. മർസലിനോസ് മിഷനറിയുടെ സാന്നിധ്യത്തിൽ പ്രിയോരച്ചന്റെ മുന്നിൽ രണ്ടുപേർ വീതമാണു വ്രതസമർപ്പണം നടത്തിയത്.

പ്രിയോരച്ചനെക്കൂടാതെ അന്നു വ്രതവാഗ്ദാനം നടത്തി അമലോദ്ഭവ മാതാവിന്റെ ദാസസംഘത്തിൽ അംഗങ്ങളായ പത്തു വൈദികർ പ്രിയോരച്ചന്റെ അമ്മാവന്റെ മകൻ തോപ്പിൽ ഗീവർഗീസച്ചൻ, പോരൂക്കര കുര്യാക്കോസച്ചൻ, കൊച്ചുപുരയ്ക്കൽ കുര്യച്ചൻ, മുഞ്ഞനാട്ട് മത്തായി അച്ചൻ, കുളപ്പുരയ്ക്കൽ മത്തായിയച്ചൻ, പാലയ്ക്കൽ കുര്യച്ചൻ, കട്ടക്കയത്തു ചാണ്ടിയച്ചൻ, കളത്തിൽ സ്കറിയാച്ചൻ എന്നിവരാണ്.

ചടങ്ങുകളെല്ലാം പൂർത്തിയായപ്പോൾ പ്രിയോരച്ചന്റെ ഹൃദയം ദൈവത്തോടുള്ള നന്ദിയാൽ നിറഞ്ഞിരുന്നു. ആശ്രമദേവാലയത്തിലെ അൾത്താരയ്ക്കു മുന്നിൽ അദ്ദേഹം ദൈവത്തെ വിളിച്ചു:

*എന്റെ അപ്പാ...*

സാഷ്ടാംഗം പ്രണമിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു:

*ഈ പേരുകൊണ്ടല്ലാതെ മറ്റൊന്നിനാലും നിന്നെ വിളിക്കാൻ എന്റെ ഹൃദയം അനുവദിക്കുന്നില്ല...*

# 18

**ബേ**സ് *റൗമ*യിലെ ആശ്രമത്തിനുള്ളിൽ നിറഞ്ഞ ധ്യാനാത്മകമായ മൗനവും ആ മൗനത്തെ ഇടയ്ക്കിടെ മുറിക്കുന്ന പ്രാർത്ഥന മർമ്മരങ്ങളും ആശ്രമവാസികളെ ദിവ്യമായൊരു ചരടിൽ പരസ്പരബന്ധിതരാക്കി. സെമിനാരിയിലെയും സംസ്കൃതപാഠശാലയിലെയും ശബ്ദങ്ങൾ ആശ്രമകവാടത്തിൽ നിന്ന് ആദരപൂർവ്വമായ അകലം പാലിച്ചു. ഇലകൾ കൊഴിയുന്നതുപോലെ ശാന്തവും നിശ്ശബ്ദവുമായിരുന്നു ആശ്രമത്തിലെ ചലനങ്ങൾ.

ദൈവം നിശ്ശബ്ദത കൊണ്ടാണു സംസാരിക്കുന്നത്. ആശ്രമത്തിലെ ആർഷമായ മൗനത്തിൽ സന്യാസികൾ ജീവിതത്തെക്കുറിച്ചും നിത്യജീവിതത്തെക്കുറിച്ചും കൂടുതൽ ഉൾക്കാഴ്ചകൾ നേടിക്കൊണ്ടിരുന്നു.

ആ ഉൾക്കാഴ്ചകൾ അവർ മറ്റുള്ളവർക്കു പകർന്നുകൊടുത്തുകൊണ്ടുമിരുന്നു.

പ്രിയോരച്ചൻ ധ്യാനപ്രസംഗങ്ങൾക്കു പോവുക സാധാരണമായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ ആളുകൾക്ക് ആദ്ധ്യാത്മികമായ ആനന്ദാനുഭവങ്ങളായി പരിണമിച്ചു. ആശ്രമത്തിന്റെ മൗനത്തിൽനിന്ന് ഊറിക്കൂടി ധ്യാനങ്ങളിൽ കുളിർജലപാതങ്ങളായി മാറുകയായിരുന്നു അദ്ദേഹത്തിന്റെ വാക്കുകൾ.

ദൈവത്തെയും നിത്യജീവിതത്തെയുംകുറിച്ചുള്ള ദർശനങ്ങൾ മാത്രമല്ല, അനുദിന ജീവിതത്തെയും കുടുംബജീവിതത്തെയുംകുറിച്ചു പ്രയോഗ ലളിതമായ ഉപദേശങ്ങളും അദ്ദേഹം ആളുകൾക്കു നൽകി.

*ഉള്ളതുകൊണ്ട് സംതൃപ്തനാകുക. അതു ന്യായമായി അദ്ധ്വാനം കൊണ്ടു വർദ്ധിപ്പിക്കുക. അന്യനെ വഞ്ചിച്ചു ധനികനാകുന്നവൻ നിർഭാഗ്യനാണ്.*

*അധികം സ്നേഹിതന്മാർ വേണ്ട. നല്ലൊരു സ്നേഹിതനെ ആയിരംപേരിൽനിന്നു തെരഞ്ഞെടുക്കുക.*

*നിന്റെ വീട്ടിൽ പരദൂഷണത്തിന്റെ ഒരു വാക്കുപോലും കേൾക്കാൻ ഇടവരരുത്.*

*കുട്ടികളോട് അധിക വാത്സല്യവും അധിക കാഠിന്യവും പാടില്ല. രണ്ടും തിന്മയാണ്.*

*കട്ട വസ്തു കത്തിപ്പോകും.*

*വേലക്കാർക്കു ന്യായമായ കൂലി കൊടുക്കാതിരിക്കുകയോ വച്ചുതാമസിപ്പിക്കുകയോ ചെയ്യരുത്.*

പ്രിയോരച്ചന്റെ വാക്കുകൾ സഹസന്യാസികൾക്കും വിലപ്പെട്ടതായിരുന്നു. ഒരു പുണ്യപുരുഷനെപ്പോലെയാണ് അവർ അദ്ദേഹത്തെ കരുതിയത്. ദൃഢമായൊരു സ്നേഹബന്ധത്താൽ ദൈവം അവരെ ഒന്നിച്ചുനിർത്തി.

മാന്നാനത്തെ ആശ്രമത്തിന്റെ മാതൃകയിൽ ലത്തീൻ റീത്തുകാർക്കു വേണ്ടി ഒരു ആശ്രമം തുടങ്ങണമെന്നു ബർണർദീനോസ് മെത്രാന് ആഗ്രഹമുണ്ടായിരുന്നു. കൂനമ്മാവിൽ തന്റെ മുൻഗാമികളിലൊരാൾ പണിയിച്ചിരുന്ന പള്ളിയും കെട്ടിടവും അതിനായി ഉപയോഗിക്കാമെന്ന് അദ്ദേഹം കണക്കുകൂട്ടി. ആ ഉദ്ദേശ്യത്തോടെ മൂന്നു ശെമ്മാശ്ശന്മാരെയും ഒരു പാതിരിയെയും മെത്രാൻ അവിടെ താമസിപ്പിച്ചു. എന്നാൽ ഏതാനും മാസങ്ങൾക്കുശേഷം നാലുപേരും ആശ്രമജീവിതം ഉപേക്ഷിച്ചുപോയി.

അനാഥമായിത്തീർന്ന കൂനമ്മാവ് ആശ്രമം മാന്നാനത്തെ സഭയുടെ ശാഖയായി നടത്തിക്കൊണ്ടുപോകണമെന്നു മെത്രാൻ പ്രിയോരച്ചനോട് ആവശ്യപ്പെട്ടു. പ്രിയോരച്ചൻ മന്നാനത്തുനിന്ന് രണ്ടച്ചന്മാരെയും മൂന്നു ശെമ്മാശ്ശന്മാരെയും കൂനമ്മാവിലേക്ക് അയച്ചു.

1859-ഓടെ കൂനമ്മാവ് സുറിയാനി കർമ്മലീത്താസഭയുടെ ഏക നൊവിഷ്യേറ്റ് ആയിത്തീർന്നു.

ചാവറയച്ചന്റെ നേതൃത്വത്തിലുള്ള സഭയുടെ കീർത്തി കേരളത്തിലെങ്ങും പരന്നു. ഉത്തര തിരുവിതാംകൂറിൽ ഒരു സന്യാസഭവനം സ്ഥാപിക്കണമെന്ന് ആ പ്രദേശത്തുള്ളവർ അഭ്യർത്ഥിച്ചതനുസരിച്ച് മെത്രാൻ ചാവറയച്ചനോട് അവിടെ ആശ്രമത്തിനു സ്ഥലം കണ്ടുപിടിക്കാൻ നിർദ്ദേശിച്ചു. അങ്ങനെ 1858-ൽ പ്രിയോരച്ചൻ എൽത്തുരുത്തിൽ ആശ്രമം ആരംഭിച്ചു. എൽത്തുരുത്ത് എന്ന പേര് പ്രിയോരച്ചൻതന്നെ കൊടുത്തതാണ്. *ഏൽ* എന്ന സുറിയാനി പദത്തിന്റെ അർത്ഥം ദൈവം. എൽത്തുരുത്ത് *ദൈവത്തിന്റെ ദ്വീപ്.*

മാന്നാനത്ത് സെമിനാരി ആരംഭിച്ച കാലത്ത് അവിടെ ശെമ്മാശ്ശനായിരിക്കുകയും താമസിയാതെ പിണങ്ങിപ്പോവുകയും ചെയ്തായാളാണ് കൂടക്കച്ചിറ അന്തോണി. *ഓലമെടൽ ഒടിച്ചുകെട്ടിയാണെങ്കിലും ഞാനൊരു കൊവേന്ത ഉണ്ടാക്കും. മാന്നാനത്ത് പുണ്യവാളൻ ഉണ്ടാകുന്നതിനു മുമ്പ് എന്റെ കൊവേന്തയിൽ പുണ്യവാളൻ ഉണ്ടാകും* എന്ന പ്രഖ്യാപനത്തോടെയായിരുന്നു കൂടക്കച്ചിറ ശെമ്മാശ്ശൻ പിരിഞ്ഞത്. പിന്നീട് പാലായിൽ ഒരു മല്പാന്റെ കീഴിൽ വൈദികപഠനം പൂർത്തിയാക്കി വൈദികനായ കൂടക്കച്ചിറ, ലുദവിക്കോസ് മെത്രാന്റെ അനുമതിയോടെ വനപ്രദേശമായ പ്ലാശനാലിൽ ഒരു കൊവേന്ത സ്ഥാപിക്കുകയും ചെയ്തു. സുറിയാനി റീത്തുകാർക്ക് ഒരു സുറിയാനി മെത്രാൻ വേണമെന്ന് ആഗ്രഹിച്ചിരുന്ന കൂടക്കച്ചിറയച്ചൻ അതിനുവേണ്ടി ബാഗ്ദാദിലേക്കു പോയി. അവിടെവച്ച് 1858-ൽ അദ്ദേഹം മരണമടഞ്ഞതോടെ പ്ലാശനാൽ ആശ്രമം അനാഥമായി.

ആ ആശ്രമം ഏറ്റെടുത്തു നടത്തണമെന്ന മെത്രാനച്ചൻ ചാവറയച്ചനോട് ആവശ്യപ്പെട്ടു. അതനുസരിച്ച് മാന്നാനത്തുനിന്ന് ഏതാനും വൈദികരെയും ഒരു യോഗാർത്ഥിയെയും ചാവറയച്ചൻ പ്ലാശനാലിലേക്ക് അയച്ചു. പക്ഷേ, ഏറെക്കഴിയുംമുമ്പ് അവരിൽ പലർക്കും മലമ്പനി പിടിപെട്ടു. കളപ്പുരയ്ക്കൽ മത്തായി അച്ചൻ മലമ്പനിയാൽ മരണമടയുകയും ചെയ്തു.

ശേഷിച്ചവരെ ചാവറയച്ചൻ മാന്നാനത്തേക്കു തിരിച്ചുവിളിച്ചു. പിന്നെ ആരേയും ആ വനപ്രദേശത്തേക്ക് അയച്ചില്ല. കൊവേന്തക്കെട്ടിടം അരുവിത്തറ പള്ളി ഏറ്റെടുക്കുകയും ചെയ്തു. എന്നും ഒരു പടയാളിയുടെ സ്വഭാവം പ്രദർശിപ്പിച്ചിരുന്ന കൂടക്കച്ചിറ അന്തോനിയച്ചന്റെ ആശ്രമസ്വപ്നം അങ്ങനെ അദ്ദേഹത്തിനു പിന്നാലെ മരിച്ചു.

ആരക്കുഴയ്ക്കു സമീപം വാഴക്കുളത്ത് നമ്പ്യാപറമ്പിൽ കത്തനാർ പണിയിച്ചിരുന്ന ഒരു കുരിശുപള്ളിയും മുറിയുമുണ്ടായിരുന്നു. ആരക്കുഴ ഇടവകക്കാരുടെ എതിർപ്പുമൂലം വർഷങ്ങളായി പള്ളി പ്രവർത്തിക്കാതിരിക്കുകയായിരുന്നു. പള്ളിയും മുറിയും അവയ്ക്കു ചുറ്റുമുള്ള സ്ഥലവും കൊവേന്തയ്ക്കായി ഏറ്റെടുക്കണമെന്നു നമ്പ്യാപറമ്പിലച്ചൻ ചാവറയച്ചനോട് അഭ്യർത്ഥിച്ചു. മെത്രാന്റെ അനുവാദം വാങ്ങി ചാവറയച്ചൻ അവ ഏറ്റെടുത്തു. കർമ്മല എന്ന പേരോടെ അവിടെ ആരംഭിച്ച കൊവേന്തയിലേക്കു മാന്നാനത്തു നിന്ന് രണ്ടു വൈദികരെ അയച്ചു.

വാഴക്കുളം ആശ്രമം അനുദിനം അഭിവൃദ്ധിപ്പെട്ടു. അതിന്റെ പ്രിയോരായി കാനാട്ട് യാക്കോബച്ചനെ നിയമിച്ചു.

പ്രിയോരച്ചന്മാർ ഒന്നിലേറെയായതോടെ ചാവറയച്ചൻ വലിയ പ്രിയോരച്ചൻ എന്നറിയപ്പെടാൻ തുടങ്ങി.

സന്യാസസമൂഹത്തിന്റെ വളർച്ച വലിയ പ്രിയോരച്ചനെ മറ്റാരെയുംകാൾ സന്തോഷിപ്പിച്ചു. പ്രതീക്ഷിക്കാത്ത വാതിലുകൾ തുറന്നുതന്ന് ദൈവം അതിനെ വളർച്ചയിലേക്കു നയിക്കുന്നു.

അമലോദ്ഭവ മാതാവിന്റെ ദാസസംഘം എന്ന പേരിൽ അറിയപ്പെട്ട ആ സമൂഹത്തിന് 1861-ൽ ബെർണർദീനോസ് മെത്രാൻ വഴി കർമ്മലീത്ത നിഷ്പാദുക സഭയുടെ ഉന്നതാധികാരിയിൽ നിന്ന് ഒരു അറിയിപ്പ് കിട്ടി. മാന്നാനത്തെ സന്യാസസമൂഹത്തെ കർമ്മലീത്താ നിഷ്പാദുക സമൂഹത്തിന്റെ *മൂന്നാംസഭ*യായി സ്വീകരിച്ചിരിക്കുന്നുവെന്നായിരുന്നു അറിയിപ്പ്.

മാന്നാനത്തെ സഭ ആവശ്യപ്പെട്ടിട്ടോ അവരുടെ സമ്മതം വാങ്ങിയിട്ടോ ആയിരുന്നില്ല യൂറോപ്പിലെ സഭയുടെ ഈ തീരുമാനം. ബെർണർദീനോസ് മെത്രാന്റെ ഉപദേശപ്രകാരമായിരുന്നിരിക്കാം ഇത്.

കർമ്മലീത്ത നിഷ്പാദുക സഭയുടെ (ഒ.സി.ഡി.) ഒന്നാം സഭ വൈദികർക്കും രണ്ടാം സഭ കന്യാസ്ത്രീകൾക്കും മൂന്നാം സഭ അൽമായർക്കും വേണ്ടിയുള്ളതാണ്. മാന്നാനത്തെ സഭയെ മൂന്നാം സഭയാക്കിയതിൽ സമൂഹാംഗങ്ങൾക്ക് അതൃപ്തി തോന്നി. എന്നാൽ തന്നോടും സഭയിലെ മറ്റംഗങ്ങളോടും പിതൃതുല്യമായ സ്നേഹം കാട്ടുകയും സഭയെ ഒരു രക്ഷാധികാരിയെപ്പോലെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന മെത്രാനച്ചനോട് എങ്ങിനെ എതിർപ്പു കാട്ടുമെന്നായിരുന്നു ചാവറയച്ചന്റെ ധർമ്മസങ്കടം. അനുസരിക്കാൻ കടപ്പെട്ടിരിക്കുന്നവർ ധിക്കരിക്കാൻ തുടങ്ങുകയോ?

ആശ്രമം സ്ഥാപിക്കാൻ ഇറങ്ങിപ്പുറപ്പെട്ടശേഷം പല പരീക്ഷണങ്ങളുമുണ്ടായി. എല്ലാറ്റിലും ജയിച്ചു. ഇതു മറ്റൊരു പരീക്ഷണമാവാം.

ഉന്നതാധികാരികളുടെ കയ്പേറിയ തീരുമാനം ചാവറയച്ചനും മറ്റു സന്യാസികളും ശിരാസാവഹിച്ചു.

കർമ്മലീത്താ നിഷ്പാദുക മൂന്നാം സഭ എന്നതിന്റെ ചുരുക്കരൂപമായ *ക.നി.മൂ.സ.* (ടി.ഒ.സി.ഡി.) എന്നത് സഭാംഗങ്ങളുടെ പേരിനൊപ്പം ഉപയോഗിക്കാനും തുടങ്ങി...

# 19

**പ്ലാ**ശനാലിലെ കൊവേന്തയുടെ സ്ഥാപകനായ കുടുക്കാച്ചിറ അന്തോനിക്കത്തനാർ വരാപ്പുഴ മെത്രാപ്പോലീത്തയുമായി നീരസത്തിലായിരുന്നു. കത്തനാർ പഠിപ്പിച്ച വൈദികവിദ്യാർത്ഥികൾക്ക് പട്ടം കൊടുക്കുവാൻ മെത്രാപ്പോലീത്ത തയ്യാറായില്ല എന്നതാണു കാരണം. വൈദിക വിദ്യാർത്ഥികൾക്കു ലഭിച്ചിരുന്ന പരിശീലനം പരിശോധനാവിഷയമാക്കിയ ശേഷമേ പട്ടം കൊടുക്കൂ എന്നതായിരുന്നു മെത്രാന്റെ നിലപാട്.

സ്വന്തം റീത്തുകാരനായ ഒരു മെത്രാനെ കിട്ടണമെന്നതു കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ തീവ്രമായ ആഗ്രഹമായിരുന്നു. അവരുടെ നേതാവായി മാറിയ കുടുക്കാച്ചിറക്കത്തനാർ സഹപ്രവർത്തകരായ തൊണ്ടനാട്ട് അന്തോണിക്കത്തനാർ, ഇല്ലിക്കൽ കത്തനാർ, രണ്ട് ശെമ്മാശ്ശന്മാർ, കുറെ വൈദികാർത്ഥികൾ എന്നിവരോടൊപ്പമാണ് ബാഗ്ദാദിലേക്ക് പുറപ്പെട്ടത്.

കേരളത്തിലേക്ക് ഒരു മെത്രാനെ അയക്കുവാൻ ബാഗ്ദാദിലെ പാത്രിയർക്കീസിനെ പ്രേരിപ്പിക്കുകയായിരുന്നു അവരുടെ ഉദ്ദേശ്യം. സാങ്കേതിക തടസ്സങ്ങൾ കാരണം പാത്രിയർക്കീസ് ആദ്യമൊന്നും വഴങ്ങിയില്ല. എന്നാൽ കുടുക്കാച്ചിറയും സംഘവും ശ്രമം തുടർന്നു.

പക്ഷേ, തങ്ങളുടെ ദൗത്യം എവിടെയെങ്കിലും എത്തിക്കാനാവുംമുമ്പെ കുടുക്കാച്ചിറയും ഏതാനും ശെമ്മാശ്ശന്മാരും രോഗബാധിതരായി ആ മെസൊപ്പൊട്ടേമിയൻ മണ്ണിൽ ലയിച്ചു.

ശേഷിച്ചവർ ശ്രമം മുന്നോട്ടു കൊണ്ടുപോയി. പാത്രിയർക്കീസും മാർപാപ്പയുടെ പ്രതിനിധിയും തമ്മിൽ ചില അഭിപ്രായ വ്യത്യാസങ്ങൾ ഉരുത്തിരിഞ്ഞിരുന്നു. ഈ സാഹചര്യത്തിൽ തൊണ്ടനാട്ട് അന്തോണിക്കത്തനാരുടെയും കൂട്ടരുടെയും പ്രേരണയ്ക്കു പാത്രിയർക്കീസ് വഴങ്ങി. തോമസ് റോക്കോസ് എന്ന വൈദികനെ മെത്രാനായി പാത്രിയർക്കീസ് വാഴിക്കുകയും കേരളത്തിലെ സുറിയാനി സഭയുടെ നിരീക്ഷകനായി പോകാൻ ചുമതലയേല്പ്പിക്കുകയും ചെയ്തു.

മാർപാപ്പയുടെ പ്രതിനിധി വിവരമറിഞ്ഞു. അദ്ദേഹം ഉടൻതന്നെ വരാപ്പുഴ മെത്രാന് എഴുതി. ബാബേലിൽനിന്നു റോക്കോസ് എന്ന മെത്രാൻ

കേരളത്തിലേക്കുവരാൻ ഒരുങ്ങുന്നുവെന്നും മാർപാപ്പയുടെ അംഗീകാരമില്ലാതെ വരുന്ന റോക്കോസ് കേരളത്തിലെ സഭയിൽ പ്രശ്നങ്ങളൊന്നും സൃഷ്ടിക്കാതെ സൂക്ഷിക്കണമെന്നുമായിരുന്നു കത്ത്. കേരളത്തിലെ സഭയുടെ ഭരണം പിടിച്ചെടുക്കുകയാണ് റോക്കോസിന്റെ ലക്ഷ്യമെന്നു സംശയിക്കുന്നതായും കത്തിൽ പറഞ്ഞിരുന്നു.

ഇതേസമയം തൊണ്ടനാട്ടു കത്തനാർ തങ്ങൾക്കു കൽദായമെത്രാനെ ലഭിച്ച സന്തോഷവിവരം കേരളത്തിലുള്ള തന്റെ സഹായികളെ അറിയിക്കുകയും അദ്ദേഹത്തെ കേരളത്തിൽ സ്വീകരിക്കുവാൻ ഏർപ്പാടുകൾ ചെയ്യുകയും ചെയ്തു.

കേരളത്തിലേക്കു മെത്രാനെ അയക്കാൻ പാത്രിയർക്കീസിന് അവകാശമില്ലെന്നും അങ്ങനെയാരെങ്കിലും എത്തിയാൽ സ്വീകരിക്കരുതെന്നും റോമിലെ പ്രോപ്പഗന്താ തിരുസംഘത്തിൽനിന്നുള്ള കത്തും വരാപ്പുഴ മെത്രാനു ലഭിച്ചു.

പക്ഷേ, റോക്കോസ് മെത്രാൻ വരുന്നതായുള്ള വാർത്ത കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികൾക്കിടയിൽ അതിവേഗം സഞ്ചരിച്ചു. സ്വന്തമായൊരു മെത്രാനെ ആശിച്ചിരുന്ന അവർ ആവേശഭരിതരായി. റോമിൽനിന്നുള്ള അനുവാദമില്ലാതെയാണ് മെത്രാൻ എത്തുന്നതെന്നും അദ്ദേഹത്തെ സ്വീകരിക്കരുതെന്നും വരാപ്പുഴ മെത്രാപ്പോലീത്തയും മിഷനറിമാരും ഇടവകകളിൽ അറിയിച്ചു.

പക്ഷേ, ജനങ്ങളുടെ ആവേശം അടങ്ങിയില്ല. അത് അനുദിനം വർദ്ധിക്കുകയാണ് ചെയ്തത്. റോക്കോസ് മെത്രാൻ കൊച്ചിയിൽ കപ്പലിറങ്ങിയപ്പോഴേക്കും അത് വലിയൊരു ആഘോഷമായി പരിണമിച്ചു.

ആളുകൾ വലിയൊരു അപകടത്തിലേക്കാണു പോകുന്നതെന്നു ചാവറയച്ചൻ കണ്ടു. വരാപ്പുഴ മെത്രാനച്ചന്റെയും മിഷനറിമാരുടെയും മുന്നറിയിപ്പുകൾ ജനങ്ങൾ പാടെ അവഗണിക്കുന്നു. മാർപാപ്പയുടെ അംഗീകാരമില്ലാത്ത ഒരു മെത്രാനെ ആവേശത്തോടും ഭക്തിയോടുംകൂടി സ്വീകരിക്കുന്നു.

റോക്കോസ് മെത്രാൻ മാർപാപ്പയുടെ അംഗീകാരമുള്ള മെത്രാനല്ലെന്നും ഈ മെത്രാന്റെ പിന്നാലെ പോകുന്നതു തിരുസഭയ്ക്ക് എതിരാണെന്നും വിശദീകരിച്ചുകൊണ്ട് ചാവറയച്ചൻ പല ലേഖനങ്ങൾ മാന്നാനം പ്രസ്സിൽനിന്ന് അടിച്ചിറക്കി: *എന്നോടുകൂടി അല്ലാത്തവൻ എനിക്കു വിരോധിയാകുന്നു* എന്ന യേശുവിന്റെ വാക്യം ഓർമ്മിപ്പിച്ചുകൊണ്ടായിരുന്നു പല ലേഖനങ്ങളും.

*വാതിലിൽക്കൂടി തൊഴുത്തിൽ കയറാത്തവൻ കള്ള ഇടയനാകുന്നു:* ചാവറയച്ചൻ എഴുതി. മാർപാപ്പയുടെ കല്പനയോടുകൂടിയാണ് റോക്കോസ് മെത്രാൻ എത്തിയിരിക്കുന്നതെങ്കിൽ അദ്ദേഹം വരാപ്പുഴ മെത്രാപ്പോലീത്തയെ

കാണാനും അധികാരപത്രം കാണിക്കാനും തയ്യാറാകാത്തതെന്തെന്ന ന്യായമായ ചോദ്യം ചാവറയച്ചൻ ഉന്നയിക്കുകയും ചെയ്തു.

കൊച്ചിയിൽ വന്നിറങ്ങിയ റോക്കോസ് ആദ്യം കാണാൻ പോയതു യാക്കോബായ സഭയിലെ കുറീലോസ് ബാവായെയാണ്. കുറച്ചുദിവസം ബാവായുടെകൂടെ കഴിഞ്ഞു. പിന്നീട് തൊണ്ടനാട്ട് അച്ചനും മറ്റും വാടകയ്ക്ക് എടുത്തുകൊടുത്ത ഒരു വീട്ടിൽ താമസമായി. അവിടെനിന്നു പള്ളിവികാരിമാരെയും മല്പാന്മാരെയും തന്നെ കാണാൻ ക്ഷണിച്ചുകൊണ്ട് റോക്കോസ് കത്തുകളയക്കുകയും ചെയ്തു.

നാടിന്റെ നാനാഭാഗത്തുനിന്നും അല്മായർ മാത്രമല്ല, വൈദികരും മല്പാന്മാരും റോക്കോസിന്റെ പക്കലേക്കു വന്നുകൊണ്ടിരുന്നു. കൽദായ മെത്രാനുമായുള്ള കൂടിക്കാഴ്ച അവരെയൊക്കെ ആവേശഭരിതരാക്കുകയും ചെയ്തു.

വരാപ്പുഴ മെത്രാന്റെ ശാസനത്തെയും ചാവറയച്ചന്റെ ഉപദേശങ്ങളെയും അവഗണിച്ചുകൊണ്ട് ആളുകൾ റോക്കോസ് മെത്രാനെക്കുറിച്ച് ആവേശം കൊണ്ടു.

വൈദികർക്കായുള്ള ഒരു ധ്യാനം മാന്നാനത്തു തുടങ്ങുകയായിരുന്നു. മിക്ക വൈദികരും ധ്യാനത്തിന്റെ ഇടവേളകൾ ഉപയോഗിച്ചത് റോക്കോസ് മെത്രാനെക്കുറിച്ചുള്ള ചർച്ചയ്ക്കാണ്.

*സുറിയാനി മെത്രാനുവേണ്ടി നമ്മൾ ആഗ്രഹിച്ചിരുന്നതാണ്. ഇപ്പോൾ അങ്ങനെയൊരു മെത്രാൻ എത്തിയിരിക്കുന്നു. അവിടെയും ഇവിടെയുമിരുന്ന് അദ്ദേഹം വ്യാജനാണോ യഥാർത്ഥനാണോ എന്നു ചർച്ച ചെയ്യുന്നതിനു പകരം ആദ്യം നമ്മൾ അദ്ദേഹത്തെ കാണുകയല്ലേ വേണ്ടത്?*

ഒരച്ചൻ ചോദിച്ചു.

*കാണുന്നതിലെന്താണ് തെറ്റ്? കണ്ടു സംസാരിക്കുമ്പോൾ സത്യം മനസ്സിലാക്കാമല്ലോ.*

മറ്റൊരച്ചൻ പറഞ്ഞു.

*പുതിയ മെത്രാനെ കാണുന്നതേ തെറ്റ് എന്ന ബെർണർദീനോസ് പിതാവിന്റെ നിലപാട് ഏതായാലും ശരിയല്ല. കാണുകയോ സംസാരിക്കുകയോ ചെയ്താൽ കാൽക്കൽ വീഴുന്നുവെന്നല്ലല്ലോ അർത്ഥം.*

*സുറിയാനി ക്രിസ്ത്യാനികൾക്കു ചിന്തിക്കാനുള്ള കഴിവ് ഇല്ലെന്നായിരിക്കും സായിപ്പ് പിതാവിന്റെ ധാരണ.*

ചാവറയച്ചൻ അപ്പോൾ അങ്ങോട്ടു കടന്നുവന്നതിനാൽ അച്ചന്മാർ സംസാരം നിർത്തി. ധ്യാനദിവസങ്ങളിൽ മൗനം ആചരിക്കണമെന്നു പ്രിയോരച്ചനു നിർബന്ധമാണ്.

അച്ചന്മാരുടെ സംസാരവിഷയം എന്തായിരുന്നുവെന്നു പ്രിയോരച്ചനു മനസ്സിലായി. അദ്ദേഹം അപ്പോൾ ഒന്നും പറഞ്ഞില്ല. മൗനം ആചരിക്കുന്നതിൽ

പലരും ഉപേക്ഷ കാട്ടുന്നുണ്ടെന്നും ഈ ഉപേക്ഷ ശരിയല്ലെന്നും കൃത്യമായി ധ്യാനപ്രസംഗകൻവഴി അദ്ദേഹം ഓർമ്മിപ്പിച്ചു.

വീണ്ടും ഒരിടവേള വന്നപ്പോൾ അടക്കിപ്പിടിച്ച സംസാരങ്ങൾ വഴി തിരിഞ്ഞു.

*നമ്മുടെ സംസാരവിഷയം എന്തെന്നു മനസ്സിലായതുകൊണ്ടാവും പ്രിയോരച്ചൻ മൗനാചരണം ഇത്രമേൽ നിഷ്ക്കർഷിക്കുന്നത്.*

ഒരച്ചൻ അഭിപ്രായപ്പെട്ടു.

*എന്തിനാണ് പുതിയൊരു മെത്രാനെ ഇങ്ങിനെ ഭയപ്പെടുന്നത്? വരാപ്പുഴപ്പിതാവിനു ഭയപ്പെടേണ്ടതായി എന്തോ ചില കാര്യങ്ങൾ പുതിയ മെത്രാനിലുണ്ട് എന്നല്ലേ അതിനർത്ഥം?*

*കാണാൻ പാടില്ല, പുതിയ മെത്രാനെക്കുറിച്ചു സംസാരിക്കാനേ പാടില്ല എന്നൊക്കെയുള്ള നിർബന്ധം ശരിയാവില്ല.*

പ്രിയോരച്ചന്റെ കാൽപെരുമാറ്റം അവരുടെ കുശുകുശുപ്പിനു കടിഞ്ഞാൺ വലിച്ചു. ഇടവേളയ്ക്കുശേഷം ധ്യാനം തുടങ്ങിയപ്പോൾ പ്രിയോരച്ചൻ പ്രസംഗപീഠത്തിൽ പ്രത്യക്ഷപ്പെട്ടു. അദ്ദേഹത്തിന്റെ മുഖം ചുവന്നിരുന്നു.

*ധ്യാനദിവസങ്ങളിലെ മൗനാചരണത്തിൽനിന്നു പലരെയും പിന്തിരിപ്പിക്കുന്നതു ബാബേലിൽ നിന്നു വന്ന മെത്രാനെക്കുറിച്ചുള്ള ജിജ്ഞാസയാണെന്നു ഞാൻ മനസ്സിലാക്കുന്നു. റോക്കോസ് മെത്രാനെക്കുറിച്ച് ഒന്നെനിക്കു തീർച്ചയുണ്ട്: അദ്ദേഹം വന്നിരിക്കുന്നത് പരിശുദ്ധ മാർപാപ്പയുടെ കല്പന കൂടാതെയാണ്. അദ്ദേഹത്തിനു കീഴ്പ്പെടുന്നതു മഹറോൻ ശിക്ഷയ്ക്കു അർഹതയുണ്ടാക്കുന്ന കുറ്റവുമാണ്. ശരിയായ അനുവാദം കൂടാതെയാണ് അദ്ദേഹം വന്നിരിക്കുന്നതെന്ന് ഈ ത്രോണോസിൽ തൊട്ടു ഞാൻ സത്യം ചെയ്യാം.*

പ്രിയോരച്ചൻ പറഞ്ഞു.

ധ്യാനപ്രസംഗകനായ യക്കോബ് കത്തനാർ ഇടപെട്ടു:

*ബഹുമാനപ്പെട്ട പ്രിയോരച്ചാ, റോക്കോസ് മെത്രാന്റെ കാര്യത്തിൽ അങ്ങെന്തിനാണ് ക്ഷോഭിക്കുന്നത്? അങ്ങോ ഞങ്ങളോ പുതിയ മെത്രാനെ കണ്ടിട്ടില്ല. കാണുകപോലും ചെയ്യാതെ വിധി പറയരുത്.*

*വെറുതെ പറയുന്നതല്ല. എനിക്കു പൂർണ്ണബോധ്യമുണ്ട്. റോക്കോസ് മെത്രാൻ എത്തുന്നതിനുമുമ്പുതന്നെ പ്രോപ്പഗന്താ തിരുസംഘത്തിൽനിന്നും വരാപ്പുഴ അരമനയിൽ കത്തു കിട്ടയതാണ്, ഈ വരവിന് മാർപാപ്പയുടെ അംഗീകാരമില്ലെന്ന്.*

സത്യമല്ലാത്ത ഒരു കാര്യം പ്രിയോരച്ചൻ പറയുകയില്ലെന്ന് അച്ചന്മാർക്കെല്ലാവർക്കും വിശ്വാസമുണ്ടായിരുന്നു. അതിനാൽ ധ്യാനത്തിന്റെ ഇടവരമ്പുകളിലെ റോക്കോസ് ചർച്ചകൾ ശമിച്ചു.

ധ്യാനം സമാപിച്ചു.

*കൽദായക്കാരുടെ നാട്ടിലൊക്കെ ധ്യാനമുണ്ടോ?*

ധ്യാനത്തിൽ പങ്കെടുത്തവരിലൊരാൾ പിരിഞ്ഞുപോകാൻ നേരം മറ്റൊരച്ചനോട് ചോദിച്ചു.

*നമുക്കു റോക്കോസ് മെത്രാനോടു ചോദിക്കാം.*

അപരൻ തമാശയായി പറഞ്ഞു.

*പലതും ചോദിക്കാനുണ്ടായിരുന്നു. പക്ഷേ, മഹറോൻ!*

ആദ്യത്തെ അച്ചൻ തമാശവലിച്ചുനീട്ടി.

*ഒന്നു കണ്ടതുകൊണ്ടും രണ്ടു വാക്കു സംസാരിച്ചതുകൊണ്ടുമൊന്നും ആർക്കും മഹറോൻ കിട്ടുകയില്ല.*

മറ്റൊരച്ചൻ കാര്യഗൗരവത്തോടെ പറഞ്ഞു.

*റോക്കോസ് മെത്രാന്റെ വേഷം ഒന്നു കാണേണ്ടതുതന്നെയാണെന്നാണു ജനസംസാരം.*

വേറൊരാൾ.

*മെത്രാന്റെ സംസാരവും അതിവിശേഷമാണത്രെ. സുറിയാനിയിൽ മണിമണിയായി സംസാരിക്കും.*

*ഈ മണിമണി നമുക്കു മനസ്സിലാകുമോ?*

*മനസ്സിലാകാത്തതു തൊണ്ടനാട്ടച്ചൻ പറഞ്ഞുതരും.*

*എങ്കിൽ കൊച്ചിവരെ പോയി കാര്യങ്ങൾ നേരിട്ടു മനസ്സിലാക്കുന്നതു നല്ലതല്ലേ?*

*എന്തുകൊണ്ടും അതു നല്ലതാണെന്നാണ് എന്റെ അഭിപ്രായം.*

റോക്കോസിനെ കാണുകയെന്ന ആഗ്രഹത്തിൽനിന്നു മിക്ക വൈദികരും പിന്നോട്ടില്ലെന്നു ചാവറയച്ചനു മനസ്സിലായി. പിരിഞ്ഞുപോകുന്നതിനു മുമ്പായി എല്ലാവർക്കും ഒരു ഉപദേശംകൂടി കൊടുത്താലോയെന്നു പ്രിയോരച്ചൻ ആലോചിച്ചു. അതിരമ്പുഴ സെമിനാരി റെക്ടറായ ആൽബർത്തോസ് അച്ചനോട് ഇക്കാര്യം ആലോചിച്ചപ്പോൾ  അദ്ദേഹം പറഞ്ഞു:

*പ്രിയോരച്ചാ, അങ്ങെന്തു പറഞ്ഞാലും പോകേണ്ടവർ പോകും.  ദിവസവും നൂറുകണക്കിന് ആളുകളാണ് അവിടെ പൊയ്ക്കൊണ്ടിരിക്കുന്നത്. എനിക്കും ഒന്നു പോകണമെന്നുണ്ട്.  അച്ചൻ എന്തു പറയുന്നു?*

*എനിക്കു പറയാനുള്ളതെന്താണെന്ന് അച്ചന് അറിയാമല്ലോ. ഇനി സ്വന്തം ബുദ്ധിയനുസരിച്ചു ചെയ്യുക.*

ചാവറയച്ചൻ പറഞ്ഞു.

ആൽബർത്തോസച്ചൻ കൊച്ചിക്കു പോയി. എന്നുമാത്രമല്ല, ബാഗ്ദാദി ലേക്കു പോയിരുന്ന കുറെ ശെമ്മാശ്ശന്മാരെ അതിരമ്പുഴയിലേക്കു കൊണ്ടു വരുകയും ചെയ്തു. കറുത്ത കുപ്പായവും ഇടക്കെട്ടും അറബിത്തൊപ്പിയും ധരിച്ച അവരെ കാണാനും ആളുകൾ കൂടി.

വരാപ്പുഴ രൂപതയുമായി നീരസത്തിലായിരുന്ന വൈദികരെ റോക്കോസ് പക്ഷക്കാർ തങ്ങളുടെ കൂടെച്ചേർത്തു. പേരും കഴിവുമുള്ള ധാരാളംപേരെ അവർക്കു കിട്ടി. ഇനി തങ്ങളുടെ പ്രവർത്തനങ്ങൾക്കു സാമ്പത്തിക സഹായം നൽകാൻ ശേഷിയുള്ള കുറെപേരെ വേണം. ധനാഢ്യനും സമുദായപ്രമാണി യുമായ പാറായി വലിയ അവിരാതരകനെ തങ്ങളുടെ പക്ഷത്തേക്കു കൊണ്ടു വന്നാൽ അതു വലിയൊരു നേട്ടമായിരിക്കുമെന്ന് അവർ കണക്കുകൂട്ടി.

രണ്ടുവള്ളം നിറയെ അച്ചന്മാർ തൈക്കാട്ടുശേരിയിലുള്ള പാറായിത്തര കന്റെ വീട്ടിലെത്തി. വരാപ്പുഴ മെത്രാപ്പോലീത്തയുമായി വളരെ സൗഹൃദ ത്തിലായിരുന്ന തരകനു പുതിയമെത്രാന്റെ കൂടെച്ചേരാൻ തല്പര്യമുണ്ടാ യിരുന്നില്ല. എന്നാൽ ഇത്രയേറെ വൈദികർചേർന്നു തുടർച്ചയായി നിർബ്ബ ന്ധിക്കുകയും പുതിയ സ്ഥാനമാനങ്ങൾ കിട്ടാൻ സാദ്ധ്യതയുണ്ടെന്നു തോന്നു കയും ചെയ്തതിനാൽ തരകൻ അവരോടൊപ്പം റോക്കാസ് മെത്രാനെ കാണാൻ പോയി. ഒൻപാതം പീയൂസ് മാർപാപ്പയുടെ കല്പനപ്രകാരമാണ് റോക്കോസ് മെത്രാനെ വാഴിച്ച് അയക്കുന്നതെന്നുള്ള പാത്രയർക്കീസിന്റെ കത്ത് എല്ലാവരേയും തൃപ്തിപ്പെടുത്തി.

തൈക്കാട്ടുശേരിയിൽനിന്നു വന്നവരും തെക്കും വടക്കും പ്രദേശങ്ങളിൽ നിന്ന് എത്തിയിരുന്നവരും ചേർന്ന് യാക്കോബായ മെത്രാൻ കുറിലോസിന്റെ നേതൃത്വത്തിൽ റോക്കോസ് മെത്രാന് ഉജ്ജ്വലമായ സ്വീകരണം നൽകി.

റോക്കോസ്പക്ഷക്കാരുടെ ശക്തി അതിവേഗം വർദ്ധിച്ചുവന്നു. നാടിന്റെ നാനാഭാഗങ്ങളിൽനിന്നു പള്ളിവികാരിമാരും പ്രമാണിമാരും ജനങ്ങളും എത്തി റോക്കോസ് മെത്രാന് പിന്തുണ പ്രഖ്യാപിച്ചുകൊണ്ടിരുന്നു.

പിന്തുണ ഏറിയപ്പോൾ തൊണ്ടനാട്ടു കത്തനാരുടെയും കൂട്ടരുടെയും മോഹങ്ങൾ വർദ്ധിച്ചു. മാന്നാനം കൊവേന്തയും എൽത്തുരുത്തു കൊവേ ന്തയും പിടിച്ചെടുക്കണമെന്നും റോക്കോസ് മെത്രാൻ അവിടെ രണ്ടിടത്തു മായി താമസിച്ചു ഭരണം നടത്തണമെന്നും അവർ തീരുമാനിച്ചു.

അവരുടെ പദ്ധതി മനസ്സിലാക്കിയ മർസലിനോസ് മിഷനറി പ്രിയോര ച്ചനെ വിവരമറിയിച്ചു. സർക്കാർസഹായം തേടുവാൻ ഉപദേശിക്കുകയും ചെയ്തു. എന്നാൽ പ്രിയോരച്ചൻ അതിനു മുതിർന്നില്ല. യൗസേപ്പുപിതാ വിന്റെ നാമത്തിലുള്ള കൊവേന്തയെ പുണ്യവാളൻ സംരക്ഷിക്കുമെന്ന് അദ്ദേ ഹത്തിന് ഉറപ്പായിരുന്നു. കൊവേന്തയ്ക്ക് ഒരു സംരക്ഷണഏർപ്പാടും അദ്ദേഹം ചെയ്തില്ല.

പിറ്റേദിവസം തൊണ്ടനാട്ടു കത്തനാരും രണ്ടു മല്പാന്മാരും ഒരു പള്ളി വികാരിയും മറ്റു രണ്ടുപേരും മാന്നാനത്തെത്തി. ചാവറയച്ചൻ അവരെ സ്വീകരിച്ച് ആശ്രമത്തോടുചേർന്നുള്ള ഒരു കെട്ടിടത്തിലേക്കു കൊണ്ടുപോയി.

റോക്കോസ് മെത്രാനെക്കുറിച്ചാണ് അവർ സംസാരിച്ചത്. മാർപാപ്പയുടെ അധികാരമുള്ളയാളാണോ ഈ മെത്രാനെന്നു ചാവറയച്ചൻ ചോദിച്ചു.

*അക്കാര്യത്തിൽ സംശയം വേണ്ട.*

തൊണ്ടനാട്ടു കത്തനാർ പറഞ്ഞു.

*തെളിവുണ്ടോ?*

പ്രിയോരച്ചൻ ചോദിച്ചു.

*ഉണ്ട്. പാത്രിയർക്കീസിന്റെ കൈയൊപ്പുള്ള കത്തുണ്ട്. അഞ്ചാറു മെത്രാന്മാരുടെ സാക്ഷ്യമുണ്ട്. പോരേ?*

*എനിക്കതൊക്കെ ഒന്നു വായിച്ചുനോക്കണമെന്നുണ്ട്. കൊണ്ടുവന്നിട്ടുണ്ടോ?*

*കൊണ്ടുവന്നിട്ടില്ല. ഭാഷ അറിയാവുന്ന ധാരാളം പേർ വായിച്ചുനോക്കിയതാണ്.*

കാരക്കുന്നത്ത് മല്പാൻ പറഞ്ഞു:

*ഞാൻ വായിച്ചു. കുഴപ്പമൊന്നും കണ്ടില്ല.*

*റോക്കോസ് മെത്രാനെ കൊച്ചിയിൽ ഇരുത്തുന്നതു ശരിയല്ല. ഇതുപോലുള്ള നല്ല ആശ്രമങ്ങളുള്ളപ്പോൾ എന്തിനവിടെ കഴിയണം? അല്ല, പ്രിയോരച്ചന്റെ ഇഷ്ടംപോലെ.*

തൊണ്ടനാട്ടച്ചൻ പറഞ്ഞു.

*റോമിൽനിന്ന് അനുവാദമുണ്ടെന്നല്ലേ പറഞ്ഞത്. ഞാൻ റോമിലേക്ക് എഴുതിച്ചോദിക്കാം.*

*അതിന്റെ ആവശ്യമില്ല. സംശയമുണ്ടെങ്കിൽ പാത്രിയർക്കീസിനോടു എഴുതിച്ചോദിച്ചോളൂ. റോമിലേക്ക് എഴുതിയാൽ ഈ നൂറ്റാണ്ടിലെങ്ങും മറുപടി നോക്കണ്ട.*

പ്രിയോരച്ചനു പ്രാർത്ഥനയ്ക്കും ധ്യാനത്തിനുമുള്ള സമയമായിരുന്നു. അദ്ദേഹം കൊവേന്തയിലേയ്ക്കുപോയി. സന്ധ്യയ്ക്കു ധ്യാനം കഴിഞ്ഞു മടങ്ങിവന്നപ്പോഴും സംഘം മടങ്ങിയിരുന്നില്ല. മടങ്ങാനുള്ള ലക്ഷണവും കണ്ടില്ല. പ്രിയോരച്ചൻ അവർക്ക് വിഭവസമൃദ്ധമായ അത്താഴത്തിനും താമസത്തിനുമുള്ള ഏർപ്പാടുകൾ ചെയ്തു.

അത്താഴം കഴിഞ്ഞപ്പോൾ ചാവറയച്ചൻ അവർക്കൊരു കുറിപ്പു കൊടുത്തുവിട്ടു. അവരെല്ലാവരും റോക്കോസ് മെത്രാനോട് അടുപ്പം പുലർത്തുന്ന

ആളുകളയാതിനാൽ കൊവേന്തയിൽ കുർബാന ചൊല്ലാൻ അനുവദിച്ചാൽ താൻ വരാപ്പുഴ മെത്രാപ്പോലീത്തയോടു സമാധാനം ബോധിപ്പിക്കേണ്ടിവരും; അനുവദിക്കാതിരുന്നാൽ അത് ആഗതർക്ക് അപമാനമാവുകയും ചെയ്യും. അങ്ങനെയൊരു വിഷമസന്ധി സൃഷ്ടിക്കാതെ പുലർച്ചയ്ക്കുതന്നെ മടങ്ങിയാൽ നന്നായിരുന്നു എന്നായിരുന്നു കുറിപ്പ്.

കൊവേന്ത പിടിച്ചടക്കാൻ വന്നവർ ഈയൊരു കുറിപ്പുകൊണ്ട് അടങ്ങുമോയെന്നു ചാവറയച്ചനു സംശയം തോന്നി. എന്നാൽ എല്ലാം യൗസേപ്പുപിതാവ് നോക്കിക്കൊള്ളും എന്നോർത്തപ്പോൾ അദ്ദേഹത്തിന് ആശ്വാസമായി. സമാധാനത്തോടെ അദ്ദേഹം ഉറങ്ങി.

നേരംപുലർന്നപ്പോൾ തൊണ്ടനാട്ടു കത്തനാരും സംഘവും സ്ഥലം വിട്ടിരുന്നു.

*ബേസ് റൗമ*യിലെ വൃക്ഷങ്ങളിൽ വീണ്ടും പ്രഭാതശാന്തിയുടെ കീർത്തനങ്ങൾ ചിറകടിച്ചു.

# 20

മടവീണ കായൽജലത്തിന്റെ പ്രവാഹംപോലെ ആളുകൾ റോക്കോസ് മെത്രാന്റെ പക്കലേക്കു പായുകയായിരുന്നു. നോക്കിനിൽക്കേ ജനങ്ങളും വൈദികരും പള്ളികളുമെല്ലാം ആ കൽദായ മെത്രാന്റെ കൈകളിലേക്ക് ഓടിയെത്തിക്കൊണ്ടിരുന്നു. മടകെട്ടാനുള്ള വരാപ്പുഴ മെത്രാന്റെ ശ്രമങ്ങളെല്ലാം കുത്തിയൊലിച്ചുപോകുകയായിരുന്നു.

എന്തുചെയ്യണമെന്നു വലിയ പ്രിയോരച്ചനും ഒരെത്തുംപിടിയും കിട്ടിയില്ല. ബെർണർദീനോസ് മെത്രാനുമായി അദ്ദേഹം കൂടിയാലോചിച്ചു. *റോക്കോസ് ശീശ്മ*യിലേക്കു മാറിയിട്ടില്ലാത്ത വൈദികർക്കായി പ്രിയോരച്ചൻ ഒരു യോഗം വിളിച്ചുകൂട്ടാൻ തീരുമാനിച്ചു.

തെക്കൻ പള്ളിപ്പുറം പള്ളിയിൽ നടക്കുന്ന യോഗത്തിലേക്കു ക്ഷണിച്ചുകൊണ്ടുള്ള കത്തിൽ ചർച്ചാവിഷയം പറഞ്ഞിരുന്നു. അതുകണ്ടപ്പോൾതന്നെ പലരും യോഗത്തിനു പോകേണ്ടെന്നു തീരുമാനിച്ചു. റോക്കോസിനെ കാണുന്നതു മുടക്കിക്കൊണ്ടുള്ള തീരുമാനം വല്ലതും യോഗത്തിൽ ഉണ്ടായെങ്കിലോ! അതിനാൽ കഴിവതും വേഗം പുതിയ മെത്രാനെ സന്ദർശിക്കുന്നതായിരിക്കും ബുദ്ധിയെന്ന് അവർ തീരുമാനിച്ചു.

യോഗം നടന്നു. പക്ഷേ, അതിൽ സംബന്ധിച്ചതു വിരലിലെണ്ണാൻമാത്രം വൈദികർ.

പ്രിയോരച്ചനുണ്ടായ വ്യസനം കുറച്ചൊന്നുമായിരുന്നില്ല. കർത്താവു തന്നെ പ്രശ്നത്തിനു പരിഹാരമുണ്ടാക്കട്ടെയെന്ന് അദ്ദേഹം സമാധാനിച്ചു.

ഇതിനിടയിൽ റോക്കോസിന്റെ ഒരു ദൂതൻ ചാവറയച്ചനെ വന്നു കണ്ടു. ചാവറയച്ചനു മെത്രാൻസ്ഥാനം വാഗ്ദാനം ചെയ്തുകൊണ്ടായിരുന്നു വരവ്.

*അദ്ദേഹത്തെ എന്റെ നന്ദി അറിയിച്ചേക്കൂ. പക്ഷേ, എനിക്കു മെത്രാനാകാൻ അശേഷം ആഗ്രഹമില്ല.*

അച്ചൻ പറഞ്ഞു.

ദൂതൻ മടങ്ങി.

കുറെ ദിവസത്തിനുശേഷം പ്രിയോരച്ചനു റോക്കോസ് മെത്രാന്റെ ഒരു കത്തു ലഭിച്ചു. താൻ തൈക്കാട്ടുശേരിയിൽ താമസിക്കുകയാണെന്നും പ്രിയോരച്ചൻ അവിടെയെത്തി തന്നെ കാണണമെന്നുമായിരുന്നു കത്ത്.

ബെർണർദീനോസ് മെത്രാനെക്കണ്ട് അനുവാദം വാങ്ങി പ്രിയോരച്ചൻ തൈക്കാട്ടുശേരിയിലേക്കു പുറപ്പെട്ടു. തൈക്കാട്ടുശേരിയിൽ എത്തിയപ്പോൾ അവിടെ നല്ല തിരക്ക്. ബാബേലിൽ നിന്നുള്ള മെത്രാനെ കാണാൻ എത്തിയതായിരുന്നു ആളുകൾ.

ചാവറയച്ചൻ പാറായിത്തരകന്റെ വീട്ടിലെത്തി താൻ റോക്കോസിനെ കാണാനും രേഖകൾ പരിശോധിക്കാനും വന്നതാണെന്നറിയിച്ചു. തരകൻ ഉടൻ തന്നെ മെത്രാന്റെ സെക്രട്ടറിയായ തൊണ്ടനാട്ടു കത്തനാരെ വിവരം ധരിപ്പിച്ചു.

പ്രിയോരച്ചൻ രേഖകൾ പരിശോധിച്ചാൽ ഇത്രയും ആളുകളുടെ മുന്നിൽവച്ചു കള്ളിപുറത്താകുമെന്നു കത്തനാർക്കറിയാം. കത്തനാർ തരകനോടു പറഞ്ഞു: ോ

*പ്രിയോരു വന്നവഴിക്കു പൊയ്ക്കൊള്ളാൻ പറഞ്ഞോളു.*

*എന്താണു കാരണം പറയുക?*

*മെത്രാനച്ചനു കാണാൻ സൗകര്യമില്ലെന്നു പറഞ്ഞോളു.*

*കാണാൻ മെത്രാനച്ചൻ ക്ഷണിച്ചിരുന്നതാണല്ലോ.*

*ക്ഷണിച്ചത് എത്രദിവസം മുമ്പാണ്! വന്നിരിക്കുന്നത് ഇപ്പോൾ! കാണാനല്ലല്ലോ വന്നിരിക്കുന്നത്, പരിശോധിക്കാനല്ലേ! പറ്റില്ലെന്നു പറയൂ.*

പ്രിയോരച്ചൻ മടങ്ങി. കടവിൽ അദ്ദേഹം വള്ളക്കാരനെ കാത്തുനിൽക്കുമ്പോൾ പല വള്ളങ്ങളിൽ ധാരാളംപേർഎത്തുന്നുണ്ടായിരുന്നു. റോക്കോസ് മെത്രാനെ കാണാൻ.

സ്വന്തമായി ഒരു മെത്രാനെ ലഭിക്കണമെന്ന സുറിയാനി ക്രിസ്ത്യാനികളുടെ ആഗ്രഹം ആർക്കും തടഞ്ഞുനിർത്താനാവുന്നതല്ലെന്നു പ്രിയോരച്ചൻ കണ്ടു. തനിക്കും ആ ആഗ്രഹമുണ്ടെങ്കിലും വരാപ്പുഴ മെത്രാപ്പോലീത്തയെ ധിക്കരിക്കാൻ തനിക്കു സാധിക്കില്ല. മാർപാപ്പയാൽ നിയുക്തനായ ആളാണ്

അദ്ദേഹം. റോക്കോസ്, മാർപാപ്പ നിയമിച്ച മെത്രാനായിരുന്നെങ്കിൽ മറ്റാരെയുംകാൾ താൻ സന്തോഷിച്ചേനെ.

ഒരു വള്ളത്തിൽ വന്നിറങ്ങിയവരിൽ ഒരാളെ പരിചയമുള്ളതുപോലെ. പ്രിയോരച്ചനു തോന്നി. മുഷിഞ്ഞുകീറിയ ളോഹ ധരിച്ച, പൊക്കംകുറഞ്ഞ ഒരാൾ. തലയും മുഖത്തെ കുറ്റിരോമങ്ങളും നരച്ചു വികൃതമായിരിക്കുന്നു. കക്ഷത്തിൽ പഴകിദ്രവിച്ചൊരു പുസ്തകം.

പ്രിയോരച്ചൻ വിളിച്ചു:

*ഫിലിപ്പോസ്....*

അയാൾ നിന്നു.

*എന്നെ മനസ്സിലായോ?*

പ്രിയോരച്ചൻ ചോദിച്ചു.

അയാളുടെ മുഖത്ത് പരിചയത്തിന്റെ ഒരണുപോലും കണ്ടില്ല. അയാൾ പറഞ്ഞു:

*ഞാൻ മെത്രാനെ കാണാൻ പോകയാണ്.*

ഫിലിപ്പോസ് നടന്നു.

പെട്ടെന്ന് അയാൾ തിരിച്ചുവന്നു പ്രിയോരച്ചന്റെ കൈമുത്തിയിട്ടു വീണ്ടും നടന്നുനീങ്ങി.

എന്തുചെയ്യണമെന്നോ പറയണമെന്നോ അറിയാതെ പ്രിയോരച്ചൻ നിൽക്കുമ്പോൾ, നടന്നകലുന്ന അയാളിൽനിന്നു രണ്ടുവാക്കുകൾകൂടി കേട്ടു:

*മറിയ ആലാഹാ...*

പ്രിയോരച്ചന്റെ വഞ്ചിനീങ്ങാൻ തുടങ്ങിയപ്പോൾ കരയിലൂടെ ഒരു വൃദ്ധൻ ബദ്ധപ്പെട്ടു നടന്നുവന്നു.

*എന്നെ... അക്കരയ്ക്കൊന്നു....വിടാമോ...*

അയാൾ ചോദിച്ചു.

വള്ളം കടവിലടുപ്പിച്ചു. പ്രിയോരച്ചൻ വൃദ്ധനെ രണ്ടു കൈകൾകൊണ്ടും പിടിച്ചു. വള്ളത്തിൽ കയറ്റിയിരുത്തി.

വഞ്ചി നീങ്ങിക്കൊണ്ടിരിക്കേ വൃദ്ധൻ ചോദിച്ചു:

അച്ചൻ മെത്രാനെ കണ്ടിട്ടുവരുകയായിരുന്നോ?

*ഞാൻ കണ്ടില്ല.*

പ്രിയോരച്ചൻ പറഞ്ഞു.

*ഞാൻ കണ്ടു. കൺനിറയെ കണ്ടു. ദൈവമേ, ഞങ്ങൾക്കൊരു മെത്രാനായല്ലോ!*

*റോക്കോസ് ദൈവം തന്ന മെത്രാനല്ല. മാർപാപ്പ അയച്ച മെത്രാനല്ല.*

പ്രിയോരച്ചൻ പറഞ്ഞു.

*അങ്ങനെ പറയരുതച്ചോ. ഞാനെത്രകാലമായി നമുക്കു സ്വന്തമായൊരു മെത്രാനെ കാത്തിരിക്കുകയായിരുന്നു!*

*വരും, നമുക്കു മെത്രാൻ വരും.*

*അങ്ങനെ വിചാരിച്ചിട്ടു കാര്യമില്ല. എന്റെ ആയുസ്സു തീരുന്നതിനുമുമ്പു വന്നെങ്കിലല്ലേ എനിക്കു കാണാൻ പറ്റൂ. ആരൊക്കെ എന്തൊക്കെ പറഞ്ഞാലും ഇതുതന്നെയാണു നമുക്കുള്ള മെത്രാനെന്നു വിശ്വസിക്കാനാണെനിക്കിഷ്ടം.*

പ്രിയോരച്ചന്റെ മുഖത്തേക്കു നോക്കിയിരുന്നിട്ട് വൃദ്ധൻ പറഞ്ഞു:

*അച്ചനെ എനിക്കറിയില്ല. പക്ഷേ..... അച്ചൻ ഒരു മെത്രാനായിരുന്നെങ്കിൽ!...*

*എന്ത്!*

പ്രിയോരച്ചൻ ഞെട്ടി.

*വെറുതെ ഒരാശ. നടക്കാൻ പോകുന്നില്ല. ഈ ആയുസ്സിൽ സാധിച്ചതിനൊക്കെ ദൈവത്തിനു നന്ദി.*

*അപ്പച്ചന്റെ ആഗ്രഹങ്ങൾ ഒട്ടുമുക്കാലും സാധിച്ചോ?*

*ആഗ്രഹങ്ങൾ!... ആഗ്രഹിക്കുന്നത് സാധിക്കയില്ല; ആഗ്രഹിക്കാത്തതു സാധിക്കും. അതല്ലേ ജീവിതം!.. പിള്ളേരെ പഠിപ്പിച്ചുകയറ്റണമെന്നതു വലിയ ആഗ്രഹമായിരുന്നു. സാധിച്ചില്ല. പഠിത്തമില്ലെങ്കിൽ ജീവിതം പാഴാണ്. അച്ചൻ എന്നെങ്കിലും മെത്രാൻ ആവുകയാണെങ്കിൽ...*

*അങ്ങനെ പറയേണ്ട.*

പ്രിയോരച്ചൻ ഇടയ്ക്കു കയറി.

അയാൾ ഗൗനിക്കാതെ തുടർന്നു.

*എന്നെങ്കിലും ആവുകയാണെങ്കിൽ... ആൾക്കാർക്കു പഠിത്തത്തിനുള്ള ഏർപ്പാടു ചെയ്യണം. പഠിത്തംകൊണ്ടേ ജീവിതം രക്ഷപ്പെടൂ.*

*ശരിയാണ്.*

പ്രിയോരച്ചൻ സമ്മതിച്ചു.

വൃദ്ധനു ഇറങ്ങാനുള്ള സ്ഥലമായിരുന്നു.

കടവിൽ അടുപ്പിച്ച വഞ്ചിയിൽനിന്നു പ്രിയോരച്ചൻ വൃദ്ധനെ താങ്ങിപ്പിടിച്ച് ഇറക്കി. അയാൾ കിതച്ചു.

*ഇവിടെനിന്ന് ഏറെ നടക്കാനുണ്ടോ?*

അച്ചൻ ചോദിച്ചു.

*ഇല്ല. ഇനി അധികം നടപ്പില്ല.*

അയാൾ ഒരു ഒതുക്കുകല്ലിലിരുന്നു.

*വള്ളം മാന്നാനംവരെയുണ്ട്. ആരെങ്കിലും കയറാനുണ്ടോ?*

യാത്രയ്ക്കൊരുങ്ങി അവിടെ നിന്നവരോടു പ്രിയോരച്ചൻ ചോദിച്ചു.

*ഇല്ല. ഞങ്ങൾ തൈക്കാട്ടുശേരിക്കാണ്.*

വഞ്ചി നീങ്ങി...

# 21

പ്രഭാതത്തിന്റെ സുഗന്ധം രാത്രിയുടെ സംഭാവനയാണ്. പ്രഭാതത്തിന്റെ കുളിര് രാത്രിയുടെ സമ്മാനമാണ്. പ്രഭാതം അതറിയുന്നില്ല. രാത്രിയുടെ പാരിതോഷികങ്ങൾ ആരും അംഗീകരിക്കുന്നില്ല. ഒരു കുറ്റവാളിയെപ്പോലെ രാത്രി എന്നും യാത്രയാകുന്നു.

പുലർവെളിച്ചം അമാന്തിച്ചെത്തുന്ന കുന്നിൻമുകളിൽ നിൽക്കുമ്പോൾ പ്രിയോരച്ചന് ദൈവത്തോട് എന്തെന്നില്ലാത്ത സ്നേഹം തോന്നി. ദുഃഖങ്ങൾക്കും ദുരഃനുഭവങ്ങൾക്കുമുള്ളിൽ ദൈവം എന്തെങ്കിലുമൊരു നന്മ ഒളിച്ചുവയ്ക്കുന്നു. അതുകാണാതെയാണു മനുഷ്യർ ദൈവത്തെ പഴിക്കുന്നത്.

മരങ്ങളുടെ ചുമരുകളിൽ നിന്നു പക്ഷികൾ പുതിയൊരു ദിവസത്തിലേക്കു പറക്കാൻ വെമ്പൽകൊള്ളുകയാണ്. ഒരു രാത്രി അഭയം നൽകിയതിനു മരങ്ങളോടു നന്ദി പറയുകയാകുമോ പക്ഷികൾ?

അല്ലെങ്കിൽ, ഓരോ കിളിക്കുവേണ്ടിയും ദൈവം ഓരോ മരം വച്ചുപിടിപ്പിക്കുന്നുണ്ടാവാം. ഓരോ മരത്തിനും കൂട്ടിനായി കിളികളെ അടവിരിയിയ്ക്കുന്നുമുണ്ടാവാം. കിളികൾ അവയുടെ ചിലപ്പുകളാലും മരങ്ങൾ അവയുടെ നിശബ്ദമായ സഹിഷ്ണുതയാലും ദൈവത്തെ സ്തുതിക്കുകയല്ലേ?

മനുഷ്യനാണു ദൈവത്തെ സ്തുതിക്കുവാൻ സമയമില്ലാത്തത്. പ്രകൃതിയുടെ നന്മകളെ സ്വന്തം തിന്മകൾക്കൊണ്ടു നിഷ്പ്രഭമാക്കുകയാണു മനുഷ്യൻ.

ഇതു കവിതയുടെ പ്രഭാതമാണ്.

പ്രിയോരച്ചൻ ആശ്രമത്തിൽക്കയറി എഴുതാനിരുന്നു.

*അനാദ്യഗുണനിധേ സർവേശ പരാപരാ*
*അനന്തഗുണാമ്പിതാ സർവ്വമംഗള ദേവാ*
*അന്തമില്ലാത്ത തവ കരുണാബ്ധിയാലെന്നെ*
*അന്തിച്ചിടാതുള്ള സൃഷ്ടിയായിച്ചമച്ചല്ലോ...*

ആരൊക്കെയോ മുറിയിലേക്കു കടന്നുവരുന്നതു പ്രിയോരച്ചൻ കണ്ടു. ആശ്രമവാസികളെല്ലാവരും തന്നെയുണ്ട്. അവരുടെ മുഖങ്ങളിലെ ഉത്കണ്ഠ കണ്ടപ്പോൾ പ്രിയോരച്ചനു വിഷയം മനസ്സിലായി: റോക്കോസ്. കൂടുതൽ പള്ളികൾ അങ്ങോട്ടുമാറിയിട്ടുണ്ടാവും.

*എങ്ങനെയാണു പുതിയ കണക്കുകൾ?*

പ്രിയോരച്ചൻ ചോദിച്ചു.

*എൺപത്താറ് ഇടവകപ്പള്ളികൾ പൂർണ്ണമായി പൊയ്ക്കഴിഞ്ഞു.*

*ഭാഗികമായോ?*

*ഏകദേശം മുപ്പത്.*

പ്രിയോരച്ചൻ കണക്കുകൂട്ടി. സുറിയാനി കത്തോലിക്കരുടെ ഇടവകപ്പ ള്ളികൾ 154 ആയിരുന്നു. അതിൽ 116 പള്ളികൾ കൈവിട്ടുപോയിരിക്കുന്നു. ശേഷിക്കുന്നതു വെറും 38. അവയിൽ മിക്കതും കൊവേന്തകളോട് അടു ത്തുള്ളവയായിരിക്കണം.

*എന്തെങ്കിലും ചെയ്തില്ലെങ്കിൽ....*

എല്ലാവരുടെയും മുഖത്ത് ആശങ്കയുണ്ട്.

*എന്തെങ്കിലും മാർഗ്ഗം കണ്ടേതീരൂ.*

*എല്ലാം ശരിയാകുമെന്നാണെന്റെ വിശ്വാസം. കർത്താവ് ഇതനുവദിക്ക യില്ല.*

പ്രിയോരച്ചന് ഉറപ്പായിരുന്നു.

*നമ്മൾ കൂടുതൽ മുട്ടിപ്പായി പ്രാർത്ഥിക്കണം.*

*നമ്മുടേതായി ഒരു മെത്രാൻ ഉണ്ടാവുകയാണെങ്കിൽ പിന്നെയാരും റോക്കോസിന്റെ പുറകെ പോവുകയില്ല.*

*അതിനു മാർപാപ്പ തിരുമേനി മനസ്സാകണം. കാര്യങ്ങളുടെ യഥാർത്ഥ സ്ഥിതി തിരുമേനിയെ എങ്ങനെയെങ്കിലും അറിയിക്കണം.*

പ്രിയോരച്ചൻ പറഞ്ഞു.

*റോമായിൽനിന്ന് എന്തെങ്കിലും നടപടി ഉണ്ടായിവരുമ്പോഴേക്കും നമു ക്കിവിടെ പള്ളി ഒന്നുമില്ലാതായെന്നു വരും.*

*അങ്ങനെ സംഭവിക്കയില്ല. തമ്പുരാൻ അതു സമ്മതിക്കില്ല.*

അവർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ വരാപ്പുഴ അരമനയിൽ നിന്നു ദൂതൻ വന്നു. പ്രിയോരച്ചൻ അടിയന്തിരമായി ബെർണർദീനോസ് മെത്രാ പ്പോലീത്തയെ വന്നു കാണണമെന്നായിരുന്നു സന്ദേശം.

റോക്കോസ് പക്ഷത്തേക്കു പോയ പള്ളികളുടെയും വൈദികരുടെയും സുറിയാനി കത്തോലിക്കാ നേതാക്കളുടെയും കണക്കുമായാണു പ്രിയോ

രച്ചൻ മെത്രാപ്പോലീത്തയുടെ പക്കലെത്തിയത്. കണക്കുകൾ അവതരിപ്പി ക്കേണ്ടി വന്നില്ല. മെത്രാനച്ചൻ എല്ലാം അറിഞ്ഞിരുന്നു. അദ്ദേഹം പറഞ്ഞു:

*മറ്റൊരു പ്രധാന കാര്യം പറയാനാണു ഞാൻ അച്ചനെ വിളിപ്പിച്ചത്.*

*എന്താണ്?*

*സുറിയാനിക്കാർക്ക് ഒരു മെത്രാൻ അത്യാവശ്യമാണ്.*

*അതെ, പിതാവേ.*

*പ്രിയോരച്ചൻ ആ പദവി ഏറ്റെടുക്കണമെന്നാണ് എന്റെ ആഗ്രഹം.*

പ്രിയോരച്ചനു കണ്ഠമിടറിപ്പോയി.

*ഈ സ്ഥാനത്തിന് ഏറ്റവും യോഗ്യൻ പ്രിയോരച്ചനാണ്.*

പ്രിയോരച്ചന്റെ കണ്ണുകൾ നിറഞ്ഞു. അദ്ദേഹം വിക്കിവിക്കി പറഞ്ഞു:

*നന്ദി, പിതാവേ... വളരെ നന്ദി.. ദൈവത്തിനു സ്തുതി... പക്ഷേ... ഞാൻ അങ്ങനെ ഒരു സ്ഥാനവും ആഗ്രഹിക്കുന്നില്ല. സന്യാസത്തിനുവേണ്ടി സമർപ്പിച്ചതാണ് എന്റെ ജീവിതം.*

*അതുകൊണ്ടെന്ത്? മെത്രൻപദവി വഹിക്കുന്നതുകൊണ്ടു സന്യാസം മുട ങ്ങുകയില്ല.*

മെത്രാനച്ചൻ പറഞ്ഞു.

*പിതാവു നിർബന്ധിക്കരുത്. സന്യാസസഭ ഏറ്റവും നന്നായി നടത്തി ക്കൊണ്ടുപോവുകയാണ് എന്റെ ഒന്നാമത്തെ കടമയെന്നു ഞാൻ കരുതു ന്നു. ദൈവം ആയുസ്സു തരുന്നത്ര കാലം അത് എന്റെ ജീവിതത്തിന്റെ ചല നശക്തിയായിരിക്കണമെന്നാണ് എന്റെ ആഗ്രഹം... അങ്ങ് അങ്ങേയറ്റത്തെ കനിവോടെ എനിക്കായി സൂചിപ്പിച്ച പദവി, ആ കടമ യഥാവിധി നിർവഹി ക്കുന്നതിന് എനിക്കു തടസ്സമായേക്കും. അതുകൊണ്ട് അങ്ങെന്നെ നിർബ്ബ ന്ധിക്കരുത്.*

പ്രിയോരച്ചൻ മെത്രാനച്ചനെ താണു വണങ്ങി.

*എങ്കിൽ...*

മെത്രാനച്ചൻ ആലോചിച്ചു.

*പ്രിയോരച്ചൻ ഇരിക്കു.*

അദ്ദേഹം ഇരുന്നു.

*സുറിയാനിസഭയോട് കടമയുള്ളതായി പ്രിയോരച്ചൻ കരുതുന്നില്ലേ?*

*തീർച്ചയായും ഉണ്ട്.*

*എങ്കിൽ....സുറിയാനിസഭയുടെ വികാരിജനറാളായി സഭയെ സേവിക്കു ന്നതിന് അച്ചനു സാധിക്കില്ലേ?*

*വികാരി ജനറാൾ... അതും ഒരു ഉയർന്ന പദവിയാണ്... എങ്കിലും അങ്ങ് അങ്ങനെ ആഗ്രഹിക്കുന്നവെങ്കിൽ... കർത്താവു തിരുമനസ്സാകുന്നുവെങ്കിൽ.... എനിക്കു തടസ്സമില്ല.*

ചാവറ കുര്യാക്കോസ് അച്ചനെ സുറിയാനി കത്തോലിക്കരുടെ വികാരി ജനറാളായി നിയമിച്ചുകൊണ്ട് 1861 ജൂൺ എട്ടിനു ബെർണർദീനോസ് മെത്രാപ്പോലീത്ത കല്പന പുറപ്പെടുവിച്ചു:

*"...ഈ സ്ഥാനത്തിനുവേണ്ട സ്ഥിരതയും സാമർത്ഥ്യവും ബോധജ്ഞാനവും പുണ്യവ്യാപാരവും താങ്കൾക്കുണ്ടെന്നു നാം മനസ്സിലാക്കുന്നു.... നമ്മുടെ കീഴിൽ മലയാളത്തിലുള്ള സുറിയാനി പള്ളികളിലെ വൈദികരുടെയും അൽമേനികളുടെയും ആത്മപരിപാലനം നടത്തി അവരെ ഭരിക്കുന്നതിനു വികാരിജനറളായിട്ടു താങ്കളെ നാം നിശ്ചയിക്കുന്നു. വിശുദ്ധപള്ളി ആകമാനമായിട്ട് അനവദിച്ചിട്ടുള്ള അധികാരവും അനുവാദവും നൽകുന്നുവെന്നതു കൂടാതെ പ്രത്യേകമായി താങ്കൾക്കു നാം എഴുത്താലെ തരുന്ന ക്രമക്കടലാസിൽ പറയുന്ന അനുവാദങ്ങളും അധികാരവും ഇതോടൊപ്പം തരുകയും ചെയ്യുന്നു..."*

ദൈവം പുതിയൊരു ജോലികൂടി തന്നെ ഏൽപിക്കുകയാണെന്നു പ്രിയോരച്ചൻ കണ്ടു; വലിയ ഉത്തരവാദിത്വം; ഒപ്പം വിലിയൊരു പദവിയും.

തന്നെക്കുറിച്ചു വളരെയേറെ പ്രതീക്ഷകൾ തമ്പുരാന് ഉണ്ട്.

അവിടുന്നു തന്നെ എത്രമാത്രമാണു സ്നേഹിക്കുന്നത്. ആ സ്നേഹം അളക്കാവുന്ന ഒരു പാത്രവും ലോകത്തിലില്ലല്ലോ...

അല്ല, ഉണ്ട്, ഹൃദയം. ദൈവം അനുഗ്രഹിക്കുന്ന ഹൃദയത്തിന് എത്ര വേണമെങ്കിലും വിശാലമാവാൻ കഴിയും; എന്തിനെയും ഉൾക്കൊള്ളാൻ കഴിയും.

ദൈവമേ!

നീയെന്നെ ഇത്രയധികം സ്നേഹിക്കുമ്പോൾ നിന്നിലല്ലാതെ മറ്റൊന്നിനുമേൽ എന്റെ സ്നേഹം എങ്ങനെ ഞാൻ വയ്ക്കും...?

# 22

**വി**കാരി ജനറാൾ എന്ന നിലയിൽ തന്റെ ആദ്യത്തെ ദൗത്യം എന്തെന്നതു പ്രിയോരച്ചനു വ്യക്തമായിരുന്നു: റോക്കോസ് ശീശ്മയിൽനിന്നു സുറിയാനി കത്തോലിക്കരെ രക്ഷിക്കുക.

അതിന് ആദ്യമായി വേണ്ടത് മാർപാപ്പയുടെ അംഗീകാരമുള്ള മെത്രാനാണോ റോക്കോസ് എന്നതും മാർപാപ്പയുടെ അനുമതിയോടെയാണോ

അദ്ദേഹം മലയാളത്തിൽ എത്തിയതെന്നതും റോമിൽനിന്നു നേരിട്ട് അറിയുകയാണ്.

അതിനാൽ, കാര്യങ്ങളെല്ലം വിവരിച്ചുകൊണ്ടും മലയാളത്തിൽ സുറിയാനി കത്തോലിക്കരുടെ സ്ഥിതി അത്യന്തം ആശങ്കാജനകമാണെന്ന് അറിയിച്ചുകൊണ്ടും റോക്കോസിന് ആധികാരികതയുണ്ടോയെന്നുള്ള വിവരം വെളിപ്പെടുത്തണമെന്ന് അപേക്ഷിച്ചുകൊണ്ടും പ്രിയോരച്ചൻ ഉടൻതന്നെ ഒൻപതാം പീയൂസ് മാർപാപ്പയ്ക്ക് എഴുതി.

ദിവസങ്ങൾക്കുള്ളിൽ ഈ വിവരങ്ങളെല്ലാമായി പ്രോപ്പഗാന്താ തിരുസംഘത്തിനും പ്രിയോരച്ചൻ എഴുതി.

കത്തുകൾ റോമിൽ കിട്ടുവാനും അവിടെനിന്നു മറുപടി ലഭിക്കാനും കാലതാമസമുണ്ടാകുമെന്നു പ്രിയോരച്ചന് അറിയാമായിരുന്നു. ദിവസങ്ങൾ കഴിയുന്തോറും ആളുകളും പള്ളികളും നഷ്ടപ്പെട്ടുകൊണ്ടിരിക്കയാണ്. എന്തുചെയ്യണമെന്നു പിടികിട്ടുന്നില്ല. ശീശ്മയ്ക്കെതിരെയുള്ള മുന്നറിയിപ്പുകളും വിശുദ്ധ പത്രോസിന്റെ സിംഹാസനത്തോടു വിശ്വസ്തതപുലർത്തേണ്ടതിന്റെ ആവശ്യകത വിശദീകരിക്കുന്ന ലേഖനങ്ങളും മാന്നാനം പ്രസ്സിൽനിന്നു ധാരാളമായി അച്ചടിച്ചിറക്കിക്കൊണ്ടിരുന്നു. അവ പക്ഷെ മടവീണ വെള്ളത്തിന്റെ ഒഴുക്കിനെ തടയുവാനിടുന്ന കമ്പും കോലും മാത്രമേ ആകുന്നുള്ളു.

എന്തു ചെയ്യണമെന്നു മെത്രാപ്പോലീത്തയ്ക്കും പിടിയുണ്ടായിരുന്നില്ല. അദ്ദേഹം ആകെ അങ്കലാപ്പിലാണെന്നുതോന്നി. പ്രിയോരച്ചൻ അദ്ദേഹത്തെ ആശ്വസിപ്പിച്ചു.

*എല്ലാം നേരെയാകുമെന്നാണെന്റെ വിശ്വാസം. കാരണം, ദൈവം നമ്മുടെ കൂടെയുണ്ടല്ലോ. പോയവർ പോലും തിരിച്ചുവരുമെന്നു നമുക്കു വിശ്വസിക്കാം.*

*അതെ വിശ്വസിക്കാം.*

റോമിൽ നിന്നു മറുപടി കാണാത്തതിനാൽ പ്രോപ്പഗന്താ സംഘത്തിനു പ്രിയോരച്ചൻ വീണ്ടും കത്തെഴുതി.

ഇതിനും മറുപടിയില്ല.

റോക്കോസ് മെത്രാൻ ഓടിനടന്ന് ചോദിക്കുന്നവർക്കെല്ലാം പട്ടം കൊടുക്കുകയും മെത്രാപ്പോലീത്ത മുടക്കു കല്പിച്ചിട്ടുള്ളവർക്കു മുടക്കുതീർത്തു കൊടുക്കുകയുമാണ്. സെമിനാരികളിൽനിന്നു പിരിച്ചയച്ചവരെ വിളിച്ചുവരുത്തി പട്ടം കൊടുക്കുക പോലും ചെയ്യുന്നു. മെത്രാൻ സ്ഥാനമൊഴികെ ഏതു സ്ഥാനവും ആർക്കും കൊടുക്കാൻ അദ്ദേഹം തയ്യാറാണ്. അങ്ങനെയും ധാരാളംപേർ അദ്ദേഹത്തിന്റെ പിന്നാലെ കൂടുന്നുണ്ട്.

എല്ലാവരും ഉറക്കത്തിലാണ്ടിരിക്കുമ്പോഴും പ്രിയോരച്ചൻ മുട്ടിന്മേൽനിന്നു പ്രാർത്ഥിച്ചു:

*ദൈവമേ, ഈ വിപത്ഘട്ടത്തിൽ സുറിയാനിസഭയെ അങ്ങ് ഈ ബലഹീനന്റെ കൈകളിൽ ഏല്പിച്ചിരിക്കയാണല്ലോ. അങ്ങുതന്നെ സഭയെ ആപത്തിൽനിന്നു രക്ഷിക്കണമേ. ഞാനൊരു വഴിയും കാണുന്നില്ല. എല്ലാറ്റിനും നീ തന്നെ പരിഹാരമുണ്ടാക്കിത്തരണമേ.*

പിറ്റേദിവസവും അതിന്റെ പിറ്റേദിവസവും അതിനടുത്ത ദിവസങ്ങളുമെല്ലാം പ്രിയോരച്ചൻ തപാൽ കാത്തിരുന്നു. റോമിൽനിന്നു മറുപടിയൊന്നുമില്ല.

പ്രിയോരച്ചൻ മൂന്നാമതും പ്രോപ്പഗന്താ സംഘത്തിന് എഴുതി. കാത്തിരുന്നു.

നാലാമതും എഴുതി.

കാത്തിരുന്നു.

ഈ സമയം തന്റെ പക്ഷത്തേക്കു ചേർന്ന പള്ളികൾ തങ്ങളുടെ വരുമാനം.. അനുദിന ചെലവുകൾ കഴിച്ചുള്ളത് പാറായിത്തരകനെ ഏല്പിക്കണമെന്നു റോക്കോസ് മെത്രാൻ കല്പനയിറക്കി. മാന്നാനം കൊവേന്തയും എൽത്തുരുത്ത് കൊവേന്തയും പിടിച്ചെടുക്കാനും റോക്കോസ് പക്ഷക്കാർ തീരുമാനിച്ചു.

ദിവസങ്ങൾക്കുള്ളിൽ പ്രിയോരച്ചനു റോക്കോസ് മെത്രാന്റെ ഒരു കത്തു കിട്ടി. തന്നെയും തന്നെ അയച്ച പാത്രിയർക്കീസ് തിരുമേനിയേയും അപമാനിക്കുന്ന പ്രവർത്തനങ്ങളിലാണ് പ്രിയോരച്ചനും ശിഷ്യരും ഏർപ്പെട്ടിരിക്കുന്നതെന്നും ഉടൻതന്നെ അവയിൽനിന്നു പിന്തിരിഞ്ഞു മാപ്പ് ചോദിക്കണമെന്നുമായിരുന്നു കത്ത്. പ്രിയോരച്ചൻ അതിനു മറുപടി കൊടുത്തില്ല.

പള്ളികൾ പിടിച്ചെടുക്കാനുള്ള റോക്കോസ് പക്ഷത്തിന്റെ ശ്രമം പല പള്ളികളിലും സംഘർഷങ്ങൾക്ക് ഇടയാക്കാൻ തുടങ്ങി. തൃശൂർ, ഒല്ലൂർ, അരണാട്ടുകര എന്നിവിടങ്ങളിൽ ആളുകൾ ഏതാണ്ടു തുല്യശക്തിയുള്ള രണ്ടു സംഘങ്ങളായി തിരിഞ്ഞ് ഏറ്റുമുട്ടി. റോക്കോസ് പട്ടം കൊടുക്കാൻ വന്ന ആരക്കുഴപ്പള്ളിയിൽ സംഘർഷം രക്തച്ചൊരിച്ചിലിന്റെ വക്കോളം എത്തുകയും ചെയ്തു.

റോക്കോസിന്റെ സന്ദർശനം മൂലം പള്ളികളിൽ സംഘർഷാവസ്ഥ ഉണ്ടാകുന്നതിനാൽ ഈ സന്ദർശനങ്ങൾ തടയണമെന്നു പ്രിയോരച്ചൻ പേഷ്ക്കാർക്ക് ഹർജി കൊടുത്തു. അതു പ്രയോജനം ചെയ്തു. തെക്കൻ പള്ളികളിൽ റോക്കോസിന്റെ സന്ദർശനം തടഞ്ഞുകൊണ്ടു പേഷ്ക്കാറുടെ ഉത്തരവുണ്ടായി. ഇതിനെ പിൻചെന്ന് വടക്കൻ പ്രദേശത്തെ കത്തോലിക്ക പക്ഷക്കാർ സർക്കാരിൽ ഹർജികൊടുത്തിനെത്തുടർന്ന് അവിടെ റോക്കോസിനെതിരെ

കൊച്ചി ദിവാന്റെ നിരോധനാജ്ഞ വന്നു. അങ്ങനെ റോക്കോസിന്റെ പള്ളി സന്ദർശനവും കൊവേന്തപിടിത്തവും താത്കാലികമായെങ്കിലും നിലച്ചു. പ്രിയോരച്ചന് അല്പം ആശ്വാസമായി.

അവസാനം റോമിൽനിന്നു മറുപടി വന്നു. പ്രോപ്പഗന്ത തിരുസംഘത്തിൽനിന്ന് 1861 ഓഗസ്റ്റ് 21-ന് അയച്ച കത്ത് പ്രിയോരച്ചനു കിട്ടുന്നത് ഒക്ടോബർ ഏഴിന്. റോക്കോസ് മെത്രാൻ ന്യായാനുസൃതമായി അയയ്ക്കപ്പെട്ടിട്ടുള്ള ആളല്ലെന്നും മാർപാപ്പയുടെ വിശദമായ കത്ത് പിന്നാലെ അയയ്ക്കുന്നതാണെന്നുമായിരുന്നു തിരുസംഘം അദ്ധ്യക്ഷന്റെ കത്ത്.

പ്രിയോരച്ചന് ആശ്വാസമായി. അദ്ദേഹം ഉടൻതന്നെ പള്ളികളിലെല്ലാം വിവരമറിയിച്ചു.

ഒൻപതാം പീയൂസ് മാർപാപ്പയുടെ കൈയൊപ്പോടും മുദ്രയോടുംകൂടിയ കത്ത് ഒക്ടോബർ 30-ന് പ്രിയോരച്ചനു ലഭിച്ചു.

മലയാളത്തിലെ സഭയിൽ പ്രശ്നം ഉടലെടുത്തപ്പോൾ റോമിലേക്ക് എഴുതിച്ചോദിച്ചതിൽ സന്തോഷം പ്രകടിപ്പിച്ചുകൊണ്ടാണ് മാർപാപ്പ കത്തു തുടങ്ങിയിരിക്കുന്നത്. മലയാളത്തിലെ പള്ളികളുടെ കാര്യത്തിൽ യാതൊരു തരത്തിലും ഇടപെടരുതെന്നു പാത്രിയർക്കീസിനു താൻ ആജ്ഞ കൊടുത്തിരുന്നതാണെന്നും പാത്രിയർക്കീസ് സ്വന്തം ഇഷ്ടപ്രകാരം അയച്ചിരിക്കുന്ന റോക്കോസ് മെത്രാൻ പള്ളിക്കടുത്ത അധികാരങ്ങളൊന്നുമില്ലാത്ത ആളാണെന്നും കത്ത് തുടർന്ന് പറഞ്ഞു. പള്ളിക്കടുത്ത മഹറോന്നു റോക്കോസ് അർഹനായിരിക്കയാണ്. ബെർണർദിനോസ് മെത്രാപ്പോലീത്തയോടു മാത്രം കീഴ്പ്പെട്ടിരിക്കുക. റോക്കോസിനെ തിരികെ വിളിക്കാൻ പാത്രിയർക്കീസ് ബാവായോട് താൻ കലിപിച്ചിട്ടുണ്ടെന്നും മാർപാപ്പ കത്തിൽ പറഞ്ഞു.

മലയാളത്തിലെ സഭയുടെ കാര്യങ്ങൾ നേരിട്ടുകണ്ട് റിപ്പോർട്ടു ചെയ്യുന്നതിനായി മാത്രമാണ് ബാബേൽ പാത്രിയർക്കീസ് റോക്കോസ് മെത്രാനെ അയച്ചത്. അതാകട്ടെ, റോമിൽനിന്നുള്ള വിലക്കിനെ അവഗണിച്ചും. സ്വന്തം റീത്തുകാരനായ മെത്രാനെ ആഗ്രഹിച്ചിരുന്ന കേരള സുറിയാനിക്കാർ തനിക്കു നല്കിയ സ്വീകരണം ആസ്വദിച്ചതോടെ റോക്കോസ് മെത്രാൻ വളരെ മുന്നോട്ടുപോയി; വളരെ വളരെ. അതിനദ്ദേഹത്തിനു പ്രേരണ നൽകിക്കൊണ്ട് തൊണ്ടനാട്ടു കത്തനാരും മറ്റും അടുത്തുനിന്നു. തനിക്കില്ലാത്ത അധികാരങ്ങൾ പ്രയോഗിച്ച റോക്കോസ് ഈ മലയാളക്കരയിൽ തന്റേതായ ഒരു സാമ്രാജ്യം വെട്ടിയെടുക്കാമെന്നു മോഹിച്ചു.

റോക്കോസ് അധികാരപരിധി കടക്കുന്നതായി അറിഞ്ഞ പാത്രിയർക്കീസ് ബാവ അദ്ദേഹത്തെ തിരിച്ചുവിളിച്ചുകൊണ്ടു കത്തയച്ചു. മെത്രാൻ അത് അവഗണിക്കുകയാണ് ചെയ്തത്.

റോക്കോസിന്റെ പള്ളിസന്ദർശനങ്ങൾ തടഞ്ഞുകൊണ്ടു സർക്കാർ ഉത്തരവുണ്ടായതോടെ മെത്രാന്റെ അശ്വമേധം നിലച്ചു. അങ്ങിനെയിരിക്കേയാണു തിരിച്ചെത്തുവാൻ ആവശ്യപ്പെട്ടുകൊണ്ടു പാത്രിയർക്കീസിന്റെ കത്ത് വീണ്ടും വന്നത്. മലയാളത്തിൽനിന്നു തിരിച്ചുപോകുന്നില്ലെങ്കിൽ മഹറാൻ ചൊല്ലുന്നതാണെന്നു മാർപാപ്പയുടെ അറിയിപ്പും വന്നു.

റോക്കോസ് വിഷമത്തിലായി തിരിച്ചുപോകണോ വേണ്ടയോ? മലയാളത്തിൽ താൻ കെട്ടിപ്പടുത്തുകൊണ്ടിരിക്കുന്ന സാമ്രാജ്യം ഉപേക്ഷിക്കുകയോ? യാതൊരു കാരണവശാലും തിരിച്ചുപോകരുതെന്ന് അദ്ദേഹത്തിന്റെ മലയാളി സഹായികൾ ഉപദേശിച്ചു. ഉറച്ചുനിന്നാൽ ശക്തിയും, അധികാരവും വർദ്ധിക്കും. സാമ്രാജ്യം വിപുലപ്പെടുമെന്നൊക്കെ അവർ ഓതിക്കൊടുത്തു.

മലങ്കരസഭയിൽനിന്നു റോക്കാസ് പിന്തിരിയുന്നില്ലെങ്കിൽ അദ്ദേഹത്തെ മഹറോൻ ചൊല്ലണമെന്ന മാർപാപ്പയുടെ ഉത്തരവ് വരാപ്പുഴ മെത്രാപ്പോലീത്തയ്ക്കു ലഭിച്ചു. ഈ ഉത്തരവിന്റെയും മാർപാപ്പയ്ക്ക് വരാപ്പുഴ മെത്രാൻ അയച്ച കത്തിന്റെയും പകർപ്പുകളും വരാപ്പുഴ മെത്രാപ്പോലീത്തയുടെ കത്തിനു പ്രയോരച്ചൻ തയാറാക്കിയ സുറിയാനി പരിഭാഷയും റോക്കോസിന് അയച്ചുകൊടുത്തു

ഇവ കൂടി എത്തിയതോടെ, തനിക്ക് മടങ്ങിപ്പോകണമെന്നായി റോക്കോസ്. എന്നാൽ തൊണ്ടനാട്ടു കത്തനാരും പാറായിത്തരകനും മറ്റും അതിന് അദ്ദേഹത്തെ അനുവദിച്ചില്ല. മഹാറോനെങ്കിൽ മഹറോൻ! പിന്നത്തെ കാര്യം പിന്നെ നോക്കാം.

മടങ്ങാൻ റോക്കോസ് തയ്യാറല്ലെന്നു വ്യക്തമായതോടെ അദ്ദേഹത്തെ മഹോറോൻ ചൊല്ലാനുള്ള നടപടികൾ വരാപ്പുഴ മെത്രാസനം സ്വീകരിച്ചു.

സൊബ്രാപെലീസും ഉറാലയുമിട്ട പന്ത്രണ്ടു വൈദികർ പന്ത്രണ്ടു മെഴുകുതിരികൾ കത്തിച്ചുപിടിച്ചു. അവരുടെ മധ്യേ കാപ്പയും അംശമുടിയും വടിയുമായി മെത്രാപ്പോലീത്ത. മരണമണി മുഴുങ്ങിക്കൊണ്ടിരുന്നു. വലിയ മെഴുകുതിരി കത്തിച്ചുപിടിച്ച് മെത്രാപ്പോലീത്ത നമസ്ക്കാരങ്ങൾ ചൊല്ലുകയും വൈദികർ ഏറ്റുചൊല്ലുകയും ചെയ്തുകൊണ്ടിരുന്നു.

മഹറോന്റെ കഠിനമായ വാക്കുകൾ മെത്രാപ്പോലീത്ത നിർത്തിനിർത്തിപ്പറഞ്ഞു:

*....കർത്താവിന്റെ തിരുശരീരത്തിന്റെയും തിരുരക്തത്തിന്റെയും കൈക്കൊള്ളലിൽനിന്നും, സകല ക്രിസ്ത്യാനികളുടെ കൂട്ടായ്മയിൽനിന്നും അയാളെ വേർതിരിച്ചുകൊണ്ടും മഹറോൻ ഏറ്റവൻ ആകുന്നുവെന്നു നാം തീർച്ചയാക്കി നിശ്ചയിച്ചുകൊണ്ടും വിശുദ്ധ പള്ളിയുടെ അതിർത്തികളിൽനിന്നും ആകാശത്തിലും ഭൂമിയിലും അയാളെ പുറത്തുകളഞ്ഞിരിക്കുന്നു... തിരിച്ചുവരുകയും, അയാൾ ദ്രോഹിച്ച ദൈവത്തിന്റെ പള്ളിയോടു പരിഹാരം ചെയ്ത്*

*ഉത്തരിക്കുകയും ചെയ്യുന്നതുവരെ പിശാചിനോടുകൂടെയും നരകവാസികളായ എല്ലാവരോടും കൂടെയും എന്നേയ്ക്കുമുള്ള അഗ്നിക്ക് നാം അയാളെ വിധിച്ചുകല്പിക്കുകയും ചെയ്യുന്നു.*

മെഴുകുതിരികൾ കെടുത്തി അവയിൽ ചവിട്ടിയശേഷം മെത്രാപ്പോലീത്തയും വൈദികരും പള്ളിയിൽനിന്നു മടങ്ങി.

അടുത്തതായി, മഹറോൻ ചൊല്ലിയ വിവരം ശിക്ഷ വിധിക്കപ്പെട്ട ആളെ ഔദ്യോഗികമായി അറിയിക്കുകയാണ്. മെത്രാനച്ചന്റെ കത്തുമായി റോക്കോസിനെ കാണാൻ പോയത് കൂനമ്മാവ് കൊവേന്ത വികാരി കാപ്പിൽ ഗീവർഗീസച്ചൻ. അന്നു റോക്കോസും സംഘവും ഞാറയ്ക്കൽ പള്ളിയിലുണ്ടായിരുന്നു അവിടെയെത്തിയ കാപ്പിലച്ചൻ റോക്കോസിനെ കാണുവാൻ അനുവാദം ചോദിച്ചപ്പോൾ മെത്രാനു സമയമില്ല എന്നായിരുന്നു തൊണ്ടനാട് അന്തോണിക്കത്തനാരുടെ മറുപടി.

*എങ്കിൽ ഈ കത്ത് കൊടുത്താൽ മതി.*

കാപ്പിലച്ചൻ പറഞ്ഞു.

സംഗതിയറിയാതെ തൊണ്ടനാട്ടച്ചൻ കത്തു വാങ്ങി. അദ്ദേഹം കത്തു പൊട്ടിക്കാൻ തുടങ്ങിയപ്പോഴേക്കും കാപ്പിലച്ചൻ ഇറങ്ങിക്കഴിഞ്ഞിരുന്നു. മഹറോൻ പ്രഖ്യാപനമാണതെന്നു കണ്ടു തൊണ്ടനാട്ടച്ചൻ അതു കാപ്പിലച്ചന്റെ കൈയ്യിൽ തിരികെക്കൊടുക്കുവാൻ ശ്രമിച്ചു.

*അത് റോക്കോസ് മെത്രാനുള്ള കത്താണ്. അതവിടെ കൊടുത്തേക്കു.*

കത്തു തിരികെ വാങ്ങാൻ തയ്യാറാകാതെ കാപ്പിലച്ചൻ നടന്നു. തൊണ്ടനാട്ടച്ചൻ തിരികെച്ചെന്ന് റോക്കോസിനെയും കൂട്ടരെയും വിവരമറിയിച്ചു. കത്തു സ്വീകരിക്കാതെ അത് കൊണ്ടുവന്നയാളുടെ കൈയ്യിൽത്തന്നെ തിരിച്ചുകൊടുക്കാനായി അവർ കാപ്പിലച്ചന്റെ പിന്നാലെ ഓടി. എന്നാൽ കാപ്പിലച്ചൻ ഒരു വീട്ടിൽക്കയറി ഒളിച്ചു. അച്ചനെ വിട്ടുകൊടുക്കണമെന്ന റോക്കോസ് പിണിയാളുകളുടെ ആവശ്യം വീട്ടുടമസ്ഥൻ അംഗീകരിച്ചില്ല.

റോക്കോസ് പക്ഷക്കാരുടെ കൈയ്യിൽപ്പെടാതെ കാപ്പിലച്ചനെ വീട്ടുടമസ്ഥൻ ലത്തീൻ റീത്തുകാരായ അയൽക്കാരെ ഏല്പിച്ചു. ലത്തീൻകാർ അച്ചനെ സുരക്ഷിതനായി കൂനമ്മാവിൽ എത്തിക്കുയും ചെയ്തു.

മഹറോൻ ചൊല്ലപ്പെട്ടതോടെ റോക്കോസ് മെതാന്റെ ധൈര്യം ചോരാൻ തുടങ്ങി. മഹറോൻ പരസ്യമായപ്പോൾ ആളുകൾ അദ്ദേഹത്തിന്റെ പക്ഷത്തുനിന്നു പിൻവാങ്ങാനും തുടങ്ങി. മെത്രാൻ ആകെ അസ്വസ്ഥനായി. അദ്ദേഹം ഒരിടത്തും സ്ഥിരമായി തങ്ങിയില്ല. സ്വന്തം നാട്ടിലേക്കു തിരിച്ചുപോകാനും അദ്ദേഹം ആലോചിച്ചു. എന്നാൽ സഹായിസംഘം അതനുവദിച്ചില്ല.

പല ഇടവകകളിലും ആൾക്കാർ റോക്കോസിനെതിരേ തിരിയുകയും തങ്ങളുടെ പള്ളിയിൽ പ്രവേശിക്കുന്നതു തടഞ്ഞുകൊണ്ട് സർക്കാരിന്റെ

ഉത്തരവ് സമ്പാദിക്കുകയും ചെയ്തു. അതിനാൽ അദ്ദേഹത്തിനു കടന്നു ചെല്ലാൻ കഴിയുന്ന സ്ഥലങ്ങൾ വിരളമായി. മടങ്ങിയാൽ മതിയെന്നായി അദ്ദേഹത്തിന്. കുറെക്കാലത്തേക്കെങ്കിലും മാഞ്ഞൂർ പള്ളിയിൽ താമസിക്കമെന്നു കരുതി അവിടെയെത്തിയ മെത്രാനെ സ്വാഗതം ചെയ്തത് അദ്ദേഹത്തെ കാത്ത് നിയമപാലകർ അവിടെയുണ്ട് എന്ന വാർത്തയാണ്. അതിനാൽ കരയ്ക്കിറങ്ങാനാവാതെ ഒരു രാത്രി മുഴുവൻ ബോട്ടിൽ കഴിയേണ്ടിവന്നു.

*ദയവുചെയ്ത് എന്നെ കൊച്ചിയിൽ എത്തിക്കണം. ഇനി വേറെ എങ്ങോട്ടും എന്നെ കൊണ്ടുപോകേണ്ട.*

റോക്കോസ് തന്റെ സഹായികളോട് പറഞ്ഞു.

മെത്രാൻ കപ്പൽ കയറി സ്ഥലംവിടാൻ ഒരുങ്ങുകയാണെന്നു സഹായികൾക്കു ചുവച്ചു. അങ്ങനെ സംഭവിച്ചാൽ പങ്കായമില്ലാത്ത വഞ്ചിയുടെ സ്ഥിതിയിലാകും തങ്ങൾ.

*കൊച്ചിയിലേക്കു നമുക്കു രണ്ടുദിവസം കഴിഞ്ഞു പോകാം. ഇപ്പോൾ...*

*ഇല്ല. ഇപ്പോൾ കൊച്ചി.*

*തിരുമേനീ...*

*ഇല്ല. കൊച്ചി.*

എങ്കിൽ അങ്ങനെയാവട്ടെയെന്നു സഹായികൾ സമ്മതിച്ചു. പക്ഷേ, ബോട്ട് തന്റെ നാട്ടിലേക്കു വിടാൻ പാറായിത്തരകൻ ബോട്ടുകൾകാർക്ക് നിർദ്ദേശം കൊടുത്തു മെത്രാനറിയാതെ.

ബോട്ട് തൈക്കാട്ടുശേരിയിൽ എത്തിയതിനുശേഷമാണ് താൻ കബളിപ്പിക്കപ്പെട്ടതായി റോക്കോസ് മനസ്സിലാക്കുന്നത്.

*ഞാനിവിടെ കാൽകുത്തില്ല!*

*അദ്ദേഹം രോഷം കൊണ്ടു.*

*തിരുമേനിയെ ഞങ്ങൾ കൊച്ചിയിൽ വിടാം. തത്കാലം ഇവിടെ...*

*നിങ്ങളെന്നെ കബളിപ്പിച്ചു!*

തിരുമേനി തങ്ങളെ കബളിപ്പിക്കാതിരിക്കാനാണ് എന്നവർ പറഞ്ഞില്ല.

*കബളിപ്പിക്കുകയില്ല, തിരുമേനീ, കൊച്ചിയിൽ ഞങ്ങൾ കൊണ്ടുപോകാം.*

*ഇപ്പോൾ കൊച്ചിയിലേക്ക്! ഇപ്പോൾ കൊച്ചിയിലേക്ക്! എന്റെ കല്പനയാണ്!*

*കല്പനയൊന്നു തിരുത്തിയാൽ വേണ്ടില്ല. ഭക്ഷണമൊക്കെ കഴിച്ചിട്ടു നാളെ...*

*ഭക്ഷണം കൊച്ചിക്കോട്ടയിൽ ചെന്നിട്ടു മാത്രം!*

*തിരുമേനി എന്തിനാണിങ്ങനെ വാശിപിടിക്കുന്നത്?*

*എനിക്കു സുഖമില്ല. ഡോക്ടറെ കാണണം.*

*ഇവിടെ വൈദ്യരുണ്ട്. കാണിക്കാം.*

*ഡോക്ടർ സായ്പിനെയാണ് കണേണ്ടത്. കൊച്ചി! എന്റെ കല്പനയാണ്!*

കല്പനകേട്ടു ബോട്ട് കൊച്ചിയിലേക്കു തിരിച്ചു.

കൊച്ചിക്കോട്ടയിൽ താമസിക്കുമ്പോൾ റോക്കോസ് വരാപ്പുഴ മെത്രാപ്പോലീത്തയ്ക്കു രഹസ്യമായൊരു സന്ദേശമയച്ചു. താൻ സ്വദേശത്തേയ്ക്കു മടങ്ങാൻ ആഗ്രഹിക്കുന്നുവെന്നും യാത്രയ്ക്ക പണവും സഹായവും നൽകിയാൽ ഉടൻ താൻ സ്ഥലം വിട്ടുകൊള്ളാമെന്നുമായിരുന്നു സന്ദേശം.

മെത്രാപ്പോലീത്ത ഉടൻതന്നെ വലിയ പ്രിയോരച്ചനെ വരുത്തി.

*തിരിച്ചുപോകാൻ റോക്കോസ് സന്നദ്ധത പ്രകടിപ്പിച്ചിരിക്കുന്നത് നല്ല കാര്യമാണ്. താൻ സൃഷ്ടിച്ച പ്രശ്നങ്ങൾക്കു പരിഹാരമുണ്ടാക്കി അദ്ദേഹം മടങ്ങുമെങ്കിൽ അദ്ദേഹത്തിനു മാപ്പുകൊടുക്കുകതന്നെ വേണം.*

ചാവറയച്ചൻ പറഞ്ഞു.

മാർപാപ്പയെ മറികടന്നു കേരളസഭയിൽ ഭരണം പിടിച്ചെടുക്കാൻ ശ്രമിക്കുകയും കുദാശകൾ പരികർമ്മം ചെയ്യുകയും ചെയ്തതിനു രേഖാമൂലം മാപ്പു ചോദിച്ചാൽ മഹറോൻ ശിക്ഷ പോക്കാമെന്നും ബോംബെ വരെയുള്ള കപ്പൽക്കൂലി നൽകുകയും അവിടെനിന്നു ബാഗ്ദാദിലേക്കു പോകാനുള്ള ചെലവ് ബോംബെ മെത്രാനിൽനിന്നു ലഭിക്കാൻ ഏർപ്പാടാക്കുകയും ചെയ്യാമെന്നും മെത്രാപ്പോലീത്ത റോക്കോസിനു സന്ദേശം നൽകി. സുറിയാനിയിലുള്ള കത്ത് പ്രിയോരച്ചനാണ് എഴുതിയത്. അതുമായി കൊച്ചിക്കോട്ടയിലെത്തി റോക്കോസിനെ കണ്ടതും പ്രിയോരച്ചൻ തന്നെ.

മാപ്പപേക്ഷ എഴുതിക്കൊടുക്കാൻ റോക്കോസ് തയാറായില്ല. മാർപാപ്പയുടെ കത്ത് കിട്ടിയപ്പോൾത്തന്നെ താൻ മടങ്ങാൻ നിശ്ചയിച്ചതാണെന്നും എന്നാൽ ജനങ്ങൾ അനുവദിക്കാതിരുന്നതു കൊണ്ട് മടക്കയാത്ര മുടങ്ങുകയായിരുന്നുവെന്നും റോക്കോസ് പറഞ്ഞു.

*അതുകൊണ്ട് മഹറോൻ ശിക്ഷ നമുക്കു വീഴുന്നതല്ല. മാപ്പപേക്ഷ ഞാൻ എഴുതുകയുമില്ല. നിങ്ങൾ നമ്മുടെ മഹറോൻ പോക്കുകയും വേണ്ട. പക്ഷേ, ഞാൻ തിരിച്ചുപൊയ്ക്കൊള്ളാം. പോകുന്നതിനുള്ള ചെലവുകൾ വരാപ്പുഴ മെത്രാൻ തന്നാൽ ഉപകാരം. അതു കിട്ടിയാൽ മാത്രമേ എനിക്കു പോകാനാവൂ.*

*അപ്പോൾ, ഒന്നും എഴുതിത്തരുകയില്ലെന്നാണോ?*

പ്രിയോരച്ചൻ ചോദിച്ചു.

*എഴുതിത്തരാം. മാർപാപ്പയുടെ കല്പനയാലല്ല നാം ഇവിടെ വന്നതെന്ന് എഴുതിത്തരാം. ഇവിടെ പാർപ്പാനും ഭരിപ്പാനുമല്ല, ഇവിടത്തെ കാര്യങ്ങൾ*

*കണ്ട് അന്വേഷണം ചെയ്യാൻ മാത്രമായാണ് പാത്രിയർക്കീസ് ബാവ എന്നെ അയച്ചതെന്നും എഴുതിത്തരാം. ഇതിന്റെ അടിസ്ഥാനത്തിൽ എന്റെ മടക്ക യാത്ര ശരിപ്പെടുത്തിത്തരാൻ അപേക്ഷ.*

റോക്കോസ് പറഞ്ഞു.

പ്രിയോരച്ചൻ വാരാപ്പുഴയിലെത്തി മെത്രോപ്പോലീത്തയുമായി ആലോചിച്ചു. മതി, പ്രശ്നം തീരട്ടെ എന്നായിരുന്നു തീരുമാനം. എങ്ങനെയും റോക്കോസ് പോയിക്കിട്ടിയാൽമതി. യാത്രയ്ക്കുള്ള സഹായങ്ങൾ ചെയ്തു കൊടുക്കാമെന്നു റോക്കോസിനെ അറിയിച്ചു.

റോക്കോസ് മടങ്ങാൻ ഒരുങ്ങുന്നുവെന്ന രഹസ്യം എങ്ങനെയോ ചോർന്നു. അദ്ദേഹത്തെ തോളിലേറ്റി നടന്നിരുന്നവർ അങ്കലാപ്പിലായി. തൊണ്ട നാട്ട് അന്തോണിക്കത്തനാർ തങ്ങളുടെ കീഴിലുള്ള പല പള്ളികളിലേക്കും എഴുതി വിവരമറിയിച്ചു. മെത്രാന്റെ മടക്കം തടയണമെന്നായിരുന്നു കത്ത്. കേസുകൊടുത്തിട്ടാണെങ്കിലും തടയണം.

വിവരമറിഞ്ഞയുടൻ പല നേതാക്കളും ഓടിയെത്തി. പലരും കോപാകുലരായിരുന്നു.

*ഞങ്ങളെ ഈ അവസ്ഥയിലാക്കിയിട്ട് കടന്നുകളയാനോണോ ഒരുക്കം? കാലിന്മേൽ ഞങ്ങൾ ചങ്ങല വയ്പ്പിക്കും.*

ഒരു കൂട്ടർ മെത്രാന്റെ മുഖത്തുനോക്കിപ്പറഞ്ഞു. മെത്രാനാകെ വിരണ്ടു പോയി.

ഏതാനും മാസം കഴിഞ്ഞേ താൻ പോകൂ എന്നു റോക്കാസ് ഉറപ്പുകൊടുത്തു. ഇതിനിടയിൽ താൻ ബാബേലിൽച്ചെന്നു മറ്റൊരു മെത്രാനെ കൊണ്ടു വരാമെന്നു തൊണ്ടനാട്ട് കത്തനാർ പറഞ്ഞു. കത്തനാർക്കും ഒരു സഹായിക്കും ബാബേലിൽ പോകാനുള്ള പണം ആളുകൾ പിരിച്ചെടുത്തു കൊടുത്തു.

ഈ സമയം തങ്ങളുടെ മതപരമായ അടിന്തരകാര്യങ്ങൾ നടത്തിത്തരാമെന്നു പറഞ്ഞു മെത്രാൻ അയ്യായിരം രൂപ ചെലവു ചെയ്യിച്ചിട്ടുണ്ടെന്നും ഈ തുക തിരിച്ചുകിട്ടണമെന്നും പറഞ്ഞ് ചിലർ റോക്കോസിനെതിരെ കേസു കൊടുത്തു.

റോക്കോസ് ആകെ പരവശനായി.

*പേടിക്കണ്ട. ഇവിടെനിന്നു യാത്രയയയ്ക്കാനുള്ള ഏർപ്പാടുകളെല്ലാം ഞങ്ങൾ ചെയ്യാം.*

ചാവറയച്ചൻ അദ്ദേഹത്തെ ആശ്വസിപ്പിച്ചു.

ഒരു സായിപ്പു ജഡ്ജിയുടെ കോടതിയിലാണ് കേസ് സമർപ്പിച്ചിരുന്നത്. കേസ് നിലനില്പില്ലാത്തതാണെന്നു വരാപ്പുഴ മെത്രാപ്പോലീത്തയുടെ

ആൾക്കാരും കുറീലോസ് മെത്രാനും ബോധ്യപ്പെടുത്തിയതിനെത്തുടർന്ന് ജഡ്ജി എത്രയും വേഗം നടപടികൾ നടത്തി കേസ് തള്ളി. രഹസ്യമായാണ് ഇക്കാര്യങ്ങൾ നടന്നത്.

1862 മാർച്ച് മാസമായിരുന്നു അത്.

ബോംബെയിലേക്ക് കപ്പൽ പുറപ്പെടുന്ന ദിവസം രാവിലെ പത്തുമണിക്കുതന്നെ തൊണ്ടനാട്ടു കത്തനാരും സഹായിയും കപ്പലിൽ കയറി ഇരിപ്പുറപ്പിച്ചു. നാലുമണിക്കു ശേഷമേ കപ്പൽ പുറപ്പെടു.

റോക്കോസ് മെത്രാൻ തന്റെ താമസസ്ഥലത്തു സന്ദർശകരുമായി സംസാരിച്ചുകൊണ്ടിരുന്നു. രണ്ടു വൈദികരുമായി സംഭാഷണം നടത്തിക്കൊണ്ടിരിക്കുമ്പോൾ സമയം നാലറിയിച്ചുകൊണ്ടുള്ള മണിമഴുങ്ങി. പെട്ടെന്നു റോക്കോസ് എഴുന്നേറ്റു. എവിടെനിന്നൊക്കെയോ കുറെപ്പേർ അദ്ദേഹത്തിന്റെ മുറിയിലേക്ക് ഓടിക്കയറി. അവർ മെത്രാന്റെ പെട്ടികളും മറ്റു വസ്തുക്കളുമെടുത്തു വേഗം പുറത്തുകടന്നു തുറമുഖത്തേക്കു നീങ്ങി. ലത്തീൻകാരും ഏതാനും സുറിയാനിക്കാരുമായിരുന്നു അവർ.

അവർ റോക്കോസിന്റെ സാധനങ്ങൾ കൊണ്ടുവന്ന് കപ്പലിൽവച്ചു പുറത്തിറങ്ങി. അവരോടൊപ്പം വന്ന റോക്കോസ് പെട്ടെന്ന് കപ്പലിൽ കയറി. നിമിഷങ്ങൾക്കകം കപ്പൽ യാത്രപുറപ്പെടുകയായി.

ഓടിയെത്തിയ ശീശ്മക്കാർക്കു നോക്കിനിൽക്കാനേ കഴിഞ്ഞുള്ളു. തങ്ങൾ സ്വന്തമായി കാത്തുസൂക്ഷിച്ചിരുന്ന നിധി ഇതാ, പൊയ്പോകുന്നു! ഇനി തങ്ങൾക്കൊരു മെത്രാനില്ല!

ചിലർ കരഞ്ഞുപോയി. വിജയിച്ചുനിൽക്കേ ഓർക്കാപ്പുറത്തു പരാജയം വന്നുവീണിരിക്കുന്നു. എങ്ങനെ സഹിക്കും!

ഇതേ കപ്പലിൽ പോയിരിക്കുന്ന തൊണ്ടനാട്ടു കത്തനാർ മറ്റൊരു മെത്രാനെ കൊണ്ടുവരുമെന്നുള്ളതായിരുന്നു അവരുടെ ഏക ആശ്വാസം.

നൈരാശ്യവും അപമാനവും കലർന്നതായിരുന്നു ശീശ്മക്കാരുടെ പിന്നീടുള്ള ആഴ്ചകൾ. അവർ ഏറെക്കാത്തിരുന്നിട്ടും ബാബേലിൽനിന്നുള്ള പുതിയ മെത്രാനെ കണ്ടില്ല. തൊണ്ടനാട്ടു കത്തനാർ പാത്രിയർക്കീസ് ബാവയുടെ പക്കൽ നിരന്തരം അപേക്ഷിച്ചിട്ടും ഏതെങ്കിലും മെത്രാനെ മലയാളത്തിലേക്ക് അയക്കാൻ അദ്ദേഹം തയ്യാറായില്ലെന്നതാണു വസ്തുത. ഒരു മെത്രാനെ അയച്ചതിൽനിന്നു വലിയൊരു പാഠം അദ്ദേഹം പഠിച്ചുകഴിഞ്ഞിരുന്നു.

തന്റെ പക്കൽ മടങ്ങിയെത്തി പശ്ചാത്താപപൂർവ്വം കുറ്റങ്ങൾക്കെല്ലാം മാപ്പപേക്ഷിച്ച റോക്കോസിനോടു പാത്രിയർക്കീസ് ക്ഷമിച്ചു. റോക്കോസിനു ബാവ ഒരു ഇടവകയുടെ ചുമതലയാണ് ഏല്പിച്ചുകൊടുത്തത്. ആ

ഇടവകയുടെ ഭരണവുമായി മലയാളത്തിലെ തകർന്ന സാമ്രാജ്യത്തിന്റെ അധിപൻ ഒതുങ്ങിക്കൂടി.

ബാബേലിൽനിന്ന് ആരേയും കാണാതായപ്പോൾ ശീശ്മപക്ഷക്കാരിൽ പലരുടെയും മനസ്സു മാറുകയായി. നേതാക്കൾ അനുയായികളുടെ കണ്ണിൽപ്പെടാതെ നടക്കാൻ തുടങ്ങി. താമസിയാതെ പല പള്ളികളും വരാപ്പുഴ അതിരൂപതയിലേക്കു മടങ്ങിവന്നു. റോക്കോസ് ശീശ്മ അസ്മതിക്കുകയായിരുന്നു.

പ്രിയോരച്ചൻ ഹൃദയം നിറഞ്ഞു ദൈവത്തെ സ്തുതിച്ചു. പ്രശ്നങ്ങളുടെ എത്ര വലിയ കരിമ്പാറക്കെട്ടുകളും ഒരു മധുരനാരങ്ങയുടെ തൊലി പൊളിക്കുന്നതുപോലെ അവിടുന്നു ചീന്തിക്കളയുന്നു.

പ്രിയോരച്ചൻ തന്റെ കാവ്യഗ്രന്ഥത്തിൽ കുറിച്ചു:

*ശ്വാസവുമെനിക്കു നീ, ഭക്ഷണപാനീയവും*
*ആശ്വാസം നിന്നിലല്ലാതെവിടെ വയ്ക്കും നാഥാ?*

# 23

**അ**ത്തവണ മാന്നാനത്തെ ദർശനപ്പെരുന്നാൾ സാധാരണയിലേറെ ആഘോഷത്തോടെയാണു നടന്നത്. ആഘോഷമൊന്നും ഉണ്ടാവുകയില്ലെന്നാണ് കരുതിയിരുന്നത്. കാരണം, പെരുന്നാൾ ഏറ്റു നടത്താൻ സമ്മതിച്ചിരുന്നയാൾ റോക്കോസ് മെത്രാന്റെ പക്ഷത്തുചേർന്ന് അദ്ദേഹത്തിനുവേണ്ടി സജീവമായി പ്രവർത്തിക്കുകയായിരുന്നു. പകരം മറ്റൊരാളെ കണ്ടെത്താൻ കഴിഞ്ഞതുമില്ല. അങ്ങനെയിരിക്കേയാണ് സംഭവങ്ങളുടെ ഗതി പെട്ടെന്നു മറുദിശയിലേക്കായത്. റോക്കോസ് കടൽ കടന്നതോടെ പ്രസുദേന്തി മാനസാന്തരപ്പെട്ട് പഴയ അതിരൂപതിയിലേക്കു തിരിച്ചുവന്നു. നേരത്തെ ഏറ്റിരുന്ന പെരുന്നാൾ കൂടുതൽ കേമമായി നടത്തുകയും ചെയ്തു.

പെരുന്നാളിനു നേർച്ചയായി കിട്ടിയ പണത്തിൽ നല്ലൊരു ഭാഗം വലിയ പ്രിയോരച്ചൻ പാവപ്പെട്ടവർക്കായി നൽകി. ആയിരം ചക്രത്തിനു കോടി വസ്ത്രം വാങ്ങി അദ്ദേഹം ദരിദ്രരായ സ്തീകൾക്കും കുട്ടികൾക്കും വിതരണം ചെയ്തു.

ശീശ്മ കെട്ടടങ്ങിയ സ്ഥിതിക്ക് വികാരി ജനറാൾ എന്ന നിലയിൽ മറ്റു കാര്യങ്ങളിലേക്കു തന്റെ ശ്രദ്ധ കൂടുതലായി എത്തണമെന്നു പ്രിയോരച്ചനു തോന്നി. ജനങ്ങൾക്ക് അഭിവൃദ്ധി ഉണ്ടാകണമെങ്കിൽ അവർക്കു വിദ്യാഭ്യാസം ലഭിക്കണം. കുട്ടികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി എന്തെങ്കിലും പദ്ധതി തുടങ്ങണമെന്ന ആഗ്രഹം വളരെക്കാലമായി ഉള്ളതാണ്. പണ്ടെന്നോ തന്റെ വഞ്ചിയിൽക്കയറിയ അപരിചിതനായ വൃദ്ധൻ പറഞ്ഞത് ഓർമ്മ വരുന്നു:

*എന്നെങ്കിലും അങ്ങേയ്ക്ക് ഏതെങ്കിലും അധികാരം കിട്ടുകയാണെങ്കിൽ പിള്ളേരുടെ പഠിത്തത്തിനുള്ള ഏർപ്പാടുണ്ടാക്കണം.*

മാന്നാനം കൊവേന്തയുടെ അധികാരം ലഭിച്ചപ്പോൾ കൊവേന്തയോട് അനുബന്ധിച്ച് സംസ്കൃത പാഠശാല തുടങ്ങിയിരുന്നു. മാന്നാനത്തെ സെമിനാരിയും വിദ്യാഭ്യാസ സ്ഥാപനമാണെന്നു പറയാം. പക്ഷേ, ഇവകൊണ്ട് തീരെക്കുറച്ചുപേർക്കു മാത്രമേ പ്രയോജനം ലഭിക്കൂ. എല്ലാവർക്കും വിദ്യാഭ്യാസം ലഭിക്കുന്ന സ്ഥിതിയുണ്ടായാൽ മാത്രമേ കാണാൻ തക്കവിധം എന്തെങ്കിലും പുരോഗതി സമൂഹത്തിൽ ഉണ്ടാവൂ. പടിഞ്ഞാറൻ രാജ്യങ്ങളുടെ പുരോഗതിക്ക് ഒരു കാരണം അവിടത്തെ ജനങ്ങളുടെ വിദ്യാഭ്യാസമാണെന്നതിനു സംശയമില്ല.

ബെർണർദീനോസ് മെത്രാപ്പോലീത്തയുമായി പ്രിയോരച്ചൻ ഇക്കാര്യം സംസാരിച്ചു.

*പ്രോട്ടസ്റ്റന്റുകാർ ചർച്ച് മിഷൻ സൊസൈറ്റി വഴി നടത്തുന്ന വിദ്യാഭ്യാസ പ്രവർത്തനം കൊണ്ട് ധാരളം പേർക്കു വളരെയേറെ പ്രയോജനം ലഭിക്കുന്നുണ്ട്. അതേസമയം സുറിയാനിക്കാരിൽ നല്ലൊരു ഭാഗം ഇപ്പോഴും വേണ്ടത്ര വിദ്യാഭ്യാസം കിട്ടിയിട്ടില്ലാത്തവരാണ്. അവരുടെ വിദ്യാഭ്യാസത്തിനുവേണ്ടി എന്തെങ്കിലും ചെയ്യണമെന്ന് എനിക്കാഗ്രഹമുണ്ട്. അവർക്കുവേണ്ടി മാത്രമല്ല, എല്ലാവർക്കുവേണ്ടിയും. എല്ലാവർക്കും വിദ്യാഭ്യാസം എന്നത് ഞാൻ വളരെക്കാലമായി കൊണ്ടുനടക്കുന്ന ഒരു സ്വപ്നമാണ്.*

പ്രിയോരച്ചൻ പറഞ്ഞു.

*സാർവത്രിക വിദ്യാഭ്യാസം അല്ലേ? നല്ലകാര്യം തന്നെ. നിങ്ങൾ സുറിയാനിക്കാരിൽ ധാരാളം പേർ സമ്പന്നരാണല്ലോ. വികാരി ജനറാളിന് എന്തെങ്കിലും പദ്ധതിയുണ്ടെങ്കിൽ നടപ്പാക്കിക്കൊള്ളൂ. എന്റെ പിന്തുണയുണ്ടാവും. പക്ഷേ, സാമ്പത്തികമായ പിന്തുണയൊന്നും ഇപ്പോൾ പ്രതീക്ഷിക്കരുത്.*

മെത്രാപ്പോലീത്ത പറഞ്ഞു.

*എല്ലാവർക്കും സാമാന്യ വിദ്യാഭ്യാസം; കുറെപ്പേർക്കെങ്കിലും ഉന്നത വിദ്യാഭ്യാസം. ആളുകൾ ഇംഗ്ലീഷ് പഠിച്ചാൽ അവർക്ക് പുതിയൊരു ലോകം തന്നെ തുറന്നു കിട്ടും. ഇതൊക്കെയാണെന്റെ ആഗ്രഹങ്ങൾ.*

*ഇംഗ്ലീഷ് വേണ്ട, ഇംഗ്ലീഷിൽ ഇപ്പോൾ ഇവിടെ ഏറെയുള്ളതു പ്രോട്ടസ്റ്റന്റ് പ്രസിദ്ധീകരണങ്ങളാണ്. ഇംഗ്ലീഷ് പഠിച്ച് ആളുകൾ അവ വായിക്കാനിടയായാൽ അങ്ങോട്ടൊരു ഒഴുക്കുണ്ടായെന്നു വരും.*

*വിദ്യാഭ്യാസം നേടുമ്പോൾ ചിന്താശക്തി വർദ്ധിക്കുമല്ലോ. തെറ്റും ശരിയും വിവേചിച്ചറിയുവാൻ അവർക്കു കഴിയും.*

പ്രിയോരച്ചൻ ചൂണ്ടിക്കാട്ടി.

*ആ വിവേചനശക്തി എല്ലാവർക്കും ഉടനെ ഉണ്ടാവണമെന്നില്ല. ഇംഗ്ലീഷിൽ എഴുതിയിട്ടുള്ളതെല്ലാം കൂടതൽ ശരിയും നല്ലതുമാണെന്നാണല്ലോ ഇന്നാട്ടുകാരുടെ വിചാരം.*

*എങ്കിൽ...*

*ഇംഗ്ലീഷ് വേണ്ട. മറ്റുള്ളതൊക്കെ പഠിപ്പിക്കുന്ന സ്കൂളുകൾ ഉണ്ടാക്കിക്കൊള്ളു. അതിനു വേണ്ടതെന്താണെന്നുവച്ചാൽ വികാരി ജനറാളിന്റെ അധികാരം ഉപയോഗിച്ചു ചെയ്തുകൊള്ളു.*

പ്രിയോരച്ചൻ പിന്നെ താമസിച്ചില്ല. മാന്നാനത്ത് അദ്ദേഹം ഒരു വിദ്യാലയത്തിന്റെ പണി തുടങ്ങി. അതോടൊപ്പം സുറിയാനി കത്തോലിക്കരുടെ എല്ലാ പള്ളികളിലേക്കും ഒരു കല്പന അയച്ചു. ഓരോ ഇടവകപ്പള്ളിയോടും അനുബന്ധിച്ച് ഒരു പള്ളിക്കൂടം പണിയണമെന്നും അവിടെ ജാതിമതവർഗ ഭേദമില്ലാതെ എല്ലാ കുട്ടികൾക്കും പ്രവേശനം നൽകണമെന്നുമായിരുന്നു കല്പന.

*ദൈവമേ, എന്റെ യോഗ്യതയ്ക്കപ്പുറമുള്ള ഒരു പദവി നീ എനിക്കു തന്നിരിക്കുന്നു. ഇതുപയോഗിച്ചു സഭയ്ക്കു വേണ്ടിയും ഈ നാടിനുവേണ്ടിയും കുറെ നന്മകൾ ചെയ്യാൻ എനിക്കു നീ ശക്തി തരേണമേ.*

പ്രിയോരച്ചൻ പ്രാർത്ഥിച്ചു.

പാവപ്പെട്ടവർക്കായി ഇനിയും ഏറെ ചെയ്യേണ്ടിയിരിക്കുന്നു. ആരുടെയും കണ്ണിൽപ്പെടാത്തവരാണവർ. അവർ ജനിക്കുന്നതും ജീവിക്കുന്നതും മരിക്കുന്നതും ആരും ശ്രദ്ധിക്കുന്നില്ല. അവരുടെ ജീവിതത്തിൽ എന്തു സംഭവിച്ചാലും അത് അയൽക്കാർക്കുപോലും എടുത്തു പറയാനോ പ്രത്യേകം കേൾക്കാനോ മാത്രമുള്ള വിശേഷമല്ല. എന്നാലോ വലിയവരുടെ ചെറിയ ജലദോഷം വരെ വലിയ വാർത്തയാണ്. ചെറിയവരുടെ മരണം ചെറിയ വാർത്തപോലുമല്ല. കുട്ടനാട്ടിൽ പണ്ടു മടവീഴുമ്പോൾ കർഷകത്തൊഴിലാളികളെ തല്ലിക്കൊന്നു വെള്ളത്തിലിട്ടു ചേറുകൊണ്ടു മൂടി ചിറകെട്ടുമായിരുന്നുവത്രേ! കമ്പിന്റെയും കോലിന്റെയും വിലയേ ഇന്നും ദരിദ്രർക്കു സമൂഹത്തിലുള്ളു. അവർക്കുവേണ്ടി ചെയ്യാൻ ഒത്തിരിയൊത്തിരിയുണ്ട്. അവരുടെ പട്ടിണി മാറ്റുക എന്നതാണ് അടിയന്തരമായി ചെയ്യേണ്ടത്.

*പാവപ്പെട്ടവരെ നിങ്ങൾ ഒരിക്കലും വെറും കൈയോടെ മടക്കി അയക്കരുത്... വേലക്കാർക്ക് അർഹമായ കൂലികൊടുക്കാതിരിക്കരുത് എന്നു മാത്രമല്ല അതു വച്ചു താമസിപ്പിക്കുകയും ചെയ്യരുത്... ദൈവം പാവങ്ങളുടെ പക്ഷത്താണ്. പാവപ്പെട്ടവരെ നിന്ദിക്കരുത്. ബുദ്ധിമുട്ടിക്കയും ചെയ്യരുത്. കാരണം, പാവങ്ങളുടെ കണ്ണീർ കണ്ടാൽ ദൈവം നിശ്ചയമായും നിന്നോടു പകരം ചോദിക്കും.*

പ്രിയോരച്ചൻ തന്റെ *'ഒരു നല്ല അപ്പന്റെ ചാവരുൾ'* എന്ന കൃതിയിൽ എഴുതി.

ഉപദേശങ്ങൾ കൊടുക്കാൻ ആർക്കും കഴിയും. സ്വയം കേമനായി ചമ യാൻ ഉപദേശം പോലെ നല്ലൊരു മാർഗ്ഗമില്ലല്ലോ. അതുപോരാ; പ്രവൃത്തി കൊണ്ടു സാക്ഷ്യപ്പെടുത്തണം.

പാവങ്ങളെ സഹായിക്കാനുള്ള ഒരു പ്രായോഗിക മാർഗ്ഗം പെട്ടെന്നു തോന്നി. ആവതുള്ള ഓരോ വീട്ടിലും ഓരോ പ്രാവശ്യം അരി പാചകം ചെയ്യു മ്പോഴും ഒരു പിടി അരി പാവപ്പെട്ടവർക്കായി മാറ്റിവയ്ക്കുക. ക്ലേശപ്പെടു ത്താതെയുള്ള ഒരു സമാഹരണ വഴി.

ഉടനെ തന്നെ പ്രിയോരച്ചൻ ഒരു പ്രാർത്ഥന എഴുതിയുണ്ടാക്കി അച്ചടി പ്പിച്ചു. അതോടൊപ്പം എല്ലാ ഇടവകപ്പള്ളികളിലേക്കും ഒരു കല്പനയും അയച്ചു: പള്ളിയിൽ നിന്ന് ഓരോ ക്രൈസ്തവ ഭവനത്തിലും ഒരു പാത്രം ഏല്പ്പിക്കുക. ഊണിന് അരി അളന്നു പാകം ചെയ്യാനിടുന്ന ഓരോ അവസ രത്തിലും ഒരു പിടി അരി ഇതോടൊപ്പം അയയ്ക്കുന്ന പ്രാർത്ഥന ചൊല്ലി ക്കൊണ്ടു പാത്രത്തിൽ ഇടുക. മാസാന്ത്യത്തിൽ എല്ലാ വീടുകളിൽ നിന്നും പാത്രങ്ങൾ ശേഖരിച്ച് അരി പാവപ്പെട്ടവർക്കു വിതരണം ചെയ്യണം.

നല്ല പ്രതികരണമാണ് അതിനു ലഭിച്ചത്. അതിനു *പിടിയരിപ്പിരിവ്* എന്നു പേരും വന്നു. പിടിയരി ഒട്ടേറെ പാവങ്ങളുടെ പട്ടിണി മാറ്റി.

* * * * * *

ഒരു ദിവസം പ്രിയോരച്ചൻ കേട്ടു; ബാബേലിൽ നിന്നു പുതിയ മെത്രാ നച്ചൻ കൊച്ചിയിൽ എത്തിയിരിക്കുന്നു: *അബദ് ഈശോ* മെത്രാൻ.

പുതിയ മെത്രാനെ കാണാൻ ആളുകൾ കൊച്ചിയിലെത്തി. പക്ഷേ റോക്കോസ് മെത്രാൻ കൊച്ചിയിൽ ഇറങ്ങിയപ്പോൾ ഉണ്ടായ ആൾക്കൂട്ട ത്തിന്റെ ഒരംശമേ ഇത്തവണ ഉണ്ടായുള്ളു.

പളുപളെ മിന്നുന്ന നീളൻ കുപ്പായവും അറബികളുടേതുപോലുള്ള ശിരോവസ്ത്രവും അംശവടിയും മോതിരവുമായി എത്തിയ അബദ് ഈശോ മെത്രാന്റെ മുഖം മലയാളികളുടേതുപോലെയായിരുന്നു. മെത്രാനെ കാണാ നെത്തിയവർ ആ മുഖം തിരിച്ചറിഞ്ഞു: പഴയ തൊണ്ടനാട്ട് അന്തോണിക്ക ത്തനാർ.

മിക്കവരും നിരാശരായി.

അബദ് ഈശോ മെത്രാനും നിരാശനായി. റോക്കോസ് മെത്രാനെ തിള യ്ക്കുന്ന ചൂടോടെ സ്വീകരിച്ചവർ തനിക്കു നൽകുന്നത് ഇത്ര തണുത്ത സ്വീക രണമോ?

തൊണ്ടനാട്ടു കത്തനാർ എത്ര കഷ്ടപ്പെട്ടു സമ്പാദിച്ച മെത്രാൻ സ്ഥാന മാണ്! റോക്കോസിനു പകരം മറ്റൊരു മെത്രാനെ കിട്ടാൻവേണ്ടി എത്ര നാൾ അദ്ദേഹം കത്തോലിക്കാ പാത്രിയർക്കീസിന്റെ കാലു പിടിച്ചു!

പ്രയോജനമുണ്ടാകാതെ വന്നപ്പോൾ എവിടെയങ്കിലും ഒരു മെത്രാനെ കിട്ടുമോയെന്ന് അന്വേഷിച്ചു നടന്നു. അവസാനമാണ് തോന്നിയത്, എന്തിനു മറ്റൊരു മെത്രാനുവേണ്ടി ഇങ്ങനെ നിഷ്ഫലമായി അലയുന്നു; തനിക്കു തന്നെ മെത്രാനായിക്കൂടേയെന്ന്. അങ്ങനെ കുർദിസ്ഥാനിലെത്തി അവിടത്തെ നെസ്തോറിയൻ പാത്രിയർക്കീസിനെ കണ്ടു. അദ്ദേഹം മലയാളി കത്തനാരുടെ ആഗ്രഹം നിറവേറ്റിക്കൊടുത്തു. അങ്ങനെ തൊണ്ടനാട്ട് അന്തോണിക്കത്തനാർ, തിളങ്ങുന്ന പട്ടുകുപ്പായത്തിന്റെയും ശിരോവസ്ത്രത്തിന്റെയും ഉള്ളിൽ നില്ക്കുന്ന അബദ് ഈശോ മെത്രാനായി മാറി.

പാറായി അവിരാത്തരകനാണ് അബദ് ഈശോ മെത്രാനെ കൊച്ചിയിൽ സ്വീകരിക്കാൻ നേതൃത്വം കൊടുത്തത്. ആളുകളുടെ തണുപ്പൻ മനോഭാവം തരകനെയും നിരാശപ്പെടുത്തി. മെത്രാൻ കൊച്ചിയിൽ താമസിച്ചിട്ടു വലിയ കാര്യമില്ലെന്നു തോന്നിയപ്പോൾ തരകൻ അദ്ദേഹത്തെയും സഹായി പൂണ്ടിക്കുളം ശെമ്മാശ്ശനെയും തൈക്കാട്ടുശേരിയിലേക്കു കൊണ്ടുപോയി.

സ്വീകരണങ്ങളോ കാര്യമായി ആരുടെയെങ്കിലും സന്ദർശനമോ ഒന്നും ഉണ്ടാകാതെ തൈക്കാട്ടുശേരിയിൽ ഇരുന്നപ്പോൾ മെത്രാൻ അസ്വസ്ഥനായി. പഴയ പരിചയങ്ങൾ ഉപയോഗിച്ച് കുറെ സ്വീകരണങ്ങൾ സംഘടിപ്പിച്ചാലോ എന്ന് അദ്ദേഹം ആലോചിച്ചു. ആ ഉദ്ദേശ്യത്തോടെ കുറെ പള്ളികളിലേക്ക് എഴുതി.

തരകനോട് ആലോചിക്കാതെയാണ് അദ്ദേഹം ഇതു ചെയ്തത്. അതു തരകന് ഇഷ്ടപ്പെട്ടില്ല. ജനസമ്മതിയില്ലാത്ത മെത്രാനെ ചുമലിൽ നിന്നൊഴിവാക്കാൻ കാത്തിരുന്ന തരകൻ ഇതൊരു വലിയ കാരണമാക്കി മെത്രാനോടു കടുത്ത നീരസം പ്രകടിപ്പിച്ചു.

*ഇതൊക്കെ തരകനോട് ആലോചിക്കണമെന്നു പറയുന്നതു കഷ്ടമാണ്. റോക്കോസ് മെത്രാൻ എന്തെല്ലാം കാര്യങ്ങൾ ആരോടും ആലോചിക്കാതെ ചെയ്തിരുന്നു!*

മെത്രാൻ പറഞ്ഞു.

*അതു റോക്കോസ് മെത്രാൻ. ഇത് അന്തോനിക്കത്തനാർ!*

തരകൻ പുച്ഛിച്ചു.

ഈ അവഹേളനം അബദ്ഈശോ മെത്രാനു സഹിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം അപ്പോഴേ സ്ഥലം വിട്ടു.

അതിരമ്പുഴയിലേക്കാണു മെത്രാൻ പോയത്. പ്രതീക്ഷിച്ച സ്വീകരണം അവിടെക്കിട്ടിയില്ല. അതിനാൽ പ്ലാശനാലിലേക്കു പോയി. അവിടെയും തഥൈവ.

ഈ സ്ഥിതിയിൽ മെത്രാൻ വലിയ പ്രിയോരച്ചന്റെ സഹായം തേടാൻ നിശ്ചയിച്ചു. ഒരു കത്ത് അദ്ദേഹം പ്രിയോരച്ചനു കൊടുത്തയച്ചു. തന്നെ

ക്കുറിച്ചു ജനങ്ങൾക്കിടയിലുള്ള തെറ്റിദ്ധാരണ മാറ്റാൻ സഹായിക്കണമെന്നായിരുന്നു കത്ത്.

പ്രിയോരച്ചനു സഹായിക്കാവുന്ന കാര്യമല്ലായിരുന്നു അത്.

ആരും പിന്തുണയ്ക്കാനില്ലാതെ അബദ്ഈശോ മെത്രാൻ പ്ലാശനാലിൽ കഴിഞ്ഞുകൂടി.

* * *     * * *

പള്ളികളോടു ചേർന്നു പള്ളിക്കൂടം എന്ന തന്റെ പദ്ധതി ഇടവകകളിൽ എത്രമാത്രം പ്രാവർത്തികമായി എന്നു പരിശോധിച്ചപ്പോഴാണ് ചുരുക്കം ചില ഇടവകകളിൽ മാത്രമേ അതിനുള്ള ശ്രമം തുടങ്ങിയിട്ടുള്ളൂ എന്നു പ്രിയോരച്ചനു മനസ്സിലായത്. പണമില്ലെന്നായിരുന്നു പലരുടെയും മറുപടി. പണം എങ്ങനെയും സംഘടിപ്പിച്ചു പള്ളിക്കൂടം പണിതേ തീരു എന്നു പ്രിയോരച്ചൻ കർശനമായി അറിയിച്ചു.

*ജാതിമത ഭേദമില്ലാതെ എല്ലാവരെയും പള്ളിക്കൂടത്തിൽ പഠിപ്പിക്കണമെന്നല്ലേ അങ്ങ് പറഞ്ഞത്. ഞങ്ങളുടെ പ്രദേശത്തു മറ്റു മതസ്ഥരാണു ബഹുഭൂരിപക്ഷം. പള്ളിക്കൂടം തുടങ്ങിയാൽ അവിടെ പഠിക്കുന്നവരിൽ ഏറെയും മറ്റു മതക്കാരായ കുട്ടികളായിരിക്കും. നമ്മൾ കഷ്ടപ്പെട്ടുണ്ടാക്കുന്ന പള്ളിക്കൂടത്തിന്റെ പ്രയോജനം കൂടുതൽ കിട്ടുന്നതു മറ്റുള്ളവർക്കായിരിക്കും*

എന്നായിരുന്നു ചിലരുടെ വാദം.

*മറ്റു മതസ്ഥർക്കു കൂടുതൽ പ്രയോജനം കിട്ടുന്നതിൽ ഒരു കഴപ്പവുമില്ല. അറിവ് ആർക്കും നിഷേധിക്കരുത്. എല്ലാവരും അറിവു നേടിയാലേ സമൂഹത്തിനു പുരോഗതിയുണ്ടാകു. അതുകൊണ്ട് ഒട്ടും അമാന്തിക്കാതെ പള്ളിക്കൂടം പണിയൂ.*

പ്രിയോരച്ചൻ നിർദ്ദേശിച്ചു.

ആയിടയ്ക്കു ബെർണർദീനോസ് മെത്രാപ്പോലീത്തയുടെ ഒരു സന്ദേശം പ്രിയോരച്ചനു കിട്ടി. മെത്രാനച്ചനു പലപ്പോഴും വികാരി ജനറാളുമായി ചർച്ചകൾ ആവശ്യമാകാറുണ്ട്. അതിനാൽ വികാരി ജനറാൾ മാന്നാനം കൊവേന്തയിൽ നിന്നു കൂനമ്മാവു കൊവേന്തയിലേക്കു താമസം മാറ്റിയാൽ നന്നായിരിക്കും. വികാരി ജനറാളിന്റെ ജോലിക്ക് അതു നന്നായിരിക്കുമെന്നു പ്രിയോരച്ചനും തോന്നി. അദ്ദേഹം ഉടൻ തന്നെ കൂനമ്മാവിലേക്കു താമസം മാറ്റാനുള്ള ഒരുക്കങ്ങൾ ചെയ്തു. മാന്നാനത്തെ ചുമതലകൾ പോരൂക്കര കുര്യോക്കോസ് ഏലിശാ അച്ചനെ ഏല്പിച്ചു.

കൈനകരിയിലേക്കൊന്നു പോകണം. ജന്മനാട്ടിൽ പോയിട്ട് നാളേറെയായി.

വഞ്ചിയിലിരിക്കുമ്പോൾ എഴുതുവാനായി *നാളാഗമ*വും *നല്ല അപ്പന്റെ ചാവരുളും* എടുത്തിരുന്നു. വർഷങ്ങളായി ദിവസവും മുടങ്ങാതെ എഴുതി

ക്കൊണ്ടിരിക്കുന്നതാണു *നാളാഗമം*. അതു വെറും ദിനാന്തക്കുറിപ്പുകളാകരുതെന്നു നിർബന്ധവുമുണ്ടായിരുന്നു. തന്റെയും സമകാലികരുടെയും അനുഭവങ്ങൾകൊണ്ട് ഭാവിതലമുറകൾക്ക് എന്തെങ്കിലും പ്രയോജനമുണ്ടാകുന്നെങ്കിൽ ഉണ്ടാവട്ടെ എന്ന ആഗ്രഹം കൊണ്ടാണ് ഓരോ അനുഭവവും വിശദമായി കുറിച്ചത്; വൈദ്യന്മാർ തരുന്ന മരുന്നിന്റെ വിശദവിവരങ്ങൾപോലും എഴുതിവച്ചത്.

*ചാവരുളി*ലും കുറെ കുറിപ്പുകൾ എഴുതി. അപ്പോഴേക്കും ഉറക്കത്തിന്റെ പൂമ്പൊടി കൺപീലികളിൽ വീണു. കൺപീലികളിൽ... കൺപോളകളിൽ... സ്വർഗ്ഗത്തിലെ പൂന്തോട്ടത്തിൽ നിന്നു വീഴുന്ന പൂമ്പൊടികളാണ് മനുഷ്യരെയും പക്ഷിമൃഗാദികളെയും ഉറക്കുന്നതെന്ന് പണ്ട് പറഞ്ഞു തന്നിട്ടുള്ളതാരാണ്? അമ്മയാണോ? നല്ല പ്രവൃത്തികൾ ചെയ്യുന്നവർ പൂമ്പൊടിയിൽ മയങ്ങുമ്പോൾ നല്ല സ്വപ്നങ്ങൾ കാണും. തിന്മകൾ ചെയ്യുന്നവർക്കു ദുഃസ്വപ്നങ്ങൾ. പുണ്യജീവിതം നയിക്കുന്നവർ വേദനകൾക്കു നടുവിലും മനോഹരമായ സ്വപ്നങ്ങൾ കാണും. ലോകത്തിലില്ലാത്ത നിറങ്ങളോടുകൂടിയ സ്വപ്നങ്ങൾ.

കൈനകരിയുടെ ഗന്ധമേറ്റാണ് ഉറക്കമുണർന്നത്. പച്ചനിറമാർന്ന ഒരു സ്വപ്നംപോലെ തന്റെ നാട്. ആറ്റിലേക്ക് ചാഞ്ഞും ചെരിഞ്ഞും ആകാംക്ഷയോടെ എത്തിനോക്കിനിൽക്കുന്ന തെങ്ങുകൾക്കു പിന്നിൽ പ്രൗഢകളായ കുടുംബിനികളെപ്പോലെ തേന്മാവുകൾ.

വഞ്ചി തണലിൽ ചാരി നിന്നു.

കരയിൽ കാൽകുത്തുന്നതിനു മുമ്പു തന്നെ ആളുകൾ ഓടിയെത്താൻ തുടങ്ങി. *ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ*യിൽ തുടങ്ങുന്ന കുശലങ്ങൾ. മിക്കവരുടെയും രൂപങ്ങൾ മാറിയിരിക്കുന്നു. കുഞ്ഞുങ്ങൾ മുതിർന്നവരും, മുതിർന്നവർ വയ്യാത്തവരും ആയിത്തീർന്നിരിക്കുന്നു. ആറ്റിലെ ഒഴുക്കുപോലെയാണ് കാലം. ഒറ്റനോട്ടത്തിൽ ഒഴുക്കു കാണില്ല. കുത്തിയൊഴുകുമ്പോൾ മാത്രമാണ് ശ്രദ്ധിക്കുക.

താൻ കൂനമ്മാവിലേക്കു സ്ഥലം മാറുകയാണെന്നു പ്രിയോരച്ചൻ പറഞ്ഞു.

*അങ്ങോട്ടു പോകുന്നതിനു മുമ്പ് അച്ചനു ഞങ്ങളോടൊന്നും പറയാനില്ലേ?*

ഒരാൾ ചോദിച്ചു.

*ഉണ്ട്. എനിക്കു പറയാനുള്ളതു കുറെ ഈ പുസ്തകത്തിലുണ്ട്. 'ഒരു നല്ല അപ്പന്റെ ചാവരുൾ'. നിങ്ങൾക്കായി ഞാനെഴുതിയ പുസ്തകമാണ്. അച്ചടിച്ചിട്ടു തരാം, പോരേ?*

*ഈയിടെ ചില പിള്ളാർ അച്ചനെക്കുറിച്ചു പറയുന്നതുകേട്ടു, അച്ചടിയച്ചനെന്ന്!*

എല്ലാവരും ചിരിച്ചു.

*ഇവിടെ ചൂരലടിയച്ചന്മാരൊന്നും ഇല്ലാത്തതുകൊണ്ടാണ്... ശരി, അച്ചടിയച്ചൻ നടക്കട്ടെ.*

പ്രിയോരച്ചൻ ആളുകളുടെ പുഞ്ചിരികൾക്കും കൂപ്പുകൈകൾക്കും ഇടയിലൂടെ മുന്നോട്ടു നടന്നു.

യജമാന സ്നേഹമുള്ള വളർത്തുനായയെപ്പോലെ നദി കരയുടെ പാദങ്ങളെ നക്കിത്തുടച്ചു കിടക്കുന്നു.

വയലിന്റെ പച്ചയെ വകഞ്ഞിടുന്ന ഇടവരമ്പിലൂടെ നടന്നു.

വീട്ടിൽ മറിയക്കുഞ്ഞിന്റെയും ഭർത്താവിന്റെയും അവരുടെ മക്കളുടെയും സ്നേഹം കാത്തിരിപ്പുണ്ടായിരുന്നു.

വീട്ടുവിശേഷങ്ങളുടെ നടുവിലേക്കു നാട്ടുകാർ പലരും വന്നു കയറിക്കൊണ്ടിരുന്നു; വീട്ടുവിശേഷങ്ങളിൽ നിന്നു നാട്ടുവിശേഷങ്ങളിലേക്ക്.

അപ്പോഴാണ് പ്രിയോരച്ചൻ നാട്ടുകാരുടെ മുന്നിൽ പുതിയൊരു വിഷയം അവതരിപ്പിച്ചത്.

*നമുക്കിവിടെയൊരു ഉപവിശാല തുടങ്ങിയാലോ?*

*എന്തോന്നു ശാല?*

*ഉപവിശാല. ആരോരുമില്ലാത്ത രോഗികളും വൃദ്ധന്മാരും ഒക്കെയായ പാവങ്ങളെ താമസിപ്പിച്ചു ശുശ്രൂഷിക്കുന്ന ഒരു വീട്.*

*ആരു ശുശ്രൂഷിക്കും?*

*നമ്മൾ... നിങ്ങൾ. അതിനുള്ള ചെലവും നിങ്ങൾ തന്നെ വഹിക്കണം. അനാഥരെയും അഗതികളെയും നിങ്ങൾ അവിടെ ശുശൂഷിക്കണം, ചികിത്സിക്കണം, സഹായിക്കണം, ഇതിന് ഒരു സമ്മാനവും ഈ ലോകത്തിൽ നിങ്ങൾക്കു കിട്ടുകയില്ല. ചിലപ്പോൾ ഒരു പുഞ്ചിരി കിട്ടിയേക്കാം. ചിലപ്പോൾ ചീത്തവിളിയായിരിക്കും."*

*"നാട്ടിലെവിടെയെങ്കിലും ഇങ്ങനെയൊന്നുണ്ടോ?"*

*"ഇന്ത്യാ രാജ്യത്ത് ഉള്ളതായി അറിവില്ല. യൂറോപ്പിൽ ധാരാളമുണ്ട്. അവിടെ ഭ്രാന്തന്മാർക്കും കുഷ്ഠരോഗികൾക്കും അനാഥർക്കും വെവ്വേറെ അഗതിമന്ദിരങ്ങളുണ്ട്. പ്രഭുക്കളും രാജകുടുംബാംഗങ്ങളും വരെ ആ മന്ദിരങ്ങളിലെത്തി രോഗികളെ ശുശ്രൂഷിക്കുകയും അവരുടെ മുറിവുകൾ കഴുകുകയും മറ്റും ചെയ്യാറുണ്ട്. ചില രാജാക്കന്മാരും രാജ്ഞിമാരും ആളറിയിക്കാതെ വേഷം മാറിയാണ് ഈ ശുശ്രൂഷയിൽ എത്തുന്നത്."*

പ്രിയോരച്ചൻ വിവരിച്ചു.

നാട്ടുകാരിൽ കുറേപ്പേർ സന്നദ്ധത പ്രകടിപ്പിച്ചതിനെത്തുടർന്ന് പ്രിയോരച്ചൻ ഇടവക വികാരിയെ പോയിക്കണ്ടു. കാര്യങ്ങൾ വിവരിച്ചു. താൻ കുറെ രൂപ പിരിവെടുത്തു തരാമെന്നും ആ പണം ഒരു ശാശ്വത ഫണ്ടാക്കി അതിന്റെ പലിശകൊണ്ട് ഉപവിശാല നടത്തണമെന്നും പ്രിയോരച്ചൻ പറഞ്ഞു. മന്ദിരം സ്ഥാപിച്ചുകഴിഞ്ഞാൽ അതിന്റെ ചുമതല കൈനകരിയിലെ അൽമായർക്കു പൂർണ്ണമായി വിട്ടുകൊടുക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.

സംതൃപ്തിയോടെയാണ് പ്രിയോരച്ചൻ മടങ്ങിയത്. പാടങ്ങളിൽ നിന്ന് അവയുടെ നിശ്വാസം പോലെ ഇടയ്ക്കിടെ കൂട്ടമായി ഉയരുന്ന പറവകളെ നോക്കി കുറച്ചുനേരം നിന്നു.

പറവകൾക്കു പറക്കാൻ വിശാലമായ ആകാശവും ഭക്ഷിക്കാൻ കതിർമണികളും ഒരുക്കിനിർത്തിയിരിക്കുന്ന സർവേശ്വരാ, തലചായ്ക്കാനിടമില്ലാത്ത മനുഷ്യപുത്രന്മാർക്ക് നീ ഈ കരയിൽ ഒരു മന്ദിരം പണിയേണമേ. അവിടെ ശുശ്രൂഷകൾ നടത്തുന്നവർക്കായി നീ സ്വർഗ്ഗത്തിൽ മന്ദിരങ്ങൾ പണിയേണമേ...

പ്രിയോരച്ചൻ വഞ്ചിയിൽ കയറി. ആറ്റിൽ ദൂരെ പിടച്ചു ചാടുന്ന വെയിലിന്റെ വെള്ളി മത്സ്യങ്ങൾ.

കുറച്ചു നേരം അങ്ങനെ നോക്കിയിരുന്നപ്പോൾ കണ്ണിലേക്ക് ഉറക്കത്തിന്റെ പൂമ്പൊടി. പൂമ്പൊടി തട്ടിക്കളഞ്ഞ് നെഞ്ചത്തു കൈചേർത്തു പ്രാർത്ഥിച്ചു; കൈനകരിക്കുവേണ്ടി.

മാന്നാനത്തു തിരിച്ചെത്തിയപ്പോൾ ഇടമറ്റത്തു കെട്ടുതെങ്ങിന്റെ കാര്യങ്ങൾക്കായി പോയിരുന്ന കൊവേന്തക്കാര്യസ്ഥൻ കൊച്ചൗസേപ്പ് കാത്തിരിപ്പുണ്ടായിരുന്നു. ഇടമറ്റത്തുനിന്നു പ്ലാശനാലിലും പോയ കൊച്ചൗസേപ്പ് അവിടെവച്ച് അബദ്ഈശോ മെത്രാനെ കാണാനിടയായത്രേ. മലമ്പനി ബാധിച്ച മെത്രാൻ ഒരു കൊച്ചു വീട്ടിലായിരുന്നു താമസം. ആ വീട്ടിലുള്ളവർക്കും മലമ്പനി പിടിപെട്ടു. അവർ രോഗത്തിന്റെ ദുരിതത്തിൽ കഴിയുമ്പോൾ ആ വീട് വെള്ളപ്പൊക്കത്തിൽ നശിച്ചു. പ്രായമുള്ള ഒരു സഹോദരിയല്ലാതെ ആരും സഹായത്തിനില്ലാതെ, മലമ്പനിയുടെ ദുരിതങ്ങളുമായി ചെറ്റക്കുടിലിൽ കഴിയുന്ന അബദ്ഈശോ മെത്രാന്റെ അവശരൂപം ആരിലും സഹതാപമുണർത്തുമെന്നു കൊച്ചൗസേപ്പ് പറഞ്ഞു.

*ഇങ്ങനെ അവിടെക്കിടന്നു ദുരിതപ്പെടാതെ മാന്നാനത്തു വന്നു താമസിച്ചു കൂടേയെന്നു ഞാൻ ചോദിച്ചു. ഇതിനു വലിയ പ്രിയോരച്ചൻ സമ്മതിക്കുമോയെന്ന് അങ്ങേർക്ക് പേടി. ചോദിച്ചാൽ തീർച്ചയായും സമ്മതിക്കുമെന്നു ഞാൻ പറഞ്ഞു.*

കൊച്ചൗസേപ്പ് കൂട്ടിച്ചേർത്തു.

*അതിനെന്താ, വരട്ടെ ഞാൻ നാളെ കൂനമ്മാവിലേക്കു മാറുകയാണ്. അതൊന്ന് അറിയിച്ചേക്കൂ.*

രാത്രി *ബേസ് റൗമ*യിലെ തോട്ടത്തിൽ പ്രിയോരച്ചൻ ഇരുന്നു. തോട്ടത്തിൽ താൻ നട്ട തൈകളെല്ലാം വളർന്നു മരങ്ങളായിരിക്കുന്നു. ഈ രാത്രിയിൽ അവയിൽ നക്ഷത്രങ്ങൾ പൂത്തിരിക്കുന്നു. ഒരുപക്ഷേ, ഈ കുന്നിലെ തന്റെ ദൗത്യങ്ങളെല്ലാം ഈ രാത്രികൊണ്ട് പൂർത്തിയാവുകയായിരിക്കാം. മറ്റൊരു മേച്ചിൽപ്പുറം തനിക്കായി ദൈവം ഒരുക്കിക്കഴിഞ്ഞിരിക്കാം...

# 24

**കൂ**നമ്മാവു കൊവേന്തയിലെത്തി കുറെ ദിവസങ്ങൾക്കുശേഷം പ്രിയോരച്ചന് അബദ്ഈശോ മെത്രാന്റെ കത്തു ലഭിച്ചു. ഒന്നു നേരിട്ടു കാണാൻ സൗകര്യമുണ്ടാക്കണം എന്ന് അപേക്ഷിച്ചുകൊണ്ടായിരുന്നു കത്ത്.

കൊച്ചിക്കോട്ടയിൽ എത്തുക, കാണാം എന്നു പ്രിയോരച്ചൻ മറുപടി കൊടുത്തു.

പറഞ്ഞിരുന്ന ദിവസം രാവിലെതന്നെ പ്രിയോരച്ചൻ കൊച്ചിക്കോട്ടയിൽ എത്തി. അഞ്ചു മണിവരെ കാത്തിരുന്നിട്ടും അബദ്ഈശോയെ കാണാതെവന്നപ്പോൾ അദ്ദേഹം മടങ്ങാൻ ഒരുങ്ങി. അപ്പോൾ അതാ, തെക്കേ വഴിയിൽകൂടി അബദ്ഈശോയും ഒരു ശെമ്മാശ്ശനും പാത്തും പതുങ്ങിയും വരുന്നു. നീണ്ട താടിമീശ. വെളുത്ത ളോഹയുടെമേൽ കറുത്ത കാപ്പ. ഒരു കൈയിൽ വടിയും മറു കൈയിൽ കുടയും. കാപ്പ ഒരു കൈകൊണ്ടു താങ്ങി, ആരെങ്കിലും കാണുന്നുണ്ടോയെന്നു ചുറ്റും നോക്കി പരവശനായി എത്തുന്ന അബദ്ഈശോയെക്കണ്ടു പ്രിയോരച്ചൻ അങ്ങോട്ടുചെന്നു സ്തുതിചൊല്ലി.

കസേരയിൽ ഇരുന്ന അബദ്ഈശോ കുറെ കടലാസുകൾ പുറത്തെടുത്തു. നെസ്തോറിയൻ പാത്രിയർക്കീസിൽ നിന്നും മെത്രാൻസ്ഥാനം കിട്ടിയെന്നതിന്റെ സാക്ഷ്യപത്രവും ആ പാത്രിയർക്കീസിന്റെ ഒരു കത്തുമാണു കടലാസുകൾ എന്നു കണ്ടപ്പോൾ പ്രിയോരച്ചൻ അവ മെത്രാന്റെ കൈയിൽ തിരികെക്കൊടുത്തു.

*ഇതൊന്നും എനിക്കു കാണേണ്ട. ഒരു കത്തോലിക്കാ വൈദികൻ ചെയ്യാൻ പാടില്ലാത്ത കാര്യങ്ങളാണ് അങ്ങു ചെയ്തിരിക്കുന്നത്. പശ്ചാത്തപിച്ചു പ്രായശ്ചിത്തം ചെയ്യുകയാണ് ഇനി ചെയ്യാവുന്നത്.*

പ്രിയോരച്ചൻ പറഞ്ഞു.

ചെറിയ മൗനത്തിനുശേഷം അബദ്ഈശോ പറഞ്ഞു:

*ഞാൻ മെത്രാൻ സ്ഥാനം ഉപേക്ഷിക്കണോ? ഉപേക്ഷിക്കാം... ഇനി എനിക്ക് ഒരു സ്ഥാനവും വേണ്ട. ബാക്കിയുള്ള കാലം സഭയോടു ചേർന്നു സ്വസ്ഥമായി ജീവിച്ചാൽ മതി.*

*ഞാൻ മെത്രാപ്പോലീത്താച്ചനോട് സംസാരിക്കാം. അദ്ദേഹം റോമായിലേക്ക് എഴുതി അനുവാദം വാങ്ങിത്തരും.*

*ഇല്ല. മെത്രാപ്പോലീത്ത എന്നോടു ക്ഷമിക്കയില്ല. റോമായിലേക്ക് എഴുതുകയുമില്ല.*

*എല്ലാവരും ഒരുപോലെയല്ലല്ലോ. ഇക്കാര്യം ഞാൻ പറഞ്ഞു ശരിയാക്കാം. സമാധാനത്തോടെ പൊയ്ക്കൊള്ളു.*

അബദ്ഈശോ മെത്രാൻ യാത്ര പറഞ്ഞു.

പ്രിയോരച്ചൻ പിറ്റേന്നുതന്നെ ബെർണർദീനോസ് മെത്രാപ്പോലീത്തയെക്കണ്ട് കാര്യം സംസാരിച്ചു. റോമിലേക്ക് എഴുതാമെന്നു മെത്രാനച്ചൻ സമ്മതിച്ചു.

*അവിടെനിന്നു മറുപടി വരുന്നതുവരെ അബ... എന്തു മെത്രാനാ?*

മെത്രാപ്പോലീത്ത ചോദിച്ചു.

*അബദ്ഈശോ മെത്രാൻ.*

*അബദ്ഈശോ മെത്രാൻ മാന്നാനം കൊവേന്തയിൽപോയി ധ്യാനിക്കട്ടെ.*

തൊണ്ടനാട്ടു കത്തനാർക്കു ധ്യാനത്തിനുള്ള സൗകര്യവും താമസം, ഭക്ഷണം മുതലായവയും ഏർപ്പെടുത്തിക്കൊടുക്കാൻ വലിയ പ്രിയോരച്ചൻ മാന്നാനം കൊവേന്തയുടെ പ്രിയോർക്ക് എഴുതി.

വിവരങ്ങൾ അറിഞ്ഞപ്പോൾ തൊണ്ടനാട്ടു കത്തനാർക്കു വലിയ സന്തോഷമായി. അദ്ദേഹം കൃതജ്ഞതാഭരിതനായി പ്രിയോരച്ചന് എഴുതി.

*എന്റെ ജ്ഞാനപിതാവേ, ഈ മറുപടി കിട്ടുന്നതുവരെ ഞാൻ പലചിന്തകളിൽ ഉൾപ്പെട്ടു വിഷമിച്ചിരുന്നു. ഒരു സുഖവും എനിക്കുണ്ടായിരുന്നില്ല. എന്നാൽ പെരിയ ബഹുമാനപ്പെട്ട പിതാവ് ഞാൻ യോഗ്യനല്ലെങ്കിലും എന്നെ അനുഗ്രഹിച്ചു. സത്യമുള്ള എന്റെ പിതാവ് അങ്ങുതന്നെ. ഇനി അങ്ങയുടെ മനസ്സനുസരിച്ച് എന്നതിലുപരി ഒരു ലക്ഷ്യവും എനിക്കില്ല.... എത്രയും പെരിയ പെരിയ ബഹുമാനപ്പെട്ട പിതാവായ മെത്രാപ്പോലീത്താച്ചന്റെ കല്പനയ്ക്കും ഉപദേശത്തിനും കീഴ്‌വഴങ്ങി മാന്നാനത്തെ കൊവേന്തയിലേക്കു ഞാൻ ഇപ്പോൾത്തന്നെ പുറപ്പെടുകയാണ്.*

കത്ത് പ്രിയോരച്ചൻ മെത്രാപ്പോലീത്തയെ കാണിച്ചു. അദ്ദേഹത്തിനും സന്തോഷമായി.

*പിതാവേ, ഒരുകാര്യംകൂടി പറയാനുണ്ട്.*

പ്രിയോരച്ചൻ പറഞ്ഞു.

*എല്ലാ പള്ളികളോടും ചേർന്നു പള്ളിക്കൂടം പണിയണമെന്നുള്ള എന്റെ നിർദ്ദേശം പല വികാരിമാരും ഗൗരവത്തിലെടുത്തിട്ടില്ല. ഓരോ കാരണം പറഞ്ഞ് അവർ ഒഴിഞ്ഞുമാറുകയാണ്.*

*വികാരി ജനറാളിന്റെ അധികാരം പ്രയോഗിച്ചോളു.*

മെത്രാപ്പോലീത്ത പറഞ്ഞു.

*ശരി.*

പ്രിയോരച്ചൻ പിന്നെ താമസിച്ചില്ല. എല്ലാ സുറിയാനിപള്ളികളിലേക്കും സർക്കുലർ അയച്ചു. പള്ളിക്കൂടങ്ങൾ പണിയാത്ത ഇടവകപ്പള്ളികളിലെ വികാരിമാർക്ക് അംശമുടക്കു കല്പിക്കുമെന്നായിരുന്നു സർക്കുലർ.

1864-ലായിരുന്നു അത്.

പള്ളിക്കൂടം സ്ഥാപിച്ചില്ലെങ്കിൽ കുർബാനയും മറ്റു കൂദാശകളും നടത്തുവാനുള്ള അനുവാദം തടയുമെന്ന വികാരി ജനറാളിന്റെ പ്രഖ്യാപനം വികാരിമാരെ ഉറക്കത്തിൽനിന്ന് ഉണർത്തുന്ന ഇടിമുഴക്കമായി.

സുറിയാനി കത്തോലിക്കാ സമുദായത്തെയും നാടിനെയും അത് പുതിയൊരു ഉണർവ്വിലേക്കു ഞെട്ടിയെഴുന്നേൽപ്പിച്ചു...

# 25

**ചാ**വറയച്ചന്റെ കർശനമായ കല്പനയെത്തുടർന്ന് ഒട്ടുമിക്ക സുറിയാനി കത്തോലിക്കാപ്പള്ളികളോടു ചേർന്നും സ്കൂളുകളുണ്ടായി. അതിന്റെ ഫലമായി സുറിയാനി സഭയിൽ മാത്രമല്ല മലയാള സമൂഹത്തിലും നിരക്ഷരരുടെ എണ്ണം വളരെവേഗം കുറഞ്ഞുകൊണ്ടിരുന്നു.

അവശസമുദായങ്ങളിൽപ്പെട്ടവർക്കു അതുവരെ സവർണ്ണരുടെ വിദ്യാലയങ്ങളിൽ പ്രവേശനം നിഷേധിക്കപ്പെട്ടിരിക്കയായിരുന്നു. ചാവറയച്ചൻ കത്തോലിക്കാപ്പള്ളിക്കൂടങ്ങളിൽ ദലിത് കുട്ടികൾക്ക് വിദ്യാഭ്യാസം നൽകാൻ പ്രത്യേകം ശ്രദ്ധിച്ചു. ദലിതരുടെ വീടുകളിൽച്ചെന്നു കുട്ടികളെ പള്ളിക്കൂടത്തിൽ അയയ്ക്കാൻ നിർബന്ധിക്കുകയും പുസ്തങ്ങളും വസ്ത്രങ്ങളും സൗജന്യമായി നൽകുകയും ചെയ്തു. ഇടവകകളിൽ പിരിവുനടത്തിയാണ് ഇതിനുള്ള പണം കണ്ടെത്തിയത്.

സ്കൂളുകളിൽ വരാൻ തുടങ്ങിയ ദലിത് കുട്ടികളിൽ പലരും വളരെവേഗം പഠനം അവസാനിപ്പിക്കുന്നതായി ചാവറയച്ചൻ മനസ്സിലാക്കി.

മാതാപിതാക്കൾ കൂലിപ്പണിക്കുപോകുമ്പോൾ വീട്ടിൽ ഉച്ചഭക്ഷണത്തിനു വകയില്ലാതിരുന്നതിനാൽ കുട്ടികളെ കൂടെ കൊണ്ടുപോകുക പതിവായിരുന്നു. മാതാപിതാക്കളുടെ പണിസ്ഥലത്തുനിന്നു കുട്ടികൾക്കു ഭക്ഷണം കിട്ടും. സ്കൂളിൽ പോയാൽ ഈ പാവം കുട്ടികൾ ഉച്ചയ്ക്കു പട്ടിണിയായിരിക്കും.

ദലിതരായ കുട്ടികൾ പഠനം ഇടയ്ക്കുവെച്ച് അവസാനിപ്പിക്കുന്നതിനു കാരണം ഇതാണെന്നു മനസ്സിലാക്കിയ പ്രിയോരച്ചൻ അതിനു കണ്ടുപിടിച്ച പരിഹാരമാർഗ്ഗമാണ് പള്ളിക്കൂടങ്ങളിലെ ഉച്ചക്കഞ്ഞി വിതരണം.

പാവപ്പെട്ട കുട്ടികൾക്കു പള്ളിക്കൂടങ്ങളിൽനിന്ന് ഉച്ചഭക്ഷണം കിട്ടുമെന്നു വന്നതോടെ അവർ പതിവായി ക്ലാസ്സിലെത്താൻ തുടങ്ങി. ഇതിനുള്ള അരി പല പള്ളികളും പിടിയരിപ്പിരിവിലൂടെ സംഘടിപ്പിച്ചു.

സുറിയാനി ക്രിസ്ത്യാനികളിലെ സമ്പന്നരിൽനിന്നു സംഭവനകൾ സ്വീകരിച്ച് പ്രിയോരച്ചൻ മാന്നാനത്തിനു സമീപം പതിനേഴുപറ പുഞ്ചനിലം വാങ്ങി. പള്ളിക്കൂടത്തിലെ ഉച്ചക്കഞ്ഞി വിതരണത്തിനും അദ്ധ്യാപകരുടെ ശമ്പളത്തിനും വേണ്ടിയായിരുന്നു അത്.

കുഞ്ഞുങ്ങൾക്കു തിരിച്ചറിവിന്റെ പ്രായമായാൽ പള്ളിക്കൂടത്തിൽ അയയ്ക്കാൻ ചാവറയച്ചൻ ലേഖനങ്ങൾ വഴിയും വികാരിമാർ വഴിയും ജനങ്ങളെ പ്രേരിപ്പിച്ചുകൊണ്ടുമിരുന്നു.

സ്കൂളുകൾ സ്ഥാപിക്കുന്നതിൽ ഒതുങ്ങുന്നതായിരുന്നില്ല അദ്ദേഹത്തിന്റെ വിദ്യാഭ്യാസ പ്രവർത്തനസ്വപ്നം. സഭയുടെ നേതൃത്വത്തിൽ ഒരു സർവ്വകലാശാലതന്നെ അദ്ദേഹത്തിന്റെ പദ്ധതിയിൽ ഉണ്ടായിരുന്നു. എന്നാൽ കാലത്തിനു മുന്നേയുള്ള പദ്ധതിയായിപ്പോയി അത്.

പക്ഷേ, ചാവറയച്ചൻ ആവിഷ്ക്കരിച്ച മറ്റെല്ലാ പദ്ധതികളുംതന്നെ വിജയകരമായിത്തീർന്നിട്ടുണ്ട്. സാമ്പത്തിക പ്രശ്നങ്ങളോ സാങ്കേതിക പ്രശ്നങ്ങളോ ഒന്നും അവയുടെ വഴിമുടക്കിയില്ല. എവിടെനിന്നു പണം ലഭിക്കും എന്ന് അമ്പരന്നുനിന്ന അവസരങ്ങളിൽ, ഒട്ടും പ്രതീക്ഷിക്കാത്ത വഴികളിലൂടെ പണമെത്തി മുന്നിൽനിന്നു. സാങ്കേതിതമായ കുരുക്കുകളെ ഏതോ അദൃശ്യമായ കരങ്ങൾ അഴിച്ചെടുത്തുകൊണ്ടുമിരുന്നു.

എല്ലാ തിരക്കുകൾക്കും പാച്ചിലുകൾക്കുമിടയിലും ജനങ്ങളുടെയും വൈദികരുടെയും ആദ്ധ്യാത്മിക വളർച്ച അദ്ദേഹത്തിന്റെ ശ്രദ്ധയിൽനിന്ന് ഒരുനിമിഷം പോലും തെന്നിയതില്ല. മറിച്ച്, ആദ്ധ്യാത്മിക ഉണർവ്വിനുള്ള ഓരോരോ പദ്ധതികൾ പുതുതായി അദ്ദേഹം കണ്ടെത്തിക്കൊണ്ടേയിരുന്നു. ഇടവക വൈദികരുടെ വാർഷികധ്യാനം വികാരി ജനറാളായിരിക്കുമ്പോൾ ചാവറയച്ചൻ അവതരിപ്പിച്ചതാണ്. വൈദികരുടെ സൗകര്യത്തെപ്രതി മാന്നാനത്തും ഏൽത്തുരുത്തിലും നടത്തിപ്പോന്ന ധ്യാനത്തിനു കർമ്മലീത്താ വൈദികർ നേതൃത്വം കൊടുത്തു.

ധ്യാനത്തെ ജനങ്ങൾ എങ്ങനെ സ്വാഗതംചെയ്യുന്നുവെന്നത് ധ്യാനഗുരുവായിരിക്കേ ചാവറയച്ചൻ മനസ്സിലാക്കിയിരുന്നതാണ്. വികാരി ജനറാളായപ്പോൾ അദ്ദേഹം ഇടവകകളിൽ വാർഷികധ്യാനം നിർബന്ധിതമാക്കി. ഓരോ ഇടവകയിലും മൂന്നുദിവസത്തിൽ കുറയാതെ വാർഷികധ്യാനം

നടത്തണമെന്ന് അനുശാസിച്ചു. ധ്യാനഗുരുക്കന്മാരായി കർമ്മലീത്താ സഭാം ഗങ്ങളുടെ സേവനം ലഭ്യമായിരുന്നു. ധ്യാനത്തിനുശേഷം ഈ വൈദികർ കുടുംബങ്ങളിലെ വഴക്കുകളും അയൽക്കാർ തമ്മിലുള്ള പ്രശ്നങ്ങളും പള്ളി യിലെ തർക്കങ്ങളും മറ്റും രമ്യതയിലെത്തിക്കുകയും ചെയ്തുപോന്നു.

ഞായറാഴ്ച ദിവ്യബലിയോടു ചേർന്നുള്ള പ്രസംഗം നിർബന്ധിതമാക്കി യതും വലിയ പ്രിയോരച്ചൻതന്നെ.

ഒരിക്കൽ യൂറോപ്പിൽനിന്നു കുറേ മിഷനറിമാർ വരാപ്പുഴ അരമനയി ലെത്തിയപ്പോൾ ബെർണർദീനോസ് മെത്രാപ്പോലീത്ത പ്രിയോരച്ചനെ മിഷനറിമാർക്കു പരിചയപ്പെടുത്തിയത് ഇങ്ങനെയാണ്:

*ഇതു ചാവറ കുര്യാക്കോസ് അച്ചൻ. ഇദ്ദേഹമാണ് ഇന്നു മലയാളം ഭരി ക്കുന്നത്.*

ചാവറയച്ചനോടുള്ള സ്നേഹംകൊണ്ടും അദ്ദേഹത്തിന്റെ ഭരണനിപുണ തയെക്കുറിച്ചുള്ള മതിപ്പുകൊണ്ടും തന്നെയാണ് മെത്രാപ്പോലീത്ത അങ്ങനെ പറഞ്ഞത്. എന്നാലോ അധികാരം തന്നിൽ കേന്ദ്രീകരിക്കാൻ ചാവറയച്ചൻ ഇഷ്ടപ്പെട്ടില്ല. സുറിയാനി കത്തോലിക്കാ സഭയെ അദ്ദേഹം നാലു റീജിയനു കളായി വിഭജിക്കുകയും ഓരോ റീജിയനും ഒരു ഡെപ്യൂട്ടിയുടെ കീഴിലാ ക്കുകയും ചെയ്തു. കർമ്മാലീത്താ വൈദികരെയാണ് അദ്ദേഹം ഡെപ്യൂട്ടി മാരായി നിയമിച്ചത്.

വികാരി ജനറാളിന് ആത്മീയ പിതാവും കുമ്പസാരക്കാരനുമായി മെത്രാ പ്പോലീത്ത നൽകിയത് മിഷനറിയായ ലെയോപോൾഡ് ബെക്കാരോയെ യാണ്. മിഷനറിയും ചാവറയച്ചനും തമ്മിൽ മണിക്കൂറുകളോളം നീളുന്ന ആത്മീയ ചർച്ചകൾ പതിവായി. യൂറോപ്പിലെ മാസാദ്യവെള്ളിയാഴ്ച ആച രണത്തെക്കുറിച്ചു പ്രിയോരച്ചൻ മനസ്സിലാക്കിയത് ലെയോപോൾഡ് മിഷ നറിയിൽ നിന്നാണ്. ആദ്യ വെള്ളിയാഴ്ചഭക്തിയും നാല്പതുമണി ആരാധ നയും പ്രിയോരച്ചൻ സുറിയാനിസഭയിൽ അവതരിപ്പിക്കുകയും പ്രചരിപ്പി ക്കുകയും ചെയ്തു.

കൊവേന്തകളിലെ ദിനചര്യയുടെ ഭാഗമായിരുന്ന ജപമാല കുടംബങ്ങ ളിലേക്കു വഴികണ്ടതും ചാവറയച്ചനിലൂടെയാണ്. ജപമാലഭക്തി പ്രചരിപ്പി ക്കുവാൻ കൂടുതലായി യത്നിച്ചു. താമസിയാതെ കൊന്തജപം കത്തോലിക്കാ കുടുംബങ്ങളിലെ സന്ധ്യസംഗീതമായി.

സുറിയാനി കത്തോലിക്കാപ്പള്ളികൾക്കു പൊതുവായൊരു കുർബാന ക്രമം ഉണ്ടായിരുന്നില്ല. ഓരോ പ്രദേശത്തും ഓരോ തരത്തിലായിരുന്നു കുർബാന. ഓരോന്നും പഠിച്ച് ഏകീകൃതവും വിശദവുമായൊരു സുറിയാനി കുർബാനക്രമപുസ്തകം ഉണ്ടാക്കിയെടുത്തത് ചാവറയച്ചനാണ്. കൂനമ്മാവു കൊവേന്തയിലെ പ്രസ്സിൽ അത് അച്ചടിച്ച് എല്ലാ പള്ളികൾക്കും വിതരണം ചെയ്യുകയും ചെയ്തു.

ഒരു ദിവസം ചാവറയച്ചൻ കൂനമ്മാവു കൊവേന്തയിലെ തന്റെ മുറിയിലിരുന്ന് എഴുതുമ്പോൾ, കതകിൽ മുട്ടുന്ന ശബ്ദം കേട്ടു. തിരിഞ്ഞുനോക്കിയപ്പോൾ, അന്ധാളിച്ചുപോയി. ബെർണർദീനോസ് മെത്രാപ്പോലീത്ത. അച്ചൻ ഓടിച്ചെന്ന് കൈമുത്തി.

മെത്രാപ്പോലീത്ത മുറിക്കുള്ളിലേക്കു കയറി.

*ഞാൻ ഒരു കാര്യം ചർച്ച ചെയ്യാൻ വന്നതാണ്.*

അദ്ദേഹം പറഞ്ഞു.

മുറിയിൽ ആകെ ഒരു കസേരയും ചെറിയ മേശയുമേയുള്ളൂ. പുസ്തകങ്ങൾ വച്ചിരിക്കുന്ന പെട്ടിയും. ചാവറയച്ചൻ കസേര മെത്രാനച്ചനു നീക്കിയിട്ടുകൊടുത്തു.

പക്ഷെ, മെത്രാപ്പോലീത്ത പുസ്തകപ്പെട്ടിയുടെ പുറത്താണിരുന്നത്.

*പ്രിയോരച്ചൻ കസേരയിലിരിക്കൂ.*

*അരുത്. അങ്ങ് കസേരയിലിരുന്നാട്ടെ.*

നിർബന്ധിച്ചിട്ടു ഫലമുണ്ടായില്ല. ചാവറയച്ചൻ കസേരയിൽ ഇരിക്കേണ്ടി വന്നു.

രൂപത അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി ചർച്ച ചെയ്യാനാണ് മെത്രാപ്പോലീത്ത വന്നത്. അദ്ദേഹം ആലോചിച്ചിട്ട് ഒരു പരിഹാരവും കാണാനാവുന്നില്ല.

കുറേ നേരം ആലോചിച്ചതിനുശേഷം ചാവറയച്ചൻ ഒരു ആശയം കൊണ്ടുവന്നു. ഓരോ പള്ളിയുടേയും വരുമാനത്തിൽ ചെലവു കഴിച്ചു മിച്ചം വരുന്ന തുകയുടെ വെറും അഞ്ചു ശതമാനം രൂപതയ്ക്ക് നല്കുക. മിച്ചത്തിന്റെ അഞ്ചു ശതമാനം മാത്രമായതിനാൽ ആർക്കും വലിയ എതിർപ്പുണ്ടാകാനിടയില്ല.

*എങ്കിൽ പ്രിയോരച്ചൻ തന്നെ പദ്ധതി നടപ്പാക്കുക കൂടി ചെയ്യാമോ?*

ആ ഭാരവും ചാവറയച്ചൻ ഏറ്റെടുത്തു.

അതിനകം എല്ലാ പള്ളിക്കാരുടെയും സ്നേഹാദരവുകൾ നേടിക്കഴിഞ്ഞിരുന്ന ചാവറയച്ചന് ആ പദ്ധതി നടപ്പിലാക്കുവാൻ ഒരു വിഷമവുമുണ്ടായില്ല...

# 26

**ചാ**വറയച്ചനും ലെയോപോൾഡ് മിഷനറിയും തമ്മിൽ ഗാഢമായ ഒരു ബന്ധം രൂപപ്പെട്ടുകഴിഞ്ഞിരുന്നു. ആത്മീയാനുഭവങ്ങളും ചിന്തകളും അവർ നിത്യവും പങ്കുവച്ചു. ചാവറയച്ചന്റെ ഉള്ളിലേക്കിറങ്ങിച്ചെല്ലുന്തോറും പുണ്യ

പ്രശോഭിതമായ ഒരാത്മാവിനെ മിഷനറി കണ്ടെത്തുകയായിരുന്നു; താൻ ജനിച്ചതും പ്രവർത്തിച്ചതുമായ രാജ്യങ്ങളിലും ഈ രാജ്യത്തും തനിക്കു പരിചയപ്പെടാൻ കഴിഞ്ഞിട്ടുള്ള വ്യക്തികളിൽവച്ച് ഏറ്റവും ദിവ്യത നിറഞ്ഞ മനുഷ്യൻ.

ഋഷിമാരുടേതായ ഏതോ പഴയ കാലഘട്ടത്തിന്റെ പ്രൗഢമായ ഓർമ്മയിൽ മരുവുന്ന ഇന്ത്യയെന്ന രാജ്യത്തിന്റെ തെക്കേയറ്റത്തുള്ള ഹരിതഭൂമിയിൽ താനെത്തിപ്പെട്ടത് ഈ പുണ്യാത്മാവുമായുള്ള ബന്ധത്തിലൂടെ ഇപ്പോൾ തന്റെ ജീവിതത്തിലെ ഏറ്റവും വലിയ ധന്യതയായിത്തീർന്നെന്നു ലെയോപോൾഡ് മിഷനറിക്കു തോന്നിയിരുന്നു. സാധിക്കുമ്പോഴെല്ലാം അദ്ദേഹവുമായി സംസാരിക്കാൻ മിഷനറി ശ്രമിക്കുകയും ചെയ്തുപോന്നു.

യൂറോപ്പിലേതുപോലെ ഈ നാട്ടിലും സ്ത്രീകൾക്കായുള്ള ഒരു സന്യാസിസഭ ഉണ്ടാകണമെന്നതു ചാവറയച്ചന്റെ വലിയ ആഗ്രഹമാണെന്ന് മിഷനറിക്ക് അറിയാമായിരുന്നു. കന്യാസ്ത്രീമഠത്തിനുവേണ്ടി വരാപ്പുഴയ്ക്കടുത്തു *മാണമ്പാടി*യിൽ സ്ഥലം വാങ്ങി കെട്ടിടം പണി തുടങ്ങിയതുമാണ്. എന്നാൽ റോക്കോസ് ശീശ്മ ഉത്കണ്ഠ പരത്തിയ നാളുകളിൽ കന്യാസ്തീകളെക്കാൾ അടിയന്തിരമായി സഭയ്ക്കുവേണ്ടതു പുതിയ വൈദികരെയാണെന്നു മെത്രാനച്ചൻ ഉൾപ്പെടെ പലരും അഭിപ്രായപ്പെട്ടതിനാൽ സ്ഥലം സെമിനാരിക്കായി വിട്ടുകൊടുക്കുകയാണ് ചെയ്തത്. അങ്ങനെ, കന്യാസ്ത്രീകൾ എന്ന ചാവറയച്ചന്റെ അഭിലാഷം അപ്പോഴത്തേയ്ക്കെങ്കിലും അണിയറയിലേക്കു മടങ്ങിപ്പോയി.

ഒരു സായാഹ്നയാത്രയിൽ ലെയോപോൾഡ് മിഷനറി ചാവറയച്ചനോട് ചോദിച്ചു:

*കന്യാസ്ത്രീമഠം എന്ന ആശയം പ്രിയോരച്ചന്റെ മനസ്സിൽ ഇപ്പോഴും സജീവമാണോ?*

*അതേ.*

*കൂനമ്മാവു കൊവേന്തയ്ക്കടുത്ത് വാകയിൽ എന്നൊരു വീടുണ്ട്. അവിടെ ഏലീശ്വാ എന്നൊരു വിധവയും അവർക്കു പതിനാലു വയസ്സുള്ള മകളുമുണ്ട്. മകൾക്കു പല വിവാഹാലോചനകളും വന്നു. പക്ഷേ, അവൾക്കു താത്പര്യമില്ല. അവരെ രണ്ടുപേരേയും ചേർത്ത് ഒരു മഠം തുടങ്ങിയാലോ? അവർക്കു സ്വന്തമായുള്ള പുരയിടത്തിൽ മഠം പണിയാം.*

ഒരാൾ പ്രിയോരച്ചനു പത്തു രൂപ സംഭാവന നൽകി. വേറെ എട്ടു രൂപ കൂടി സംഘടിപ്പിച്ചു. മൊത്തം പതിനെട്ടു രൂപ മൂലധനം. പനമ്പും തെങ്ങുതടിയുംകൊണ്ട് ഭക്ഷണമുറിയും പ്രാർത്ഥനാമുറിയും കിടപ്പുമുറിയും തിരിച്ചുള്ള മഠം പണിതു.

മഠത്തിന്റെ പണി നടക്കുമ്പോൾ കൂനമ്മാവു കൊവേന്തയിൽ നാല്പതു മണി ആരാധനയ്ക്കു വേണ്ട ഒരുക്ക സംവിധാനങ്ങൾ നടക്കുന്നുണ്ടായിരുന്നു. അതിൽ സംബന്ധിക്കാൻ എത്തിയവർ മഠത്തെക്കുറിച്ച് അറിഞ്ഞു. പലരും സംഭാവന നൽകി.

വാകയിൽ ഏലീശ്വയോടും മകൾ അന്നയോടുമൊപ്പം കന്യാലയ ജീവിതത്തിനു തയാറായി ഏലീശയുടെ സഹോദരി ത്രേസ്യ, വൈക്കം സ്വദേശിനി ഏലീശ്വ എന്നിവരും മുന്നോട്ടുവന്നു.

1866 ഫെബ്രുവരി 13. ലെയോപോൾഡ് മിഷനറിയുടെ മുന്നിൽ മൂന്നു സന്യാസാർത്ഥിനികളും പിറ്റേന്ന് 14-ാം തീയതി വൈകുന്നേരം നാലാമതംഗമായി ക്ലാര എന്ന പേരു സ്വീകരിച്ചു ഏലീശാ സഹോദരിയും മഠാംഗത്വം സ്വീകരിച്ചു. ഇന്ത്യയിലെ ആദ്യത്തെ സുറിയാനി കത്തോലിക്കാ സന്യാസിനീസഭയുടെ തുടക്കമായിരുന്നു അത്. സി.എം.സി. (കോൺഗ്രിഗേഷൻ ഓഫ് ദ മദർ ഓഫ് കാർമൽ) എന്ന സന്യാസിനി സഭയുടെ ആദ്യത്തെ അംഗങ്ങളായി നാലു സ്ത്രീകൾ സ്കാപ്പുളാര ധരിച്ചു നിൽക്കുമ്പോൾ പ്രിയോരച്ചൻ സുറിയാനിയിലും ലെയോപോൾഡ് അച്ചൻ ലത്തീനിലും തെദേവും പാടി.

ഭൂമിയിൽ നിന്നും ഇരുനിറങ്ങളിലെത്തിയ ആ കൃതജ്ഞതാമലരുകളെ ദൈവം തന്റെ പൂപാത്രത്തിൽ വാത്സല്യപൂർവ്വം നിക്ഷേപിച്ചിട്ടുണ്ടാവണം.

പനമ്പുമഠം ഒരു കാലവർഷത്തെയും തുലാവർഷത്തെയും അതിജീവിച്ചേക്കും. ഒരു കൊല്ലത്തിനുള്ളിൽ പുതിയ മഠം പണിതു തീർക്കണം. പാശ്ചാത്യമാതൃകയിലുള്ള നല്ലൊരു കെട്ടിടം. ഇനി ഒരു നിമിഷം പോലും വൈകാതെ അതിനുള്ള കഠിനശ്രമം തുടങ്ങിയേ തീരൂ എന്നു പ്രിയോരച്ചൻ തീരുമാനിച്ചു.

സാമ്പത്തിക സഹായം ചെയ്യാൻ സാധിക്കുന്ന കഴിയുന്നത്ര ആളുകളെ എത്രയും വേഗം സന്ദർശിക്കണം. പഴയതുപോലെ യാത്ര വയ്യ. അല്പം സഞ്ചരിക്കുമ്പോഴേക്കും ക്ഷീണിക്കുന്നു. യാത്രകൾ ഒഴിവാക്കിയാൽ പക്ഷേ, മഠം ഉണ്ടാകാൻ പോകുന്നില്ല.

കഴിയുന്നത്ര സംഭാവന നൽകണമെന്ന് എല്ലാ ഇടവകകളിലേക്കും എഴുതിയറിയിച്ചു. കല്ലൂർക്കാട്ടു പള്ളിയിൽ ചെന്നപ്പോൾ നൂറു രൂപ കിട്ടി. അവിടെനിന്നു പുളിങ്കുന്നിലും ചേന്നങ്കരിയിലും പോയി. പിന്നെ മുട്ടം, അർത്തുങ്കൽ തുടങ്ങിയ സ്ഥലങ്ങളിലേക്ക്.

ഓരോ യാത്ര കഴിയുമ്പോഴും തളരുന്നു. എങ്കിലും കഴിയുന്നത്ര പള്ളികളിൽ പോയേ തീരൂ എന്നു പ്രിയോരച്ചൻ തീരുമാനിച്ചു.

ലത്തീൻകാർക്കായി മഞ്ഞുമ്മേൽ വലിയൊരു കൊവേന്തയുടെ നിർമ്മാണം മെത്രാപ്പോലീത്ത ആരംഭിച്ചിരുന്നു. അതിനു വലിയൊരു തുക വിദേശത്തുനിന്നും സ്വദേശത്തുനിന്നുമായി സംഭാവന ലഭിച്ചിരുന്നു.

അതിൽ ചെറിയൊരു ഭാഗം സി.എം.സി. മഠത്തിന്റെ നിർമ്മാണത്തിനു നൽകാമോയെന്നു ലെയോപോൾഡ് മിഷനറി മെത്രാനച്ചനോട് ചോദിച്ചു. ലത്തീൻകാർക്കായി ലഭിച്ചിരിക്കുന്ന ആ പണത്തിൽനിന്ന് ഒന്നും മഠത്തിനായി നല്കാൻ സാധിക്കില്ലെന്നായിരുന്നു മെത്രാനച്ചന്റെ മറുപടി.

മിഷനറിയിൽനിന്ന് ഈ വിവരമറിഞ്ഞപ്പോൾ ചാവറയച്ചൻ ഒരു വിഷമവും കാട്ടിയില്ല.

*പണം വേറൊരു റീത്തുകാർക്കുവേണ്ടി വിനിയോഗിക്കുന്നതിൽ പിതാവിനു സാങ്കേതിക പ്രശ്നങ്ങളുണ്ടാവും. സ്തബലീനിപ്പിതാവിനെപ്പോലെ ഒരു റീത്തുകാരുടെ ശത്രുത സമ്പാദിക്കാൻ അദ്ദേഹം ആഗ്രഹിച്ചില്ലെന്നതു സ്വാഭാവികം.*

ചാവറയച്ചൻ മിഷനറിയെ ആശ്വസിപ്പിച്ചു.

പിരിഞ്ഞുകിട്ടിയ പണംകൊണ്ടു മഠത്തിന്റെ പണി തുടങ്ങി. ആവശ്യമുള്ള പണം എവിടെ നിന്നെങ്കിലും കിട്ടുമെന്നു പ്രിയോരച്ചന് ഉറപ്പുണ്ടായിരുന്നു. കർത്താവ് ഇടയനായി കൂടെയുള്ളിടത്തോളം കാലം തനിക്ക് ഒന്നിനും മുട്ടുണ്ടാവുകയില്ല.

മലയാറ്റൂർ പള്ളിയിലേക്കും പരിസരപ്രദേശങ്ങളിലേക്കും പിരിവിനു പുറപ്പെടുമ്പോൾ തുലാവർഷം തുടങ്ങിയിരുന്നു.

ചേരാനെല്ലൂരിൽവച്ച് വാതപ്പനി തുടങ്ങി. പനി മൂർച്ചിച്ച് രണ്ടു ദിവസം അബോധാവസ്ഥയിൽ കിടന്നു.

തീരെ അവശനായാണ് പ്രിയോരച്ചൻ കൂനമ്മാവ് കൊവേന്തയിൽ മടങ്ങിയെത്തിയത്. അപ്പോഴേക്കും കാലിൽ നീരുവന്നു പൊട്ടി.

എന്നിട്ടും രോഗത്തിനു അല്പം കുറവുണ്ടായപ്പോൾ വീണ്ടും പിരിവിനിറങ്ങി.

ഈ പ്രയത്നംകൊണ്ട് പ്രയോജനമുണ്ടായി. പലരും കൈയയച്ചു സംഭാവന നൽകി. മൊത്തം എണ്ണായിരത്തോളം രൂപ പിരിഞ്ഞുകിട്ടി.

അദ്ഭുതകരമായ വേഗത്തിലാണ് മഠത്തിന്റെ പണി മുന്നേറിയത്. ഏതോ വലിയ സമ്പന്നൻ കെട്ടിടം പണിയിക്കുന്നതുപോലെ തിരക്കായിരുന്നു പണിസ്ഥലത്ത്. ധാരാളം തൊഴിലാളികൾ. മേൽനോട്ടം വഹിക്കാൻ വേണ്ടത്ര ആളുകൾ. എല്ലാവരും അത്യുത്സാഹത്തിലായിരുന്നു. പണി തടസ്സപ്പെടുത്തുന്നവിധം ഒരിക്കലും പണത്തിനു കുറവു വന്നിരുന്നുമില്ല.

എട്ടുമാസംകൊണ്ടു കെട്ടിടത്തിന്റെ പണി പൂർത്തിയായി.

1867 മാർച്ചിൽ സന്യാസിനികൾ പനമ്പുമഠത്തിൽനിന്നു പുതിയ കെട്ടിടത്തിലേക്കു താമസം മാറ്റി. അപ്പോഴേക്കും കന്യാസ്ത്രീകളുടെ എണ്ണം വർദ്ധിച്ചിരുന്നു. പുതിയ കെട്ടിടത്തിൽവച്ച് സന്യാസവസ്ത്രധാരണ കർമ്മം സാഘോഷം നടന്നു.

തങ്ങളുടെ കാര്യത്തിൽ ദൈവം അത്യന്തം താത്പര്യം പുലർത്തുന്നു വെന്നു ചാവറയച്ചനും ലെയോപോൾഡ് അച്ചനും ഒരിക്കൽകൂടി ബോധ്യ മാവുകയായിരുന്നു. അല്ലെങ്കിൽ, വെറും പതിനെട്ടു രൂപകൊണ്ട് ആരംഭിച്ച നിർമ്മാണം ഇത്ര വേഗത്തിൽ ഇത്ര മനോഹരമായി സംപൂർത്തിയിൽ എത്തു മായിരുന്നില്ല.

*സർവ്വേശ്വരൻ എന്നെ കൂടുതൽ കടപ്പെടുത്തുവാനായി ഈ ഭാഗ്യപ്പെട്ട കാഴ്ച കാണുവാൻ എന്റെ ആയുസ് ഇത്രയും നീട്ടിത്തന്നു. അവിടുത്തേക്ക് എല്ലായ്പ്പോഴും സ്തുതി വർദ്ധിക്കട്ടെ.*

ആശ്രമദേവാലയത്തിലെ അൾത്താരയ്ക്കു മുന്നിൽ പ്രിയോരച്ചന്റെ കൃത ജ്ഞത മിഴിനീർത്തുള്ളികളായി മാറി.

കന്യാസ്ത്രീകളുടെ നവസന്യാസഗുരുവായി ലെയോപോൾഡ് മിഷനറി സേവനമനുഷ്ഠിച്ചു.

മഠത്തിൽ വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിരുന്നു. കൂടാതെ തയ്യൽ, റേന്തപ്പണി, കൊന്തകെട്ടു തുടങ്ങിയ കൈത്തൊഴിലുകൾ പരിശീലിക്കുന്നതിനും ചെയ്യുന്നതിനും ഏർപ്പാടുണ്ടാക്കി.

തയ്യലിലും അലങ്കാരപ്പണികളിലും വിദഗ്ധയായ ഒരു മദാമ്മയെ കൊച്ചി യിൽനിന്നു വരുത്തിയാണ് ആ പണികളിൽ കന്യാസ്ത്രീകൾക്കു പരിശീ ലനം കൊടുത്തത്.

ഈ തൊഴിലുകളിൽ വൈദഗ്ധ്യം നേടിയതോടെ കന്യാസ്ത്രീകൾ പുറ ത്തുനിന്നുള്ള സ്ത്രീകളെ ഇവ പഠിപ്പിക്കാനും തുടങ്ങി.

ഒരു ദിവസം വരാപ്പുഴ അരമനയിൽവച്ച് പ്രിയോരച്ചൻ പഴയ അബദ് ഈശോ മെത്രാനെ കാണാനിടയായി. മാന്നാനം കൊവേന്തയിൽ ധ്യാന ത്തിൽ സംബന്ധിക്കുകയും തുടർന്ന് അവിടെ താമസിക്കുകയും ചെയ്ത തൊണ്ടനാട്ടു കത്തനാർ മഹറോൻ ശിക്ഷയിൽനിന്നു പൊറുതി ലഭിച്ചതി നുശേഷം ഇടമറ്റം പള്ളിയുടെ വികാരിയായി നിയമിതനായിരുന്നു. ഇപ്പോൾ വിളക്കുമാടം പള്ളിയുടെ വികാരിയായിക്കഴിയുന്ന തൊണ്ടനാട്ടച്ചൻ മെത്രാ പ്പോലീത്തയെ കാണാനെത്തിയതാണ്.

*അച്ചനു സുഖം തന്നെയല്ലേ?*

പ്രിയോരച്ചൻ തിരക്കി.

*എന്തോന്നു സുഖം! എങ്ങനെ കഴിഞ്ഞവനാണു ഞാൻ!*

തൊണ്ടനാട്ടച്ചന്റെ മുഖത്ത് അസംതൃപ്തിയുടെ കറുത്ത വടുക്കൾ.

ചിലർ എക്കാലവും അസംതൃപ്തരും അസ്വസ്ഥരുമായിരിക്കുമെന്നു ചാവ റയച്ചനു തോന്നി.

കൂനമ്മാവിലെ മഠത്തെക്കുറിച്ചുള്ള ഖ്യാതി മലായാളക്കരയിലെങ്ങും വ്യാപിച്ചു. ധാരാളം പെൺകുട്ടികൾ സന്യാസാർത്ഥിനികളായി കൂനമ്മാവിൽ എത്തി. എന്നാൽ ഒരു മഠത്തിൽ അംഗങ്ങളുടെ എണ്ണം 13-ൽ കവിയരുതെന്നു ലെയോപോൾഡ് അച്ചൻ നിർബന്ധം പിടിച്ചു.

*അതു യൂറോപ്പിലെ നിയമമല്ലേ? ഇവിടെയതു കർശനമായി നടപ്പാക്കണോ?*

പ്രിയോരച്ചൻ ചോദിച്ചു.

പതുക്കെപ്പതുക്കെ മിഷനറി പ്രിയോരച്ചനോടു യോജിച്ചു. മഠത്തിൽ കൂടുതൽ അർത്ഥിനികൾ താമസമായി...

# 27

**ബെ**ർണർദീനോസ് മെത്രാപ്പോലീത്തയുടെ രോഗം കലശലായി; തന്റെ അന്ത്യം അടുത്തെത്തിയിരിക്കുന്നുവെന്ന് തന്റെ വൈദ്യനേക്കാൾ നന്നായി അദ്ദേഹം അറിഞ്ഞു. ആ അറിവ് അദ്ദേഹത്തിൽ ആഴമേറിയൊരു ശാന്തതയാണ് സൃഷ്ടിച്ചത്. പുറത്തുനിന്നുള്ള ആരെയും കാണുവാൻ അദ്ദേഹം ആഗ്രഹിച്ചില്ല. നിശ്ശബ്ദമായ പ്രാർത്ഥനയിലാണ്ട് അദ്ദേഹം കിടന്നു.

ലെയോപോൾഡ് മിഷനറി ഒപ്പമുണ്ടായിരുന്നു.

1868 സെപ്തംബർ മൂന്നിനു മിഷനറി മെത്രാപ്പോലീത്തയോടു പറഞ്ഞു:

*ഡോക്ടർ വന്നിട്ടുണ്ട്.*

വേണ്ടെന്നു മെത്രാനച്ചൻ തലകുലുക്കി.

*ഒന്നു നോക്കിയിട്ടു പോകട്ടെ.*

മിഷനറി വീണ്ടും പറഞ്ഞു.

*വേണ്ട... ആരും വരേണ്ട...*

ഡോക്ടർ മടങ്ങിപ്പോയി.

കുറെ സമയത്തിനുശേഷം ആരോ വീണ്ടും വാതിലിൽ മുട്ടി. അത് ചാവറയച്ചനാണെന്നു മിഷനറി കണ്ടു. മിഷനറി മെത്രാനച്ചനോടു പറഞ്ഞു:

*പ്രിയോർ വന്നിരിക്കുന്നു.*

വരൂ എന്ന അർത്ഥത്തിൽ മെത്രാപ്പോലീത്ത തലയാട്ടി.

മെത്രാനച്ചൻ ശബ്ദങ്ങളിലേക്കു തിരിച്ചുവന്നു. നേർത്ത ശബ്ദത്തിൽ അദ്ദേഹം പറയുന്നതു പ്രിയോരച്ചനും, പ്രിയോരച്ചൻ പറയുന്നതെല്ലാം മെത്രാനച്ചനും മനസ്സിലായി. പ്രാർത്ഥനകൾ അവരെ ബന്ധിച്ചു.

ആ ദിവസം കടന്നുപോയി. ചാവറയച്ചൻ അവിടെത്തന്നെ താമസിച്ചു.

പിറ്റേദിവസം മെത്രാനച്ചന്റെ ശബ്ദം കൂടുതൽ നേർത്തു. അദ്ദേഹത്തിന്റെ ഗ്രഹണശക്തിയും കുറഞ്ഞു.

തന്നെയും കർമ്മലീത്താസഭയിലെ മറ്റെല്ലാ അംഗങ്ങളെയും ആശീർവ്വദിക്കണമെന്നു പ്രിയോരച്ചൻ മെത്രാപ്പോലീത്തയോട് അപേക്ഷിച്ചു. ഈ ലോകത്തിലെ കർമ്മങ്ങളെല്ലാം ചെയ്തുതീർത്തു തളർന്നിരിക്കുന്ന തന്റെ കൈ ചലിപ്പിച്ച് മെത്രാനച്ചൻ ആശീർവ്വാദം നൽകി.

സെപ്തംബർ അഞ്ചിന് ബെർണർദീനോസ് മെത്രാപ്പോലീത്ത അന്തരിച്ചു.

ലെനാർഡ് ലൂയിസ് മെത്രാനാണ് അദ്ദേഹത്തിന്റെ പിൻഗാമിയായി വന്നത്.

ചാവറയച്ചനെപ്പറ്റി അദ്ദേഹം കേട്ടറിഞ്ഞിരുന്നു. അതിനാൽ ആദ്യം മുതൽതന്നെ ബഹുമാനത്തോടെയാണ് മെത്രാൻ പ്രിയോരച്ചനെ വീക്ഷിച്ചത്.

1869 ഓഗസ്റ്റിൽ മെത്രാനച്ചന് ഒന്നാം വത്തിക്കാൻ സുനഹദോസിൽ പങ്കെടുക്കുന്നതിനായി റോമിലേക്കു പോകേണ്ടിയിരുന്നു. സുറിയാനി കത്തോലിക്കാസഭയുടെ പ്രതിനിധിയായി ലെയോപോൾഡ് മിഷനറിയെകൂടി കൊണ്ടുപോകാൻ അദ്ദേഹം നിശ്ചയിച്ചു.

ഒരു വർഷം കഴിഞ്ഞേ അവർ മടങ്ങിയെത്തൂ. അതുവരെ രൂപതയുടെ ഭരണകാര്യങ്ങൾ നടത്തുന്നതിനു വികാരി ജനറാൾ ഫിലിപ്പോസ് മിഷനറിയെ പ്രോ-വികാരി അപ്പസ്തോലിക്കയായും ലെയോപോൾഡ് അച്ചന്റെ അനുജൻ ജെരാർദ് മിഷനറിയെ സുറിയാനിസഭ ഡെലിഗേറ്റായും മെത്രാനച്ചൻ ചുമതലയേൽപ്പിച്ചു. എങ്കിലും എല്ലാകാര്യങ്ങളും പ്രിയോരച്ചനോട് ആലോചിച്ചേ ചെയ്യാവൂ എന്ന് അദ്ദേഹം രണ്ടു മിഷനറിമാരോടും നിർദ്ദേശിച്ചിരുന്നു. പ്രിയോരച്ചൻ ഏറെ ദിവസങ്ങൾ സ്ഥലത്തുനിന്നു മാറിനിൽക്കരുതെന്നും മെത്രാൻ താത്പര്യപ്പെട്ടു.

മെത്രാനച്ചനു യാത്രയയപ്പു നൽകുന്ന സമ്മേളനത്തിൽ ചാവറയച്ചൻ പ്രസംഗിക്കുന്നതിനുപകരം ഒരു കവിത അവതരിപ്പിക്കുകയാണ് ചെയ്തത്. മെത്രാനച്ചനും മിഷനറിയും രൂപതയിൽനിന്നു മാറിനിൽക്കുന്നതിനെക്കുറിച്ചുള്ള ദുഃഖമായിരുന്നു കവിതയുടെ പ്രധാനവിഷയം. സ്വന്തം കാര്യങ്ങൾ നോക്കുവാൻപോലും അശക്തനായ തന്നെ വലിയ ചുമതലകൾ ഏല്പ്പിക്കുന്നതിലുള്ള ഉത്കണ്ഠയും തനിക്കുവയ്യാതായിരിക്കുന്ന ഘട്ടത്തിൽ ആത്മീയ ഗുരു ലെയോപോൾഡ് മിഷനറി യാത്രപോകുന്നതിലുള്ള ദുഃഖവും അതിൽ പ്രകടമായിരുന്നു. കവിത മെത്രാനേയും മിഷനറിയേയും മാത്രമല്ല, അവിടെ കൂടിയിരുന്ന എല്ലാവരേയും സ്പർശിച്ചു. ഏതാനും നിമിഷത്തേക്ക് അവിടെ നിശബ്ദത പരന്നു. പിന്നെ മെത്രാൻ പറഞ്ഞു:

*എല്ലാം നന്നായി വരും. എല്ലാവരും പ്രാർത്ഥിച്ചാൽ മതി.*

മെത്രാനും മിഷനറിയും സുനഹദോസിലേക്കു യാത്രയായി.

അവർ പോയിരിക്കുന്നത് ഇറ്റലിയിലേക്കായതുകൊണ്ടാണോ എന്നറിയില്ല, ആ നാളുകളിൽ ചാവറയച്ചന് ഇറ്റാലിയൻ ഭാഷയോട് പ്രത്യേക താത്പര്യം തോന്നി. ആ ഭാഷ വശമുള്ള കൊച്ചച്ചന്മാരെക്കൊണ്ട് ഇറ്റാലിയൻ പുസ്തകങ്ങൾ വായിപ്പിച്ചു കേട്ടു. മരിയ അഗ്രതയുടെ *ദൈവത്തിന്റെ നഗരം* എന്ന സ്പാനിഷ് കാവ്യത്തിന്റെ ഇറ്റാലിയൻ പരിഭാഷ വായിച്ചു കേട്ടപ്പോൾ അത്തരത്തിലൊരു കൃതി രചിക്കണമെന്നു ചാവറയച്ചന് ആഗ്രഹമായി. അങ്ങനെയാണ് *ആത്മാനുതാപം* എന്ന കാവ്യം രൂപം പൂണ്ടത്. യേശുവിന്റെയും കന്യാമറിയത്തിന്റെയും ജീവിതകഥകളാണിതിൽ പറയുന്നതെങ്കിലും ആത്മാംശത്തിന് ഈ കൃതിയിൽ വലിയ പ്രാധാന്യമുണ്ട്. യേശുവിന്റെയും മാതാവിന്റെയും ദുഃഖങ്ങൾക്ക് അടിസ്ഥാനം തന്റെ പാപങ്ങളാണെന്ന ബോധമാണ് കൃതിയുടെ അന്തർധാര.

കൊവേന്തയുടെ മുറ്റത്തു താൻ പണ്ടു നട്ടുപിടിപ്പിച്ച വിശേഷതരം മാവിൻതൈ ഇപ്പോൾ വളർന്നിരിക്കുന്നു. ആളുകൾ അതിനെ പ്രിയോർമാവ് എന്നാണ് വിളിക്കുന്നത്. അതിന്റെ കൊമ്പുകളിലിരിക്കുന്ന പക്ഷികളുടെ പാട്ടുകേട്ട് കാവ്യരചന നടത്താൻ പ്രത്യേക സുഖമുണ്ട്.

ഇതിനിടെ റോമിൽനിന്നു രണ്ടു സന്തോഷവാർത്തകൾ ലഭിച്ചു. കന്യകമാതാവിന്റെ അമലോത്ഭവം സുനഹദോസ് ഔദ്യോഗികമായി പ്രഖ്യാപിച്ചുവെന്നതാണ് ഒന്ന്. മറ്റേത്, ലെനാർഡ് ലൂയിസ് മെത്രാന് മെത്രാപ്പോലീത്ത പദവി ലഭിച്ചുവെന്നതും. രണ്ടിനും നന്ദി സൂചകമായി പ്രിയോരച്ചൻ എല്ലാ കൊവേന്തകളിലും പ്രത്യേക ഭക്തകൃത്യങ്ങൾ നടത്തിച്ചു.

ശീശ്മയ്ക്ക് കീഴ്പെട്ടിരുന്ന ആനക്കല്ലുങ്കൽ പള്ളിക്കാർ കത്തോലിക്കാസഭയിലേക്കു തിരിച്ചുവരാൻ താത്പര്യം പ്രകടിപ്പിച്ചതിനെത്തുടർന്ന് പുനഃരൈക്യച്ചടങ്ങുകൾക്ക് നേതൃത്വം കൊടുക്കുവാൻ ഫിലിപ്പോസ് മിഷനറിയും ജെരാർദ് മിഷനറിയും ഒരുങ്ങി. പ്രിയോരച്ചൻ കൂടി വന്നാൽക്കൊള്ളാമെന്ന് അവരും ഇടവകക്കാരും താത്പര്യം പ്രകടിപ്പിച്ചതുകൊണ്ട് യാത്ര വയ്യായിരുന്നെങ്കിലും ചാവറയച്ചൻ മിഷനറിമാരോടൊപ്പം പോയി. യാത്രയ്ക്കിടയിൽ മുത്തോലിയിൽ കൊവേന്തയ്ക്കുള്ള സ്ഥലം കണ്ടുവയ്ക്കുകയും ചെയ്തു.

പച്ചക്കുന്നുകൾക്കിടയിലൂടെ സഞ്ചരിക്കുമ്പോൾ ജെരാർദ് മിഷനറി പറഞ്ഞു:

*ഈ മരങ്ങൾ എന്നുമിങ്ങനെ നിന്നിരുന്നെങ്കിൽ!*

*ഇവയൊക്കെ പോകും. പുതിയ മരം വരും. പുതിയതരം മരം. അത് ഇവിടെയൊക്കെ നിറയും.*

പ്രിയോരച്ചൻ പറഞ്ഞു.

*വിദേശിയാണോ? ഞങ്ങളെപ്പോലെ ഇവിടം സ്വദേശമാക്കുമായിരിക്കും.*

ജെരാർദച്ചൻ ചിരിച്ചു.

യാത്രയ്ക്കുശേഷം പ്രിയോരച്ചൻ കഠിനമായ വാതപ്പനിയും കണ്ണിനു വേദനയും ബാധിച്ചു കിടപ്പായി. രോഗം ശമിച്ചപ്പോഴേക്കും അദ്ദേഹം വല്ലാതെ ക്ഷീണിതനായിരുന്നു. എന്നാൽ പുണ്യവാന്മാരുടെ ഇറ്റാലിയൻ ഭാഷയിലുള്ള ചരിതങ്ങൾ വായിക്കണമെന്ന മോഹം അദ്ദേഹത്തിൽ കലശലായി. അതിനാൽ വീണ്ടും ഇറ്റാലിയൻ ഭാഷ പഠിക്കാൻ തുടങ്ങി.

സ്വർഗ്ഗത്തിൽ ദൈവത്തെ ഏറ്റവും അടുത്തുനിന്നു കാണുവാനും അനുഭവിക്കുവാനും ഭാഗ്യം സിദ്ധിക്കുന്ന പുണ്യവാന്മാരുടെയും പുണ്യവതികളുടെയും ഭൂമിയിലെ പാദപതനങ്ങൾ പ്രിയോരച്ചന്റെ കാതിൽ ദിനരാത്രങ്ങളിൽ നിറഞ്ഞു.

പുണ്യവാന്മാരുടെയും, ലോകത്തിൽ ദൈവത്തിനുവേണ്ടി ജനങ്ങളെ നയിച്ച ഗോത്രപിതാക്കളുടെയും, അസംഖ്യം മാലാഖമാരുടെയും നടുവിൽ അനന്തമായ കാലത്തെയും പ്രപഞ്ചത്തെയും കൈക്കുടന്നകളിൽ വച്ചിരിക്കുന്ന മഹാപരിശുദ്ധിയെ, മഹാതേജസ്സിനെ, മഹാശക്തിയെ താൻ എന്നു കാണും?

ആ നിത്യതയുടെ ലോകത്തെത്തുവാൻ ചാവറയച്ചനു തിടുക്കമായി.

പ്രായാധിക്യവും രോഗവും മൂലം ശരീരം അവശമായിരിക്കേയും പഠനത്തിലും വായനയിലുമുണ്ടായ അത്യുത്സാഹം നേത്രരോഗത്തിനു കാരണമായി. അതോടെ ശരീരത്തിന്റെ അവശത വർദ്ധിച്ചു. വിവരം മാന്നാനത്ത് അറിയിച്ചതിനെത്തുടർന്ന്, നേത്രവൈദ്യം പഠിച്ച മുട്ടത്തുപാടത്തു വർക്കി ശെമ്മാശ്ശൻ അവിടെനിന്നെത്തി. ശെമ്മാശ്ശൻ നൽകിയ മരുന്നുകളൊന്നും ഫലപ്രദമായില്ല. മാന്നാനത്തു കൊണ്ടുപോയി ചികിത്സിച്ചാൽ രോഗം മാറുമെന്നു ശെമ്മാശ്ശൻ ഉറപ്പു പറഞ്ഞെങ്കിലും കൂനമ്മാവു വിടാൻ പ്രിയോരച്ചൻ തയ്യാറായില്ല.

*ഞാൻ ഇവിടെത്തന്നെ താമസിക്കണമെന്നു മെത്രാനച്ചനും ലെയോപ്പോൾഡ് മൂപ്പച്ചനും ചുമതലപ്പെടുത്തിയിരുന്നു. അവരിവിടെ ഇല്ലാത്ത സമയം ഞാൻ താമസം മാറ്റുന്നതു ശരിയല്ല.*

പ്രിയോരച്ചൻ പറഞ്ഞു.

വർക്കി ശെമ്മാശ്ശൻ തിരിച്ചുപോയി തന്റെ ജ്യേഷ്ഠനായ ഈപ്പൻ വൈദ്യനെ കൂനമ്മാവിലേക്ക് അയച്ചു. വൈദ്യരുടെ ചികിത്സ കൊണ്ടും കാര്യമായ ഫലമുണ്ടായില്ല. അവസാനം വൈദ്യർ കണ്ണിൽ അട്ടയിടുക എന്ന ചികിത്സാപ്രയോഗം നടത്തി.

ആ പ്രയോഗംകൊണ്ട് രോഗത്തിന് അല്പം ആശ്വാസമുണ്ടായെങ്കിലും അതുകൊണ്ടുണ്ടായ ക്ലേശങ്ങൾ വലുതായിരുന്നു. ജെരാർദ് അച്ചനും മറ്റും വൈദ്യന്റെ മുന്നിൽവച്ച് ഈ പ്രത്യേക ചികിത്സയെ വിമർശിച്ചു. വൈദ്യർ ചികിത്സ മതിയാക്കി മടങ്ങി.

പ്രസിദ്ധനായ ഡോക്ടർ ഗെസ്ഡ്റുവിനെ എറണാകുളത്തുനിന്ന് വരുത്തിയാണ് പിന്നീട് ചികിത്സ ചെയ്തത്. പിത്തം കോപിച്ച് ഉഷ്ണംകൊണ്ടതാണു രോഗകാരണമെന്ന് പരിശോധനയ്ക്കുശേഷം അദ്ദേഹം പറഞ്ഞു. രണ്ടു ചെവികളുടെയും മേൽഭാഗത്തുനിന്നു നെറ്റിവരെ ഏതാനും സ്ഥലങ്ങളിൽ നാലു വിരൽ വീതിയിൽ പൊള്ളിക്കാൻ മരുന്നു പുരട്ടി. കുമിളകൾ പൊട്ടിച്ചപ്പോൾ ദുർഃനീരു പുറുത്തുപോയി. അതോടെ കാഴ്ചശക്തി തിരിച്ചുകിട്ടി. പൊള്ളിച്ച ഭാഗങ്ങൾ മരുന്നുപുരട്ടി സുഖമാക്കുകയും ചെയ്തു.

വേദനകൾക്കും ചികിത്സകൾക്കുമിടയിലും ചാവറയച്ചൻ ധ്യാനിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. ജപങ്ങൾ ആ നാവിൽനിന്ന് ഇടതടവില്ലാതെ ഉയർന്നുകൊണ്ടിരുന്നു.

നിരന്തരമായ പ്രാർത്ഥന ദീനം വർദ്ധിപ്പിക്കുമെന്നു തോന്നിയപ്പോൾ പ്രോ-വികാരി അപ്പസ്തോലിക്ക ഇടപെട്ടു. ഏതാനും പ്രാവശ്യം കർത്തൃപ്രാർത്ഥന മാത്രം ചൊല്ലിയാൽമതിയെന്ന് അദ്ദേഹം നിഷ്ക്കർഷിച്ചു. ചാവറയച്ചൻ അനുസരിച്ചു.

തന്നെ കാണാനെത്തുന്നവരെയെല്ലാം അദ്ദേഹം സന്തോഷത്തോടെയാണ് സ്വീകരിച്ചത്. തന്റെ വേദനകളെക്കുറിച്ചോ വിഷമങ്ങളെക്കുറിച്ചോ അവരോട് സംസാരിച്ചില്ല. മറിച്ച് അവരുടെ വിശേഷങ്ങൾ ആരായുകയും അവരുടെ നന്മയ്ക്കായുള്ള ഉപദേശങ്ങൾ നൽകുകയുമാണ് ചെയ്തത്. അതുകൊണ്ട് ഒരു രോഗിയെ സന്ദർശിച്ച മട്ടിലല്ല, പ്രിയോരച്ചനുമായി ഒരു കുശല സംഭാഷണം നടത്തിയതിന്റെ സന്തോഷത്തിലാണ് സന്ദർശകർ മടങ്ങിയത്.

പ്രിയോരച്ചന്റെ അവശത ഒന്നിനൊന്നു വർദ്ധിച്ചുവന്നു. പുണ്യവാന്മാരുടെ ജീവിതകഥകൾ കേട്ട് അദ്ദേഹം ശരീരം തളർന്നു കിടക്കും. ഉണർന്ന മനസ്സോടെ അവയെക്കുറിച്ച് ധ്യാനിക്കും.

പുണ്യത്തിന്റെ പാത ഏതാണ്? പൊതുവായ ഒരു പാത ഇല്ലെന്നു വേണ്ടേ പറയാൻ? ഓരോരുത്തരെയും ദൈവം ഓരോ വഴിയിൽ എത്തിക്കുകയാണല്ലോ?

ദൈവമേ, നിന്റെ തിരുസന്നിധിയിൽ എത്താൻ കഴിഞ്ഞവർ എത്ര ഭാഗ്യവാന്മാരാണ്!

1870 നവംബർ ആദ്യം മെത്രാപ്പോലീത്തയും ലെയോപോൾഡ് അച്ചനും റോമിൽനിന്നു തിരിച്ചെത്തി. വന്ന ദിവസം തന്നെ മിഷനറി ചാവറയച്ചന്റെ അടുത്തെത്തി. തന്റെ ആത്മീയഗുരുവിനെ ഏറെ നാൾക്കുശേഷം കണ്ടപ്പോൾ ചാവറയച്ചൻ സന്തോഷംകൊണ്ടു കരഞ്ഞുപോയി. മിഷനറിക്കും സ്വയം നിയന്ത്രിക്കാനായില്ല. തേങ്ങിക്കരഞ്ഞുകൊണ്ട് അദ്ദേഹം പ്രിയോരച്ചന്റെ ദുർബ്ബലമായ ശരീരം തന്റെ കരവലയത്തിലാക്കി.

ആത്മീയ പിതാവിനോടു സംസാരിക്കാൻ വെമ്പിയിരിക്കുകയായിരുന്നു ചാവറയച്ചനെന്നു തോന്നി. രണ്ടു മണിക്കൂറോളം നേരം മറ്റെല്ലാവരെയും മാറ്റിനിർത്തി അവർ സംസാരിച്ചു.

ലെയോപോൾഡ് അച്ചൻ വിദേശത്തുനിന്നു പല സമ്മാനങ്ങളും കൊണ്ടു വന്നിരുന്നു. ഈ നാട്ടിൽ ആരും കണ്ടിട്ടില്ലാത്ത പല സാധനങ്ങളുമുണ്ടായിരുന്നു അക്കൂട്ടത്തിൽ. പ്രിയോരച്ചന് ഇഷ്ടമുള്ള സാധനങ്ങൾ എടുത്തുകൊള്ളാൻ മിഷനറി പറഞ്ഞു.

*അച്ചനെ വീണ്ടും കാണാൻ സാധിച്ചതുതന്നെ എനിക്കു സന്തോഷമായി. മറ്റൊന്നും എനിക്കു വേണ്ട.*

പ്രിയോരച്ചൻ പറഞ്ഞു. മിഷനറി നിർബന്ധിച്ചപ്പോൾ അദ്ദേഹം ഒരു കുല മുന്തിരിപ്പഴം മാത്രം എടുത്തു.

പിറ്റേ ദിവസം മെത്രാപ്പോലീത്തയും ചാവറയച്ചനെ സന്ദർശിച്ചു.

മെത്രാപ്പോലീത്തയും ലെയോപോൾഡ് അച്ചനും മടങ്ങിയെത്തിയതോടെ ചാവറയച്ചന് ആശ്വാസമായി. ഇനി സ്വസ്ഥമായി മരിക്കാം.

ദീനം നാൾക്കുനാൾ ഏറി വന്നു. അമ്പഴക്കാട്ടേക്കു മാറിയാൽ ആശ്വാസം കിട്ടുമെന്ന് പറഞ്ഞ് ലെയോപോൾഡ് മിഷനറി നിർബന്ധിച്ചപ്പോൾ ചാവറയച്ചൻ സമ്മതം മൂളി. എന്നാൽ അമ്പഴക്കാട്ടെത്തിയപ്പോൾ അവിടത്തെ തണുത്ത കാറ്റേറ്റ് ദീനം വർദ്ധിക്കുകയാണ് ചെയ്തത്. ഉടനേ മടങ്ങി.

അടുക്കലടുക്കൽ ദിവ്യകാരുണ്യം ഉൾക്കൊള്ളാൻ ചാവറയച്ചൻ താത്പര്യം കാട്ടി. തന്നെ സന്ദർശിക്കുന്നവർ ആദ്ധ്യാത്മിക കാര്യങ്ങൾ മാത്രമേ തന്നോടു സംസാരിക്കാവൂ എന്ന അറിയിപ്പ് വാതിലിൽ പതിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ മനസ്സ് ഈ ലോകത്തിൽനിന്നു വേർപെട്ടു തുടങ്ങിയിരുന്നു.

ഓർമകൾ... ജീവിതം അതിന്റെ അവസാനത്തെ ആ നൂലിഴകൾകൊണ്ട് അദ്ദേഹത്തെ ബന്ധിപ്പിക്കാൻ ശ്രമിക്കുകയായിരുന്നുവോ!

ചേറിന്റെയും മീനുകളുടെയും മണം. നെല്ലു പുഴുങ്ങുന്ന മണം. ചകിരിയുടെ മണം.

*ഞാൻ എന്തിനാണിവിടെ.... വന്നത്?*

പ്രിയോരച്ചൻ ചോദിച്ചു.

*പ്രിയോരച്ചാ.... പ്രിയോരച്ചാ... അങ്ങ് എവിടെയും പോയില്ല... ഇവിടെ കൂനമ്മാവിലാണ്.*

ലെയോപോൾഡ് അച്ചൻ പറഞ്ഞു.

പ്രിയോരച്ചൻ ഉണർന്നു; കണ്ണു തുറന്നു; വീണ്ടും മയങ്ങി.

ഉണർന്നപ്പോൾ പ്രിയോരച്ചൻ മിഷനറിയോട് പറഞ്ഞു:

*ഞാൻ വല്യാറ അച്ചനെ സ്വപ്നം കണ്ടു.*

*അതാരാണ്?*

*വല്യാറ ചാക്കോ അച്ചൻ. മാന്നാനം കൊവേന്തയിൽ ഉണ്ടായിരുന്ന കൊച്ച ച്ചൻ... മൗനം കുറവ്. പ്രാർത്ഥന കുറവ്... ഞാൻ വഴക്കു പറഞ്ഞിട്ടുണ്ട്.... ശരിയാകത്തില്ലെന്നു വിചാരിച്ചിട്ടുണ്ട്. ഒരിക്കൽ കൊവേന്തയിൽ ഒരാൾക്ക് അർശ്ശസ് വഷളായി... കുടൽ പുറത്തുവന്നു.... കൃമികൾ... ദുർഗന്ധം... അടുത്തുചെല്ലാൻ ആരുമില്ല.... അപ്പോൾ ചാക്കോ അച്ചൻ പരിചരണം മുഴുവൻ ഏറ്റെടുത്തു... എത്രയോ ദിവസം രോഗിയുടെ കൂടെ... ഈച്ചകളു ടെയും ദുർഗന്ധത്തിന്റെയും നടുക്കു താമസിച്ചു... രോഗി മരിക്കുവോളം.*

*ചാക്കോ അച്ചൻ ഇപ്പോൾ എവിടെയാണ്?*

*സ്വർഗ്ഗത്തിൽ... ആയിരിക്കണം... സ്വർഗത്തിൽനിന്നായിരിക്കണം എന്നെ... കാണാൻ വന്നത്.... വളരെ ചെറുപ്പത്തിൽ മരിച്ചു... മാന്നാനം കൊവേന്ത യിൽ ആദ്യമായി മരിച്ചയാളാണ്.... രോഗീശുശ്രൂഷ കഴിഞ്ഞ് ആളാകെ മാറിയിരുന്നു... നല്ലൊരു ധ്യാനഗുരുവായിത്തീർന്നു... പക്ഷേ, ദൈവം വേഗം വിളിച്ചു...*

*പ്രിയോരച്ചനു വളരെ ക്ഷീണമുണ്ട്. സംസാരിക്കേണ്ട.*

*സ്വർഗ്ഗത്തിൽനിന്നു പലരും എന്നെ കാണാൻ വരുന്നുണ്ട്.... അപ്പൻ.... അമ്മ... ഇച്ചായൻ. പാലയ്ക്കലച്ചൻ....പോരൂക്കരയച്ചൻ... അവരെന്നെ വിളി ക്കുന്നു...*

*പ്രിയോരച്ചനെ ഞങ്ങൾക്കു വേണം.*

ലെയോപോൾഡ് അച്ചന്റെ സ്വരമിടറി.

*തമ്പുരാൻ ഒപ്പം ഉണ്ടെങ്കിൽ വേറെ ആരും വേണ്ട... ദുഃഖിക്കരുത്. ദുഃഖി പ്പിക്കുകയുമരുത്. മനുഷ്യരുടെ ദുഃഖം ദൈവത്തെ ദുഃഖിതനാക്കും.*

*ഞാൻ.... ശ്രമിക്കാം... പ്രിയോരച്ചാ.*

നിറയുന്ന കണ്ണുകൾ പ്രിയോരച്ചനിൽനിന്നു വെട്ടിച്ചുമാറ്റി ലെയോ പോൾഡ് മിഷനറി പെട്ടെന്നു മുറിക്കു പുറത്തുകടന്നു.

1871 ജനുവരി രണ്ട്.

പുലർച്ചയ്ക്കു ചാവറയച്ചൻ കുമ്പസാരിച്ചു. പതിവിൽക്കവിഞ്ഞ ഒരുക്ക ത്തോടെ വിശുദ്ധ കുർബ്ബാന ഉൾക്കൊണ്ടു.

ഉച്ചകഴിഞ്ഞപ്പോൾ ഛർദ്ദി തുടങ്ങി. ബ്രദർ നിക്കാവോസ് എത്തി കുറെ മരുന്നുകൾ കൊടുത്തിട്ടും പ്രയോജനമുണ്ടായില്ല. അവശമായ ശരീരത്തെ ക്രൂരമായി ഉലച്ചുകൊണ്ട് ഓക്കാനം തുടർന്നു.

ലെയോപോൾഡ് അച്ചൻ പള്ളിയിൽ ഓടിയെത്തി അൾത്താരയ്ക്കു മുന്നിൽ സാഷ്ടാംഗം വീണു പ്രാർത്ഥിച്ചു. അദ്ദേഹം തലയുയർത്തുമ്പോൾ തളംകെട്ടിക്കിടന്ന കണ്ണീരിൽ കെടാവിളക്കിന്റെ വെട്ടം വീണു.

മിഷനറി ഒരു കുറിപ്പ് മഠത്തിലെ കന്യാസ്ത്രീകൾക്കു കൊടുത്തുവിട്ടു:

പ്രിയ മക്കളേ, പ്രിയോരച്ചനു വല്ലാത്ത വിഷമംപോല തോന്നുന്നു. പ്രാർത്ഥിക്കണം. നിങ്ങൾ എല്ലാവരും ഇപ്പോൾ കപ്പേളയിൽച്ചെന്ന് അരമണിക്കൂർ പ്രിയോരച്ചനുവേണ്ടി പ്രാർത്ഥിക്കൂ.

കന്യാസ്ത്രീകൾ കണ്ണീരോടെ പ്രാർത്ഥിച്ചു.

കുറെക്കഴിഞ്ഞപ്പോൾ ചാവറയച്ചന് ആശ്വാസമായതായി കണ്ടു.

*ആശ്വാസം തോന്നുന്നുണ്ടോ, പ്രിയോരച്ചാ?*

ആരോ ചോദിച്ചു.

പ്രിയോരച്ചൻ ഒരു ശിശുവിനെപ്പോലെ പുഞ്ചിരിച്ചു.

അത് ഈ ലോകത്തിന്റേതല്ലാത്ത പുഞ്ചരിയായിരുന്നു.

കുറച്ചു കഴിഞ്ഞ് അദ്ദേഹം പറഞ്ഞു:

*ഒപ്രുശുമാ.*

ആരാണ് പ്രിയോരച്ചന് അന്ത്യകുദാശ നൽകേണ്ടത്? ചുറ്റും നിന്നവർ ആലോചിച്ചു. പിന്നെയവർ പ്രിയോരച്ചനോടുതന്നെ ചോദിച്ചു.

*മൂപ്പച്ചൻ.*

അദ്ദേഹം പറഞ്ഞു. ലെയോപോൾഡ് മിഷനറിയെ അദ്ദേഹം അങ്ങനെയാണല്ലോ വിളിക്കുന്നത്.

അവർ ലെയോപോൾഡ് അച്ചനെ തേടിപ്പോയി. അദ്ദേഹം മറ്റൊരു മുറിയിൽ കരഞ്ഞുകൊണ്ടു കിടക്കുകയായിരുന്നു. അന്ത്യകുദാശ കൊടുക്കുന്ന കാര്യം പറഞ്ഞപ്പോൾ അദ്ദേഹം വിങ്ങിപ്പൊട്ടി:

*എനിക്കു സാധിക്കില്ല.*

അച്ചന്മാർ വിഷമിച്ചു. അവർ മടങ്ങിപ്പോയി. ചാവറയച്ചനോടു കാര്യം പറഞ്ഞു. വികാരി ജനറൽ ഫീലിപ്പോസ് മിഷനറി അവിടെയുണ്ട്. അദ്ദേഹമായാലോ? അല്ലെങ്കിൽ മെത്രാനച്ചനെ വരുത്താം.

വേണ്ട എന്ന അർത്ഥത്തിൽ പ്രിയോരച്ചൻ തലയാട്ടി.

*ഔസേപ്പച്ചൻ.*

അദ്ദേഹം പറഞ്ഞു.

കൂനമ്മാവു കൊവേന്തയുടെ വികാരി ഔസേപ്പച്ചൻ.

*അച്ചൻ സുറിയാനിൽ ചൊല്ലുമ്പോ... എനിക്കും ചൊല്ലാമല്ലോ.*

കൂനമ്മാവു കൊവേന്തയിലെ എല്ലാ അംഗങ്ങളും പ്രിയോരച്ചന്റെ കിടക്കയ്ക്കു ചുറ്റും കൂടിയിരുന്നു. തന്റെ ചാവരുൾ കേൾക്കുവാനും ആശീർവാദം സ്വീകരിക്കുവാനുമാണ് അവർ നില്ക്കുന്നതെന്നു പ്രിയോരച്ചനു മനസ്സിലായി. എല്ലാവരും അതീവദുഃഖിതരായിരുന്നു. ചിലർ വിങ്ങിക്കരയുന്നുമുണ്ടായിരുന്നു.

തല നിവർത്തിവയ്ക്കാൻ പ്രിയോരച്ചൻ ബദ്ധപ്പെട്ടു. ആരോ തലയിണ ചാരിവച്ചുകൊടുത്തു. അതിൽ ചാരിയിരുന്നുകൊണ്ട് അദ്ദേഹം പറഞ്ഞു:

*നിങ്ങൾ എന്തിനു ദുഃഖിക്കുന്നു? മനുഷ്യൻ ആരു തന്നെയായാലും എപ്പോഴെങ്കിലും മരിക്കണം. എനിക്കുള്ള സമയം ഇതാകുന്നു. ദൈവാനുഗ്രഹത്താൽ ഈ സമയത്തിനുവേണ്ടിയുള്ള ഒരുക്കം ഞാൻ കുറേക്കാലമായി ചെയ്തുവരികയായിരുന്നു. ചെറുപ്പം മുതൽ എപ്പോഴും ഹൃദയത്തിൽ ഞാൻ തിരുക്കുടുംബത്തെ കാക്കുകയും ഓർക്കുകയും വണങ്ങുകയും തിരുക്കുടുംബം എന്നെ സംരക്ഷിക്കുകയും ചെയ്തുപോന്നു. അതുകൊണ്ട് മാമ്മോദീസയാൽ എനിക്കു കിട്ടിയ ദൈവേഷ്ടപ്രസാദം ഒരിക്കലും നശിക്കുവാൻ ഇടയായിട്ടില്ല എന്നു പറയുവാൻ ദൈവാനുഗ്രഹത്താൽ എനിക്കു ധൈര്യമുണ്ട്. നമ്മുടെ പാവപ്പെട്ട സഭയേയും അംഗങ്ങളായ നിങ്ങളെല്ലാവരേയും ഈ തിരുക്കുടുംബത്തിനു ഞാൻ സമർപ്പിക്കുന്നു...*

*ഞാൻ മരിക്കുന്നതിനെക്കുറിച്ചു നിങ്ങൾ ദുഃഖിക്കേണ്ട. ദൈവതിരുമനസ്സിന് സന്തോഷത്തോടുകൂടി കീഴ്വഴങ്ങുവിൻ. നിങ്ങൾ ഓരോരുത്തർക്കും എന്നേക്കാൾ കൂടുതൽ നന്മചെയ്യുവാൻ കഴിയുന്ന ഒരു പുത്തൻ പ്രിയോരച്ചനെ ദൈവം ഉടനെ തരും. നിങ്ങളെല്ലാവരും റേഗുളയും ന്യായപ്രമാണങ്ങളും ശ്രേഷ്ഠന്മാരുടെ കല്പനകളും സൂക്ഷ്മമായി അനുസരിക്കണം...*

അദ്ദേഹത്തിന്റെ വാക്കുകൾ സ്വകാര്യമായ സുകൃതജപോച്ചാരണം പോലെയായി.

*ഈശോയുടെ തിരുഹൃദയത്തിൽനിന്ന് നിവ്യായുടെ വചനംപോലെ ആയുസ്സിന്റെ ജലത്തെ കോരിയെടുക്കുക. സഭാംഗങ്ങളെല്ലാവരും തമ്മിൽത്തമ്മിൽ ഉപവിയുള്ളവരായിരിക്കണം. എങ്കിൽ ഈ സഭ വഴിയായി ദൈവസ്തുതിയും ആത്മരക്ഷയും ഉണ്ടാവുകയും സഭ മേൽക്കുമേൽ അഭിവൃദ്ധി പ്രാപിക്കുകയും ചെയ്യും.*

നേർത്ത വാക്കുകളുടെ അവസാനം അദ്ദേഹം ഔസേപ്പച്ചന്റെ നേരെ മുഖം തിരിച്ച് *ഒപ്രുശുമാ* എന്നു പറഞ്ഞു.

*പിതാവേ, അങ്ങയുടെ വാഴ്‌വ് ഇവിടെ നിൽക്കുന്ന ഞങ്ങൾക്കും സഭയിലുള്ള എല്ലാവർക്കും തരേണമേ.*

ഔസേപ്പ് അച്ചൻ അപേക്ഷിച്ചു.

ഒരു കുന്തിരിക്കപ്പുകച്ചുരുൾ പോലെ പ്രിയോരച്ചന്റെ വലതുകരം ചലിച്ചു. അതിൽനിന്നു വായുവിലൊരു കുരിശുരൂപം പതിയുമ്പോൾ അദ്ദേഹത്തിന്റെ നാവ് ചലിച്ചു:

*ബുർക്സേ ദാലാഹാ...*

പിന്നെ അദ്ദേഹം ഒപ്രുശുമായ്ക്കായി തല കുനിച്ചു. വികാരിയച്ചന്റെ ഓരോ മൊഴിയും ഏറ്റുചൊല്ലി.

മനോഹരവും ദൈവികവുമായ ഒരു ശാന്തതയിലേക്ക് അദ്ദേഹം കടന്നു.

രാത്രിയുടെ തണുപ്പ് വീണു തുടങ്ങിയിരുന്നു. ഏതോ മയക്കത്തിൽനിന്ന് ഉണർന്നപ്പോൾ പ്രിയോരച്ചൻ ജനാല തുറക്കുവാൻ ആവശ്യപ്പെട്ടു. ജനാലയിലൂടെ അദ്ദേഹം ലോകത്തെ നോക്കി.

*മാവുകൾ പൂത്തിരിക്കുന്നു.*

അദ്ദേഹം പറഞ്ഞു.

*അവ നക്ഷത്രങ്ങളാണു പിതാവേ.* ആരോ പറഞ്ഞുകൊടുത്തു.

*നക്ഷത്രങ്ങളോ... മാലാഖമാരുടെ കണ്ണുകളാവും.*

പ്രിയോരച്ചൻ മാലാഖമാരെപ്പോലെ പുഞ്ചിരിച്ചു.

അദ്ദേഹം മൗനം പുതച്ചുറങ്ങി.

പാതിരാവരെ നീണ്ട ഒരു പ്രാർത്ഥനയ്ക്കുശേഷം ലെയോപോൾഡ് മൂപ്പച്ചൻ പ്രിയോരച്ചന്റെ അടുത്തെത്തി. മൂപ്പച്ചന്റെ നിശ്വാസം തിരിച്ചറിഞ്ഞിട്ടെന്നപോലെ പ്രിയോരച്ചൻ കണ്ണു തുറന്നു.

*പ്രിയോരച്ചാ.... ഇപ്പോൾ എങ്ങനെയുണ്ട്? സന്തോഷമുണ്ടോ? ഹൃദയസമാധാനമുണ്ടോ?*

മൂപ്പച്ചൻ ചോദിച്ചു.

മിഷനറിയുടെ രണ്ടു കൈത്തലങ്ങളും വെണ്ണപോലെ തണുത്ത തന്റെ കൈകൾക്കുള്ളിൽ ചേർത്തുകൊണ്ട് പ്രിയോരച്ചൻ പറഞ്ഞു:

*അച്ചാ, ഇപ്പോൾ നല്ല സന്തോഷമുണ്ട്.... നല്ല സമാധാനമുണ്ട്... പക്ഷേ, അച്ചാ, ഞാൻ കഴിഞ്ഞ ഞായറാഴ്ച കുർബാന കണ്ടില്ലല്ലോ...*

*അതു മനസ്സുകേടുകൊണ്ടല്ലല്ലോ. മേലുള്ളവർ കല്പിച്ചിട്ടല്ലേ.*

മൂപ്പച്ചൻ ആശ്വസിപ്പിച്ചു.

*അതേ.. ഇപ്പോൾ നല്ല സമാധാനം... നല്ല സന്തോഷം.*

മാലാഖികമായൊരു പുഞ്ചിരിയിലേക്കു പ്രിയോരച്ചൻ ഒഴുകി.

മിഷനറി പുറത്തേക്കു നടന്നു. തറയ്ക്കു വല്ലാത്ത തണുപ്പ്; പ്രിയോരച്ചന്റെ കൈകളുടെ തണുപ്പ്.

ഭിത്തിയിൽ പിടിച്ചു മിഷനറി പുറത്തേക്കിറങ്ങി. ഭിത്തിക്കുമതെ വല്ലാത്ത തണുപ്പ്.

അദ്ദേഹത്തിനു കരച്ചിൽ വന്നു. കരച്ചിൽ തൊണ്ടയിലമർത്തിവച്ച് വിറ ച്ചുകൊണ്ട് അദ്ദേഹം തന്റെ കിടപ്പുമുറിയിലേക്കു നടന്നു. അപ്പോൾ 1871 ജനു വരി മൂന്നിന്റെ ആദ്യനാഴികകളായിരുന്നു.

പ്രാർത്ഥനയ്ക്കു നടുവിൽ ഒരു പുഞ്ചിരിയായി പ്രിയോരച്ചൻ മയങ്ങി. ഉറക്കത്തിന്റെ പൂമ്പൊടി കണക്കില്ലാതെ ഉതിർന്നു വീഴുകയായിരുന്നു.

*കുഞ്ഞേ...*

മധുരമായ ഒരു വിളി അദ്ദേഹത്തെ തൊട്ടു; നിർവൃതികൊള്ളിക്കുന്ന വിളി.

*വരൂ.*

മാധുര്യം വിളിച്ചു.

*ഞാൻ വയ്യാതെ കിടക്കുകയല്ലേ. വയ്യല്ലോ...*

*അതു വെറുതെ! ദാ, ഇങ്ങനെ കൈകൾ നിവർത്തു. എന്നിട്ട് ഇങ്ങനെ വീശണം. ങാ, അങ്ങനെ. കണ്ടില്ലേ, വയ്യെന്നു പറഞ്ഞിട്ടിപ്പോൾ പറക്കുന്നു!*

*ഹായ്, നക്ഷത്രങ്ങൾ!... ഒരു സംഗീതം എന്റെ മേലാകെ തൊടുന്നു!*

*അതു നീയൊരിക്കൽ ദൈവത്തെക്കുറിച്ചു പാടിയ ഗാനങ്ങളാണ്.*

*സുഗന്ധങ്ങൾ എന്റെ നാവിൽ രുചികളാവുന്നു.*

*അതു നീ മറ്റുള്ളവർക്കു ചെയ്ത സുകൃതങ്ങളാണ്.*

*വർണ്ണങ്ങളുടെ പുഴ!*

*അതിന്റെ തീരത്തു നിനക്കു നടക്കാനിറങ്ങാം. നിന്റെ സഹനങ്ങളാണത്.*

കൂനമ്മാവു കൊവേന്തയിൽ മൂപ്പന്മാർ പ്രിയോരച്ചനുവേണ്ടി കുർബാന അർപ്പിക്കുകയായിരുന്നു.

സമയം രാവിലെ 7.30.

പ്രിയോരച്ചന്റെ മുറിയിൽനിന്ന് അച്ചന്മാർ പള്ളിയിലേക്കും കൊവേന്ത യിലേക്കും ഓടിവന്നു.

അവർ വിങ്ങിപ്പൊട്ടുകയായിരുന്നു.

കുർബ്ബാനയ്ക്കുശേഷം മരണമണി മുഴങ്ങി. വിറങ്ങലിച്ച പ്രഭാതത്തിലൂടെ ആ തേങ്ങൽ അകലങ്ങളിലേക്കു പടർന്നു.

*കുര്യാക്കോസ്...*

പരിചിതമായ സ്വരങ്ങൾ പ്രിയോരച്ചനെ സ്നേഹത്തിന്റെ ലോകത്തേക്കു വിളിച്ചു. എവിടെയും സ്നേഹം; അനന്തമായ ദൈവസ്നേഹം... അലയില്ലാത്ത കടലായിക്കിടക്കുന്ന ലോകം.

അപ്പോൾ, കുര്യാക്കോസ് 65 വർഷവും പത്തുമാസവും ജീവിച്ച താഴത്തെ പരുപരുത്ത ലോകത്ത് കൂനമ്മാവ് കൊവേന്തയിൽ അദ്ദേഹത്തിന്റെ ശരീരം അവസാനമായി കാണുവാൻ വലിയൊരു പുരുഷാരം തിരക്കുകൂട്ടുകയായിരുന്നു.

സംസ്കാരദിവസമായ ജനുവരി നാലിനു കൊവേന്തപ്പള്ളിയും പരിസരങ്ങളും ജനങ്ങളാൽ നിറഞ്ഞു. പ്രാർത്ഥനകളും പൊട്ടിക്കരച്ചിലുകളും പ്രിയോരച്ചന് ജനതതിയുടെ പ്രണാമമായി.

ഉച്ചയ്ക്കു മുമ്പായി പോരൂക്കര കുര്യാക്കോസ് ഏലിശാ അച്ചന്റെയും ചാവറ ഔസെപ്പ് അച്ചന്റെയും പ്രധാന കാർമികത്വത്തിൽ സംസ്കാര കർമ്മങ്ങൾ ആരംഭിച്ചു. കാപ്പിൽ മത്തായി അച്ചനാണു ചരമപ്രസംഗം നടത്തിയത്.

*ഇന്നു മലയാളത്തിന്റെ പതാക വീണിരിക്കുന്നു!* എന്ന് ആരംഭിച്ച ദീർഘമായ പ്രസംഗത്തിനും നഗരികാണിക്കലിനുംശേഷം കൂനമ്മാവിലെ വിശുദ്ധ ഫിലോമിനയുടെ ദേവാലയ മദ്ബഹയ്ക്കുതാഴെ, പള്ളിയുടെ മദ്ധ്യത്തിൽ, മലയാളത്തിലെ സുറിയാനി കർമ്മലീത്താസഭയുടെ സ്ഥാപകനും ഒന്നാമത്തെ പ്രിയോർ ജനറാളും സർവാരാധ്യനുമായ തിരുക്കുടുംബത്തിന്റെ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ, കബറടക്കം ചെയ്യപ്പെട്ടു.

ഫെബ്രുവരി 22-നു പുതിയ പ്രിയോർ ജനറാളായി പോരൂക്കര കുര്യാക്കോസ് ഏലീശാ അച്ചൻ നിയമിതനായി.

പ്രിയോരച്ചന്റെ വിയോഗമുണ്ടാക്കിയ ദുഃഖത്തിൽനിന്നു നീന്തിക്കടന്നയുടൻ തന്നെ ലെയോപോൾഡ് മിഷനറി അദ്ദേഹത്തിന്റെ ജീവചരിത്രമെഴുതാൻ തുടങ്ങി. പല സ്ഥലങ്ങളിൽനിന്നും ആളുകളിൽനിന്നുമായി വിവരങ്ങൾ ശേഖരിച്ചു. ചാവറയച്ചൻ വിശുദ്ധനാണെന്നതിന് അദ്ദേഹത്തിനു സംശയമുണ്ടായിരുന്നില്ല. വിശുദ്ധനായി പ്രഖ്യാപിക്കപ്പെടുന്നതിനുള്ള ശ്രമങ്ങൾ തുടങ്ങുകയും ചെയ്തു. അതിനുവേണ്ടി പ്രാർത്ഥിക്കാൻ സന്യാസികളെയും കന്യാസ്ത്രീകളെയും മിഷനറി പ്രോത്സാഹിപ്പിച്ചു. എല്ലാ കൊവേന്തകളിലേക്കും ചാവറയച്ചൻ ഉപയോഗിച്ചിരുന്ന വസ്തുക്കൾ അയച്ചുകൊടുത്തു. ചാവറയച്ചന്റെ *ആത്മാനുതാപം* അച്ചടിച്ചു പ്രസിദ്ധീകരിച്ചതും മിഷനറിയാണ്; സ്വന്തം ആമുഖക്കുറിപ്പോടെ.

എന്നാൽ സുറിയാനിക്കാരുടെ സന്യാസ സഭകളുമായുള്ള ബന്ധം അവസാനിപ്പിക്കാൻ 1873-ൽ മിഷനറിക്ക് അദ്ദേഹത്തിന്റെ അധികാരികളിൽനിന്നു സമ്മർദ്ദം ഉണ്ടായതോടെ ആ പ്രവർത്തനങ്ങളെല്ലാം മന്ദീഭവിച്ചു. 1876-ൽ ലെയോപോൾഡ് മിഷനറി ഇറ്റലിയിലേക്കു സ്ഥലം മാറ്റപ്പെട്ടതോടെ അവ മുടങ്ങുകയും ചെയ്തു.

പക്ഷേ, ചാവറയച്ചൻ സ്വർഗ്ഗീയ പിതാവിന്റെ അരികിൽ ഭൂമിയിലേക്ക് ഉറ്റുനോക്കിക്കൊണ്ടിരുന്നു. തന്നെ വിളിക്കുന്നവരെ ശ്രദ്ധിച്ച് അവരുടെ വേദനകൾ, വേദനകളും പാപങ്ങളും തുടച്ചുനീക്കുന്നവന്റെ സ്നേഹത്തിലേക്കു കൈമാറിക്കൊണ്ടിരുന്നു... കൈമാറിക്കൊണ്ടേയിരുന്നു. കൈമാറിക്കൊണ്ടിരിക്കുന്നു...

# 28

റബർതോട്ടങ്ങൾക്കിടയിലൂടെ ഇരച്ചുവന്ന ബസ്സിൽനിന്നിറങ്ങി തീർത്ഥാടകൻ കുന്നിന്റെ മുകളിലേക്കു നടക്കാൻ തുടങ്ങിയപ്പോൾ ഒരു കാർ അടുത്തുവന്നുനിന്നു.

*കൊവേന്തപ്പള്ളിയിലേക്കാണോ? കയറിക്കോളൂ.*

കാറോടിക്കുന്ന സിൽക്ക് ജൂബ്ബക്കാരൻ പറഞ്ഞു.

തീർത്ഥാടകൻ കാറിൽ കയറി.

*ചേട്ടൻ ചാവറയച്ചന്റെ ഭക്തനാണോ?*

ജൂബ്ബക്കാരൻ ചോദിച്ചു.

*അതെ. എന്റെ മകനെ മനുഷ്യനാക്കിയതു ചാവറയച്ചനാണ്. അവനു ജോലി കൊടുത്തതും ചാവറയച്ചനാണ്.*

*അതു ശരി. എന്റെ ബിസിനസ് കൺസൾട്ടന്റാണ് ചാവറയച്ചൻ. എന്തും ഇവിടെ വന്ന് ആലോചിച്ചിട്ടേ ഞാൻ തുടങ്ങു.*

*നാളെ മാർപാപ്പ ചാവറയച്ചനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കുന്ന ചടങ്ങിൽ പങ്കെടുക്കണം. അതിനു ഞാൻ ഇന്നേ ഇങ്ങു പോന്നു. ഇന്നു കോട്ടയം ടൗണിൽ എവിടെയെങ്കിലും തങ്ങണം. നാളെ ടൗണിൽ ജനപ്രളയമായിരിക്കും. വെളുപ്പിനെ മൈതാനത്തു സ്ഥലം പിടിച്ചില്ലെങ്കിൽ നിൽക്കാൻ ഇടം കിട്ടില്ല.*

*വെളുപ്പിനെ എത്തിയാലും വേദിക്കടുത്ത് സ്ഥലം കിട്ടുമെന്നു തോന്നുന്നില്ല. രാത്രിയിൽത്തന്നെ ആളുകൾ സ്ഥലം പിടിക്കും. അതുകൊണ്ട് ചടങ്ങ് ടി.വി.യിൽ കാണാനാണ് എന്റെ കുടുംബത്തിന്റെ പരിപാടി.*

ജൂബ്ബക്കാരൻ പറഞ്ഞു.

കൊവേന്തയുടെ മുറ്റത്തു കാർ നിന്നു. നല്ല ആൾത്തിരക്ക്. വെയിലിൽ നനയുന്ന ആൾക്കൂട്ടത്തെ തോർത്താൻ പടിഞ്ഞാറൻ കാറ്റ് തിരക്കേറിയ ഒരു വീട്ടമ്മയെപ്പോലെ ഓടിനടക്കുന്നു.

ആൾക്കൂട്ടത്തിന്റെ നടുവിലൂടെ അവർ ആശ്രമദേവാലയത്തിൽ കടന്നു. മുട്ടുകുത്തിയും കൈകൂപ്പിയും കണ്ണീരൊഴുക്കിയും നിൽക്കുന്നവരുടെയും സാഷ്ടാംഗം പ്രണമിക്കുന്നവരുടെയും നിശ്ശബ്ദമായ പ്രാർത്ഥനകൾക്കു മുമ്പിൽ അനേകം മെഴുകുതിരികൾ ഉരുകിത്തെളിഞ്ഞുനിന്നു.

പുതിയ രണ്ടു മെഴുകുതിരികൾ അവർ ഇരുവർക്കുമായി ഉരുകാൻ തുടങ്ങി.

മെഴുകുതിരിപോലെ ഉരുകുന്ന മനുഷ്യഹൃദയങ്ങളെ ചാവറയച്ചൻ സ്വർഗ്ഗത്തിലിരുന്നുകണ്ടു. അവരുടെ വേദനകളെ ചാവറയച്ചൻ ദൈവത്തിന്റെ മുന്നിൽ നിരത്തി.

പറയാനുള്ളതൊക്കെ, ഓർമ്മിച്ചതൊക്കെ പറഞ്ഞുകഴിഞ്ഞപ്പോൾ ആശ്വാസത്തോടെ അവർ ദേവലയത്തിൽനിന്നിറങ്ങി.

തീർത്ഥാടകരുടെ തിരക്കു വർദ്ധിച്ചിരിക്കുന്നു. കണ്ണീരൊഴുക്കുന്ന മെഴുകുതിരികളുടെ എണ്ണം വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു.

*ഒന്നരനൂറ്റാണ്ടു മുമ്പ് ചാവറയച്ചൻ നടന്ന മണ്ണ്. ചാവറയച്ചൻ കണ്ട ആകാശം. ചാവറയച്ചൻ നോക്കിനിന്ന പ്രകൃതി. എല്ലാം ഇപ്പോൾ നമുക്കു മുന്നിൽ.*

ജൂബ്ബാക്കാരൻ പറഞ്ഞു.

*പക്ഷേ, ചാവറയച്ചൻ കണ്ട ആകാശവും മണ്ണും പ്രകൃതിയുമായിരിക്കില്ല നമ്മൾ കാണുന്നത്. ഓരോരുത്തരും ഓരോന്നിനേയും കാണുന്നതു തന്റേതായ രീതിയിലും, ഒരുപക്ഷേ രൂപത്തിലും, ആയിരിക്കാം. ഏതായാലും ചാവറയച്ചന്റെ വിശുദ്ധമായ കണ്ണ് കണ്ടതുപോലെയായിരിക്കില്ല സാധാരണക്കാരായ നമ്മൾ കാണുന്നത്.*

സഹതീർത്ഥാടകൻ പറഞ്ഞു.

റബ്ബർമരങ്ങൾ നിഴൽകൊണ്ടു തലോടുന്ന ടാർ റോഡിലൂടെ കാർ നീങ്ങി. കോൺക്രീറ്റ് കെട്ടിടനിരകൾക്കും കൂറ്റൻ പരസ്യപ്പലകകൾക്കും അരികിലൂടെ, ചീറിപ്പായുന്ന വാഹനങ്ങൾക്കിടയിലൂടെ, കാർ കോട്ടയത്തെത്തി. ആകാശത്തേക്കു കയറിക്കൊണ്ടിരിക്കുന്ന നഗരം.

നഗരത്തിൽ ട്രാഫിക് ജാം. അലങ്കാരങ്ങൾ. മാർപാപ്പയെ സ്വീകരിക്കാനായി നഗരം പൂത്തുലഞ്ഞു നിൽക്കുന്നു. നഗരത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ ആൾക്കൂട്ടത്തെ പ്രതീക്ഷിച്ച് താൽക്കാലിക വ്യാപാരശാലകൾ ഉയരുന്നു.

തീർത്ഥാടകനെ നഗരത്തിലിറക്കി ജൂബ്ബക്കാരന്റെ കാർ മുന്നോട്ടുപോയി. കാറിൽനിന്നിറങ്ങിയ തീർത്ഥാടകൻ അന്നുരാത്രി നഗരത്തിൽ തങ്ങി. നിയോൺ ലൈറ്റുകൾക്കു കീഴിൽ നഗരം ഉറങ്ങാതെ കിടന്നു.

1986 ഫെബ്രുവരി 8.

സൂര്യൻ ചക്രവാളത്തിൽ കൈകുത്തി എഴുന്നേല്ക്കുമ്പോഴേക്കും വലിയോരു ആകാംക്ഷയിൽ നഗരം മുറുകിക്കഴിഞ്ഞിരുന്നു.

രാവിലെ ഒൻപതിനാണു കൊച്ചിയിൽ നിന്നുള്ള ഹെലികോപ്ടർ കോട്ടയം മെഡിക്കൽ കോളജ് ഗ്രൗണ്ടിനെ തൊട്ടത്. അതിൽനിന്നു പതിനായിരങ്ങളുടെ ഭക്ത്യാദരാകാംക്ഷാവേശങ്ങളിലേക്കു ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഇറങ്ങിവന്നു.

പോപ്മൊബീലിൽ അദ്ദേഹം കോട്ടയം നഗരത്തിലേക്കു നീങ്ങി. റോഡിന്റെ ഇരുവശങ്ങളിലും കെട്ടിടങ്ങളുടെ ടെറസ്സുകളിലും നിരന്നു നിറഞ്ഞു തിങ്ങുന്ന ആളുകൾക്കുനേരെ കൈവീശിക്കൊണ്ട്, അവരെ പുഞ്ചിരിയാൽ എത്തിപ്പിടിച്ചുകൊണ്ട്...

ചിലർ സ്വന്തം കൈയിൽ നുള്ളി അതിന്റെ യാഥാർത്ഥ്യം പരിശോധിച്ചു. പണ്ടൊക്കെ മാർപാപ്പമാർ കടൽകടന്നു യാത്രചെയ്തിരുന്നില്ല. ഈ മാർപാപ്പയാകട്ടെ ഇതാ ഇവിടെ!

നാഗമ്പടം മൈതാനിയിൽ ആകാശം മേൽക്കൂരയായ ഒരു ദേവാലയം രൂപംപൂണ്ടിരുന്നു. എത്രയോ ലക്ഷങ്ങളുടെ കണ്ണുകൾ ഒന്നിക്കുന്ന അൾത്താരയിൽ മൂന്നു കർദ്ദിനാൾമാരോടും ഒരു ആർച്ച് ബിഷപ്പിനോടും നാലു ബിഷപ്പുമാരോടും നൂറുകണക്കിനു വൈദികരോടുമൊപ്പം മാർപാപ്പ ദിവ്യബലി അർപ്പിക്കുമ്പോൾ തീർത്ഥാടകൻ നിറഞ്ഞ ഹൃദയത്തോടെ അതിൽ പങ്കുകൊള്ളുകയായിരുന്നു. വെയിലിനു ഭാരം വയ്ക്കുന്നത് അയാൾ അറിഞ്ഞില്ല; മെഴുക് ഉരുകുന്നതുപോലെ വിയർപ്പ് ഒഴുകിയിറങ്ങുന്നത് അറിഞ്ഞില്ല.

വെയിലിനപ്പുറത്തുള്ള നക്ഷത്രങ്ങളും സ്വർഗ്ഗീയവൃന്ദങ്ങളും അദൃശ്യമായി നോക്കിനിൽക്കേ, സ്വർഗ്ഗത്തോടു ഭൂമിയുടെ അപേക്ഷപോലൊരു സ്വരം തീർത്ഥാടകൻ കേട്ടു. ചങ്ങനാശേരി അതിരൂപതാദ്ധ്യക്ഷൻ മാർപാപ്പയോട് അപേക്ഷിക്കുകയാണ് ധന്യനായ ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചനെ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് ഉയർത്തേണമേ എന്ന്.

പിന്നെ പാലാ രൂപതാദ്ധ്യക്ഷന്റെ അപേക്ഷ ധന്യയായ സിസ്റ്റർ അൽഫോൻസാമ്മയെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിക്കണമേ എന്ന്.

ദൈവം അപേക്ഷ കേട്ടു. വാത്സല്യപൂർവ്വം ഭൂമിയുടെ ചുമലിൽ തട്ടി. നിത്യതയുടെ പശിമയുള്ള വിരലാൽ ദൈവം മാർപാപ്പയുടെ നാവിൽ തൊട്ടു.

ജോൺപോൾ രണ്ടാമൻ മാർപാപ്പ പറയുന്നത് തീർത്ഥാടകൻ കേട്ടു; ലക്ഷങ്ങൾ കേട്ടു:

*നമ്മുടെ സഹോദരന്മാർ ചങ്ങനാശേരി മെത്രാപ്പോലീത്ത ജോസഫ് പവ്വത്തിൽ, പാലാ രൂപതാമെത്രാൻ മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ, മറ്റു*

*പല സഹോദര മെത്രാന്മാർ, അനേകം വിശ്വാസികൾ എന്നിവർ പ്രകടിപ്പിച്ചിട്ടുള്ള ആഗ്രഹമനുസരിച്ചും വിശുദ്ധരുടെ നാമകരണത്തിനുള്ള റീത്തുകളുടെ തിരു:സംഘത്തിന്റെ അഭിപ്രായമനുസരിച്ചും...."*

ഒൻപതു വൃന്ദം മാലാഖമാർ ദൈവതിരുമുമ്പിൽ കൈകൂപ്പി.

*....ധന്യരായ ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചനേയും, മുട്ടത്തുപാടത്തു സിസ്റ്റർ അൽഫോൻസായേയും...*

വിശുദ്ധഗണം ദൈവത്തെ നമസ്ക്കരിച്ചു.

*.....ഈ നിമിഷം മുതൽ വാഴ്ത്തപ്പെട്ടവർ എന്നു വിളിക്കാമെന്നും അവരുടെ തിരുനാളുകൾ ഓരോ വർഷവും അവരുടെ സ്വർഗ്ഗീയ ജന്മനാളുകളിൽ നിയമാനുസൃതമായും അതതു സ്ഥലങ്ങളിലും ആഘോഷിക്കാമെന്നും....*

വെയിലിന്റെ തിളക്കം വർദ്ധിച്ചു.

*......നാം അപ്പസ്തോലികാധികാരം ഉപയോഗിച്ചു പ്രഖ്യാപിക്കുന്നു...*

തീർത്ഥാടകൻ വിയർപ്പിൽ കുളിർത്തു; മനസ്സിലും...

*"......പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമേൻ...."*

*ആമേൻ. ആമേൻ. ആമേൻ*!

തീർത്ഥാടകർ പറഞ്ഞുകൊണ്ടിരുന്നു.

ഇപ്പോഴും ഏറ്റു പറഞ്ഞുകൊണ്ടേയിരിക്കുന്നു... കാലത്തിന്റെ അതിരുകളോളം വിശുദ്ധന്റെ ദിവ്യദീപ്തി തലമുറകളുടെ മേൽ അനുഗ്രഹവർഷമായി പ്രസരിച്ചുകൊണ്ടേയിരിക്കുന്നു...

❑

# അനുബന്ധം ഒന്ന്

## ചാവറ കുര്യാക്കോസ് ഏലിയാസ് ജീവിതരേഖ

- 1805
  ഫെബ്രുവരി 10ന് ആലപ്പുഴയിലെ കൈനകരിയിൽ ജനനം
- 1818
  സെമിനാരി പ്രവേശനം
- 1829
  പൗരോഹിത്യ സ്വീകരണം
- 1831
  മെയ് 11. ഭാരതത്തിലെ ആദ്യത്തെ ഏതദ്ദേശീയ സന്യാസസഭാ സ്ഥാപനം (C.M.I.)
- 1833
  സുറിയാനി കത്തോലിക്കരുടെ ആദ്യത്തെ പൊതു സെമിനാരി മാന്നാനത്ത് ആരംഭിക്കുവാൻ നേതൃത്വം കൊടുക്കുന്നു.
- 1846
  സുറിയാനി കത്തോലിക്കരുടെയിടയിലെ ആദ്യത്തെ പ്രസ്സും പ്രസിദ്ധീകരണ കേന്ദ്രവും മാന്നാനത്തു സ്ഥാപിച്ചു.
- 1846
  ആദ്യത്തെ കത്തോലിക്ക സംസ്കൃത സ്കൂൾ മാന്നാനത്തു സ്ഥാപിച്ചു.
- 1853
  സുറിയാനി കത്തോലിക്കാസഭയുടെ പ്രഥമ വിശ്വാസ പരിശീലന കേന്ദ്രം മാന്നാനത്തു ആരംഭിക്കുന്നു.
- 1855
  ഇന്ത്യൻ ജനതയിൽ നിന്നും ആദ്യ ക്രൈസ്തവ പുരോഹിതൻ സന്യാസവ്രത സമർപ്പണം ചെയ്യുന്നു.
- 1857-58
  ഇന്ത്യൻ ഭാഷാനാടകവഴിയിലെ ആദ്യരചനയായി ഗണിയ്ക്കേണ്ട ഇടയനാടകങ്ങളുടെ (എക്ളോഗുകൾ) രചന ചാവറ പിതാവു നിർവ്വഹിച്ചു. തുടർന്ന് അവ സെമിനാരിയിൽ അവതരിപ്പിക്കപ്പെടുവാൻ ആരംഭിച്ചു.

- 1861
  ആർച്ചു ഡീക്കന്മാരുടെ സ്ഥാനത്ത് സുറിയാനി കത്തോലിക്ക രുടെ ആദ്യ വികാരി ജനറാൾ ആയി നിയമിതനാകുന്നു.
- 1861
  റോക്കോസ് ശീശ്മയുടെ തരംഗത്തിൽ നിന്നും കേരളസഭയെ രക്ഷിക്കുവാനുള്ള പ്രതിരോധത്തിനു നേതൃത്വം നൽകി.
- 1862–69
  കേരള സുറിയാനി കത്തോലിക്കാ സഭയുടെ ആരാധനാക്രമ ങ്ങളെ നവീകരിച്ചു.
- 1862
  മലയാളത്തിലെ ആദ്യഖണ്ഡകാവ്യമായ *അനസ്താസ്യായുടെ രക്തസാക്ഷ്യം* രചിച്ചു.
- 1864
  *ഒരു പള്ളിയ്ക്കു ഒരു പള്ളിക്കൂടം* എന്ന നിഷ്ഠ വികാരി ജന റാൾ എന്ന നിലയിൽ നടപ്പിലാക്കി.
- 1865
  കത്തോലിക്ക പ്രൈമറി സ്കൂൾ മാന്നാനത്തു സ്ഥാപിച്ചു.
- 1866
  കേരളത്തിലെ പ്രഥമ ഏതദ്ദേശീയ സന്യാസിനീ സമൂഹം *നിഷ്പാദുക കർമ്മലീത്ത മൂന്നാംസഭ* (T.O.C.D) എന്ന പേരിൽ ലിയോപ്പോൾദ് മിഷനറിയോടു ചേർന്നു സ്ഥാപിച്ചു. ഈ സഭ പിന്നീട് ഔദ്യോഗികമായി രണ്ടായി സി.എം.സി., സി.റ്റി.സി. എന്നീ പേരുകളിൽ അറിയപ്പെടുകയും പ്രവർത്തനം തുടരുകയും ചെയ്യുന്നു.
- 1868
  ലെയോപോൾഡ് മിഷനറിയോടു ചേർന്ന് പെൺകുട്ടികൾക്ക് ആദ്യത്തെ ബോർഡിംഗ് ഹൗസും സ്കൂളും കൂനമ്മാവിൽ ആരംഭിച്ചു.
- 1868
  *ഒരു നല്ല അപ്പന്റെ ചാവരുൾ* എന്ന കുടുംബ നവീകരണ ക്രമം നൽകി.
- 1869
  അനാഥർക്കും രോഗികൾക്കും വൃദ്ധർക്കുമായി ആദ്യത്തെ ക്രൈസ്തവ അഗതിമന്ദിരം, *ഉപവിശാല* കൈനകരിയിൽ സ്ഥാപിച്ചു.
- 1869
  19-ാം നൂറ്റാണ്ടിലെ കത്തോലിക്കാസഭയിലേയ്ക്കുള്ള പുന രൈക്യ പ്രസ്ഥാനത്തിനു പ്രേരണ നൽകി.

- 1871

  ജനുവരി 3ന് കൂനമ്മാവിൽ നിര്യാതനായി. ജനുവരി 4ന് സെന്റ് ഫിലോമിന ആശ്രമത്തിൽ സംസ്ക്കാരം നടത്തി.

- 1889

  മെയ് 24. അദ്ദേഹത്തിന്റെ പൂജ്യാവശിഷ്ടങ്ങൾ കൂനമ്മാവ് ആശ്രമ ദേവാലയത്തിൽ നിന്നെടുത്തു മാന്നാനം ആശ്രമ ദേവാലയത്തിൽ സ്ഥാപിച്ചു.

- 1984

  ഏപ്രിൽ 7. ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ റോമിൽ വച്ചു ധന്യനായി പ്രഖ്യാപിച്ചു.

- 1986

  ഫെബ്രുവരി 8. ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ കോട്ടയത്തു വച്ചു ഭാരതത്തിലെ ആദ്യ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു.

- 1987

  അദ്ദേഹത്തിന്റെ ബഹുമാനാർത്ഥം കേന്ദ്രഗവർമ്മെന്റ് തപാൽ സ്റ്റാമ്പു പുറത്തിറക്കി. രാഷ്ട്രപതി ആർ. വെങ്കിട്ടരാമൻ തിരുവനന്തപുരത്തു വച്ചു സ്റ്റാമ്പ് റിലീസ് ചെയ്തു.

- 2006

  മലയാള സാഹിത്യ സംഭാവനകളെ പരിഗണിച്ച് കേരള സർക്കാർ തൃശൂർ സാഹിത്യ അക്കാദമി ഹാളിൽ അദ്ദേഹത്തിന്റെ ഛായാചിത്രം അനാച്ഛാദനം ചെയ്തു.

## ചാവറ കുര്യാക്കോസ് ഏലിയാസിന്റെ രചനകൾ

*നാളാഗമങ്ങൾ (CHRONICLES)*

• സി.എം.ഐ., സി.എം.സി. സന്യാസിസഭകളുടെ സ്ഥാപനം, വളർച്ച • 19–ാം നൂറ്റാണ്ടിലെ *പദ്രൊവാദോ, പ്രൊപ്പഗാന്ത* സഭാസംവിധാനങ്ങളിലെ ഭരണാധികാരികളും മിഷനറിമാരും • 19–ാം നൂറ്റാണ്ടിലെ കേരളസഭയിലെ പ്രധാന സംഭവങ്ങളും വ്യക്തികളും • പാലയ്ക്കൽ തോമാ കത്തനാരുടെ ജീവചരിത്രം: *മലയാളിയെക്കുറിച്ചു മലയാളി എഴുതിയ ആദ്യ ജീവചരിത്രം*

*ആത്മാനുതാപം*

*മരണവീട്ടിൽ പാടുന്നതിനുള്ള പാന*
(*പർവ്വം* എന്നായിരുന്നു ആദ്യം. പിന്നീടു പുനഃപ്രകാശനവേളയിൽ അതു *പാന* എന്നു മാറ്റുകയായിരുന്നു)

*അനസ്താസിയായുടെ രക്തസാക്ഷ്യം*
(മലയാളത്തിലെ ആദ്യഖണ്ഡകാവ്യം)

*ധ്യാനസല്ലാപങ്ങൾ*
(ധ്യാന സംഭാഷണങ്ങളും ധ്യാന വിചാരങ്ങളും ധ്യാനപ്രാർത്ഥനകളും)

*ചാവറയച്ചന്റെ കത്തുകൾ*

*തൂക്കാസ*
(തിരുക്കർമ്മാചാരാനുഷ്ഠാനങ്ങൾ)

*ലിറ്റർജിക്കൽ കലണ്ടർ*
*(ആരാധനക്രമത്തിലെ കാലവ്യത്യാസങ്ങൾ)*

*മരിച്ചവർക്കുള്ള ഒപ്പീസ്*

*ഇടയ നാടകങ്ങൾ*
(Ecologues: Shepherd plays: സെമിനാരികളിൽ ക്രിസ്തുമസ്സ് വേളകളിൽ അവതരിപ്പിക്കുവാൻ വേണ്ടി എഴുതിയിരുന്ന ലഘുനാടകങ്ങൾ. മലയാളത്തിലെ മാത്രമല്ല, ഇന്ത്യയിലെതന്നെ നാടകവഴിയിലെ ആദ്യശ്രമങ്ങൾ ഇതായിരുന്നു എന്നു കണ്ടെത്തിയിട്ടുണ്ട്. ചാവറ കുര്യാക്കോസ് ഏലിയാസ് എഴുതിയ ആദ്യ ഇടയനാടകങ്ങളുടെ കൈയ്യെഴുത്തുപ്രതികൾ ലഭ്യമായിട്ടുണ്ട്. ആധുനിക മലയാളഭാഷ്യത്തോടൊപ്പം അവയുടെ ആദിമരൂപം, വ്യാഖ്യാന പഠനമുൾക്കൊള്ളിച്ചു കൊണ്ടു പ്രസിദ്ധപ്പെടുത്തുവാനുള്ള ശ്രമങ്ങൾ *ബേസ്റൗമ* നടത്തിവരുന്നു.)

# അനുബന്ധം രണ്ട്



## ജോൺ ആന്റണി

**ജീവിതരേഖ**

ചങ്ങനാശ്ശേരി വെരൂരിൽ 1954–ൽ ജനനം. കോന്നോത്ത് കെ.ജെ. ആന്റണിയുടെയും ത്രേസ്യാമ്മയുടെയും മകൻ. ചങ്ങനാശ്ശേരി എസ്.ബി. കോളജിൽനിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദം. 1977 മുതൽ ദീപിക പത്രാധിപ സമിതിയിൽ. ഭാര്യ: *എലിസബത്ത് ലാലി.* മകൾ: *നിസ തെരേസ.* ഇതര രചന: '*കൊടുമുടിയിലെ വെയിൽ*' (ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ ജീവചരിത്രം).
വിലാസം: കോന്നോത്ത്, ഇൻഡസ്ട്രിയൽ നഗർ പി.ഒ., ചങ്ങനാശ്ശേരി.